


# ജീവിത സ്പന്ദനങ്ങൾ

പാത്തികുളങ്ങര വർഗ്ഗീസച്ചൻ

വൈദിക ജീവിതകാലം മുഴുവനുംതന്നെ
സന്യാസവൈദിക പരിശീലനവേദിയിൽ
കർമ്മനിരതനായിരുന്ന ദൈവാരാധനാപണ്ഡിതനും
സി.എം.ഐ. സന്യാസ സമൂഹാംഗവുമായ
പാത്തികുളങ്ങര ബഹു. വർഗ്ഗീസച്ചനുമായി
൨൦൦൪ സെപ്റ്റംബർ 11, 12 തീയതികളിൽ
തളികസ്ഥാനത്ത് തോമാ മത്തായി
നടത്തിയ അഭിമുഖം.

www.malankaralibrary.com

# ജീവിത സ്പന്ദനങ്ങൾ

## പാത്തികുളങ്ങര വർഗ്ഗീസച്ചൻ

*മാർ തോമാ നസ്രാണി സഭയിലെ*
*ആധുനിക സഭാപിതാവെന്നു പരക്കെ*
*അറിയപ്പെടുന്ന ബഹു. പ്ളാസിഡ്*
*പൊടിപാറയച്ചൻ ദിവംഗതനായതിന്റെ*
*25 -ാം വാർഷികം അടുത്തുവരുന്ന*
*സാഹചര്യത്തിൽ (25-4-2010),*
*ആ പാവനദിനത്തിന്റെ പ്രത്യേക*
*ഓർമ്മയായി ഈ ചെറുഗ്രന്ഥം*
*സമർപ്പിക്കുവാൻ അതിയായ*
*സന്തോഷമുണ്ട്.*



www.malankaralibrary.com

“പരിശുദ്ധ ഖുർബാനയർപ്പണവും ‘ദൈവസ്തുതികൾ’ അഥവാ യാമപ്രാർത്ഥനയുമാണ് മെശിയാനിക ആദ്ധ്യാത്മികതയുടെ (Christian Spirituality) അടിത്തറയും നട്ടെല്ലും” (രാം വത്തിക്കാൻ സൂനഹദോസ്)

# ജീവിത സ്പന്ദനങ്ങൾ

## പാത്തികുളങ്ങര വർഗ്ഗീസച്ചൻ

വൈദിക ജീവിതകാലം മുഴുവനുംതന്നെ
സന്യാസ-വൈദിക പരിശീലനവേദിയിൽ
കർമ്മനിരതനായിരുന്ന ദൈവാരാധനാപണ്ഡിതനും
സി.എം.ഐ. സന്യാസ സമൂഹാംഗവുമായ
പാത്തികുളങ്ങര ബഹു. വർഗ്ഗീസച്ചനുമായി
2008 സെപ്റ്റംബർ 11, 12 തിയതികളിൽ
**തളികസ്ഥാനത്ത് തോമാ മത്തായി**
നടത്തിയ അഭിമുഖം.

**No. 68**
DENHA SERVICES
VIDYANAGAR, MANGANAM
KOTTAYAM - 686018
**2009**

www.malankaralibrary.com

***Jeevitha Spandanangal*** (Malayalam)

**"Throbbings of a Soul"**, An Interview with Father Varghese Pathikulangara CMI on September 11-12, 2008, conducted by **Mr Jarly Mathew**, on various issues related to the Syro-Malabar Church and her Liturgy.

Author: Father Varghese Pathikulangara CMI
www.pathikulangara.in

A Publication of:
Denha Services, Vidyanagar, Manganam,
Kottayam - 686 018, Kerala, India.
Email: denehaservices@gmail.com
Tel. +91.481.2571547; 2473860

Settings & Layout: Sreekanth V.

Price: Rs. 30/--; US$ 3/--

**ISBN 978-81-905799-3-3**

ഉള്ളടക്കം

01. സഭയും ഖുർബാനയും 09
02. ആശ്രമ സമൂഹം 13
03. സുറിയാനി ഭാഷ 16
04. നസ്രാണി സഭയും അൽമായരും 19
05. നവീകരണ പ്രസ്ഥാനങ്ങൾ 21
06. പള്ളിയോഗം 25
07. അത്മായ പഠനകേന്ദ്രം 26
08. സന്യാസ-വൈദിക പരിശീലനം 28
09. സി.എം.ഐ. വൈദികർ 31
10. വിശ്വാസത്തിനെതിരായ വെല്ലുവിളികൾ 35
11. പ്രേഷിത ദൗത്യം 35
12. പൗരസ്ത്യരും പാശ്ചാത്യ പഠനകേന്ദ്രങ്ങളും 37
13. പൗരസ്ത്യ സഭയുടെ തനിമ 41
14. ദൈവത്തിന്റെ കാരുണ്യം 42
15. നസ്രാണി സഭയുടെ വിശ്വാസ ജീവിത ശൈലി 44
16. ദനഹാ സർവ്വീസസ് 48
17. വചന പ്രഘോഷണം 51
18. ഖുർബാന അർപ്പണ ശൈലി 52
19. ഭാരതപൂജ 53
20. ആരാധനാ ഗീതങ്ങൾ-ദൈവാലയ അലങ്കാരങ്ങൾ 57
21. പള്ളിത്തിരുന്നാൾ, മരണവീട് 60
22. സഭയും വനിതകളും 62
23. വൈദിക ബ്രഹ്മചര്യം 64
24. കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ 65
25. പുതിയ കൽദായ ഖുർബാനക്രമം 66

അനുബന്ധം: സുറിയാനി ഭാഷാ പഠനം 70



www.malankaralibrary.com



## പാത്തികുളങ്ങര വർഗ്ഗീസച്ചൻ

മാർ തോമാ നസ്രാണിസഭയുടെ ദൈവാരാധനാ പഠനങ്ങളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുള്ള പാത്തികുളങ്ങര ബഹു. വർഗ്ഗീസച്ചൻ 1940 ഓഗസ്റ്റ് 21–ാം തിയതി എറണാകുളം അതിരൂപതയിലെ കിഴക്കമ്പലത്ത് ജനിച്ചു. 1961 മെയ് 16–ാം തിയതി സി.എം.ഐ. സമൂഹത്തിൽ സന്യാസ വ്രതം സ്വീകരിച്ച അദ്ദേഹം 1970 മെയ് 17ന് കർത്താവീശോമിശിഹായുടെ പരിശുദ്ധ മദ്ബഹായിലെ നിർമ്മല ശുശ്രൂഷയ്ക്കായി കശീശാ (വൈദിക) പട്ടം സ്വീകരിച്ചു.

പൗരസ്ത്യ സുറിയാനി സഭയിലെ വലിയ ശനിയാഴ്ചയിലെയും ഉയിർപ്പുഞായറാഴ്ചയിലെയും ദൈവാരാധനാ ശുശ്രൂഷകൾ ആഴത്തിൽ പഠിച്ച അച്ചൻ 1981ൽ റോമായിലെ സെന്റ് ആൻസലം ലിറ്റർജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഡോക്ടറേറ്റ് നേടി. തന്റെ പഠനത്തിലൂടെ സമാർജ്ജിച്ച നിഗമനങ്ങൾ “ഖ്യംതാ ഉഹയ്യേ ഉഹൂദാത്ത” (ഉത്ഥാനവും, ജീവനും, നവീകരണവും) എന്ന പേരിൽ പ്രസിദ്ധീകരിച്ചു. 1975മുതൽ ബാംഗ്ലൂർ ധർമ്മാരാം വിദ്യാക്ഷേത്രത്തിലെ പ്രൊഫസറായ അച്ചൻ വടവാതൂർ, പൂന, മംഗലാപുരം സെമിനാരികളിലും മറ്റ് പല ദൈവശാസ്ത്ര കലാലയങ്ങളിലും സന്യാസ-അൽമായ വേദികളിലും ദൈവാരാധനയിലൂടെ താൻ സ്വന്തമാക്കിയ ദൈവാനുഭവം തന്റെ ശിഷ്യഗണത്തിന് പകർന്നുകൊടുത്തു, അവരെ മിശിഹാനുഭവ ഉടമകളാക്കിത്തീർക്കാൻ അക്ഷീണം യത്നിച്ചു. വൈദിക വിദ്യാർത്ഥികളും വൈദികരും സന്യസ്തരും അൽമായരും അടങ്ങുന്ന അച്ചന്റെ ശിഷ്യസമ്പത്തിന് ദൈവാരാധനാ ശിക്ഷണം നൽകുവാൻ അദ്ദേഹം ഉപയോഗിച്ച പുസ്തകം സ്വജീവിതം തന്നെയായിരുന്നു. തന്റെ മാതൃസഭയുടെ തനിമയാർന്ന പൗരസ്ത്യ ആദ്ധ്യാത്മീകതയുടെ അമൂല്യ നിക്ഷേപത്തിന്റെ മാറ്റ് തന്റെ വാക്കിലൂടെയും പ്രബോധനത്തിലൂടെയും ജീവിതത്തിലൂടെയും പ്രസരിപ്പിക്കുവാൻ സാധിച്ച അച്ചൻ മാർ തോമാ നസ്രാണി സഭയുടെ ആധുനീക മൽപാൻ എന്ന സംജ്ഞയ്ക്ക് തികച്ചും അർഹനാണ്.

ഉത്തമ സഭാസ്നേഹിയായ അച്ചൻ സ്വന്തം മിശിഹാനുഭവം തന്റെ തൂലികയിലൂടെ വെളിപ്പെടുത്തുന്നുണ്ട്. നരവധി ഈടുറ്റ ഗ്രന്ഥങ്ങളുടെയും






www.malankaralibrary.com

ലേഖനങ്ങളുടെയും രചയിതാവായ അച്ചൻ സഭാസേവനം ലക്ഷ്യമാക്കി 1984 മുതൽ പ്രവർത്തിക്കുന്ന "ദനഹാ സർവ്വീസസ്" എന്ന പ്രസിദ്ധീകരണത്തിന്റെ സ്ഥാപകനും സംഘാടകനുമാണ്. സുറിയാനി ഉറവിടങ്ങളിൽനിന്നും മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ട ചില പ്രാർത്ഥനാ ഗ്രന്ഥങ്ങൾ അതിലൂടെ പുറത്തിറക്കിയിട്ടുണ്ട്. ഒപ്പം ക്രിസ്ത്യൻ ഓറിയന്റ്, ദുക്റാന, കതിരൊളി തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ എഡിറ്റോറിയൽ ബോർഡിലും അച്ചൻ അംഗമായിരുന്നു. മാർ തോമാ നസ്രാണി സഭയുടെ (സീറോ മലബാർ) കേന്ദ്ര ദൈവാരാധാനാ സമിതിയിൽ കുറെ നാൾ അംഗമായിരുന്നു. മാർ തോമാ നസ്രാണി സഭയുടെ പൈതൃകം ആവുന്നതും ആഴത്തിൽ കണ്ടെത്തുന്നതിനും, ജീവിക്കുന്നതിനും, പകർന്നു കൊടുക്കുന്നതിനുമെല്ലാമായുള്ള മാർ തോമാ സഹോദരികളുടെ ആശ്രമത്തിന്റെ ഉത്ഭവത്തിനും വളർച്ചയ്ക്കും അച്ചൻ കാര്യമായ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു. നസ്രാണി സമൂഹത്തിന്റെ അസ്തിത്വവും വ്യക്തിത്വവും ലോകശ്രദ്ധയിൽ കൊണ്ടുവരുവാൻ അക്ഷീണം അദ്ധ്വാനിച്ച വന്ദ്യനായ പ്ളാസിഡ് പൊടിപാറയച്ചന്റെ ഉത്തമ ശിഷ്യനായ വർഗ്ഗീസച്ചൻ തന്റെ ഡോക്ടറേറ്റിനായി സമർപ്പിച്ച പ്രബന്ധത്തിൽ വിഭാവനം ചെയ്തിരിക്കുന്നതെല്ലാംതന്നെ സ്വജീവിതത്തിൽ വസ്തുതയാക്കി മാറ്റിയിരിക്കുന്നുവെന്നതും ശ്രദ്ധയാകർഷിക്കുന്ന കാര്യമാണ്. അച്ചനെ കൂടുതൽ പരിചയപ്പെടുന്നതിന് ഈ അഭിമുഖം സഹായിക്കുമെന്ന് പ്രത്യാശിക്കുന്നു. ഇതൊരു വ്യക്തിയെ കണ്ടെത്തലല്ല, മറിച്ച് നമ്മുടെ സഭയുടെ ആത്മാവിനെ തൊട്ടറിഞ്ഞ ഒരു സന്യാസവൈദികന്റെ ജീവിതത്തിലേയ്ക്കെത്തിനോക്കി അദ്ദേഹത്തിന്റെ കണ്ണിലൂടെ നമ്മുടെ സഭയെ നോക്കി കാണാനുള്ള ഒരു പരിശ്രമമാണ്.

സത്യദർശനമാലയിൽ വന്നുകൊണ്ടിരിക്കുന്ന അഭിമുഖം ഒരുമിച്ചു കാണുവാൻ പലരും ആഗ്രഹം പ്രകടിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ ചെറിയ പുസ്തകമായി അതു പ്രസിദ്ധീകരിക്കുകയാണ്. അച്ചൻ തന്നെ തയ്യാറാക്കിയ "സുറിയാനി ഭാഷാ പഠനം" എന്ന ലേഖനവും കൂട്ടിച്ചേർക്കുന്നു. ഭാഷാപരമായ തിരുത്തലുകൾ ചെയ്തുതന്ന ബഹു. വിൽസൺ കൊല്ലംപറമ്പിൽ, മനു മണവാളൻ, ടൈപ്പ് ചെയ്ത് സഹായിച്ച ബഹു. ഡെന്നീസ് നെല്ലിക്കൽ, സിന്റോ പാറേക്കാട്ടിൽ എന്നീ ശെമ്മാശന്മാരെയും അച്ചടിക്കുവേണ്ടുന്ന ക്രമീകരണങ്ങളും പുറംചട്ടയും ശരിയാക്കിയ ശ്രീകാന്തിനും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.



തളികസ്ഥാനത്ത് തോമാ മത്തായി
വേഴപ്ര, ചങ്ങനാശേരി
ജൂലൈ 03, 2009
ദുക്റാനത്തിരുനാൾ



## 1. സഭയും ഖുർബാനയും

**ചോദ്യം:** സീറോ മലബാർ സഭയെയും ഖുർബാനയെയും കുറിച്ച് അച്ചന്റെ അഭിപ്രായം ചുരുക്കത്തിൽ പറയാമോ?

**ഉത്തരം:** സഭയെക്കുറിച്ചു പൊതുവിലും ദൈവാരധനയെക്കുറിച്ച് പ്രത്യേകിച്ചും പറയുമ്പോൾ, എന്റെ വിനീതമായ അഭിപ്രായം ആഴമായ പഠനം അത്യാവശ്യമാണെന്നുള്ളതാണ്. ഏതുകാര്യത്തിലും അറിവ് കാര്യപ്പെട്ടതാണല്ലോ. അറിയാത്തതിനെ ആർക്കാണ് സ്നേഹിക്കാൻ സാധിക്കുക? നമ്മുടെ സഭയെക്കുറിച്ചും അതിന്റെ പ്രത്യേകതകളെക്കുറിച്ചും അതിന്റെ പ്രകാശനമായ ദൈവാരാധനയെക്കുറിച്ചുമെല്ലാം എന്തുമാത്രം ആഴത്തിലും വിശദമായും പഠിക്കുവാൻ സാധിക്കുമോ അത്രയും അനുഭവവേദ്യമായി നമ്മുടെ വിശ്വാസം ജീവിക്കുവാൻ നമുക്കു സാധിക്കുമെന്നു തീർച്ചയാണ്. എന്റെ ജീവിതാനുഭവമാണ് ഞാൻ പറയുന്നത്. ഞാൻ സന്യാസവൈദീകജീവിതത്തിനായി പഠിച്ച് ഒരുങ്ങിയ അവസരത്തിൽ, പട്ടമേൽക്കുമ്പോൾ പോലും, നമ്മുടെ ദൈവാരധനയേക്കുറിച്ച്, പ്രത്യേകിച്ചും പരിശുദ്ധ ഖുർബാനയെക്കുറിച്ച്, കാര്യമായ അറിവില്ലായിരുന്നു. പട്ടമേറ്റതോ? 1970-ൽ. അതായത് എന്റെ ദൈവശാസ്ത്രപഠനവും പട്ടവും രണ്ടാം വത്തിക്കാൻ സൂനഹദോസ് കഴിഞ്ഞ ഉടനെ നടന്നിട്ടുള്ളതാണെന്നു സാരം. ഏതായാലും അന്നത്തെ അദ്ധ്യാപകരും പിതാക്കന്മാരും പകർന്നു തന്ന പരിശീലനത്തിന്റെ പശ്ചാത്തലത്തിൽ ദൈവാരാധനാകർമ്മങ്ങൾ, പ്രത്യേകിച്ച് പരിശുദ്ധ ഖുർബാനയർപ്പണം, സാധിക്കുന്നിടത്തോളം ഭക്തിപൂർവ്വം നിർവ്വഹിക്കണം എന്ന ആഴമായ അവബോധം ഉണ്ടായിരുന്നു. അതിൻപ്രകാരം ചെയ്യാൻ പരിശ്രമിച്ചിട്ടുമുണ്ട്.

പട്ടമേറ്റ് ഒരു വർഷം കഴിഞ്ഞപ്പോഴാണ് അവിചാരിതം എന്നപോലെ ലിറ്റർജിയിൽ ഉപരിപഠനം നടത്തണമെന്ന് എന്റെ സന്യാസ സമൂഹാധികാരികൾ ആവശ്യപ്പെട്ടത്. ഉപരിപഠനത്തിനായി റോമിലേയ്ക്ക് പുറപ്പെടും മുമ്പ് ധർമ്മാരാമിൽ പഠിപ്പിക്കുന്നതിനായി ഒരുങ്ങിവരണമെന്നും പറഞ്ഞു.

എന്റെ ഗുരുഭൂതരുടെ നിർദ്ദേശാനുസരണം റോമിലെ ഏക ലിറ്റർജി ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനവും തുടങ്ങി. അവിടെ പഠിച്ചതുമുഴുവനും ലത്തീൻ ലിറ്റർജിയുടെ വിശദാംശങ്ങളാണ്. എന്റെ സഹപാഠികൾ എല്ലാവരും ലത്തീൻ സഭയിൽനിന്നുള്ളവരായിരുന്നു. യാദൃശ്ചികമായിട്ടാണ് ഇതെല്ലാം സംഭവിച്ചതെങ്കിലും ദൈവപരിപാലനയുടെ വിസ്മയകരമായ നീക്കങ്ങളാണ് ഞാനതിൽ കാണുന്നത്. ഒന്നാമതായി, നമ്മുടെ സീറോ മലബാർ ലിറ്റർജിയിലെ ലത്തീൻ സ്വാധീനം ഒരു പരിധിവരെ മനസ്സിലാക്കാൻ പ്രസ്തുതപഠനം വളരെയധികം സഹായിച്ചു. രണ്ടാമതായി, അതുപോലുള്ള വിശദാംശങ്ങൾ കത്തോലിക്കാസഭയിലെ



www.malankaralibrary.com

എല്ലാ ലിറ്റർജികൾക്കും, അതുകൊണ്ട് നമ്മുടെ സീറോമലബാർ ലിറ്റർജിക്കും ഉണ്ടാകണമല്ലോയെന്ന ശക്തമായ ചിന്തയുണ്ടാകുന്നതിനും, അങ്ങനെ നമ്മുടെ ലിറ്റർജിയുടെ വിശദാംശങ്ങളിലേയ്ക്ക് അന്വേഷണം തിരിച്ചുവിടുവാനും സാധിച്ചു. മേലധികാരികൾ ആവശ്യപ്പെട്ടിരുന്നതനുസരിച്ച് ധർമ്മാരാമിലെത്തി ഞാൻ പ്രധാനമായും പഠിപ്പിക്കേണ്ടത് സീറോമലബാർ ലിറ്റർജിയുടെ വിശദാംശങ്ങളായിരുന്നല്ലോ. അതുകൊണ്ട് ലത്തീൻ ലിറ്റർജിയുടെ വിശദാംശങ്ങൾ പഠിച്ചുകൊണ്ടിരുന്ന അവസരത്തിൽതന്നെ റോമിലെ സമ്പന്നമായ ഉറവിടങ്ങൾ ഉപയോഗിച്ച് നമ്മുടെ ലിറ്റർജിയുടെയും പ്രത്യേകതകൾ അന്വേഷിച്ചറിയാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. അങ്ങനെ കുറെ ആഴത്തിലേയ്ക്കിറങ്ങുവാൻ സാധിച്ചപ്പോഴാണ് നമ്മുടെ പരിശുദ്ധ ഖുർബാനയേയും മറ്റും അടുത്തറിയാൻ ഇടയായത്. സത്യം പറയട്ടെ, ഭക്തിയോടുകൂടിത്തന്നെയാണ് ഞാൻ പരിശുദ്ധ ഖുർബാനയർപ്പിച്ചിരുന്നതെങ്കിലും, വ്യക്തമായി കാര്യങ്ങൾ പഠിച്ചറിഞ്ഞതിനുശേഷം ഖുർബാനയർപ്പിക്കുന്നതും അതിനുമുമ്പ് അർപ്പിച്ചിരുന്നതും തമ്മിൽ ഒരു തരത്തിലും താരതമ്യപ്പെടുത്താനാകയില്ല.

കത്തോലിക്കാ സഭയിൽ ദൈവരാധന ലൗകീകനായ മനുഷ്യൻ അലൗകീകനായ ദൈവത്തെ പ്രാപിക്കാൻ ഫലപ്രദങ്ങളും സഭാത്മകങ്ങളുമായ അടയാളങ്ങളിലും പ്രതീകങ്ങളിലും കൂടി നടത്തുന്ന പരിശ്രമമാണല്ലോ. അതുകൊണ്ടുതന്നെ അടയാളങ്ങളും പ്രതീകങ്ങളും മനസ്സിലാക്കാതെ ദൈവരാധന അനുഭവവേദ്യമാകയില്ല. നമ്മെ ഈ ലോകത്തിൽ നിന്നുമുയർത്തി സ്വർഗ്ഗീയ തലത്തിലേയ്ക്കു കടത്തിനിർത്തുന്ന വാതായനങ്ങളാണ് അടാളങ്ങളും പ്രതീകങ്ങളും. നാം അറിഞ്ഞ് അവ തുറന്ന് അപ്പുറത്തേയ്ക്കു കടന്നു നിൽക്കണം. അപ്പോൾ മാത്രമേ നാം സ്വർഗ്ഗീയമായ പരിവേഷത്തിലെത്തുകയുള്ളു, ദൈവരാധന അനുഭവമാകയുള്ളു. ഇപ്രകാരം അനുഭവിക്കുന്ന ഒരു വിശ്വാസിക്കും സഭയുടെ ലിറ്റർജി ഒരിക്കലും അരോചകമായിരിക്കുകയില്ല. ആഗസ്തീനോസ് പുണ്യവാൻ പറഞ്ഞുവച്ചിരിക്കുന്നതുപോലെ, "എന്നും പുരാതനവും എന്നും നവീനവുമായിരുക്കും".

അറിവില്ലാത്തപ്പോൾ നാം ഭിത്തിക്കു പുറത്താണ്. സ്വയം തൃപ്തിക്കായുള്ള പരക്കം പാച്ചിലിലാണ്. ഒന്നിലും തൃപ്തികണ്ടെത്താനാകയില്ല. ഒരോന്നും ആദ്യം അനുഭവം എന്നു തോന്നും; സാവകാശത്തിൽ അരോചകമായി മാറുകയും ചെയ്യും. ദൈവീകമല്ലാത്തവയ്ക്ക് ഒരിക്കലും സ്ഥായിയായ അനുഭവം നൽകാനാവില്ലല്ലോ.

ഒരു കൊച്ചുദാഹരണം പറയട്ടെ. നമ്മുടെ പരിശുദ്ധ ഖുർബാനയും മറ്റെല്ലാ ആരാധനാകർമ്മങ്ങളും "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി" എന്നു തുടങ്ങുന്ന മാലാകാമാരുടെ കീർത്തനത്തോടുകൂടയാണല്ലോ തുടങ്ങുന്നത്. പ്രാർത്ഥനയുടെ ഏറ്റം സവിശേഷമായ രൂപം ദൈവസ്തുതിയാണെന്ന് വിശുദ്ധഗ്രന്ഥകാരന്മാരും സഭാപിതാക്കൻമാരുമെല്ലാം നമ്മെ പഠിപ്പിക്കുന്നുമുണ്ട്. അങ്ങനെയെങ്കിൽ ദൈവാരാധനയ്ക്കായി ഒരുമിച്ചുകൂടുന്ന ഏതൊരു വിശ്വാസസമൂഹവും ആദ്യമേ ദൃഷ്ടിയുറപ്പിക്കേണ്ടത് അത്യുന്നതനിലാണല്ലോ.



അക്കാര്യം ഏറ്റം പൂർണ്ണമായി സാധിക്കത്തക്ക വിധമാണ് നമ്മുടെ പൂർവ്വികർ ദൈവരാധനയുടെ ആരംഭത്തിൽ സവിശേഷമായ ഈ ത്രീത്വസ്തുതി (കീർത്തനം മൂന്നുപ്രാവശ്യം ആവർത്തിക്കുന്നത്) ക്രിമീകരിച്ചിരിക്കുന്നത്. എന്നാൽ കാര്യം ഉചിതമായി മനസ്സിലാക്കാൻ സാധിക്കാത്തതിനാൽ നമ്മുടെ സഭയിൽ ബഹുഭൂരിപക്ഷത്തിനും ഈ അനുഭവത്തിലെത്താൻ ഇന്നു സാധിക്കുന്നില്ലെന്നുള്ളതാണ് ദു:ഖസത്യം.

മാത്രമല്ല, ഈ ത്രിത്വസ്തുതി നാം അർപ്പിക്കുന്നതോ "നമുക്കും നമ്മുടെ രക്ഷക്കും വേണ്ടി" സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്ന ദൈവപുത്രന്റെ മനുഷ്യാവതാര രഹസ്യപശ്ചാത്തലത്തിലാണ്. **നാം സത്യത്തിൽ മാതാവിനോടും യൗസേപ്പ് പിതാവിനോടും മാലാകാമാരോടും ആട്ടിടയരോടുമൊക്കെ ചേർന്ന് ബത്‌ലഹേമിലെ പുൽക്കൂട്ടിലെ ഉണ്ണിമിശിഹായുടെ സവിധത്തിൽ നിന്നുകൊണ്ട് പരിശുദ്ധ ത്രീത്വത്തിന്റെ ഉന്നതമായ പ്രസ്തുത രക്ഷാകരരഹസ്യം - മനുഷ്യാവതാര രഹസ്യം, ഏറ്റുപറയുകയാണ്**. ഈ അവബോധത്തിൽ നിൽക്കുന്ന ഏതെങ്കിലും വിശ്വാസിക്ക് ഈ കീർത്തനത്തിന്റെ ആവർത്തനം അരോചകമാകുമോ? മൂന്നെന്തിനാ? ഒന്നുപോരേ? എന്നു ചോദിക്കുമോ?

ആരാണവിടെ പുൽക്കൂട്ടിൽകിടക്കുന്നത്? നാം വിളിച്ചപേക്ഷിക്കുന്നു: "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..." അതേ, സ്വർഗ്ഗീയ പിതാവന്റെ അരുമസുതനാണ് അവിടെ കിടക്കുന്നത്. പിതാവിനെ സ്പർശിച്ചറിയാൻ നമുക്കു സാധിക്കുന്നത് ഈ അരുമസുതനിൽ മാത്രമാണല്ലോ. പ്രസ്തുത അവബോധത്തിലേയ്ക്കുയരുന്ന നാം സ്വർഗ്ഗീയ ഗണങ്ങളോടുചേർന്ന് അവനെ പാടിസ്തുതിക്കുന്നു: "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ". ഏശയ്യാ പ്രവാചകനോടും യോഹന്നാൻ ശ്ലീഹായോടും ചേർന്ന് നാമും സ്വർഗ്ഗീയപരിവേഷത്തിൽ മുഴുകുകയാണ്. എന്നാൽ ഇതൊന്നും അനുഭവിച്ചാസ്വദിക്കുവാൻ ഇന്ന് നമ്മുടെ സഭയിൽ ഒത്തിരിപേർക്കും സാധിക്കുന്നില്ലല്ലോയെന്നെ വേദനയാണ് ഏറ്റം അസഹനീയമായത്.

നമ്മുടെ സഭയുടെ ചരിത്രപശ്ചാത്തലം ഏകദേശമെങ്കിലും നമുക്കു വ്യക്തമാണ്. 16-ാം നൂറ്റാണ്ടിനുശേഷം നിർബന്ധിതമായ ചില മാനസിക വ്യതിയാനങ്ങൾക്ക് വിധേയരാകേണ്ടിവന്നവരാണു നാം. അതും മദ്ധ്യശതകങ്ങളിൽ വികലമായിത്തീർന്ന ലത്തീൻ ആരാധനാദ്ധ്യാത്മീക ശൈലിയിൽ. തന്മൂലം ആരാധനാ കർമ്മങ്ങളുടെ പ്രാധാന്യം മങ്ങിപ്പോയി. ഭക്താഭ്യാസലഹരിയിൽ മതിമയങ്ങിപ്പോയി. കുറേ വൈകിപ്പോയെങ്കിലും ലത്തീൻ സഭാധികാരികളിൽ ചിലരെങ്കിലും അപകടം മണത്തറിഞ്ഞു. രണ്ടാം വത്തിക്കൻ കൗൺസിൽ അതിനു പരിഹാരം കുറിച്ചു. പരിശുദ്ധ ഖുർബ്ബാനയർപ്പണവും കൂദാശകളും കൂദാശാനുകരണങ്ങളും യാമപ്രാർത്ഥനയുമാണ് സഭയുടെ വിശ്വാസപ്രകാശനത്തിന്റെ ആധികാരികഭാവങ്ങളെന്നും അവ ഓരോ സഭയുടെയും ആരാധനാവത്സരശൈലിയിൽ സമുചിതമായി കോർത്തിണക്കി അനുഭവവേദ്യമായി ആഘോഷിക്കണമെന്നും അസന്നിഗ്ധമായി പ്രഖ്യാപിച്ചു. അതുകൊണ്ട് ഒരു



www.malankaralibrary.com

വിശ്വാസിയുടെ, അത് പടിഞ്ഞാറായാലും കിഴക്കായാലും, സഭാത്മകമായ ആദ്ധ്യാത്മീകജീവിതത്തിന്റെ അനുദിനപ്രകാശനം **പരിശുദ്ധ ഖുർബാനയർപ്പണവും യാമപ്രാർത്ഥനയുമാണെന്നും** മറ്റെല്ലാ ഭക്താഭ്യാസങ്ങളും അവയിൽനിന്നും പുറപ്പെടുന്നവയും അവയിലേയ്ക്ക് നയിക്കുന്നവയുമാകണമെന്നും, എല്ലാം സ്വന്തം സഭയുടെ ആരാധനാവത്സരചൈതന്യത്തിനനുഗുണമായിരിക്കണമെന്നും നിർദ്ദേശിക്കുകയും ചെയ്തു.

അരനൂറ്റാണ്ടു കഴിഞ്ഞിട്ടും സഭാ മാതാവിന്റെ വളരെ വ്യക്തമായ ഈ നിർദ്ദേശം ഉചിതമായി നടപ്പാക്കാൻ നമ്മുടെ സഭയ്ക്ക് സാധിച്ചിട്ടില്ലെന്നുള്ളതാണ് ദുഖസത്യം. പരിശീലിച്ചുപോയതിൽനിന്നും മാറ്റം വരുത്തുക എല്ലാവർക്കും ബുദ്ധിമുട്ടുള്ളകാര്യമാണ്. വ്യക്തിപരമായി പറഞ്ഞാൽ എന്നിൽതന്നെ ചിലമാറ്റങ്ങൾ വരുത്താൻ മരണവേദന തന്നെ അനുഭവിച്ചിട്ടുണ്ട്. എങ്കിലും സഭാമാതാവിന്റെ ആഗ്രഹം നിറവേറ്റണം എന്ന ബോധ്യത്തിൽ പരിശ്രമിച്ചതിന്റെ ഫലമായി മദ്ധ്യശതകങ്ങളിൽ വികലമാക്കപ്പെട്ട ലത്തീൻ സഭയിലെ individualism-ത്തിൽ കുതിർന്ന ആദ്ധ്യാത്മീകതയുടെ പിടിമുറുക്കത്തിൽ നിന്നും കുറെയൊക്കെ മോചനം നേടാൻ സാധിച്ചിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. ഇപ്പോൾ, സഭ നിശ്ചയിക്കുന്ന രീതിയിൽ പരിശുദ്ധ ഖുർബാനയർപ്പിക്കുന്നതാണ് എന്റെ ആദ്ധ്യാത്മീകതയുടെ കാതൽ. അത് എന്തുമാത്രം ആഘോഷമായും വിശദമായും സഭാസമൂഹത്തിൽ ഒന്നുചേർന്ന് നടത്താനാകുമോ അത്രയ്ക്കും സന്തോഷവുമുണ്ട്. അതുകഴിഞ്ഞാൽ പ്രധാനം യാമപ്രാർത്ഥനയാണ്. പരിശുദ്ധ ഖുർബാനയുടെ ചൈതന്യം ദിവസത്തിന്റെ യാമങ്ങളിലേയ്ക്കു പ്രവഹിപ്പിക്കുന്ന സവിശേഷ "ദൈവസ്തുതി"കളാണല്ലോ അവ. നമുക്കാണെങ്കിൽ ഏഴ് നേരത്തെ പ്രാർത്ഥനകളാണുള്ളത്. സാധിക്കുന്നതുപോലെ അവയും സഭയോടു ചേർന്നുനിന്ന് ആഘോഷിക്കുവാൻ പരിശ്രമിക്കുന്നു. ഇപ്പോഴത്തെ അവശതയിൽ ആഘോഷമായി ഖുർബാനയർപ്പിക്കാൻ സാധിക്കാത്തതിൽ എനിക്ക് വളരെയേറെ വിഷമമുണ്ട്. ഏറ്റം പ്രധാന പ്രാർത്ഥന, റാസഖുർബാന പൂർണ്ണമായി ഒരു പ്രാവിശ്യമെങ്കിലും അർപ്പിച്ച് വിടവാങ്ങാൻ അനുഗ്രഹിക്കണമേയെന്നും. സഭയുടെ പഠനങ്ങൾ ആത്മാർത്ഥതയോടെ അന്വേഷിക്കുന്ന ഏതു വിശ്വാസിയുടെ അനുഭവവും ഇതുതന്നെയായിരുക്കുമെന്നാണ് എന്റെ ബോദ്ധ്യം. അതുകൊണ്ട് പഠനം അത്യാവശ്യം. ചെറിയവരും വലിയവരും പഠിക്കണം. സഭയുടെയും സഭയുടെ പ്രകാശനമായ ദൈവാരാധനയുടെയും ആഴങ്ങൾ കഴിവുപോലെ കണ്ടെത്തണം. ഏതു ജീവിതസ്ഥിതിയിലുള്ളവരായാലും ഏതുതരം ജോലികളിൽ പെട്ടിരിക്കുന്നവരായാലും സ്വന്തം വിശ്വാസത്തിന്റെ നിർണ്ണായകമായ ഈ കടമയിൽ നിന്നും ഒഴിഞ്ഞുമാറാനാകയില്ല.

കത്തോലിക്കാ സഭയിൽ ദൈവാരാധന അഥവാ ലിറ്റർജി എന്താണെന്നുതന്നെയുള്ള അവബോധം വികലമായിപ്പോയോ എന്നു സംശയിക്കേണ്ടതായിട്ടാണ് വന്നിരിക്കുന്നത്. ദൈവാരാധനാ ശാസ്ത്രത്തിൽതന്നെ ഉപരിപഠനം നടത്തിയിട്ടുള്ളവരും സെമിനാരികളിലും ദൈവശാസ്ത്ര പീഠങ്ങളിലുമൊക്കെ അദ്ധ്യാപനം നടത്തുന്നവരുംതന്നെ ചില സന്ദർഭങ്ങളിൽ പറയുന്നതും



എഴുതുന്നതുമെല്ലാം കാണുമ്പോൾ ഈ സംശയം ഇരട്ടിക്കുകയാണ്. ശരിയായ ദിശയിൽ മുന്നേറാൻ ബനഡിക്ടറ്റ് 16-ാമൻ മാർപ്പാപ്പയുടെ "ലിറ്റർജിയുടെ ചൈതന്യം" എന്ന ഗ്രന്ഥം വളരെ സഹായകമാണ്. അത് മലയാളത്തിലും ലഭ്യമായതിനാൽ നമ്മുടെ സഭയിൽ എല്ലാവരും അതു വായിക്കുന്നത് ആരാധനാനുഭവത്തിന് വളരെ സഹായകമാകും എന്നാണ് പറയാനുള്ളത്. പിന്നെ നമ്മുടെ ലിറ്റർജിയുടെ, പ്രത്യേകിച്ചും പരിശുദ്ധ ഖുർബാനയുടെ, പ്രതീകാത്മകവും ദൈവശാസ്ത്രപരവുമായ വശങ്ങൾ ആഴത്തിൽ കണ്ടെത്തണം. അങ്ങനെ ആരാധനയുടെ ആഴങ്ങളിലേക്കിറങ്ങുമ്പോൾ അത് ജീവിക്കുന്ന അനുഭവമായിമാറും.

ദൈവാരാധന അഥവാ ലിറ്റർജി നമ്മുടെ അസ്ഥിത്വത്തിന്റെ ആഘോഷമല്ലേ? നമ്മുടെ അസ്ഥിത്വം പൂർണ്ണതയിലെത്തുന്നത് ഈശോയിലേക്കു നാം മുഴുവനായും രൂപാന്തരപ്പെടുമ്പോഴും. അതിന് ഈശോയെയും നമ്മെത്തന്നെയും നാം കഴിവിന്റെ പരമാവധി അറിയണം. അറിഞ്ഞുകൊണ്ട് ഈശോയുടെ ജീവിതത്തിൽ കേന്ദ്രീകൃതമായ രക്ഷാകര ചരത്രത്തിലൂടെ സഞ്ചരിച്ച്, അത് അനുഭവിച്ചാസ്വദിച്ച്, പൂർണ്ണമായും മിശിഹാമയരാകണം. അതാണ് നമ്മുടെ ഓരോ ഖുർബാനയർപ്പണത്തിലും നടക്കുന്നത് - നടക്കേണ്ടത്. പരിശുദ്ധ ഖുർബാന സ്വീകരണത്തോടെ മിശിഹായുടെ ഉത്ഥിതശരീരവുമായി ഒന്നായിത്തീരുന്ന നമുക്ക് വിശുദ്ധ ശ്ലീഹായോടുചേർന്ന് "ഇനി ഞാനല്ല, മിശിഹാ എന്നിൽ ജീവിക്കുന്നു" എന്ന് ഉള്ളുതുറന്ന് പറയാനാകും. അങ്ങനെ ദൈവാരാധനാ കർമ്മങ്ങൾ സത്യത്തിൽ നമ്മുടെ സ്വന്തം അസ്ഥിത്വാഘോഷങ്ങളായി മാറിക്കഴിയുമ്പോൾ, അവയൊരിക്കലും വിരസമാകയില്ല; അനുഭവ സാക്ഷാത്കരണത്തിനായി നാനാവഴിക്ക് പരക്കം പായേണ്ടതായും വരികയില്ല.

## 2. ആശ്രമ സമൂഹം

**ചോദ്യം:** പാലമറ്റത്തുള്ള മാർ തോമാ സഹോദരികളുടെ ആശ്രമ സമൂഹവുമായി അച്ചന് വളരെ അടുത്ത ബന്ധമുണ്ടെന്നാണ് മനസ്സിലാകുന്നത്. നമ്മുടെ സഭയിൽ ധാരാളം സന്യാസിനി സമൂഹങ്ങൾ ഉണ്ടായിരിക്കെ വീണ്ടും പുതിയതൊന്നിന്റെ സാംഗത്യം എന്താണ്?

**ഉത്തരം:** ഞാൻ ദൈവാരാധനയിൽ ഉപരിപഠനം നടത്തിയത് ബനഡിക്ടൈൻ സന്യാസികൾ നേതൃത്വം കൊടുക്കുന്ന റോമിലെ സ്ഥാപനത്തിലാണ്. ഡോക്ടറേറ്റ് പ്രബന്ധത്തിനും അന്വേഷണപഠനത്തിനും വിഷയമാക്കിയത് നമ്മുടെ ഉയിർപ്പു തിരുനാളിന്റെയും തലേദിവസത്തിന്റേയും ആരാധാനാകർമ്മങ്ങളും. ഞാൻ ഒരു സന്യാസവൈദീകനുമാണല്ലോ. പഠനം മുറുകിയപ്പോൾ ദൈവാരാധനയുടെ സംരക്ഷണത്തിനും വികസനത്തിനുമൊക്കെ സന്യാസജീവിതവുമായുള്ള ബന്ധം കൂടുതൽ കൂടുതൽ തെളിവായി വന്നു. സത്യത്തിൽ സന്യാസം സഭാജീവിതത്തിന്റെ പൂർണ്ണവും ആഴവും അനുഭവവേദ്യവുമൊക്കെയായ പ്രകാശനമാണല്ലോ. "എന്തു വിലകൊടുത്തും ഈശോയെ അനു



www.malankaralibrary.com

ധാവനം ചെയ്യുക" (Costly Discipleship) എന്ന ആപ്ത വാക്യത്തിൽ നില യുറപ്പിച്ചുകൊണ്ടുള്ള സന്യാസശൈലി ആരംഭിച്ചതുതന്നെ നമ്മുടെ സുറിയാനി പാരമ്പര്യത്തിലുമാണല്ലോ. സഭാജീവിതം ആരാധനാ ജീവിതം ആയതുകൊണ്ട്, ആരംഭസന്യാസസമൂഹങ്ങളായ ആശ്രമങ്ങളെല്ലാം അവ ഏതു സഭയിലായിരുന്നുവോ ആ സഭയുടെ ദൈവാരാധനയിൽ കേന്ദ്രീകരിച്ചാണ് തങ്ങളുടെ ആദ്ധ്യാത്മീക ജീവിതം പുഷ്ടിപ്പെടുത്തിയിരുന്നത്. പാശ്ചാത്യ സഭയിലും, ആരംഭസന്യാസം ആശ്രമസമൂഹമായിരുന്നല്ലോ, വിശുദ്ധ ബനദിക്ടോസ് നേതൃത്വം കൊടുത്ത ബനഡിക്ടൈൻ ആശ്രമസമൂഹം. ഇന്നും ലത്തീൻ ദൈവാരാധനാ പാരമ്പര്യത്തിന്റെ സംരക്ഷകർ ഈ ആശ്രമസമൂഹമാണന്ന് എല്ലാവർക്കും അറിയാം.

പിൽക്കാലത്ത് മദ്ധ്യശതകങ്ങളോടുകൂടിയാണ് ഓരോരോ പ്രത്യേക പ്രവർത്തനത്തിൽ ഊന്നൽകൊടുക്കുന്ന സന്യാസസമൂഹങ്ങൾ ലത്തീൻ സഭയിൽ ഉണ്ടാകുന്നത്. അവ ഓർഡറുകൾ (Orders), കോൺഗ്രിഗേഷനുകൾ (Congregations) എന്നൊക്കെ അറിയപ്പെടുന്നു. അടുത്ത കാലങ്ങളിൽ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്ന പേരിലും സമർപ്പിത സമൂഹങ്ങൾ രൂപം കൊണ്ടിട്ടുണ്ട്.

പതിനാറാം നൂറ്റാണ്ടിനുശേഷം യൂറോപ്യൻ മിഷനറിമാരായി ഇത്തരത്തിലുള്ള പല സന്യാസസമൂഹങ്ങളും നമ്മുടെയിടയിലും വേരുറപ്പിച്ചു. നമ്മൾതന്നെ ധാരാളമായി അവയിൽ അംഗങ്ങളാകുകയും ചെയ്തു.

വാഴ്ത്തപ്പെട്ട ചാവറകുര്യാക്കോസ് ഏലിയാസച്ചൻ തുടങ്ങിയതും ഏദദ്ദേശിയവുമായ സി. എം. ഐ. സന്യാസസമൂഹത്തെ തുടങ്ങി മറ്റ് പല സമൂഹങ്ങളും നമ്മുടെ ഇടയിൽ ഉണ്ടായെങ്കിലും, എല്ലാം തന്നെ മദ്ധ്യശതകങ്ങളിൽ രൂപം കൊണ്ട പാശ്ചാത്യസമൂഹങ്ങളുടെ ശൈലിയിലാണ് അവയുടെ രീതികൾ ക്രമപ്പെടുത്തിയിരിക്കുന്നത്. ഇന്നും അടിസ്ഥാനപരമായ, കാതലായ, പരിവർത്തനങ്ങൾ നടത്താൻ അവയ്ക്കൊട്ടു സാധിക്കുന്നുമില്ല.

നമ്മുടെ സഭയിൽ അങ്കമാലി, മൈലക്കൊമ്പ് ഒക്കെ കേന്ദ്രമാക്കി ആശ്രമസമൂഹങ്ങൾ ഉണ്ടായിരുന്നതായി ചില സൂചനകളുണ്ടെങ്കിലും അവയുടെ ജീവിതശൈലി സംബന്ധിച്ച് കാര്യമായൊന്നും പകർന്നുകിട്ടിയിട്ടില്ല. പതിനാറാം നൂറ്റാണ്ടിൽ ഇടപ്പള്ളിയിൽ ഒരു ആശ്രമസമൂഹം ഉണ്ടായിരുന്നതായി പരാമർശമുണ്ട്.

നമ്മുടെ ലിറ്റർജി ആഴമായി പഠനവിഷയമാക്കിയപ്പോൾ അതിന്റെ ഉചിതമായ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനും ആചരണത്തിനും അനുഭവത്തിനും വളർച്ചക്കുമെല്ലാമായി ഒരു ആശ്രമസമൂഹത്തിന്റെ ആവശ്യം ഉള്ളിൽ നിറഞ്ഞുവന്നുവെന്നത് സ്വാഭാവികം മാത്രം. അങ്ങനെ ഡോക്ടറേറ്റിനായി സമർപ്പിച്ച പ്രബന്ധത്തിന്റെ അവസാന നിഗമനങ്ങളിലൊന്നായി അതു രൂപംകൊണ്ടു. വൈദികരും, സന്യാസിനിസന്യാസികളും, അൽമായരുമായ ചില സുഹൃത്തുകളുമായി ഇക്കാര്യം ചർച്ചചെയ്തിട്ടുണ്ട്. 1982 സെപ്റ്റംബറിൽ പ്രസിദ്ധീകരിച്ച Christian Orient എന്ന ത്രൈമാസികയുടെ



എഡിറ്റോറിയലായി ആശയം പൊതുജനസമക്ഷം അവതരിപ്പിച്ചിട്ടുണ്ട്. അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവ് കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷനായിരിക്കെ പിതാവുമായി ഇക്കാര്യം വളരെ ആഴത്തിൽ ചർച്ചചെയ്യാൻ സാധിച്ചു. അതുപോലെ തന്നെ വളരെ അടുത്ത സുഹൃത്തുക്കളായിരുന്ന സേവ്യർ കൂടപ്പുഴയച്ചനും ഖുറിയാഖോസ് ഏലിയാ വടക്കേടത്തച്ചനുമായും ദീർഘമായ ചർച്ചകൾ നടത്തി. അഭിവന്ദ്യ പൗവ്വത്തിൽ പിതാവിന് ആശ്രമ സംരംഭത്തിന്റെ ആവശ്യകത ബോധ്യപ്പെട്ടതോടെ ചർച്ചകൾ പ്രായോഗികതയിലേയ്ക്കു നീങ്ങി. അങ്ങനെ ഞങ്ങൾ നാലുപേരും കൂടി നടത്തിയ ദീർഘമായ പ്രാർത്ഥനകളുടെയും ചർച്ചകളുടെയും ഒടുവിൽ നമ്മുടെ സഭയുടെ ജീവിതം അതിന്റെ സമഗ്രതയിൽ ഉൾക്കൊള്ളുന്നതും പ്രകാശിപ്പിക്കുന്നതുമായ ഒരു ആശ്രമസമൂഹം ഉണ്ടാകണം എന്ന തീരുമാനത്തിലെത്തി. ഞങ്ങളുടെ ചിന്തകൾ പങ്കുപറ്റിയിരുന്ന ചില സന്യാസിനികളുടെ ക്രീയാത്മക സഹകരണം വഴിയാണ് പിതാവിന്റെ നേതൃത്വത്തിൽ 1989ൽ സിസ്റ്റേഴ്സിന്റെ ആശ്രമത്തിന് നല്ലതണ്ണിയിൽ തുടക്കം കുറിക്കാനായത്. പിൽക്കാലത്ത് അവരുടെ വാസം കോട്ടയത്ത് MOC പരിസരത്താക്കി; സാവകാശത്തിൽ പാലമറ്റത്ത് ആശ്രമവുമായി.

ആശ്രമക്കാർക്ക് ചില വ്യക്തികളുമായി പ്രത്യേകബന്ധം ഉണ്ടായിരിക്കുക സ്വാഭാവികം മാത്രം. എന്നിരുന്നാലും ആശ്രമം സഭയുടെ പൊതുസ്വത്താണ്, സഭ മുഴുവന്റെയും നാമത്തിൽ ഏഴുനേരം "ദൈവസ്തുതികൾ" ആഘോഷമായി അവർ ആലപിക്കുന്നുണ്ട്. തങ്ങളുടെ കഴിവിന്റെ പരമാവധി ആഘോഷമായും വിശദമായും പരിശുദ്ധ ഖുർബ്ബാനയർപ്പിക്കുന്നതിന് അവർ പരിശ്രമിക്കുന്നുണ്ട്. സഭയുടെ എല്ലാവശങ്ങളും ആഴത്തിൽ പഠിക്കുന്നതിനും അവർ ശ്രദ്ധ ചെലുത്തുന്നുണ്ട്. പ്രാർത്ഥന, പഠനം, ജോലി അതാണ് അവരുടെ ജീവിത ശൈലി. സഭാംഗങ്ങളെല്ലാവരും ആന്തരീകമായിട്ടെങ്കിലും ആശ്രമസമൂഹത്തോടു ചേരുമ്പോഴാണ് നമ്മുടെ സഭ ദൈവത്തിനർപ്പിക്കേണ്ട സ്തുതിയും ആരാധനയും നന്ദിയുമെല്ലാം പൂർണ്ണമാകുന്നത്. ആശ്രമസമൂഹം ഒരിക്കലും മറ്റ് സന്യാസസമൂഹങ്ങൾക്ക് ബദലോ വെല്ലുവിളിയോ അല്ല. നേരെമറിച്ച്, അവയുടെ ആത്യന്തീകമായ ആഭിമുഖ്യത്തിന് ഉത്തേജനവും ഉന്മേഷവും പകരുന്നതാണ്. സന്യാസിനിസന്യാസികൾ ഉൾപ്പെടെ സഭാംഗങ്ങൾ എല്ലാവർക്കും തങ്ങളുടെ വിശ്വാസജീവിതത്തിന് ആക്കം നൽകുന്നതാണ് ആശ്രമ ജീവിത ശൈലി.

**ചോദ്യം:** ദയറാ ജീവിതം സമൂഹത്തിൽനിന്നും വേറിട്ട ഒരു ജീവിതരീതിയാണോ? അതോ സമൂഹവുമായി ബന്ധപ്പെട്ടതാണോ?

**ഉത്തരം:** തീർച്ചയായും ആശ്രമജീവിതം സഭാസമൂഹവുമായി അടുത്തു ബന്ധപ്പെട്ടതാണ്. ദയറാംഗങ്ങൾ ഒരു കുടുംബംപോലെ സഭാ സമൂഹത്തിൽ ജീവിക്കുന്നു. ഇത് ഒരു പ്രത്യേകതരത്തിലുള്ള കുടുംബമാണെന്നു മാത്രം. ഇതിലെ അംഗങ്ങൾ മറ്റുപല കുടുംബങ്ങളിൽ നിന്നും വന്നു കൂടിയിട്ടുള്ളവരാണ്. മറ്റു സഭാംഗങ്ങൾ എല്ലാവരും ഏതെങ്കിലും തരത്തിൽ ഇതിലെ അംഗങ്ങളുമാണ്. അവർക്ക് എപ്പോൾ വേണമെങ്കിലും ഇവിടെ വന്ന് ഇവിടത്തെ ജീവിതം നേരിട്ടാസ്വദിക്കുന്നതിനും സാധിക്കും. ഓരോ ആശ്രമവും അതിന്റെ യഥാർത്ഥ



www.malankaralibrary.com

സാഹചര്യമനുസരിച്ച് അക്കാര്യത്തിൽ ചില നിയന്ത്രണങ്ങൾ ഉണ്ടാക്കും എന്നു മാത്രം. സഭാംഗങ്ങൾ എല്ലാവർക്കും അവരുടേതായ ജീവിത വ്യഗ്രതകൾക്കിടയിൽ ഇടയ്ക്കിടയ്ക്ക് ആശ്രമത്തിലെത്തി വിശ്വാസജീവിതം ആഴത്തിൽ അനുഭവിച്ചാസ്വദിച്ച് ശക്തിപ്പെടുന്നതിനുള്ള സൗകര്യം ആശ്രമത്തിൽ ഏപ്പോഴും ഉണ്ടായിരിക്കും. ആശ്രമത്തിന്റെ എല്ലാ കാര്യങ്ങൾക്കും തങ്ങളുടേതായ സംഭാവനകൾ നൽകുന്നതിനുള്ള കടമയും സഭാംഗങ്ങൾ എല്ലാവർക്കുമുണ്ട്. ചുരിക്കിപറഞ്ഞാൽ, സഭ മുഴുവന്റേതുമായിട്ടുള്ളതും സഭ മുഴവനും വേണ്ടിയുള്ളതുമായ ഒരു പ്രത്യേക കുടുംബമാണ് ആശ്രമം അഥവാ ദയറാ.

## 3. സുറിയാനി ഭാഷ

**ചോദ്യം:** സുറിയാനിഭാഷ കാലഹരണപ്പെട്ടുപോയ ഒന്നല്ലേ? ഇപ്പോഴത്തെ ജനത്തിന് വളരെ അപരിചിതവും! ആശ്രമത്തിന്റേതായി അടുത്ത കാലത്തു പ്രസിദ്ധീകരിച്ച "എന്താനാ" അഥവാ "മദ്ധ്യാഹ്നപ്രാർത്ഥന" എന്ന ഗ്രന്ഥത്തിൽ കുറെയേറെ സുറിയാനി പദങ്ങൾ ചേർത്തിട്ടുണ്ടല്ലോ?

**ഉത്തരം:** സുറിയാനി നമ്മുടെ ആരാധനാ ഭാഷയാണല്ലോ. സ്വല്പം കൂടി ആഴത്തിൽ ചിന്തിച്ചാൽ അത് നമ്മുടെ ആവിഷ്കരണഭാഷയാണ്. ദൈവം നമ്മോടു സംസാരിച്ച ഭാഷ. മനുഷ്യനായ ദൈവപുത്രൻ, ഈശോമിശിഹാ, സംസാരിച്ചിരുന്ന ഭാഷ. നമ്മുടെ പിതാവായ മാർ തോമാ ശ്ലീഹാ സംസാരിച്ചിരുന്നതും അതേ ഭാഷയിൽ. വിശുദ്ധഗ്രന്ഥത്തിന്റെ വിവിധങ്ങളായ പരിഭാഷകളിൽ ഈശോ സംസാരിച്ചതായി വിശേഷിപ്പിക്കുന്ന അറമായ ഭാഷയിലെ ഏതാനും പദങ്ങളും വാക്യശകലങ്ങളും അതേപടി നിലനിറുത്തിപോരുന്നുണ്ടല്ലോ. അവ വിശകലനം ചെയ്യുന്ന ഏതു ഭാഷാപണ്ഡിതനും വ്യക്തമാകും പിൽക്കാലത്ത് പൗരസ്ത്യ സുറിയാനിയെന്നറിയപ്പെട്ട സുറിയാനി തന്നെയാണ് ഈശോ സംസാരിച്ചിരുന്നതെന്ന്. ചുരുക്കി പറഞ്ഞാൽ, നമ്മുടെ വിശ്വാസം നമുക്കു പകർന്നുകിട്ടിയ ഭാഷയാണ് സുറിയാനി. ഏതുമതത്തിനും അതിന്റെ ആവിഷ്കരണ ഭാഷ ഏറ്റം പവിത്രമാണ്. ഒരു യഹൂദന് എബ്രായയും മുസ്ലീമിന് അറബിയും ഹൈന്ദവന് സംസ്കൃതവുമൊക്കെ എത്ര പ്രധാനപ്പെട്ടതാണെന്ന് നമുക്കറിയാം. മെശിയാനീകർമാത്രം മിശിഹായുടെ ഭാഷയ്ക്ക് കാര്യമായ പ്രാധാന്യം കൽപിക്കുന്നില്ലെന്നുള്ളത് വിരോധാഭാസമായിട്ടേ ചിന്തിക്കാനാകുന്നുള്ളു. നമ്മെ സംബന്ധിച്ചിടത്തോളം വിശ്വാസം പകർന്നുകിട്ടിയ ഭാഷ മാത്രമല്ല സുറിയാനി. നാം അതിന് പ്രത്യുത്തരിച്ച് "ദൈവസ്തുകൾ" പാടിയതും അതേ ഭാഷയിൽ തന്നെ. അതേ, ഈശോയും മാർ തോമാ ശ്ലീഹായും സംസാരിച്ച ഭാഷയിൽ തന്നെ പ്രത്യുത്തരിക്കാൻ കെൽപ്പുള്ളവരായിരുന്നു നമ്മുടെ പൂർവ്വീകർ.

ആരാധനാ ഭാഷകളുടെ കാര്യവും അവയിൽ സുറിയാനിയുടെ അനന്യവൈശിഷ്ട്യവുമെല്ലാം ചുരുക്കമായി മുമ്പൊരിക്കൽ സത്യദർശനമാലയിൽ പ്രദിപാദിച്ചിരുന്നല്ലോ. ഇപ്പോൾ ആവർത്തിക്കേണ്ടതില്ലല്ലോ. ഒരുകാര്യം മാത്രം വീണ്ടും പറയുവാൻ ആഗ്രഹിക്കുന്നു. ദൈവാരാധനയിൽ മാതൃഭാഷയുടെ



ഉപയോഗം പൗരസ്ത്യസഭകൾക്ക് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സംഭാവനയല്ല. നേരെമറിച്ച് എല്ലാ പൗരസ്ത്യസഭകളും തന്നെ വ്യാപകമായി മാതൃഭാഷകൾ ഉപയോഗിച്ചിരുന്നതിൽ നിന്നാണ് ലത്തീൻ സഭയ്ക്കും അങ്ങനെയാകാമല്ലോയെന്ന ചിന്ത ഉരുത്തിരിഞ്ഞതുതന്നെ. നമ്മുടെ സഭ തന്നെയും കൗൺസിൽ തുടങ്ങുന്നതിനുമുമ്പു മാതൃഭാഷ ഉപയോഗിക്കാൻ തുടങ്ങി (1962 -ൽ) എന്ന കാര്യവും വ്യക്തമാണല്ലോ. എന്നിരുന്നാലും വളരെ ഉത്തരവാദപ്പെട്ടവർവരെ മറിച്ച് പറയുകയും എഴുതുകയുമൊക്കെ ചെയ്യുന്നതുകാണുമ്പോൾ അത്ഭുതം തോന്നാറുണ്ട്.

പൗരസ്ത്യസഭകൾ എല്ലാം മാതൃഭാഷകൾ വ്യാപകമായി ഉപയോഗിക്കുമ്പോഴും ആരാധനാഭാഷയ്ക്ക് ഉന്നതമായ സ്ഥാനം നൽകുകയും നിർണ്ണായകങ്ങളായ പദങ്ങളും വാക്യശകലങ്ങളുമെല്ലാം ആരാധനാ ഭാഷയിൽതന്നെ നിലനിറുത്തിപ്പോരുകയുമാണ് ചെയ്തിരുന്നത്. പ്രസ്തുത ശൈലിയിലാണ് 1962-ൽ നമ്മുടെ സഭയും ഖുർബാനക്രമം പുനരുദ്ധരിച്ചപ്പോൾ മാതൃഭാഷയുടെ ഉപയോഗം തുടങ്ങിയത്.

1968-ലാകട്ടെ, തനി ലത്തീൻ ശൈലിയിൽ നമ്മുടെ സഭ ആരാധനാഭാഷയോട്, ഈശോമിശിഹായും നമ്മുടെ പിതാവ് മാർ തോമാ ശ്ലീഹായും സംസാരിച്ചിരുന്ന സുറിയാനി ഭാഷയോട്, പൂർണ്ണമായും വിടപറഞ്ഞു. അത് തീർച്ചയായും ചരിത്രപരമായ വലിയൊരബദ്ധമായിപ്പോയി. ലത്തീൻ സഭക്ക് കൗൺസിൽ കഴിഞ്ഞപ്പോൾ പറ്റിയ പ്രസ്തുത അബദ്ധം എങ്ങിനേയും പരിഹരിച്ചെടുക്കുവാൻ മാർപ്പാപ്പായും ബന്ധപ്പെട്ടവരും നടത്തുന്ന കാര്യക്ഷമമായ പരിശ്രമം നമ്മുടെയും കണ്ണുകൾ തുറപ്പിക്കേണ്ടതല്ലേ? നമ്മുടെ ചുറ്റുമുള്ള സഹോദരീ സഭകളുടെ ശൈലി പ്രചോദനമാകുകയും വേണമല്ലോ.

അതുകൊണ്ട് നമുക്ക് സുപരിചിതമായിരുന്നതും നമ്മുടെ മാതൃഭാഷയുടെ ഭാഗമായി മാറിക്കഴിഞ്ഞിരുന്നതും തെറ്റിദ്ധാരണാഫലമായി വിസ്മൃതിയിലേയ്ക്ക് തള്ളികൊണ്ടിരിക്കുന്നതുമായ സുറിയാനി പദങ്ങളും ശൈലികളുമെങ്കിലും വീണ്ടെടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നതായി തോന്നുന്നു. സാവകാശത്തിൽ നാമെല്ലാവരും നമ്മുടെ കർത്താവ് ഈശോമിശിഹായുടെയും നമ്മുടെ ശ്ലീഹായുടെയും സംസാരഭാഷ കുറെയെങ്കിലുമൊക്കെ മനസ്സിലാക്കുന്നവരും സംസാരിക്കുന്നവരുമൊക്കെയായി മാറുക സ്വാഭാവികവും ഉചിതവുമാണല്ലോ. പ്രസ്തുത പശ്ചാത്തലത്തിലാണ് ആശ്രമത്തിൽ സുറിയാനി പഠനത്തിനും ഉപയോഗത്തിനും പ്രാധാന്യം കൊടുക്കുന്നത്. അവരുടെ പ്രസിദ്ധീകരണമായ ***എന്താനാ*** (മദ്ധ്യാഹ്ന പ്രാർത്ഥന) യിൽ ചില സുറിയാനി പദങ്ങളും വാക്യശകലങ്ങളും ഉൾപ്പെടുത്തുവാൻ ഇടയായതും ഇക്കാരണത്താൽ തന്നെയാണ്. തുടർന്നുവരുന്ന പ്രസിദ്ധീകരണങ്ങളിൽ കൂടുതൽ സുറിയാനി പദങ്ങളും മറ്റും ഉപയോഗത്തിലാക്കാൻ ആഗ്രഹവുമുണ്ട്.

**ചോദ്യം:** സുറിയാനി ഭാഷയുടെ പ്രചരണത്തിനായി എന്തെങ്കിലും മാർഗ്ഗനിർദ്ദേശം അച്ചനു നൽകാനുണ്ടോ?



www.malankaralibrary.com

**ഉത്തരം:** നമുക്കു ലഭിച്ച ദൈവിക വെളിപാടിന്റെയും നമ്മുടെ ദൈവാരാധനയുടെയും ഭാഷയല്ലേ സുറിയാനി. ദൈവം നമ്മോടു സംസാരിച്ച ഭാഷയിൽ തന്നെ ദൈവത്തോടു സംസാരിക്കാൻ സാധിക്കുക ഒരു വലിയ കാര്യമല്ലേ? സുറിയാനി സഭകളുടെ ലിററർജിയിൽ ആഴമായി പഠനം നടത്തിയിട്ടുള്ള പണ്ഡിതരെല്ലാം തന്നെ എടുത്തുപറയുന്ന ഒരു കാര്യമാണിത്: ദൈവിക വെളിപാടിന്റെ അതേ സാഹചര്യത്തിൽ നിന്നുള്ള പ്രത്യുത്തരം! കത്തോലിക്കാ സഭയിൽ രൂപം കൊണ്ടിട്ടുള്ള മറ്റു ലിറ്റർജികളുമായി താരതമ്യം ചെയ്യുമ്പോൾ സുറിയാനി പാരമ്പര്യത്തിന്റെ അനന്യത (uniqueness) യായി പ്രത്യേകം എടുത്തുകാണിക്കുന്ന കാര്യമാണിത്. നമ്മുടെ കർത്താവും ദൈവവുമായ ഈശോമിശിഹാ സംസാരിച്ച ഭാഷയിലെ കുറെയെങ്കിലും പദങ്ങളും പ്രയോഗങ്ങളും അറിയാമെന്നുള്ളത് ഒരു നേട്ടം തന്നെയല്ലേ? നമ്മുടെ സഭയെ അളവില്ലാത്ത വിധം സ്നേഹിക്കുകയും അതിനുവേണ്ടി അവിസ്മരണീയമായ ഒത്തിരികാര്യങ്ങൾ ചെയ്യുകയും ചെയ്തിട്ടുള്ള ബൽജിയംകാരനായ കർദ്ദിനാൾ ടിസ്സറാന്റ് 12-ാം വയസ്സിൽതന്നെ ഈശോ സംസാരിച്ച ഭാഷയാണെന്നറിഞ്ഞ് സുറിയാനി പഠിക്കാൻ തുടങ്ങിയതായി അദ്ദേഹത്തിന്റെ ഉറ്റസുഹൃത്തും പലകാര്യങ്ങളിലും സഹപ്രവർത്തകനുമായിരുന്ന നമ്മുടെ ബഹുമാനപ്പെട്ട പൊടിപാറ പ്ളാസിഡച്ചൻ പറഞ്ഞു കേട്ടിട്ടുണ്ട്. നമ്മുടെ സഭയെ പ്രത്യേകം സ്നേഹിക്കാൻ അദ്ദേഹത്തിന് പ്രചോദനമായതും സുറിയാനി ഭാഷാ പഠനമാണെന്നാണ് മനസ്സിലാക്കാനിടയായിട്ടുള്ളത്. മുമ്പ് സൂചിപ്പിച്ചതുപോലെ അറിയുമ്പോഴല്ലേ സ്നേഹിക്കാനാകുക! അതുകൊണ്ട് നമ്മുടെ സഭയെയും അതിന്റെ ഉറവിടമായ ഈശോയെയും കൂടുതൽ അടുത്തും ആഴത്തിലും അറിഞ്ഞനുഭവിക്കുവാൻ സുറിയാനി ഭാഷാ പരിജ്ഞാനം അത്യാവശ്യമാണ്.

ലത്തീൻസഭ ലത്തീൻ ഭാഷ തൂത്തെറിഞ്ഞുകളഞ്ഞതുപോലെ, തെറ്റിദ്ധാരണയിലും അധുനാധുനീകതയുടെ കുത്തൊഴുക്കിലും ദേശീയതയുടെയും പ്രാദേശികതയുടെയും അനാവശ്യവും അപകടകരവുമായ ഇടുങ്ങിയ ചിന്താരീതിയിലുമൊക്കെയായി നാമും സുറിയാനി ഭാഷയോട് വിടപറഞ്ഞുപോയി. ലത്തീൻ സഭയിൽ തെറ്റുതിരുത്തൽ ആരംഭിച്ചുകഴിഞ്ഞു. മാർപ്പാപ്പായുടെ തന്നെ നേതൃത്വത്തിൽ അത് കാര്യമായി പുരോഗമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

നമുക്കും തെറ്റു തിരുത്തണ്ടേ? നമ്മുടെ സഭയുടെ തലവനായ ശ്രേഷ്ഠ മെത്രാപ്പോലീത്തായാണ് അതിനു നേതൃത്വം കൊടുക്കേണ്ടതെന്നതിൽ സംശയവുമില്ലല്ലോ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നമ്മുടെ സിനഡ് ആവുന്നതും വേഗം വ്യക്തമായ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുകയാണ് വേണ്ടത്. സെമിനാരികളിലും സന്യാസപരിശീന കേന്ദ്രങ്ങളിലും നിർബന്ധമായും സുറിയാനി ഭാഷാ പഠനം നടക്കണം. മതാദ്ധ്യാപന ക്ലാസ്സുകളിലും സുറിയാനി പഠനത്തിന് ആവശ്യമായ പ്രാധാന്യം കൊടുക്കണം. സത്യദർശനമാല പോലുള്ള സഭാ പ്രസിദ്ധീകരണങ്ങൾ വളരെ ലളിതമായ ശൈലിയിൽ ഒരു ട്യൂട്ടോറിയൽ പരമ്പര ആരംഭിക്കുന്നതും സഹായകമാകും; പ്രത്യേകിച്ചും മുതിർന്നവർക്ക്. നാം മനസ്സുവച്ചാൽ എല്ലാം എളുപ്പത്തിൽ സാധിക്കും. അത്തരത്തിലുള്ള എല്ലാ സംവിധാനങ്ങളും ഇന്ന് നമുക്കുണ്ട്.



## 4. നസ്രാണി സഭയും അൽമായരും

**ചോദ്യം:** നമ്മുടെ മാർ തോമാ നസ്രാണി സഭയിൽ അത്മായർക്കുള്ള പങ്കു വിശദീകരിക്കാമോ?

**ഉത്തരം:** അത്മായർ, വൈദീകർ, സന്യാസികൾ, മെത്രാന്മാർ എന്നൊക്കെയുള്ള വേർതിരിവ് പൗരസ്ത്യസഭാ ശൈലിയിൽ ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. ആദിമ സഭയുടെ ശൈലിയും അതായിരുന്നുവെന്നാണ് എന്റെ ബോധ്യം. പിൽക്കാലത്ത് യൂറോപ്പിലെ ഫ്യൂഡൽ വ്യവസ്ഥിതിയുടെ കടന്നുകയറ്റത്തിൽ ലത്തീൻ സഭയിൽ വന്നുഭവിച്ച തിരിവുകളാണവ. 16-ാം നൂറ്റാണ്ടുമുതലുണ്ടായ മിഷനറി അധിനിവേശത്തിന്റെ ഫലമായി പ്രസ്തുത ഭാണ്ഡം നാമും ചുമക്കേണ്ടതായി വന്നിരിക്കുകയാണ്.

പൗരസ്ത്യസഭകളിൽ സഭാ സമൂഹത്തിനാണ് പ്രാധാന്യം കൊടുക്കുക. കുടുംബശൈലിയിലാണ് പൗരസ്ത്യർ സഭാ സമൂഹത്തെ കാണുന്നത്. കുടുംബത്തിൽ എല്ലാവരും ഒരു പോലെ കുടുംബാംഗങ്ങളാണ് എന്നിരുന്നാലും ഓരോരുത്തർക്കും അവരവരുടേതായ ധർമ്മങ്ങളും ഉത്തരവാദിത്തങ്ങളും സ്ഥാനവും ബഹുമാനവുമെല്ലാം ഉണ്ടുതാനും. ഓരോരുത്തരും അവരവരുടേതായ പക്വതയിൽ എത്തുമ്പോൾ അതിനനുസരിച്ചുള്ള ജോലികളും ഉത്തരവാദിത്വങ്ങളും ധർമ്മങ്ങളുമെല്ലാം ഏറ്റെടുക്കുകയും ചെയ്യുന്നു. വിമർശനങ്ങളും ചർച്ചകളും വിശകലനങ്ങളും ആരോപണങ്ങളും തിരുത്തലുകളും ഒക്കെ നടക്കും. എന്നാൽ എല്ലാം എപ്പോഴും കുടുംബത്തിന്റെ പുരോഗതിക്കും നന്മക്കും സുസ്ഥിതിക്കുമൊക്കെയായിരിക്കുകയും ചെയ്യും. സഭാസമൂഹം അത്തരത്തിലാണെങ്കിൽ എത്രമനോഹരമായിരിക്കും? ആദിമ സഭാസമൂഹത്തെക്കുറിച്ച് അക്കാലത്ത് പറയപ്പെട്ടത് ഇന്നും നമുക്ക് കേൾക്കാനാകും! **നോക്കുക! അവർ എപ്രകാരം പരസ്പരം സ്നേഹിക്കുന്നു!**

സഭയിൽ ഓരോ തരത്തിലുള്ള സ്ഥാനങ്ങളും ജോലികളും ധർമ്മങ്ങളും മറ്റും നിർവ്വഹിക്കുന്നവരുണ്ട്. ഓരോരുത്തർക്കും അതിനനുസരിച്ചുള്ള ബഹുമാനവും ആദരവുമൊക്കെ കൊടുക്കുകയുംവേണം. മെത്രാൻമാരും വൈദീകരുമാണ് സഭ എന്ന ചിന്ത തനി പാശ്ചാത്യമാണ്. അതിനോടു നാം എന്നേയ്ക്കുമായി വിടപറയുകതന്നെ വേണം.

സഭാ സമൂഹത്തിന്റെ സിംഹഭാഗം അത്മായർ എന്നു വിശേഷിപ്പിക്കുന്നവരാണ്. അതിനനുസരിച്ചുള്ള പ്രാധാന്യവും അവർക്കുണ്ടാകണം. സഭയുടെ എല്ലാ കാര്യങ്ങളിലും അറിവും താല്പര്യവും അവർക്കുണ്ടാകുകയും വേണം. മെത്രാൻമാരും വൈദികരും സന്യാസിസന്യാസിനികളും സഭാ ശുശ്രൂഷയ്ക്കായി സ്വയം പൂർണ്ണമായി സമർപ്പിക്കുന്നവരാണ്. അതിനാൽ തന്നെ അവരുടെ എല്ലാ കാര്യങ്ങളും ഉചിതമായി ക്രമീകരിച്ചു കൊടുക്കുന്നതിന് സഭാസമൂഹം അതായത് അത്മായർ പ്രത്യേകം ശ്രദ്ധയുള്ളവരുമായിരിക്കണം.

മാർ തോമാ നസ്രാണി സഭയിൽ അത്മായരുടെ പങ്കു കണ്ടെത്താൻ നാം വിദേശത്തൊന്നും പോകേണ്ടതില്ല. നമ്മുടെ ചുറ്റുമുള്ള മലങ്കര,



www.malankaralibrary.com

യാക്കോബായ സഹോദരങ്ങളിലേയ്ക്കു നോക്കിയാൽ മതി. കാലത്തിന്റെ കുത്തൊഴുക്കിൽ അടിഞ്ഞുകൂടിയിട്ടുള്ള അധർമ്മരാഷ്ട്രീയവും മെശിയാനീകമല്ലാത്തതുമൊക്കെയായ ചപ്പുചവറുകൾ മാറ്റിക്കളയണമെന്നു മാത്രം. 16-ാം നൂറ്റാണ്ടിൽ ഇവിടെ വന്ന യൂറോപ്യൻ അധിനിവേശക്കാർ നമ്മുടെ സഭയെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത്: '*അതൊരു മെശിയാനിക റിപ്പബ്ളിക്കാണെന്നല്ലേ?*' അതെ, '*സഭയുടെ എല്ലാക്കാര്യങ്ങളും അത്മായരാണ് നിർവ്വഹിച്ചിരുന്നത്.*' അതിനുള്ള അറിവും കഴിവും സഭാസ്നേഹവും അവർക്കുണ്ടായിരുന്നു. ജാർളിതന്നെ ഇപ്പോൾ സഭയെക്കുറിച്ചും സഭയുടെ പ്രകാശനമായ ദൈവാരാധനയെക്കുറിച്ചും കുറെയെല്ലാം പഠിച്ചുകഴിഞ്ഞപ്പോൾ സഭയോടുള്ള മനോഭാവം എന്താണ്? സഭയ്ക്ക് എന്തെങ്കിലും തരത്തിൽ ക്ഷതമേല്ക്കുമ്പോൾ ജാർളിക്കും അതനുഭവവപ്പെടുന്നില്ലേ? അമ്മയ്ക്ക് കുറവുകളുണ്ടാകാം, പോരായ്മകളുണ്ടാകാം, ബലഹീനതകളുണ്ടാകാം. അവയൊക്കെ കുത്തിപ്പൊക്കി പെരുപ്പിച്ച് കൊട്ടിഘോഷിക്കുകയാണോ നല്ല കുഞ്ഞുങ്ങൾ ചെയ്യുക? കഴിവിന്റെ പരമാവധി അവ പരിഹരിക്കുന്നതിനു പരിശ്രമിക്കും. സുന്ദരികളും, സമർത്ഥകളും, ബുദ്ധിമതികളുമൊക്കെയായ സ്ത്രീകൾ പലരുണ്ടാവാം. അവരെയൊക്കെ നാം ആദിരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നുണ്ട്. എന്നാലും അവരെ അമ്മയ്ക്കു പകരം വയ്ക്കാനാവില്ലല്ലോ. കുറെയൊക്കെ പഠിച്ചറിയാനായിട്ടുണ്ടെങ്കിലും ജാർളിയ്ക്ക് നല്ല ബോധ്യമുണ്ടല്ലോ വളരെ കുറച്ചുമാത്രമേ സഭയാകുന്ന അമ്മയെ അറിയാൻ സാധിച്ചിട്ടുള്ളുവെന്ന്. പഠിക്കുമ്പോഴുള്ള സവിശേഷതയാണത്. അറിവ് വളരെ പരിമിതമാണെന്ന അവബോധം. അതിനുമുമ്പ് എല്ലാം അറിയാമെന്ന മിഥ്യാധാരണയിൽ മയങ്ങി കിടക്കുകയായിരിക്കും നാം. അതിന്റെ ഫലമായി വൈരുദ്ധ്യാത്മകമായ അഭിപ്രായങ്ങൾ തട്ടിമൂളിക്കാനും ഇടയാകും. നമ്മുടെ എല്ലാ അത്മായരും ഇതുപോലെ സഭാമാതാവിനെ അറിയാൻ പരിശ്രമിക്കുന്നവരാകണം എന്നതാണ് എന്റെ ഏറ്റവും വലിയ ആഗ്രഹവും പ്രാർത്ഥനയും.

പൗരസ്ത്യസഭകളിൽ സർവ്വസാധാരണമായി നിലനിന്നു പോന്നിട്ടുള്ളതും രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം ലത്തീൻ സഭ വളരെ മുൻതൂക്കം കൊടുത്തു നടപ്പാക്കിയിരിക്കുന്നതുമായ കുടുംബജീവിതം നയിച്ചുകൊണ്ടിരിക്കുന്ന **മ്ശംശാനാമാരുടെ** കാര്യം ഈ പശ്ചാത്തലത്തിൽ എടുത്തു പറയേണ്ടതായിട്ടാണിരിക്കുന്നത്. തിരുപ്പട്ടത്തിന്റെ ഏതു പദവിയും സ്ഥിരമായ ശുശ്രൂഷാപദവിയാണല്ലോ. പൗരസ്ത്യ സഭകളിൽ ദൈവാരാധനാകർമ്മങ്ങൾ നിയന്ത്രിക്കുന്നത് മ്ശംശാനാമാരാണ്, വൈദികരല്ല. അതുകൊണ്ടുതന്നെ എല്ലാ സമൂഹങ്ങളും തങ്ങൾക്ക് ആവശ്യമുള്ള മ്ശംശാനാമാരുണ്ടാകുന്നതിന് ഉചിതമായ ക്രമീകരണങ്ങൾ ചെയ്യാറുമുണ്ട്. നമ്മുടെ സഭയും ഈ പൊതുശൈലിക്ക് അപവാദമായിരുന്നില്ല. 16-ാം നൂറ്റാണ്ടിനുശേഷമുണ്ടായ ലത്തീൻ മേൽക്കോയ്മയിലാണ് മറ്റു പലതുമെന്നപോലെ ഇതും നഷ്ടമായത്.

ദൈവാരാധനയുടെ പുനരുദ്ധാരണ-നവീകരണത്തോട് ആവശ്യം യോജിച്ചുപോകേണ്ട കാര്യമാണ് മ്ശംശാനാമാരുടെ ശുശ്രൂഷാകാര്യവും. നമ്മുടെ എല്ലാ ഇടവകകളിലും സഭാശുശ്രൂഷയ്ക്കായി ആവശ്യാനുസരണം



മ്ശംശാനാമാരുണ്ടാകണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. സഭാസിനഡ് അക്കാര്യം മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. എനിക്കറിവുള്ളിടത്തോളം ഇന്ന് നമ്മുടെ സഭയിൽ സഭാകാര്യങ്ങളിൽ ഒരുവിധം നല്ല അറിവുള്ളവരും നിസ്വാർത്ഥമായി സഭാസേവനം ചെയ്യുവാൻ ആഗ്രഹിക്കുന്നവരുമൊക്കെയായ അത്മായർ ധാരാളമുണ്ട്. അത്തരക്കാരെ ഉചിതമായ മാനദണ്ഡങ്ങൾക്കനുസരണം മ്ശംശാനാപട്ടം നല്കി ഔദ്യോഗികമായി സഭാശുശ്രൂഷയിൽ നിയോഗിക്കാൻ പിതാക്കന്മാർ കാലതാമസം വരുത്തേണ്ട സാഹചര്യം കാണുന്നില്ല. പലകാര്യങ്ങളും ലത്തീൻകാർ ചെയ്തുകണ്ടാലേ നമുക്ക് ധൈര്യം വരുകയുള്ളൂ എന്ന സ്ഥിതി ഇന്നും നിലനില്ക്കുന്നോയെന്നു സംശയിക്കുന്നു. പരിശുദ്ധ ഖുർബാന "കയ്യിൽ കൊള്ളുന്ന" കാര്യം 1975-77 കളിൽ എങ്കിലും കാര്യകാരണ സഹിതം ശക്തമായി നമ്മുടെ സഭയിൽ അവതരിപ്പിച്ചിട്ടുള്ളതാണ്. എങ്കിലും ലത്തീൻ സഭക്കാർ ഭാരതത്തിലും കേരളത്തിലുമൊക്കെ തുടങ്ങിയതിനു ശേഷമേ നമ്മുടെ സിനഡിനുതന്നെ അതേക്കുറിച്ചു ചിന്തിക്കാനായുള്ളൂ. സിനഡ് അംഗീകരിച്ചിട്ടും നടപ്പാക്കാൻ മടിച്ചു മടിച്ചു നില്ക്കുന്നു! മ്ശംശാനാമാരുടെ കാര്യവും ഏകദേശം അങ്ങനെതന്നെയായിരിക്കുമോ? ഏതായാലും അടുത്ത കാലത്ത് ഭാരതത്തിലെ ലത്തീൻ സഭയിലും മ്ശംശാനാമാരെ നിയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്!

## 5. നവീകരണ പ്രസ്ഥാനങ്ങൾ

**ചോദ്യം:** നമ്മുടെ ഇടയിൽ കരിസ്മാറ്റിക് എന്ന പേരിൽ പലേടത്തും ധ്യാനകേന്ദ്രങ്ങൾ പൊന്തിവരുകയും ധാരാളം വിശ്വാസികൾ അവിടങ്ങളിലേയ്ക്ക് ആകർഷിക്കപ്പെടുകയും അവരിൽ ചിലരെങ്കിലും പെന്തക്കോസ്തിൽ ചെന്നെത്തുന്നതായും കാണുന്നു. ഇത്തരം ധ്യാനകേന്ദ്രങ്ങളിൽ പോകുന്നവർ പലപ്പോഴും സ്വന്തം ഇടവകകളിലെ ഖുർബാനയിലും മറ്റും നിസ്സംഗരും നിശബ്ദരും ഒക്കെയായി നിലകൊള്ളുന്നു. എന്താവാം അതിനു കാരണം?

**ഉത്തരം:** ആദിമ സഭയുടെ രീതി ഏകദേശം ശ്ലീഹന്മാരുടെ നടപടിയിൽ നിന്നും വ്യക്തമാകുന്നുണ്ടല്ലോ. അതനുസരിച്ച് അവരുടെ വിശ്വാസജീവിതത്തിന്റെ കേന്ദ്രം പരിശുദ്ധ ഖുർബാനയും യാമപ്രാർത്ഥനകളുമായിരുന്നു. പശ്ചാത്യ പൗരസ്ത്യസഭകൾ ഇതേ ശൈലി പിന്തുടരുന്നതായാണ് നാം സഭാചരിത്രത്തിൽനിന്നും മനസ്സിലാക്കുക. പാശ്ചാത്യസഭയിൽ ഇരുളടഞ്ഞ കാലഘട്ടം (Dark Ages) എന്നറിയപ്പെടുന്ന സമയം മുതലാണ് ആദിമസഭാരീതിയ്ക്ക് മാറ്റം വരുന്നത്. സഭയുടെ വിശ്വാസ പ്രകാശനമായ പരിശുദ്ധ ഖുർബാനയിലും യാമപ്രാർത്ഥനയിലും നിന്ന് സഭാ സമൂഹം വളരെയധികം അകന്നു പോയി. ആശ്വാസത്തിനായി പലതരത്തിലുള്ള ഭക്താഭ്യാസങ്ങളിലും അഭയം തേടുകയും ചെയ്തു. എന്നാൽ പൗരസ്ത്യ സഭകൾ ആദിമ സഭാശൈലി അഭംഗുരം പാലിച്ചുപോന്നു.

16-ാം നൂറ്റാണ്ടിനുശേഷമുണ്ടായ വിദേശ മേൽക്കോയ്മയുടെ ഫലമായി നമ്മുടെ സഭയും സാവകാശത്തിൽ പാശ്ചാത്യ സഭാ ശൈലിയിലേയ്ക്ക്



www.malankaralibrary.com

മാറാൻ നിർബന്ധിതരായി. തന്മൂലം പാശ്ചാത്യ സഭയിൽ മുളച്ചുപൊങ്ങുന്ന എല്ലാത്തരം ഭക്താഭ്യാസങ്ങളുടെയും ആദ്ധ്യാത്മീകപ്രസ്ഥാനങ്ങളുടെയും പ്രധാന വിപണനകേന്ദ്രമായി മാറി നമ്മുടെ സഭ. കരിസ്മാറ്റിക് പ്രസ്ഥാനവും അത്തരത്തിലുള്ള ഒന്നാണ്. മിക്കവാറും എല്ലാ പ്രസ്ഥാനങ്ങളിലും സ്വീകാര്യവും അസ്വീകാര്യവുമായ ഘടകങ്ങൾ കാണുക സാധാരണമാണ്. റൂഹാദഖുദ്ശായ്ക്കു നൽകുന്ന പ്രാധാന്യം കരിസ്മാറ്റിക്കുകാരിലെ വളരെ വിശേഷമായ ഒരു ഘടകമാണ്. റൂഹാദഖുദ്ശായെ അപ്പാടെ മറന്നുകളഞ്ഞ പാശ്ചാത്യസഭയിൽ അതൊരു നവീകരണസംരംഭം തന്നെയായിരുന്നു. എന്നാൽ പൗരസ്ത്യസഭകളുടെ ആദ്ധ്യാത്മികശൈലിയുമായി അല്പമെങ്കിലും ബന്ധപ്പെടുന്ന ആർക്കും മനസ്സിലാകും അവിടെ റൂഹാദഖുദ്ശായുടെ പ്രവർത്തനം എങ്ങനെയെന്ന് . പൗരസ്ത്യസഭകളിൽ നിന്നുമുള്ള പിതാക്കന്മാരാണല്ലോ രണ്ടാം വത്തിക്കാൻ കൗൺസിലിൽ പാശ്ചാത്യസഭയിൽ നിന്നുമുള്ള പിതാക്കന്മാരുടെയിടയിൽ റൂഹാദഖുദ്ശായുടെ പ്രവർത്തനം തട്ടിയുണർത്തിയത്.

പൗരസ്ത്യസഭകളെ സംബന്ധിച്ചിടത്തോളം അവയുടെ ദൈവാരാധനാ കർമ്മങ്ങളിൽ റൂഹാദ്ഖുദ്ശാ നിറഞ്ഞുനിൽക്കുകയാണ്. അവ അനുഭവിച്ചാസ്വദിക്കുന്ന ഒരു വിശ്വാസിയും മറ്റുതരങ്ങളിലുള്ള പ്രസ്ഥാനങ്ങൾ അന്വേഷിച്ച് ഓടിയലഞ്ഞു നട്ടം തിരിയുകയില്ല.

രണ്ടാം വത്തിക്കാൻ കൗൺസിൽ എത്ര മനോഹരമായിട്ടാണ് സഭയുടെ ദൈവാരാധനാ ജീവിതം വിശദീകരിച്ചിരിക്കുന്നത്? സഭയുടെ ആദ്ധ്യാത്മികത, അത് പാശ്ചാത്യസഭയിലായാലും പൗരസ്ത്യസഭകളിലായാലും, പരിശുദ്ധ ഖുർബാന, ഖൂദാശകൾ, ഖൂദാശാനുകരണങ്ങൾ, യാമപ്രാർത്ഥനകൾ, എന്നിവയിലാണുറപ്പിച്ചിരിക്കുന്നതെന്നും ഇവയെല്ലാം ഓരോ സഭയുടെയും ആരാധനാവത്സര ക്രമീകരണമനുസരിച്ച് അനുഭവിച്ചാസ്വദിച്ചാണ് ഓരോ വിശ്വാസിയും വിശ്വാസജീവിതത്തിൽ മുന്നേറേണ്ടതെന്നും അസന്നിഗ്ധമായി പ്രഖ്യാപിച്ചിരിക്കുന്നു. അതുകൊണ്ട് നമ്മുടെ അനുദിന വിശ്വാസജീവിതം പോഷിപ്പിക്കപ്പെടേണ്ടത് പരിശുദ്ധ ഖുർബാനയർപ്പണത്തിലും യാമപ്രാർത്ഥനയിലുമാണെന്ന് വ്യക്തമല്ലേ? ഖൂദാശകൾ, ഖൂദാശാനുകരണങ്ങൾ തുടങ്ങിയവ വിശ്വാസജീവിതത്തിന്റെ പ്രത്യേകാവസരങ്ങളുടെ ആഘോഷത്തിനായുള്ളതും. മറ്റു ഭക്താഭ്യാസങ്ങളെല്ലാം ആരാധനാ വത്സര ശൈലിയോടു യോജിക്കുന്നവയാകണം. അല്ലാത്തവ നീക്കി കളയണം. ഇതാണ് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആഗ്രഹവും ആഹ്വാനവും.

അരനൂറ്റാണ്ടു കഴിഞ്ഞിട്ടും കൗൺസിലിന്റെ ഈ നിർദ്ദേശം നമ്മുടെ സഭയിൽ കാര്യമായി പ്രാവർത്തീകമായിട്ടില്ല. കൗൺസിൽ പരമപ്രധാനം എന്നുപറഞ്ഞിരിക്കുന്ന പരിശുദ്ധ ഖുർബാനയർപ്പണത്തോടും യാമപ്രാർത്ഥനയോടുമാണ് നമുക്ക് ഏറ്റവും ആഭിമുഖ്യം കുറവ്. ഖുർബാനയർപ്പണം പരമാവധി വെട്ടിച്ചുരുക്കുന്നതിനും വിരസമാക്കുന്നതിനുമുള്ള പരിശ്രമങ്ങളാണ് വ്യാപകമായി നടന്നുകൊണ്ടിരിക്കുന്നത്. യാമപ്രാർത്ഥന എന്താണെന്ന് കേൾക്കുകപോലും ചെയ്തിട്ടില്ലാത്തവർ നമ്മുടെ സഭയിൽ ധാരാളം. നമ്മുടെ സഭയ്ക്ക് ഏഴുനേരത്തെ യാമപ്രാർത്ഥനാ ശൈലിയാണുള്ളതെന്ന് സന്യാസീ സന്യാസിനികൾ പോലും മനസ്സിലാക്കിയിട്ടുള്ളതായി അനുഭവപ്പെടുന്നില്ല.



അതേസമയം മറ്റു ഭക്താഭ്യാസങ്ങൾക്കായി നാം വളരെയേറെ സമയം കണ്ടെത്തുന്നുമുണ്ട്. ആരാധന, നൊവേന, കരിസ്മാറ്റിക് സമ്മേളനങ്ങൾ തുടങ്ങിയവ എത്ര ദൈർഘ്യമുള്ളവയായാലും ആർക്കും ഒരു പരാതിയുമില്ല. വലിയൊരു വിരോധാഭാസമല്ലേയിത്?

കൗൺസിൽ നിർദ്ദേശിക്കുന്നതനുസരിച്ചുള്ള സഭാത്മക ആദ്ധ്യാത്മികതയിൽ സഭാ സമൂഹത്തെ നയിക്കുന്നതിനുള്ള കടമ പ്രധാനമായും നിക്ഷിപ്തമായിരിക്കുന്നത് അഭിവന്ദ്യ പിതാക്കന്മാരിലും വൈദീകരിലും സന്യാസീ സന്യാസിനികളിലുമാണെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. അവർ തങ്ങളുടെ കടമ യഥോചിതം നിവർത്തിക്കാത്തതുകൊണ്ടല്ലേ വിശ്വാസികൾ നാനാവഴിക്ക് ചിതറിപ്പോകുന്നതും അപകടങ്ങളിൽ പെടുന്നതും എന്നു തോന്നിപ്പോകുന്നു.

*‘ഈശോയുടെ തുടർച്ച സഭയാണല്ലോ. ഈ സഭയിലാണ് ഇന്ന് നമ്മുടെ വിശ്വാസം സജീവമാകുന്നത്. സഭയോടുള്ള വിശ്വസ്തത ഓരോ വിശ്വാസിയുടെയും മുഖമുദ്രയാണ്. സഭയോടുള്ള എന്റെ വിശ്വസ്തത കാത്തുസൂക്ഷിക്കുന്നതിന് പലപ്പോഴും എനിക്കിഷ്ടമുള്ളതും, അറിവുള്ളതും, ചിലപ്പോൾ ബോധ്യമുള്ളതുപോലും, പരിത്യജിക്കേണ്ടിവരും, ബലിയർപ്പിക്കേണ്ടിവരും. അങ്ങനെ വരുമ്പോഴാണ് എന്റെ വിശ്വാസത്തിന്റെ മാറ്റുരയ്ക്കപ്പെടുന്നത്.’*

*‘സ്വന്തം അഭിപ്രായങ്ങളും പഠനങ്ങളും ബോധ്യങ്ങളുമൊക്കെ സഭാസമൂഹത്തിന്റെയും അധികാരികളുടെയും മറ്റും പരിഗണനയ്ക്കായി സമർപ്പിക്കാൻ ഓരോ വിശ്വാസിക്കും പരിപൂർണ്ണ സ്വാതന്ത്ര്യവും അവകാശവമുണ്ട്. തീരുമാനങ്ങൾ എടുക്കേണ്ടതായി വരുമ്പോൾ വിപരീതാഭിപ്രായങ്ങൾ ഒരുപോലെ അംഗീകരിക്കാനാവില്ലെന്നും നമുക്കറിയാം. അതുകൊണ്ട് വിപരീതാഭിപ്രായങ്ങൽ അംഗീകരിക്കപ്പെടുമ്പോഴും വിശാലഹൃദയത്തോടെ സ്വീകരിക്കാനായാൽ യഥാർത്ഥ വിശ്വാസിയെന്നഭിമാനിക്കാൻ നമുക്ക് അർഹതയുണ്ട്.’*

ദൈവാരാധനാ കർമ്മങ്ങൾ, പ്രത്യേകിച്ചും പരിശുദ്ധ ഖുർബാനയർപ്പണം, സഭയുടെ വിശ്വാസനിധിയാണ്. ഓരോരുത്തരും അവരവരുടെ പരിമിതമായ സഹചര്യങ്ങളിലും അറിവിലുമൊക്കെനിന്ന് അവയിൽ കൈകടത്തിയാൽ ശരിയാകയില്ലെന്നു മനസ്സിലാക്കാൻ ഒത്തിരി വിജ്ഞാനമൊന്നും വേണ്ടല്ലോ. അതുകൊണ്ടുതന്നെയാണ് സഭാമാതാവ് അങ്ങനെ ചെയ്യരുതേയെന്നുപദേശിക്കുന്നതും. സഭയിൽ ഒരു ശിക്ഷണം ആവശ്യമാണെന്ന് നമുക്കൊക്കെ അറിയാം. അതിനാൽതന്നെ ആ ശിക്ഷണത്തിനു വിധേയരാകുക വിശ്വാസികളുടെ ഹരമായിരിക്കണം. ഇതിനൊന്നും സാധിക്കാതെ ഓരോരുത്തരും സ്വന്തം സ്വാർത്ഥതയിൽ കുനിഞ്ഞു കൂടുമ്പോഴാണ് സഭയിൽ ഭിന്നതകൾ മുളച്ചുപൊങ്ങുന്നതും സഭയുടെ സാക്ഷ്യം വികലമായിത്തീരുന്നതും.

സഭാസമൂഹം സഭാത്മകമായ ആദ്ധ്യാത്മികതയിൽ യഥോചിതം പരിശീലിപ്പിക്കപ്പെടുകയും അഭിവൃദ്ധിപ്പെടുകയും ചെയ്യുക എന്നതാണ് എല്ലാറ്റിനും പരിഹാരം. നമ്മുടെ ആദ്ധ്യാത്മിക ജീവന്റെ, വിശ്വാസ ജീവന്റെ, നട്ടെല്ല്



www.malankaralibrary.com

പരിശുദ്ധ ഖുർബാനയർപ്പണമായി മാറണം. അത് ആവുന്നതും വിശദമായും ആഘോഷമായും നടത്താൻ സാധിക്കുന്നതിൽ ആനന്ദം കൊള്ളാൻ സാധിക്കണം. നമ്മുടെ ഏറ്റം ആഘോഷമായ അവസരങ്ങലിൽ റാസഖുർബാന അതിന്റെ പൂർണ്ണതയിൽ അർപ്പിക്കുവാൻ കഴിയണം. എല്ലാം സഭയുടെ ഇപ്പോഴുള്ള നിർദ്ദേശങ്ങൽക്ക് പൂർണ്ണമായും വിധേയപ്പെട്ടുകൊണ്ട് നിർവ്വഹിക്കാനും പറ്റണം. മാർപ്പാപ്പ തന്നെ ഇക്കാര്യത്തിൽ ഉത്തമമാതൃക സാർവ്വത്രീക സഭയ്ക്കായി നൽകുന്നത് അടുത്ത കാലത്ത് നാം നേരിൽ കണ്ടതാണല്ലോ. നമ്മുടെ പ്രീയപ്പെട്ട അൽഫോൻസാമ്മയുടെ നാമകരണ വേളയിൽ പിതാവ് സ്വന്തം സഭയുടെ ഖുർബാനക്രമം ഏറ്റവും ആഘോഷമായും പൂർണ്ണമായും ലത്തീൻ ഭാഷയിൽ തന്നെയാണല്ലോ അർപ്പിച്ചത്. ഇതൊക്കെ നമുക്കും പ്രചോദനമാകേണ്ടതല്ലേ?

ദിവസത്തിന്റെ മറ്റുസമയങ്ങളിൽ യാമപ്രാർത്ഥന അഥവാ **ദൈവസ്തുതികൾ** ഉചിതമായി ആലപിക്കുവാൻ ഇടയാകണം. റംശാ (വൈകിട്ട് 6 മണി), ലെലിയാ (രാത്രി 9 മണി), ഖാലാ ദ്ശഹറ (വെളുപ്പാൻ കാലം 3 മണി), സപ്രാ (രാവിലെ 6 മണി), ഖുത്താആ (രാവിലെ 9 മണി), എന്താനാ (ഉച്ചയ്ക്ക് 12 മണി), ബസ്ശാ ശായീൻ (ഉച്ചകഴിഞ്ഞ് 3 മണി), എന്ന രീതിയിൽ 7 നേരത്തെ യാമപ്രാർത്ഥനകളാണ് നമ്മുടെ സഭാ പാരമ്പര്യത്തിലുള്ളത്. നമ്മുടെ സഭയുടെ പുരാതനരേഖകളിൽ കാണുന്നതനുസരിച്ച് മെത്രാന്മാരും സന്യാസികളുമാണ് സഭാസമൂഹത്തിന്റെ നാമത്തിൽ 7 നേരങ്ങളിലും **ദൈവസ്തുതികൾ** ആലപിച്ച് ദൈവത്തെ മഹത്വപ്പെടുത്തിയിരുന്നത്. ഇടവക വൈദികരും ദൈവജനം മുഴുവനമുമാകട്ടെ വൈകിട്ട് റംശാ നമസ്കാരത്തിലുടെയും രാവിലെ ലെലിയാ-സപ്രാ നമസ്കാരങ്ങൾ ഒരുമിച്ചുനടത്തിയും ദൈവസ്തുതികൾ ആലിപിച്ചിരുന്നു. മറ്റു പ്രർത്ഥനാസമയങ്ങൾ സ്വതന്ത്രമായി അനുഷ്ഠിക്കുന്നതന് വിട്ടിരുന്നതായും കാണുന്നു.

ഇപ്പോഴത്തെ ക്രമീകരണത്തിൽ മെത്രാന്മാരും, വൈദികരും സന്യാസികളും റംശാ, ലെലിയാ, സപ്രാ നമസ്കാരങ്ങളിലുടെ ദൈവസ്തുതികൾ ആലപിക്കുന്നുണ്ട്. അല്പം മനസ്സുവച്ചാൽ ഉച്ചഭക്ഷണത്തിനുമുമ്പായി മദ്ധ്യാഹ്ന പ്രാർത്ഥനയിലൂടെയും ദൈവസ്തുതികൾ ആലപിക്കുവാൻ അവർക്ക് ബുദ്ധിമുട്ടുണ്ടാകയില്ല. ആണ്ടുവട്ടം മുഴുവനും വേണ്ടിയുള്ള എന്താനാ അഥവാ മദ്ധ്യാഹ്ന പ്രാർത്ഥന ഒറ്റ പുസ്തകമായി ഇപ്പോൾ സംലഭ്യമാണല്ലോ. അതിലുള്ളത് ആവശ്യമെങ്കിൽ ചുരുക്കിയും ഉപയോഗിക്കാവുന്നതുമാണ്.

ബാക്കിയുള്ള വിശ്വാസികൾ എല്ലാവരും എന്തെല്ലാം ജോലികളും പ്രശ്നങ്ങളും ഉണ്ടായിരുന്നാലും വൈകിട്ട് സൗകര്യപ്രദമായ സമയത്ത് റംശാ നമസ്കാരം സാധിക്കുന്നിടത്തോളം ആഘോഷമയി കുടുംബങ്ങളിൽ നടത്തി നമ്മുടെ സർവ്വസ്വവുമായ ദൈവത്തെ സ്തുതിക്കണം. കുടുംബപ്രാർത്ഥനയിൽ നിന്നും ഒഴിഞ്ഞുമാറാതിരിക്കാൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്. എന്തെങ്കിലും തരത്തിൽ സാധിക്കാതെ വന്നാൽ, ആത്മീയമായി



അതിൽ കൂടുന്നതിനു പരിശ്രമിക്കയും കുറച്ചെങ്കിലും തനിച്ചു നിർവ്വഹിക്കുവാൻ ശ്രദ്ധിക്കയും ചെയ്യേണ്ടതാണ്. അതുപോലെ കുറെചുരുക്കിയിട്ടാണെങ്കിലും രാവിലെ സപ്രാ നമസ്കാരത്തിലുടെ ദൈവത്തെ സ്തുതിക്കുവാൻ മറക്കരുതാത്തതുമാകുന്നു. മറ്റു സമയങ്ങളിലും ആശ്രമങ്ങളിൽ സഭയുടെ നാമത്തിൽ ദൈവസ്തുതികൾ മുഴങ്ങുന്നുണ്ട്. സാധിക്കുന്നതുപോലെ ആത്മീയമായിട്ടെങ്കിലും അതിൽ പങ്കുചേരാൻ പരിശ്രമിക്കണം. ഒരു നിമിഷമെങ്കിലും സമയാസമയങ്ങളിൽ നമ്മുടെ ഹൃദയം ദൈവത്തിങ്കലേയക്കുയർത്താനായാൽ എത്രയോ ധന്യമായി. "സ്വർഗ്ഗസ്ഥനായ പിതാവേ..."എന്ന പ്രാർത്ഥനയോടു കൂടിയോ, നമ്മുടെ പിതാവ് മാർ തോമാ ശ്ലീഹായോട് ചേർന്ന് നിന്ന് "എന്റെ കർത്താവും എന്റെ ദൈവവും" എന്ന വിശ്വാസ പ്രഘോഷണത്തോടെയോ ഇത് നിർവ്വഹിക്കാമല്ലോ. നമ്മുടെ മുസ്ലീം സഹോദരങ്ങൾ സമയാസമയങ്ങളിൽ നിസ്കരിക്കുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നതല്ലേ. മനസ്സു വച്ചാൽ നമുക്കും തീർച്ചയായും സാധിക്കും.

അങ്ങനെ പരിശുദ്ധ ഖുർബാനയർപ്പണവും യാമപ്രാർത്ഥനകളും നമ്മുടെ ആദ്ധ്യാത്മിക ജീവിതം പുഷ്ടിപ്പെടുത്തിതുടങ്ങിയാൽ പിന്നെ മറ്റു തരത്തിലുള്ള ഭക്താഭ്യാസങ്ങളിലേയ്ക്കും പ്രസ്ഥാനങ്ങളിലേയക്കും നാം വലിച്ചിഴയ്ക്കപ്പെടുകയില്ല. നമ്മുടെ ഇടവക സമൂഹങ്ങളും ദൈവാലയകർമ്മങ്ങളും വളരെ സജീവമാകും. നമ്മുടെ സമൂഹം ആദിമ സഭാസമൂഹം പോലെയായി ത്തീരുകയും ചെയ്യും.

## 6. പള്ളിയോഗം

**ചോദ്യം:** മാർ തോമാ നസ്രാണികളുടെ പള്ളിയോഗം, ഇന്നുനടക്കുന്ന രീതി ശരിയാണോ?

**ഉത്തരം:** മാർ തോമാ നസ്രാണി സഭയെ ഒരു മെശിയാനിക ജനാധിപത്യമായി വിദേശമിഷ്യനറിമാർ വിശേഷിപ്പിച്ചിട്ടുണ്ട് എന്ന കാര്യം പറഞ്ഞല്ലോ. അതിന്റെ പ്രധാന സംവിധാനമായിരുന്നു പള്ളിയോഗങ്ങൾ. ഓരോ ഇടവകയ്ക്കും ഇടവകയോഗവും സഭയ്ക്ക് പൊതുവായി പൊതുയോഗവും ഉണ്ടായിരുന്നു. കുടുംബ നാഥന്മാരായിരുന്നു ഇടവകയോഗാംഗങ്ങൾ. സഭാസംബന്ധമായ സകലകാര്യങ്ങളും - ആദ്ധ്യാത്മീകവും ഭൗതീകവുമായവ - യോഗങ്ങളിൽ ചർച്ച ചെയ്താണ് തീരുമനിച്ചിരുന്നത്. പുരാതനകാലത്തെ യോഗാംഗങ്ങളുടെ പ്രത്യേകത അവർ വിശ്വാസത്തിൽ വളർച്ചയിലെത്തിയവരായിരുന്നുവെന്നുള്ളതാണ്. ഇടവകയിലെ മൂപ്പച്ചനും മറ്റു പുരോഹിതരും നേതൃത്വവും കൊടുത്തിരുന്നു. തന്മൂലം ഓരോ കാര്യത്തെക്കുറിച്ചും തികഞ്ഞ പക്വതയോടെ ചർച്ചകൾ നടത്തുന്നതിനും തീരുമാനങ്ങളിലെത്തുന്നതിനും യോഗങ്ങൾക്ക് കഴിഞ്ഞിരുന്നു.

ഇന്ന് ശൈലി വളരെ മാറിയിരിക്കയല്ലേ? നാം അറിയാതെതന്നെ വളരെയേറെ രാഷ്ട്രീയ ശൈലികളും പാർട്ടിനിലപാടുകളും ഗ്രൂപ്പുവലികളും നമ്മുടെ സമൂഹത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന ഒരു പശ്ചാത്തലത്തിലാണ് നാം



www.malankaralibrary.com

ജീവിക്കുന്നത്. അതുകൊണ്ട്, നമ്മുടെ സഭയുടെ ആധികാരിക ചൈതന്യത്തിൽ നടക്കുന്ന ഒരു പള്ളിയോഗം ഇന്നു വിഭാവനം ചെയ്യാനാകുമോയെന്ന് എനിക്ക് ബലമായ സംശയമുണ്ട്. അതുകൊണ്ട് യോഗാംഗങ്ങൾ എല്ലാവരും, വൈദികരും അത്മായരും, ഇന്നത്തെ ബലഹീനത ശരിക്കും മനസ്സിലാക്കി കഴിവിന്റെ പരമാവധി അത്തരത്തിലുള്ള ബലഹീനതകൾക്കതീതമായി ഉയർന്ന് വിശ്വാസത്തിൽ മാത്രം ദൃഷ്ടിയുറപ്പിച്ചുകൊണ്ട് ചർച്ചകൾ നടത്തുന്നതിനും തീരുമാനങ്ങളിലെത്തുന്നതിനും ആത്മാർത്ഥമായി പരിശ്രമിച്ചാൽ പള്ളിയോഗങ്ങൾക്ക് അത്ഭുതങ്ങൾതന്നെ പ്രവർത്തിക്കാനാകും. മറിച്ച് ബലഹീനതകൾക്കടിപ്പെട്ടുപോയാൽ രാഷ്ട്രീയക്കളിയായി മാറുകയുംചെയ്യും.

**ചോദ്യം:** കരിയാറ്റി, പാറേമ്മാക്കൽമാരുടെ കാലത്തും പള്ളിയോഗങ്ങളാണല്ലോ സഭയുടെ നിർണ്ണായകമായ കാര്യങ്ങളിൽപോലും തീരുമാനങ്ങളെടുക്കുന്നത്? മല്പാന്മാരുടെ പക്കൽ പരിശീലനത്തിനായി പുരോഹിതാർത്ഥികളെ അയച്ചിരുന്നതും യോഗങ്ങൾ തന്നെ. ഇന്നത്തെ പള്ളിയോഗങ്ങൾ നിർമ്മാണപ്രവർത്തനങ്ങൾ, സ്വത്തുസംബന്ധമായ കാര്യങ്ങൾ തുടങ്ങിയ ബാഹ്യകാര്യങ്ങളിൽ പ്രധാനമായും ഇടപെടുന്നതായും കാണുന്നു. ഇതു ശരിയാണോ?

**ഉത്തരം:** ഇതിനുള്ള ഉത്തരം ഞാൻ പറഞ്ഞുകഴിഞ്ഞു. ഇന്ന് അത്മായർ സഭയുടെ അടിത്തറയായ ആദ്ധ്യാത്മീകകാര്യങ്ങളിൽ നിന്നും അകന്നു നിൽക്കുന്നതുപോലെ തോന്നിപ്പോകുന്നു. സഭയെക്കുറിച്ചും സഭയുടെ പ്രകാശനമായ ദൈവാരാധനയെക്കുറിച്ചും ആഴത്തിൽ പഠിച്ചറിയുന്നതിന് അവർ മടികാണിക്കുന്നു. അതുകൊണ്ട് എന്തുപ്രയോജനം എന്ന ചിന്ത അവരെ വിഴുങ്ങിക്കളയുന്നു. അതിനാൽതന്നെ അത്തരം കാര്യങ്ങളിൽ അവർക്ക് താൽപര്യമുള്ളതായി കാണുന്നുമില്ല. പിന്നെങ്ങനെ യോഗങ്ങളിൽ അർത്ഥവത്തായി അത്തരം കാര്യങ്ങൾ ചർച്ച ചെയ്യാനാകും? ഞാൻ മുമ്പു പറഞ്ഞില്ലേ, മെശിയാനീകമല്ലാത്ത പലതരം പിരിമുറക്കങ്ങളിൽ പെട്ട് നാനാവഴിക്ക് വലിച്ചിഴയ്ക്കപ്പെടുകയാണ് നാം. സഭയുടെ നന്മ എന്ന പേരിൽ പലപ്പോഴും വ്യക്തികളുടേയോ ഗ്രൂപ്പുകളുടേയോ പ്രദേശങ്ങളുടേയോ ഒക്കെ പ്രത്യേക താൽപര്യങ്ങൾക്ക് മുൻഗണന കൊടുത്തുപോകുന്നതായി അനുഭവപ്പെടുന്നു. അങ്ങനെയൊക്കെയുള്ള പശ്ചാത്തലത്തിൽ സഭയുടെ കാര്യങ്ങൾ എങ്ങിനെ സമചിത്തതയോടും ഉത്തരവാദിത്തത്തോടും കൂടി ചർച്ചചെയ്യുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും സാധിക്കുമെന്നതാണ് എന്റെ സംശയം. സഭയുടെ ആദ്ധ്യാത്മീകവും ഭൗതീകവുമായ എല്ലാ കാര്യങ്ങളും ഉചിതമായി ചർച്ചചെയ്തു തീരുമാനങ്ങളെടുക്കുന്നതിനുള്ള പക്വതയിലെത്തണം നമ്മുടെ പള്ളിയോഗങ്ങൾ എന്ന ആഗ്രഹവും പ്രാർത്ഥനയുമാണ് എനിക്കെപ്പോഴുമുള്ളത്.

## 7. അത്മായ പഠനകേന്ദ്രം

**ചോദ്യം:** ഇങ്ങനെയുള്ള സാഹചര്യത്തിൽ മാർ തോമാ വിദ്യാനികേതൻ പോലെ അത്മായർക്കുള്ള ദൈവശാസ്ത്ര പഠനകേന്ദ്രങ്ങളെക്കുറിച്ച് അച്ചൻ എന്തുപറയുന്നു?



**ഉത്തരം:** ഞാൻ അദ്ധ്യാപനം തുടങ്ങിയനാൾ മുതൽ വളരെയധികം ആഗ്രഹിച്ചിട്ടുള്ളതും അടുത്തു പരിചയമുണ്ടായിരുന്ന പിതാക്കന്മാരോടും വൈദികരോടുമെല്ലാം ആവർത്തിച്ചപേക്ഷിച്ചിട്ടുള്ളതുമായ ഒരു കാര്യമാണ് അത്മായരുടെ സഭാത്മകവും ദൈവശാസ്ത്രപരവുമായ വിദ്യാഭ്യാസകാര്യം. മറ്റെല്ലാ പൗരസ്ത്യസഭകളിലും അത്മായർ സഭാകാര്യങ്ങളിൽ അറിവുള്ളവരാണ്; അതുകൊണ്ട് സഭാകാര്യങ്ങളിൽ വളരെയധികം തൽപരരുമാണ്. നമ്മുടെ സ്വന്തം സഹോദരങ്ങളും അയൽക്കാരുമായ മലങ്കര, യാക്കോബായ സഭകളിലേയ്ക്ക് ഒന്നു നോക്കിയാൽ ഇക്കാര്യം വ്യക്തമാകയും ചെയ്യും. വൈദികർ, വൈദികവിദ്യാർത്ഥികൾ, സന്യാസീസന്യാസിനികൾ തുടങ്ങിയവരുടെ പരിശീലനത്തിന് ഒട്ടും വീഴ്ച വരുത്താതെതന്നെ അവശ്യം ശ്രദ്ധിക്കേണ്ട ഒരുകാര്യമാണിത്. അത്മായരാണ് ലോകത്തിൽ എല്ലാവേദികളിലും സഭയ്ക്ക് സാക്ഷ്യം വഹിക്കാനുള്ളവർ. മറ്റു മതസ്ഥരേയും സഭാംഗങ്ങളെയും പരിഗണിച്ചാൽ, അവർഏതു വേദിയിലായാലും – രാഷ്ട്രീയം, ഭരണം, നിയമം, ശാസ്ത്രം, തുടങ്ങിയ എല്ലാതലങ്ങളിലും – തങ്ങളുടെ മതപരവും സഭാത്മകവുമായ വ്യക്തിത്വത്തിൽ അഭിമാനിക്കുന്നവരും അവസരം കിട്ടുമ്പോഴൊക്കെ അതു പ്രകാശിപ്പിക്കുന്നവരുമാണ്. നമ്മുടെ സഭാംഗങ്ങൾക്കുമാത്രം അവരുടെ സഭാത്മകവ്യക്തിത്വം ഏറ്റുപറയാൻ, പ്രകാശിപ്പിക്കാൻ, എന്തോ അറപ്പുള്ളതുപോലെ അനുഭവപ്പെടുന്നു. സഭാത്മകമായ വ്യക്തിത്വത്തെക്കുറിച്ചുള്ള അവബോധക്കുറവുകൊണ്ടല്ലേ ഇത്തരത്തിലുള്ള അപകർഷതാബോധത്തിനടിപ്പെട്ടുപോകുന്നത്? നമ്മുടെ അത്മായരിൽ മാത്രമല്ല, ചെറുപ്പത്തിലേതന്നെ നാടും വീടും വിട്ട് കേരളത്തിനുപുറത്തുള്ള സന്യാസ സമൂഹങ്ങളിലേയ്ക്കും രൂപതകളിലേയ്ക്കുമെല്ലാം സേവനത്തിനായി പോകുന്ന വൈദികരിലും സന്യാസീസന്യാസിനിമാരിലും, അവർ വിവിധതലങ്ങളിൽ ഉന്നതപണ്ഡിതരായി തീർന്നിട്ടും, ഇത്തരം അപകർഷതാബോധം നിലനിൽക്കുന്നതിന്റെ കാരണം മറ്റെങ്ങും നാം അന്വേഷിച്ചുപോകേണ്ടതില്ല. നാട്ടിലും ഇത്തരത്തിലുള്ള ധാരാളം പേരെ കാണാനുണ്ടുതാനും. **ചുട്ടയിലെ ശീലം ചുടലവരെ** എന്നല്ലേ പഴമൊഴി. നമ്മുടെ കുടുംബങ്ങളിൽ സഭാത്മക ചൈതന്യം നിറഞ്ഞുനിന്നാൽ, സഭാത്മകകാര്യങ്ങൾ ഉചിതമായി നിരന്തരം ചർച്ചാവിഷയമായാൽ, സഭാത്മക ശൈലിയിൽ പ്രാർത്ഥനകൾ നടക്കുകയും ആരാധനാകർമ്മങ്ങളിൽ പങ്കുപറ്റാനാകുകയും ചെയ്താൽ, എവിടെ പോകേണ്ടിവന്നാലും ഏതുസാഹചര്യത്തിൽ ചെന്നുപെട്ടാലും സ്വന്തം അമ്മയെ മറക്കുകയില്ല. സ്വന്തം സഭയോടുള്ള കൂറും വിശ്വാസത്തിലുള്ള ഉറപ്പും കൈവിട്ടുപോകയുമില്ല. അത്മായർ സഭാത്മകമായി ആഴത്തിൽ അറിവുള്ളവരായെങ്കിലേ ഇതൊക്കെ സാധിക്കയുള്ളു. കുടുംബങ്ങളിൽ നിന്നല്ലേ എല്ലാം ആരംഭിക്കുന്നത്.? മാർ തോമാ വിദ്യാനികേതൻ പോലുള്ള പഠനകേന്ദ്രങ്ങൾക്ക് ഇക്കാര്യത്തിൽ അത്ഭുതങ്ങൾ തന്നെ സൃഷ്ടിക്കാനാകും എന്നാണ് എന്റെ ബോദ്ധ്യം. മനസ്സുവച്ചാൽ ധർമ്മാരാമിനും ഇക്കാര്യത്തിൽ, പ്രത്യേകിച്ചും പ്രവാസികളുടെ പ്രബോധനത്തിൽ, കാതലായ സംഭാവനകൾ നൽകാനാകും.



www.malankaralibrary.com

# 8. സന്യാസ-വൈദിക പരിശീലനം

**ചോദ്യം:** അച്ചൻ ദീർഘനാൾ സന്യാസ-വൈദികപരിശീനലവേദികളിലായിരുന്നല്ലോ. എത്രനാളായി ഈ സേവനവേദിയിലായിട്ട്? വൈദിക പരിശീലനത്തെക്കുറിച്ച് എന്തെങ്കിലും?

**ഉത്തരം:** കഴിഞ്ഞ 33 വർഷങ്ങൾ തുടർച്ചായായി ഈ വേദിയിലായിരുന്നു. അതിനുമുമ്പും ഒരു വർഷം ഇതേ സേവനം എന്റെ സി. എം. ഐ. സമൂഹത്തിൽ നിർവ്വഹിക്കാൻ അവസരം കിട്ടിയിട്ടുണ്ട്.

സന്യാസ-വൈദിക പരിശീലനത്തെക്കുറിച്ച് പറയാനാണെങ്കിൽ വളരെയേറെയുണ്ട്. ദീർഘമായ ഈ കാലയളവിൽ അതിന്റെ അലകും പിടിയും മാറിക്കഴിഞ്ഞതായിട്ടാണ് അനുഭവവും. തൽക്കാലം ഒന്നുരണ്ടു കാര്യങ്ങൾ മാത്രം സൂചിപ്പിക്കാം.

നമ്മുടെ സന്യാസ-വൈദീക പരിശീലന പദ്ധതി അടിമുടി വൈദേശികവും പാശ്ചാത്യസഭയുടെ സാഹചര്യങ്ങളിൽ കൂട്ടിപ്പിടിപ്പിച്ചിട്ടുള്ളതുമായിട്ടാണ് എന്റെ അനുഭവം. അതിന് സ്വദേശി-സഭാത്മക മുഖം കൊടുക്കാൻ കാര്യമായ പരിശ്രമം നടന്നിട്ടുള്ളതായി എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. അല്ലറ ചില്ലറ പരിശ്രമങ്ങൾ അവിടെയുമിവിടെയും നടന്നിട്ടില്ലെന്നും പറയുന്നില്ല. എന്നാൽ അവയൊന്നും കാര്യമായി വിജയിച്ചതായി അറിവില്ല. ജീവിതരീതികളിൽ ചില്ലറ വ്യതിയാനങ്ങൾ വരുത്താൻ സാധിച്ചിട്ടുണ്ടെന്നുള്ളതും എടുത്തുപറയേണ്ടിയിരിക്കുന്നു.

എനിക്കു പ്രധാനമായും പറയാനുള്ളത് ആദ്ധ്യാത്മികവും ബൗദ്ധീകവുമായ പരിശീലനത്തെക്കുറിച്ചാണ്. അത്മായരുടെ സഭാത്മകമായ അറിവ് ശരിപ്പെടുകയും കുടുംബങ്ങളിൽ സഭാത്മകമായ അന്തരീക്ഷം സംജാതമാകയും ചെയ്തുകഴിഞ്ഞാൽ പിന്നെ സന്യാസ-വൈദിക പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം വളരെ എളുപ്പമാകും. അതുവരെ വളരെ ശ്രമകരമായി തന്നെ ശ്രദ്ധിച്ചെങ്കിലേ സന്യാസ-വൈദിക സമൂഹം സഭാത്മക ശൈലിയിലെത്തുകയുള്ളു. പരിശീലനം കൊടുക്കുന്നവർ എല്ലാവിധ വ്യക്തിപരമായ ചായ്‌വുകളും താല്പര്യങ്ങളും മാറ്റിവെച്ച് തികച്ചും സഭാത്മകശൈലിയിൽ ചിന്തിക്കുന്നതിനും ജീവിക്കുന്നതിനും സ്വയം ശിക്ഷണം കൊടുക്കുന്നവരായിരിക്കണം.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആദ്ധ്യാത്മിക വീക്ഷണം നാം ചർച്ചചെയ്തതാണ്. അതനുസരിച്ച് പരിശുദ്ധ ഖുർബാനയർപ്പണവും യാമപ്രാർത്ഥനയുമാണല്ലോ മെശയാനിക ശൈലിയിൽ ആദ്ധ്യാത്മിക ജീവിതത്തിന്റെ നട്ടെല്ല്. അതുകൊണ്ട് സംശയലേശമെന്യേ എല്ലാ സന്യാസ-വൈദികപരിശീനലകേന്ദ്രങ്ങളിലേയും ഏററവും പ്രധാനപ്പെട്ട ആദ്ധ്യാത്മീകാഭ്യാസം പരിശുദ്ധ ഖുർബാനയർപ്പണവും അതിനോടു ചേർന്നുള്ള യാമപ്രാർത്ഥനകളുമായിരിക്കണം. ഏറ്റവും ആഘോഷമായ അവസരങ്ങളിൽ അവ ഏറ്റവും ആഘോഷമായും വിശദമായും നടക്കണം. ആവശ്യാനുസരണം ക്രമീകരിച്ചുകൊണ്ടാണെങ്കിലും ഏഴുനേരത്തെ യാമപ്രാർത്ഥനാ ശൈലിയിൽ തന്നെ പരിശീലനം നടക്കണം. മറ്റുതരത്തിലുള്ള ഭക്താഭ്യാസങ്ങൾ പൊതുവായോ വ്യക്തിപരമായോ ആവശ്യമെന്നുവന്നാൽ, അവയെല്ലാം നമ്മുടെ ആരാധനാ വത്സര ചൈതന്യത്തിനുചേരുന്നവമാത്രം കൂട്ടിച്ചേർക്കണം. നമ്മുടെ ആരാധനാ വത്സരചൈതന്യമനുസരിച്ചുള്ള നോമ്പുപവാസങ്ങൾ, തിരുനാളുകൾ, മാതൃഭക്തി, തുടങ്ങിയവയ്ക്കുമാത്രം പ്രാധാന്യം കൊടുക്കണം. അങ്ങനെ നമ്മുടെ സഭയുടെ യഥാർത്ഥ ചൈതന്യത്തിൽ ജീവിതം മുഴുവൻ പരിശുദ്ധ ഖുർബാനയർപ്പണത്തിൽ കേന്ദ്രീകരിച്ചുള്ള ഒരാദ്ധ്യാത്മികപരിശീലനം നടക്കണം. **രണ്ടാം വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്യുന്ന ഇത്തരത്തിലുള്ള ആദ്ധ്യാത്മിക പരിശീലനത്തിന്റെ നിഴൽപോലും നമ്മുടെ സന്യാസ-വൈദിക പരിശീലന കേന്ദ്രങ്ങളിൽ പതിച്ചിട്ടില്ലെന്നുള്ളതാണ് എന്റെ അനുഭവം.**

ബൗദ്ധീക പരിശീലനത്തെക്കുറിച്ചു പറയുമ്പോൾ, ദൈവശാസ്ത്രത്തിന്റെ ഉറവിടത്തെക്കുറിച്ചും പറയണമല്ലോ. വിശുദ്ധ ഗ്രന്ഥവും പാരമ്പര്യവും ഒരുമിച്ചുകൂട്ടുന്നതാണല്ലോ നമ്മുടെ വിശ്വാസത്തിന്റെയും ദൈവശാസ്ത്രത്തിന്റെയുമെല്ലാം ഉറവിടം. സഭയുടെ പാരമ്പര്യസമ്പത്തിന്റെ ഏറ്റവും സമുന്നത പ്രകാശനമാണ് ദൈവാരാധന അഥവാ ലിറ്റർജി. ഓരോ സഭയ്ക്കും അതിന്റേതായ ദൈവശാസ്ത്രം ഉണ്ടാകാം; ഉണ്ട് എന്നും കൗൺസിൽ വ്യക്തമായി പറഞ്ഞുവച്ചിട്ടുണ്ട്. ഇപ്പോൾ നാം സ്ഥിരം ലത്തീൻസഭയുടെ ദൈവശാസ്ത്രം വെട്ടിവിഴുങ്ങിയാണ് ഉപജീവനം നടത്തിക്കൊണ്ടിരിക്കുന്നത്. നമ്മുടെ സഭയിലാണെങ്കിൽ വളരെയധികം പണ്ഡിതൻമാർ എല്ലാതലങ്ങളിലുമുണ്ട്. പല വിദ്യാപീഠങ്ങളുമുണ്ട്. **ദൈവശാസ്ത്രം വളരേണ്ടത് ദേശത്തിന്റെയോ സംസ്കാരത്തിന്റെയോ കെട്ടുവട്ടത്തിലല്ല. മറിച്ച്, വിശ്വാസത്തിന്റെയും അത് രൂഢമൂലമായിരിക്കുന്ന വ്യക്തിസഭയുടെ ജീവിതത്തിന്റെയും പ്രത്യേകിച്ചും വിശ്വാസപ്രകാശനമായ ദൈവാരാധനാ ജീവിതത്തിന്റെയും പശ്ചാത്തലത്തിലാണ്**. പാശ്ചാത്യസഭ അങ്ങിനെയൊക്കെ വികസിപ്പിച്ചിട്ടുള്ള ഓരോ ദൈവശാസ്ത്രശാഖയും നമ്മുടേതായ ഉറവിടങ്ങളിൽനിന്നും നമ്മുടേതായ പശ്ചാത്തലത്തിൽ നാമും വളർത്തി വികസിപ്പിക്കണം. ശ്രമകരമായ ശിക്ഷണവും അദ്ധ്വാനവുമെല്ലാം അതിനത്യാവശ്യമാണ്. മറ്റുള്ളവർ ചെയ്തുവച്ചിരിക്കുന്നത് ആവർത്തിക്കുക വളരെ എളുപ്പവും. ഇതിന്റെ വിശദാംശങ്ങളിലേയ്ക്കു കടന്നാൽ വളരെയേറെ പറയുവാനുണ്ട്. ഏതെങ്കിലും ഒരുകാര്യത്തിൽ നമ്മുടേതായ തനിമ സ്ഥാപിച്ചെടുക്കാൻ നമ്മുടെ സഭയ്ക്ക് സാധിച്ചതായി എന്റെ അറിവിലില്ല. നമുക്ക് നമ്മുടേതായ ഒരു ബൈബിൾ വിവർത്തനമുണ്ട്: പ്ശീത്താ വിവർത്തനം. നാം ദൈവാരാധനയിൽ ഉപയോഗിച്ചിരുന്നതും ഉപയോഗിക്കേണ്ടതും അതാണല്ലോ. ധാരാളം ബൈബിൾ പണ്ഡിതരും നമ്മുടെ സഭയിലുണ്ട്. വചനവർഷം പ്രമാണിച്ചെങ്കിലും നമ്മുടെ ഈ വിവർത്തനത്തെക്കുറിച്ച് ആധികാരികമായ പഠനം നടത്തുന്നത് ഉചിതമായിരിക്കുമല്ലോയെന്ന ചിന്തയിൽ ബന്ധപ്പെട്ട അധികാരികളെ അറിയിച്ചു നോക്കിയെങ്കിലും ഇതേവരെ എന്തെങ്കിലും നടന്നതായി അറിവില്ല.



www.malankaralibrary.com

അതുപോലെതന്നെ നമ്മുടെ പരിശുദ്ധ ഖുർബാനയിലെ ദൈവവചനപ്രഘോഷണ സംവിധാന (Lectionary System)ത്തെക്കുറിച്ചും അടിസ്ഥാനപഠനം ആരംഭിക്കുന്നതിനെങ്കിലും ഈ പ്രത്യേക അവസരം ഉപകരിപ്പിക്കാമായിരുന്നു. അതും സൂചിപ്പിച്ചുനോക്കിയതാണ്. എന്തോ, ആധികാരിക പഠനങ്ങൾ നടത്തുന്നതിനെ നമ്മുടെ സഭിയിലെ പ്രമുഖർ ഭയപ്പെടുന്നുണ്ടോയെന്നു ചിലപ്പോൾ സംശയം തോന്നിപ്പോകുന്നു. നാം ഉറവിടങ്ങളും സാഹചര്യങ്ങളും പശ്ചാത്തലങ്ങളുമെല്ലാം ആഴത്തിൽ പഠിക്കണം. അവയെ നമ്മുടേതായ രീതിയിൽ വളർത്തിവികസിപ്പിക്കണം. എങ്കിലേ നമ്മുടെ സഭ ജീവാത്മകമായി വളരുകയുള്ളു.

പിതാക്കൻമാരും വിശുദ്ധരും പണ്ഡിതരുമൊക്കെ തെളിച്ചു തന്നിട്ടുള്ള പാത പിൻതുടർന്ന് പുതിയ പുതിയ ദൈവശാസ്ത്ര വിശകലനങ്ങൾ നടത്താനും നമ്മുക്ക് സാധിക്കും. നമ്മുടെ നാട്ടിൽ ഉരുതിരിഞ്ഞിട്ടുള്ള തത്വശാസ്ത്ര ചിന്താ ധാരകൾ ഉചിതമാംവിധം നമ്മുടെ വിശ്വാസത്തിന്റെ വിശകലനത്തിനായ് ഉപയോഗിക്കാവുന്നതാണ്; ഉപയോഗിക്കേണ്ടതുമാണ്. ഏതാനും ചില സമാന്തര ചിന്തകളോ പദങ്ങളോ ദർശനങ്ങളോ ഒക്കെ കണ്ടെത്തുകയല്ല നമ്മുടെ ലക്ഷ്യം. തോമസ് അക്വീനാസ് പുണ്യവാൻ അരിസ്റ്റോട്ടലിന്റെ തത്വസംഹിത ഉപയോഗിച്ച് വിശ്വാസം വ്യാഖാനിച്ചത് പോലെ ശങ്കരയുടെയോ രാമാനുജയുടെയോ ഒക്കെ തത്വസംഹിതകൾ നമ്മുടെ വിശ്വാസത്തിന്റെ വ്യാഖ്യാനത്തിനായ് നമുക്കും ഉപയോഗിച്ച് നോക്കാമല്ലോ. തത്വസംഹിതകൾ എപ്പോഴും പരിമിതികൾ ഉള്ളവയാണെന്നും ഒരിക്കലും വിശ്വാസത്തെ അതിശയിക്കുന്നവയല്ലെന്നുമുള്ള സത്യം ഒരു തരത്തിലും വിസ്മരിക്കാൻ പാടില്ലാത്തതുമാണ്. നമ്മുടെ വിദ്യാപീഠങ്ങളുടെ വളരെ പ്രധാനപ്പെട്ട ഒരു കടമയാണിതെന്നാണ് എനിക്ക് തോന്നുന്നത്.

ആഴത്തിൽ പഠനം നടത്തുമ്പോൾ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാം. അതു വളർച്ചയ്ക്ക് വളരെയധികം സഹായിക്കും. അതുകൊണ്ട് അഭിപ്രായവ്യത്യാസങ്ങൾ ഉള്ളപ്പോൾ പ്രതിപക്ഷബഹുമാനത്തോടെ ആരോഗ്യപരമായ സംവാദം എല്ലാതലങ്ങളിലും നടക്കണം. അവസാന തീരുമാനത്തിന് നമ്മുടെ സഭയിൽ നയ്യാമിക സംവിധാനങ്ങളും വ്യക്തികളുമെല്ലാം ഉണ്ടല്ലോ. തീരുമാനം വന്നുകഴിഞ്ഞാൽ, ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും, ഞാൻ വാദിച്ചതുപോലാണെങ്കിലും അല്ലെങ്കിലും, ഞാനത് മുഴുഹൃദയത്തോടും സന്തോഷത്തോടുംകൂടി സ്വീകരിച്ച് നടപ്പാക്കണം. അതല്ലേ വിശ്വാസത്തിന്റെ ശൈലി? നിയമം ലംഘിച്ചുകൊണ്ടുള്ള പ്രതിഷേധം രാഷ്ട്രീയ ശൈലിയാണ്. വിശ്വാസശൈലി നിയമം അനുസരിച്ചുകൊണ്ടുള്ള വിയോജിപ്പാണ്. കത്തോലിക്കാ സഭയുടെ യഥാർത്ഥ മുഖം അതാണെന്നാണ് എന്റെ ഉത്തമബോധ്യം.

പട്ടംകിട്ടിക്കഴിഞ്ഞാൽ കയ്യിൽ കിട്ടുന്ന പുസ്തകവുമായി തോന്നുന്ന വിധം ഖുർബാനയർപ്പിക്കാം എന്ന് നമ്മുടെ സഭയിലെ കുറെയേറെ വൈദീകർ, സന്യാസികൾ പ്രത്യേകിച്ചും, ചിന്തിക്കുന്നുണ്ടോയെന്നു ബലമായി സംശയിച്ചുപോകുന്നു. വിശ്വാസപ്രമാണം ചൊല്ലി, സത്യവിശ്വാസം ഏറ്റുപറഞ്ഞ്, സഭയുടെ നിയമാനുസൃത അധികാരത്തിനും അധികാരികൾക്കും വിധേയപ്പെട്ടുകൊണ്ട് സഭയിൽ തങ്ങളുടെ ശുശ്രൂഷ നിർവ്വഹിച്ചുകൊള്ളാമെന്ന് ദൈവത്തിന്റെയും സഭാസമൂഹത്തിന്റയും മുമ്പിൽ ഏറ്റുപറഞ്ഞുകൊണ്ടാണ് എല്ലാ വൈദികരും തിരുപ്പട്ടം സ്വീകരിച്ചിട്ടുള്ളത്. വാക്കുപാലിക്കുക സാമാന്യ മര്യാദയിൽ പെടുന്ന കാര്യമാണല്ലോ.



സഭയുടെ വിശ്വാസത്തിന്റെ സമഗ്രമായ പ്രകാശനമാണ് പരിശുദ്ധ ഖുർബാനയർപ്പണം. ആഴമായ പഠനങ്ങളുടെയും വിശദമായ ചർച്ചകളുടെയുമെല്ലാം പശ്ചാത്തലത്തിൽ കാലാകാലങ്ങളിൽ ഖുർബാനയർപ്പണം എങ്ങിനെ വേണമെന്ന് സഭയുടെ നിയമാനുസൃതമായ അധികാരികൾ തീരുമാനിക്കുന്നു. അതാണ് ഖുർബാന തക്സായായി പുറത്തുവരുന്നത്. ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും അടുത്തൊരു തീരുമാനമുണ്ടാകുന്നതുവരെ സഭയിൽ ഖുർബാനയർപ്പണം അതനുസരിച്ചു നടക്കണം. സഭയുടെ ഇത്തരം ശിക്ഷണം വിശ്വാസികൾ ഓരോരുത്തരിൽ നിന്നും ഓരോ വിധത്തിലുള്ള ത്യാഗം ആവശ്യപ്പെടുന്നതാണ്. അതിനു വിധേയരാകാൻ പറ്റാത്തവർ സഭയിലെ വിശ്വാസികൾ ആകുന്നതെങ്ങനെയാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

എങ്ങനെ പരിശുദ്ധ ഖുർബാനയർപ്പിക്കണമെന്ന് തക്സായുടെ ആരംഭത്തിൽ തന്നെ വിശദമായി കൊടുത്തിട്ടുണ്ട്. എല്ലാ സെമിനാരികളിലും അതൊക്കെ പഠിപ്പിച്ചാണ് വൈദീകപദവിയിലേയക്ക് അർത്ഥികളെ ഒരുക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. അത്മായ സഹോദരങ്ങളും അതൊക്കെ ഒരു പരിധിവരെ മനസ്സിലാക്കിയിരിക്കുക ആവശ്യമാണ്. അതിൽ നിന്നും വ്യത്യസ്ഥമായ രീതിയിൽ ഖുർബാനയർപ്പിക്കുന്ന വൈദികരെ ഓർമ്മിപ്പിച്ചുകൊടുക്കുവാനുള്ള അവകാശം അത്മായർക്കുമുണ്ടെന്നാണ് എനിക്കു പറയാനുള്ളത്.

സന്യാസ-വൈദിക പരിശീലനം ഒരു സഭയുടെ നിർണ്ണായക കടമകളിൽ പ്രധാനപ്പെട്ടതാണല്ലോ. അതിൽ പിഴവുപറ്റിയാൽ സഭയുടെ അസ്ഥിത്വത്തിനുതന്നെ കോടാലി വയ്ക്കുകയായിരിക്കും. അഭിപ്രായവ്യത്യാസങ്ങളുടെ പേരിൽ അവിടെ പാളിച്ചകൾ ഉണ്ടാകാനും പാടില്ല. മുമ്പ് സൂചിപ്പിച്ചതുപോലെ അഭിപ്രായവ്യത്യാസങ്ങളിൽ ആരോഗ്യപരമായ സംവാദങ്ങൾ നടക്കുമ്പോഴും പ്രവർത്തനത്തിൽ ഐക്യമുണ്ടാകണം, പ്രത്യേകിച്ച് നേതൃത്വം കൊടുക്കുന്നവരുടെയിടയിൽ. എല്ലാകാര്യങ്ങളിലും സഭയോടുള്ള വിശ്വസ്തത ഒരോ വൈദീകന്റെയും സന്യാസിയുടെയും മുഖമുദ്രയായി പ്രകാശിച്ച് നിൽക്കണം.

## 9. സി.എം.ഐ. വൈദീകർ

**ചോദ്യം:** ദീർഘനാളായി അച്ചൻ ധർമ്മാരാമിൽ അദ്ധ്യാപകനാണല്ലോ. സി.എം.ഐ. വൈദികരെല്ലാം അവിടെയല്ലെ പരിശീലിപ്പിക്കപ്പെടുന്നത്? എന്നിട്ടും അച്ചൻ പല പുസ്തകങ്ങളിലും എഴുതിയിരിക്കുന്ന രീതിയിൽ സഭയോടും ലിറ്റർജിയോടുമുള്ള ആഭിമുഖ്യം അവരിൽ പലരും പ്രകാശിപ്പിക്കുന്നില്ലല്ലോ?

**ഉത്തരം:** 1975 മുതൽ 2006 വരെ ധർമ്മാരാമിൽ പഠിച്ചു പോന്നിട്ടുള്ളവർക്കെല്ലാം സഭയെക്കുറിച്ചും അതിന്റെ പ്രകാശനമായ ലിറ്റർജിയെക്കുറിച്ചും ആവശ്യത്തിനുള്ള



www.malankaralibrary.com

അറിവ് പകർന്നുകൊടുക്കാൻ പരിശ്രമിച്ചിട്ടുണ്ടെന്നതാണ് എന്റെ ബോധ്യം. അസുഖങ്ങളുടേതായ കുറെയധികം ബുദ്ധിമുട്ടുകൾ അതിനിടയിൽ ഉണ്ടായിട്ടുണ്ടെങ്കിലും എന്റെ സന്യാസ സമൂഹം എന്നെ ഏല്പിച്ചിരുന്ന ദൗത്യം വീഴ്ച കൂടാതെ നിർവ്വഹിച്ചിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നത്. അക്കാലയളവിൽ വിദ്യാർത്ഥികളായിരുന്നവരിൽ നല്ലൊരു ശതമാനം പേരും നല്ല നിലയിൽ തന്നെയാണ് അവരുടെ പരീക്ഷകളിൽ വിജയിച്ചിട്ടുള്ളത്. വാരിക്കോരിക്കൊടുക്കുന്ന ശൈലി അല്ലായിരുന്നു എന്റേതെന്നും അവർ ഓർക്കുന്നുണ്ടാകും. ക്ലാസ്സുകളിൽ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും സംശയനിവാരണത്തിനും മറ്റുമായി പരിധികളില്ലാതെ അവസരമുണ്ടായിരുന്നു. അതിനും പുറമേ, അവസാനകാലത്തെ നാലഞ്ചു വർഷങ്ങളൊഴിച്ച് ബാക്കിയുള്ള കാലയളവിലെല്ലാം ഓരോ വിദ്യാർത്ഥിക്കും തനിച്ച് സംശയനിവാരണത്തിനും ചർച്ചകൾക്കുമായി കുറഞ്ഞത് 20 മിനിട്ടുകളെങ്കിലും നൽകിയിരുന്നവെന്ന കാര്യവും അവർ മറന്നുകാണുകയില്ല. മണിക്കൂറുകൾ തന്നെ അങ്ങനെ വ്യക്തിപരമായി എടുത്തിട്ടുള്ളവരും ധാരാളം.

അറിവ് പകർന്നു കൊടുക്കുന്നതിനും പുറമേ, ആരോഗ്യം അനുവദിച്ചിരുന്ന സമയത്തെല്ലാം സഭയുടെ നിർദ്ദേശങ്ങൾക്കും ചൈതന്യത്തിനുമനുസരിച്ച് പരിശുദ്ധ ഖുർബാനയർപ്പണവും മറ്റ് ആരാധനാ കർമ്മങ്ങളും സമൂഹത്തിൽ നടത്തി അവയിൽ പങ്കുകൊള്ളുന്നതിനുള്ള അവസരവും പ്രദാനം ചെയ്തിട്ടുണ്ട്. ഞങ്ങളുടെ സന്യാസ സമൂഹാധികാരികളോ ധർമ്മാരാമിലെ സഹപ്രവർത്തകരോ അതിനൊന്നും ഒരുതരത്തിലും തടസ്സമുണ്ടാക്കിയിട്ടില്ലെന്നുള്ളതും എന്റെ അനുഭവമാണ്. മാത്രമല്ല, അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നെങ്കിലും പല വിധത്തിലും സഹകരിച്ചിട്ടുണ്ടെന്നുള്ളതും വസ്തുതയാണ്. മാനുഷിക ബലഹീനതയിൽ എന്തെങ്കിലും അപസ്വരം എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ, അതും സമൂഹത്തിന്റെ ഉപരിനന്മയ്ക്കാണുപകരിച്ചിട്ടുള്ളത്.

നമ്മുടെ സഭയിൽ വളരെ പ്രമാദമായ ഒരു വിഷയമാണല്ലോ പരിശുദ്ധ ഖുർബാനയർപ്പണവേളയിൽ കാർമ്മികൻ ജനങ്ങൾക്ക് അഭിമുഖമായിട്ടാണോ അൾത്താരയിലേക്കും കിഴക്കേഭിത്തിയിലെ സ്ലീവായിലേക്കും തിരിഞ്ഞാണോ നിൽക്കേണ്ടതെന്ന കാര്യം. 1989-ൽ ഇപ്പോഴത്തെ ഖുർബാനക്രമം ധർമ്മാരാമിൽ ആരംഭിക്കുന്നതിനു മുമ്പായി അവിടത്തെ സ്റ്റാഫംഗങ്ങൾ അതിന്റെ എല്ലാവശങ്ങളും വിശദമായും ദീർഘമായും ചർച്ചചെയ്യുകയുണ്ടായി. ധർമ്മാരാമിലാണെങ്കിൽ ദീർഘനാളായി ഖുർബാനയർപ്പണം ജനാഭിമുഖമായിട്ടായിരുന്നുതാനും. സഭയുടെ പഠനങ്ങളും നിർദ്ദേശങ്ങളും അന്നത്തെ സാഹചര്യങ്ങളുമെല്ലാം കാര്യമായി കണക്കിലെടുത്തതിന്റെ ഫലമായി ഏറ്റവും യുക്തമായ ഒരു തീരുമാനത്തിലാണ് എത്തിച്ചേർന്നത്. അന്ന് സീറോ മലബാർ സഭയിൽ മൂന്നു തരത്തിൽ ഖുർബാനയർപ്പണം നടന്നിരുന്നു: മുഴുവൻ സമയവും ജനാഭിമുഖമായും, അൾത്താരാഭിമുഖമായും, പകുതിയും പകുതിയുമായും. ഞങ്ങളുടെ തീരുമാനം ഇപ്രകാരമായിരുന്നു: ഖുർബാനയർപ്പണത്തിനു നേതൃത്വം കൊടുക്കുന്ന കാർമ്മികൻ ഏതുരീതി വേണമെന്ന് തീരുമാനിക്കുകയും മറ്റെല്ലാവരും അതിനോടു സഹകരിക്കുകയും ചെയ്യുക. അതനുസരിച്ച് 1989 ജൂലൈ 3-നു ഞാൻ തന്നെയാണ് നേതൃത്വം കൊടുത്ത് പരിശുദ്ധ ഖുർബാനയർപ്പിച്ചത്. മുഴുവൻ സമയവും അൾത്താരയിലേക്കും സ്ലീവായിലേക്കും തിരിഞ്ഞുനിന്നായിരുന്നു അർപ്പണം. ദീർഘനാളായി ധർമ്മാരാമിൽ നടന്നിരുന്ന ജനാഭിമുഖ ഖുർബാനയർപ്പണം മാറ്റുന്നത് ഒരുതരത്തിലും സ്വീകാര്യമല്ലായെന്ന് തലേദിവസം വീറോടെ വാദിച്ച വന്ദ്യ വൈദീകരും അന്ന് സഹകാർമ്മികരായുണ്ടായിരുന്നുവെന്നതാണ് സത്യം.



ഇത്രയും കാര്യങ്ങൾ വിശദീകരിച്ചത് ഒരു സംഗതി വ്യക്തമാക്കാനാണ്. ധർമ്മാരാമിൽ പഠിപ്പിച്ചിരുന്ന കാലമത്രയും സഭയെക്കുറിച്ചും അതിന്റെ പ്രകാശനമായ ലിറ്റർജിയെക്കുറിച്ചും ആവശ്യത്തിനുള്ള അറിവും പ്രായോഗിക പരിശീലനവും വിദ്യാർത്ഥികൾക്കു നല്കുന്ന കാര്യത്തിൽ കഴിവിന്റെ പരമാവധി ഞാൻ ശ്രദ്ധിച്ചിരുന്നുവെന്നു കാണിക്കാനാണ്. പഠനവും പരിശീലനവും കഴിഞ്ഞ് അവർ അജപാലനവേദികളിലെത്തിയപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് നിഗമനങ്ങളിലെത്തുക ദുഷ്കരമാണ്. അവിടെ പലതരത്തിലുള്ള ശക്തികളാണല്ലോ അവരെ സ്വാധീനിക്കുന്നതും നയിക്കുന്നതും. ഇക്കര്യത്തിൽ മാത്രമല്ല, എല്ലാ കാര്യങ്ങളിലും. പ്രലോഭനങ്ങൾക്കും വടംവലികൾക്കും ആകർഷണങ്ങൾക്കുമൊക്കെ പൂർണ്ണമായും അടിയറവയ്ക്കാതെ പിടിച്ചുനിൽക്കുന്ന കുറേപ്പേരെങ്കിലുമുണ്ടെന്ന് എനിക്ക് വ്യക്തമായി അറിയുകയും ചെയ്യാം.

1976 മുതൽ 1992 വരെ വടവാതൂർ സെമിനാരിയിലും തുടർച്ചയായി ക്ലാസ്സുകൾ നല്കുവാൻ അവസരം കിട്ടിയിട്ടുണ്ട്. അവിടെ ബന്ധപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളാണ് എന്റെ ക്ലാസ്സുകൾ കൂടുതൽ ഉപകരിപ്പിച്ചിട്ടുള്ളത് എന്ന ഒരു വിചാരം മാഞ്ഞുപോകാതെ എന്റെ അവബോധത്തിൽ തങ്ങി നിൽക്കുന്നുമുണ്ട്.

ഞങ്ങളുടെ സി.എം.ഐ. സമൂഹം സീറോ മലബാർ സഭയുടെ ഒരു ചെറിയ പതിപ്പാണല്ലോ. സഭയുടെ എല്ലാ ഭാഗത്തുനിന്നുമുള്ള അംഗങ്ങൾ അതിലുണ്ട്. അതിനാൽതന്നെ സഭയുടെ എല്ലാ പ്രദേശങ്ങളിലുമുള്ള ചിന്താഗതികളും അവിടെ സ്വാഭാവികമാണ്. സന്യാസം സഭാജീവിതത്തിന്റെ ഏറ്റവും വിശ്വസ്തവും ആഴത്തിലുള്ളതും സമഗ്രവുമൊക്കെയായ പഠനവും പരിശീലനും സാക്ഷ്യവുമെല്ലാമാകയാൽ, പ്രാദേശികവും സങ്കുചിതവും മറ്റുമായ ചിന്താഗതികൾക്കും ശൈലികൾക്കുമെല്ലാം അതീതമായി സഭയ്ക്കും അതിന്റെ പ്രകാശനമായ ലിറ്റർജിക്കും സജീവസാക്ഷ്യം വഹിക്കേണ്ടവരാണ് സന്യാസികൾ എന്നത് സത്യമാണ്. ഓരോ സഭയുടെയും ചൈതന്യവും സത്തും തനിമയും ഐക്യവുമെല്ലാം പൂർണ്ണതയിൽ നിലനിറുത്താനുള്ള കടമയും അതിലുള്ള സന്യാസ സമൂഹങ്ങൾക്കാണ്. സീറോ മലബാർ സഭയിലെ ഏറ്റവും വിപുലവും മുതിർന്നതുമായ സന്യാസ സമൂഹമെന്ന നിലയിൽ ഈ ഉത്തരവാദിത്വം പ്രാധാനമായും കയ്യാളുന്നത് സി.എം.ഐ. സമൂഹം തന്നെയാണ്. ഞങ്ങളുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ വീരോചിതമായ സുകൃതങ്ങളായി വിശേഷിപ്പിക്കപ്പെടുന്നവയിൽ, ഒരു പക്ഷേ ഏറ്റവും പ്രധാനപ്പെട്ടതായിരിക്കാം



www.malankaralibrary.com

അദ്ദേഹത്തിന്റെ സഭയോടുള്ള വിശ്വസ്തത. എന്നിരുന്നാലും ഇന്ന് ഞങ്ങളുടെ സമൂഹം ഇത്തരത്തിലാണെന്നു പറയാൻ മനസ്സാക്ഷി സമ്മതിക്കുന്നില്ല. സി. എം.ഐ. സമൂഹം മാത്രമല്ല, എല്ലാ സന്യാസ സമൂഹങ്ങളും സഭയോടുള്ള വിശ്വസ്തതയിൽ മത്സരിച്ചു കാണുവാൻ അതിയായ ആഗ്രഹമുണ്ട്; തീക്ഷ്ണ മായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. റാസഖുർബാനയർപ്പണവും ആഘോഷ മായ യാമപ്രാർത്ഥനാചരണവുമെല്ലാം ഞങ്ങളുടെ സി.എം.ഐ. സമൂഹത്തിൽ കടംകഥയായി, അധികപ്പറ്റായി, മാറിയിട്ടില്ലേയെന്നു സംശയിക്കേണ്ടിയിരിക്കു ന്നു. "യാമപ്രാർത്ഥന" സഭയുടെ ആധികാരികവും ഔദ്യോഗികവുമായ ലിറ്റർജി കർമ്മമാണെന്ന് എത്രപേർ ചിന്തിക്കുന്നുണ്ടോ ആവോ! പരിശീലന കേന്ദ്രങ്ങളിൽ പോലും വളരെ എളുപ്പത്തിൽ മറ്റു ഭക്താഭ്യാസങ്ങൾ അതിനു പകരം നടത്തി കാണുന്നുണ്ട്. നവീകരണ സംരംഭങ്ങൾ ഞങ്ങളുടെ സന്യാസ സമൂഹത്തിൽ പലപ്പോഴും നടക്കുന്നുണ്ടെങ്കിലും, ആദ്ധ്യാത്മീകതയുടെ നട്ടെ ല്ലായി വർത്തിക്കാൻ കൗൺസിൽ വിശേഷിപ്പിക്കുന്ന പരിശുദ്ധ ഖുർബാന യർപ്പണത്തിനും യാമപ്രാർത്ഥനയ്ക്കും അവയിൽ അവശ്യമായ പ്രാധാന്യം കൊടുക്കുന്നതായും കാണുന്നില്ല. ലിറ്റർജികാര്യങ്ങൾ സംബന്ധിച്ച് അവശ്യം വേണ്ട സഭയോടുള്ള വിശ്വസ്തതയുടെ കാര്യത്തിൽ തന്റെ അനുയായികൾ അവലംബിക്കുന്ന രീതികൾ കണ്ട് ചാവറ പിതാവ് സ്വർഗ്ഗത്തിൽ മിക്കവാറും തല കുനിച്ചിരിക്കയായിരിക്കണം! ഞങ്ങളുടെ സമൂഹാംഗങ്ങളിൽ പലരും സീറോ മലബാർ സഭയുടെ ചൈതന്യവും തനിമയും ലിറ്റർജി സമ്പത്തും ഒക്കെ കാത്തുസൂക്ഷിക്കുന്നതിനും വളർത്തി വികസിപ്പിക്കുന്നതിനുമെല്ലാമായി രക്ത സാക്ഷിത്വംവരെ ഏറ്റെടുത്തിട്ടുണ്ടെന്ന വസ്തുത അഭിമാനപൂർവ്വം ഓർത്തു കൊണ്ടാണ് ഞാനിതൊക്കെ പറയുന്നത്.

സംരംഭങ്ങൾ (Movements) പ്രസ്ഥാനങ്ങളായി (Institutions) മാറു മ്പോൾ പലപ്പോഴും നിയന്ത്രണാതീതങ്ങളായി മാറാറുണ്ട്. സഭകളും സന്യാസ സമൂഹങ്ങളുമെല്ലാം ഇക്കാര്യം വളരെ ഗൗരവമായി പരിഗണനയിലെടുക്കേ ണ്ടതാണെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഇന്ന് നാം നേരിടുന്ന പ്രധാന പ്രശ്നവും അതല്ലേയെന്ന് ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. നേതൃത്വം കൊടുക്കേണ്ടവർ പോലും നിസ്സഹായരായി നോക്കിനിൽക്കുന്ന, അല്ലെങ്കിൽ ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കാൻ പരിശ്രമിക്കുന്ന അവസ്ഥ! ഇത്ത രത്തിലൊക്കെ ആകുന്നതു കൊണ്ടായിരിക്കാം **പുളിമാവാകേണ്ട** സന്യാസി കൾക്കുപോലും മാർഗ്ഗഭ്രംശം സംഭവിക്കുന്നത്. താല്കാലികങ്ങളായ ആകർഷ ണങ്ങളിലും സംതൃപ്തിയിലുമെല്ലാം പെട്ടുപോകാൻ പ്രേരിപ്പിക്കപ്പെടുന്നതും.

മനസ്സിനെ വേദനിപ്പിക്കുന്ന മറ്റൊരു കാര്യം കൂടി ഈ അവസരത്തിൽ സൂചിപ്പിക്കുന്നത് അസ്ഥാനത്താകയില്ലെന്നു കരുതുന്നു. അറിഞ്ഞോ അറി യാതെയോ രൂപതാ വൈദികരും സന്യാസ വൈദികരും തമ്മിൽ ഒരു ശീത സമരം നമ്മുടെ സഭയിൽ നടക്കുന്നില്ലേയെന്നു സംശയം തോന്നിയിട്ടുണ്ട്. പരസ്പരം അംഗീകരിച്ചും സഹകരിച്ചും പ്രോത്സാഹിപ്പിച്ചുമെല്ലാം സഭയുടെ നന്മമാത്രം ലക്ഷ്യം വച്ച് ഒറ്റക്കെട്ടായി നീങ്ങേണ്ടവർ ചിലപ്പോഴെങ്കിലും നിസ്സഹക രണത്തിനും ശിഥിലീകരണത്തിനുമെല്ലാം ഇടനൽകുന്നില്ലേയെന്ന് ആത്മശോധന



ചെയ്യേണ്ടിയിരിക്കുന്നു. അതിന്റെ ഫലമായി ഓരോ കൂട്ടരും സ്വന്തം കൂട്ടി ലേക്ക് വലിഞ്ഞ് സുരക്ഷിതത്വം അന്വേഷിക്കുന്നതിനും അങ്ങനെ സഭയിൽ പ്രതികൂല സാക്ഷ്യത്തിനും ചിലപ്പോഴെങ്കിലും ഇടയായിത്തീരുകയും ചെയ്യു ന്നു.

## 10. വിശ്വാസത്തിനെതിരായ വെല്ലുവിളികൾ

**ചോദ്യം:** അടുത്തുകാലത്ത് വിശ്വാസത്തിനെതിരായി സഭ നേരിടുന്ന വെല്ലു വിളികൾ – ആന്ധ്രായിൽ സി.എം.ഐ. വൈദികന്റെ കൊലപാതകം, ഒറീ സാ, കർണ്ണാടക പള്ളിയാക്രമണങ്ങൾ, സഭാപീഡനങ്ങൾ തുടങ്ങിയവയെ ക്കുറിച്ച്?

**ഉത്തരം:** '*എന്റെ ശിഷ്യരെന്നപേരിൽ നിങ്ങൾ പീഢിപ്പിക്കപ്പെടുകയും അവ ഹേളിക്കപ്പെടുകയും കുറ്റാരോപിതരാക്കപ്പെടുകയും ചെയ്യും, അങ്ങനെ സംഭവി ക്കുമ്പോൾ ആഹ്ളാദിച്ചു കുതിച്ചുചാടുവിൻ, അങ്ങനെ ചെയ്യുന്നവരോടു ഹൃദ യപൂർവ്വം ക്ഷമിക്കയും അവർക്കു വേണ്ടി പ്രാർത്ഥിക്കയും ചെയ്യുവിൻ എന്നെല്ലാമാണല്ലോ*' നമ്മുടെ നാഥൻ നമ്മെ പഠിപ്പിച്ചിരിക്കുന്നത്? അതു കൊണ്ട് നമ്മുടെ മാനസീകാവസ്ഥയും പ്രതികരണവുമൊക്കെ എങ്ങിനെയാ യിരിക്കണമെന്നതിൽ അഭിപ്രായവ്യത്യാസത്തിനിടയില്ലല്ലോ.

എന്നിരുന്നാലും നമ്മുടെ ഭാരതത്തിലെ ഇന്നത്തെ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ, ഭാരതത്തിലെ സാധാരണ പൗരർ എന്ന നിലയിൽ നമ്മുടെ ഭരണഘടനാപരവും നിയമാനുസൃതവുമൊക്കെയായ അവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടതൊക്കെ ചെയ്യേണ്ടതും, മതപീഡനങ്ങളുടെയും കൊള്ളിവയ്പ്പിന്റെയും അക്രമങ്ങളുടെയുമെല്ലാം അധാർമ്മികതയും പൈശാ ചികതയും മനുഷ്യത്വരാഹിത്യവുമെല്ലാം സാധാരണ ജനങ്ങളിൽവരെ എത്തി ക്കുന്നതിനുള്ള എല്ലാത്തരം പ്രചരണങ്ങൾ നടത്തുകയെന്നതും ആവശ്യക മായി അനുഭവപ്പെടുന്നു.

## 11. പ്രേഷിത ദൗത്യം

**ചോദ്യം:** സഭയുടെ പ്രേഷിത ദൗത്യം സാർവ്വത്രീകമല്ലേ? നമ്മുടെ സഭയെ കെട്ടിമുറുക്കി ഭാരതത്തിന്റെ തെക്കേ മൂലയിൽ ഒതുക്കിയിട്ടിരിക്കുന്നതെന്തു കൊണ്ട്?

**ഉത്തരം:** ഇപ്പോഴത്തെ പ്രത്യേക സ്ഥിതി വിശേഷത്തിന്റെ ചരിത്രപരമായ സാഹചര്യങ്ങൾ നാം നല്ലപോലെ മനസ്സിലാക്കണം. ഇന്ത്യ മുഴുവന്റെയും അർക്കദിയാക്കോന്റെ കീഴിൽ കഴിഞ്ഞിരുന്ന സഭയാണ് നമ്മുടേത്. പാശ്ചാത്യ മേൽക്കോയ്മയിലാണ് നമ്മെ ഭാരതത്തിന്റെ തെക്കുപടിഞ്ഞാറൻ മൂലയിലേക്ക് ഒതുക്കിയത്. മേൽക്കോയ്മയെല്ലാം അവസാനിച്ചിട്ട് എത്രയോ വർഷങ്ങളായി? എങ്കിലും നമുക്ക് സഭാത്മക സ്വാതന്ത്ര്യം നേടാനിയിട്ടില്ലെന്നതാണ് സത്യം.



www.malankaralibrary.com

ഇപ്പോഴത്തെ ഈ പ്രത്യേക സാഹചര്യത്തിനു നാം സാധാരണ ലത്തീൻ സഭയെയും വത്തിക്കാനെയുമെല്ലാമാണ് പഴിക്കാറെങ്കിലും, എന്റെ എളിയ ചിന്തയിൽ നാം തന്നെയാണ് ഇതിനു പ്രധാന ഉത്തരവാദികൾ. പാരതന്ത്ര്യത്തിന്റെ ബാഹ്യശക്തികൾ മാറിപ്പോയെങ്കിലും നമ്മിൽ ബഹുഭൂരിപക്ഷത്തിനും സഭയെ നയിക്കുന്നവർ ഉൾപ്പെടെ, സഭാത്മകവും ആരാധനാത്മകവുമായ പാരതന്ത്ര്യത്തിൽ നിന്നും സ്വതന്ത്രരാകാൻ സാധിച്ചിട്ടുള്ളതായി അനുഭവപ്പെടുന്നില്ല. ഒരു സഭയുടെ വ്യക്തിത്വം നിർണ്ണയിക്കുന്ന ഘടകങ്ങൾ, ദൈവാരാധന, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, ഭരണസംവിധാനം, ആശ്രമജീവിതശൈലി, നോമ്പുപവാസ ചൈതന്യം തുടങ്ങിയവയാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ. ഇവയിൽ ഏതെങ്കിലും ഒരു കാര്യത്തിലെങ്കിലും ലത്തീൻ സഭയുടെ ശൈലികളിൽ നിന്നും വിടവാങ്ങി നമ്മുടെ സഭയുടെ സ്വന്തം ശൈലിയിലായിട്ടുണ്ടെന്ന് പറയാനുകുമോ? പറ്റില്ലെന്നു മാത്രമല്ല, എല്ലാ തലങ്ങളിലും കൂടുതൽ കൂടുതൽ പാശ്ചാത്യവൽക്കിരിക്കപ്പെടുകയും ലത്തീനീകരിക്കപ്പെടുകയുമല്ലേ സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ലത്തീൻ സഭയുടെ ഒരു വികലപതിപ്പായി കാണപ്പെടുന്ന നാം എങ്ങിനെ അവകാശങ്ങൾക്കായി വാദിക്കും? സഭയുടെ ഏറ്റവും അടിസ്ഥാന പ്രകാശനമായ ദൈവാരാധനയുടെ കാര്യത്തിൽ പോലും യോജിക്കാൻ നമുക്കു സാധിക്കുന്നില്ല. സിനഡിൽ യോജിച്ച് പ്രഖ്യാപിക്കുന്ന തീരുമാനങ്ങൾ നടപ്പാക്കാൻ സിനഡംഗങ്ങൾക്കുപോലും സാധിക്കുന്നില്ല. നിയമാനുസൃതം തന്നെ നമുക്കു ലഭിച്ചിരിക്കുന്ന മിഷൻ പ്രദേശങ്ങളുണ്ട്, പ്രവാസി രൂപതകളുണ്ട്, ഇടവകകളുണ്ട്. ഇവിടങ്ങളിൽ സഭാത്മകമായി സുവിശേഷവത്കരണം നടക്കുന്നുണ്ടോ? പ്രവാസി സഭാംഗങ്ങളുടെ അജപാലനം നടക്കുന്നുണ്ടോ? ലത്തീൻ സഭയിലെ ഒരു രൂപതപോലെയോ ഇടവകപോലെയോ നടത്തിക്കൊണ്ടുപോകാനാണെങ്കിൽ നമ്മുടെ അവകാശവാദത്തിന് അർത്ഥമെന്തിരിക്കുന്നു? അധികാരത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടി മാത്രമാണോ വാദം? അങ്ങനെയെങ്കിൽ ഒരു തരത്തിലും അതിനോടു യോജിക്കാൻ എനിക്കാവില്ല.

സഭയുടെ യഥാർത്ഥത്തിലുള്ള ആദ്ധ്യാത്മിക പൈതൃകവും പാരമ്പര്യസമ്പത്തും പകരുകയും സംരക്ഷിച്ചു വളർത്തുകയുമാണ് മിഷൻ പ്രവർത്തനത്തിന്റെയും പ്രവാസി അജപാലനശുശ്രൂഷയുടെയും സഭാത്മക മാനം. ഇന്ന് അനുവദിച്ചുകിട്ടിയിരിക്കുന്നിടങ്ങളിൽ അക്കാര്യം ഉചിതമായി നടത്താനാകാത്ത സാഹചര്യത്തിൽ അവകാശങ്ങൾക്കായുള്ള വാദം നിരർത്ഥകമായിത്തീരില്ലേ?. അതുകൊണ്ട് ആദ്യമേ ഉണ്ടാകേണ്ടത് സഭാത്മകമായ അറിവും അവബോധവുമാണ്.

കത്തോലിക്കാ സഭ സഭകളുടെ കൂട്ടായ്മയാണെന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപനത്തിൽ അടങ്ങിയിരിക്കുന്ന സത്യമാണ് ഓരോ വ്യക്തിസഭയും സാർവ്വത്രീകമാണെന്ന വസ്തുതയും. അതിനാൽ തന്നെ ഓരോ വ്യക്തിസഭയ്ക്കും ലോകം മുഴുവൻ വ്യാപിക്കുന്നതിനുള്ള അവകാശമുണ്ടെന്ന് വ്യക്തം. ഏതെങ്കിലും ഒരു സഭ അതിർത്തിവരമ്പുകൾ കെട്ടി



മറ്റു സഭകളുടെ സ്വാതന്ത്ര്യം ഹനിക്കുന്നത് മെശിയാനിക ശൈലിക്കു നിരക്കുന്നതല്ലെന്നും വ്യക്തം. ഇന്ത്യയുടെ കാര്യത്തിലാണെങ്കിൽ ലത്തീൻ സഭ കടന്നുകയറി അവിടെ സ്വതന്ത്രമായി നിലനിന്നിരുന്ന മാർ തോമാ നസ്രാണി സഭയെ ഒരു മൂലയിൽ ഒതുക്കിയിട്ട് മുഴുവൻ സ്ഥലവും സ്വന്തമാക്കി വച്ചിരിക്കുന്ന സ്ഥിതിവിശേഷമാണ്. മാർ തോമാ ശ്ലീഹായിൽനിന്നും ഉത്ഭവിച്ച് സ്വതന്ത്രമായി ഇന്ത്യ മുഴുവനിലും കഴിഞ്ഞിരുന്നവരാണല്ലോ മാർ തോമാ നസ്രാണി സഭാംഗങ്ങൾ. ലത്തീൻ സഭയാവട്ടെ പതിനാറാം നൂറ്റാണ്ടിൽ പാശ്ചാത്യ മേൽക്കോയ്മയുടെ ഫലമായി ഉണ്ടായതും. ഇപ്പോൾ വീട്ടുകാർക്ക് അനങ്ങണമെങ്കിൽ കടന്നുകയറിയവരുടെ അനുവാദം വേണമെന്ന ഗതികേട്. ഇതിനാണ് ഇന്നത്തെ ശൈലിയിൽ ഭീകരാക്രമണം, ഹൈജാക്കിംഗ് എന്നൊക്കെ പറയുന്നത്. ഇതൊക്കെ എന്നേയ്ക്കുമായി അവസാനിക്കണമെന്നതിൽ ആർക്കാണ് സംശയം.? ഈ അടുത്തകാലത്ത് നമ്മുടെ സഭയിലെ ഒരു പിതാവുതന്നെ അക്കാര്യം വ്യക്തമായി പറയുവാൻ ധൈര്യം കാണിച്ചല്ലോ. എല്ലാവരുടെയും ഉള്ളിൽ അതുണ്ടെന്നാണ് എന്റെ വിചാരം. ഇന്ത്യയുടെ ഭരണഘടന പൗരർക്ക് നൽകിയിരിക്കുന്ന മൗലീകാവകാശം – ഇന്ത്യയുടെ ഏതുഭാഗത്തും പോയി സ്വന്തം വിശ്വാസവും സാസ്കാരിക ശൈലികളുമനുസരിച്ച് ജീവിക്കുന്നതിനുള്ള അവകാശം – തടയാൻ ന്യായങ്ങളില്ലെന്നകാര്യം ലത്തീൻ സഭയിലെ നമ്മുടെ സഹോദരങ്ങൾ അറിഞ്ഞ് പ്രാവർത്തീകമാക്കേണ്ട സമയവും അതിക്രമിച്ചിരിക്കുന്നു.

കത്തോലിക്കാ സഭയുടെ ഔദ്യോഗികമായ രേഖകളിൽ ഓരോ സഭയുടെയും സ്വതന്ത്രമായ പ്രവർത്തനകാര്യങ്ങൾ മനോഹരമായി വ്യക്തമാക്കിയിട്ടുണ്ട്. മെശിയാനിക ചൈതന്യത്തിനു ഭംഗമാകാത്ത രീതിയിൽ ഓരോ സഭയും കാര്യങ്ങൾ നീക്കുകയെന്നുള്ളതാണ് കരണീയമായി തോന്നുന്നത്. മറ്റു പൗരസ്ത്യ സഭകളെല്ലാം അങ്ങനെ ചെയ്യുന്നുണ്ട്. നമുക്ക് പറ്റുന്നില്ലെങ്കിൽ അതിനുകാരണം മുമ്പു പറഞ്ഞ സ്വയാവബോധത്തിന്റെ കുറവാണ്. ഒരു പരിധികഴിഞ്ഞാൽ പിന്നെ വാദികളെന്നനിലയിൽനിന്നും മാറി പ്രതികളാകേണ്ടിവരും എന്നാണ് തോന്നുന്നത്. ഭാരതത്തിൽ നമ്മുടെ സഭ അങ്ങനെ മാറേണ്ട സമയം കഴിഞ്ഞില്ലേയെന്ന് സംശയിക്കുന്നു.

## 12. പൗരസ്ത്യരും പാശ്ചാത്യ പഠനകേന്ദ്രങ്ങളും

**ചോദ്യം:** നമ്മുടെ പൗരസ്ത്യ സുറിയാനി സഭാ പാരമ്പര്യവും ദൈവശാസ്ത്രവും ദൈവാരാധനയുമൊക്കെ ശാസ്ത്രീയമായി പഠിക്കുന്നതിന് പാശ്ചാത്യപഠന കേന്ദ്രങ്ങളിൽ പോകുന്നത് ഗുണം ചെയ്യുമോ?

**ഉത്തരം:** എവിടെ എന്നത് പഠനം സംബന്ധിച്ച് ഒരു പ്രശ്നമായി ഒരിക്കലും അനുഭവപ്പെട്ടിട്ടില്ല. അവശ്യം വേണ്ടത് ഉറവിടങ്ങളിലെത്തി ആഴത്തിൽ പഠിക്കുകയെന്നതാണ്. വിദ്യാപീഠങ്ങൾ എവിടെയായാലും ശാസ്ത്രീയ രീതികൾ അവലംബിക്കുന്നവയായിരിക്കും. പുരാതന പഠനകേന്ദ്രങ്ങളിലാണെങ്കിൽ കൂടുതൽ ഉറവിടങ്ങളും മറ്റും ഉണ്ടാകാൻ സാധ്യതയുമുണ്ട്. സഭാ സംബന്ധമായ



www.malankaralibrary.com

കാര്യങ്ങളാകുമ്പോൾ, പ്രത്യേകിച്ചും ദൈവാരാധനാകാര്യങ്ങൾ പഠിച്ചതുകൊണ്ടുമാത്രമായില്ല; ജീവിതത്തിൽ പകർത്തുകയും വേണം. ധാരാളം അറിവുള്ളവർക്കും ലിറ്റർജി അനുഭവവേദ്യമാകണമെന്നില്ല. അത് തപസ്യയിൽ, പ്രാർത്ഥനയിൽ, ധ്യാനത്തിൽ, നേടിയെടുക്കേണ്ട ഒന്നാണ്.

വിശ്വാസത്തിലും സ്വന്തം സഭാ പൈതൃകത്തിലും ഉറപ്പുള്ളവരെ സംബന്ധിച്ച് പഠനകേന്ദ്രം ഒരു പ്രശ്നമേയല്ല. എവിടെയായാലും സ്വന്തം വ്യക്തിത്വം കാത്തു സൂക്ഷിക്കാൻ അവർക്കു ബുദ്ധിമുട്ടൊന്നുമില്ല. അല്ലാത്തവർ ആടിയുലയുന്ന ഞാങ്കണപോലിരിക്കും. മായകളിൽ മതിമറന്നുപോകാനിടയുണ്ട്. അമ്മയെത്തന്നെ മറക്കാനും ഇടയാകാം. അതിനൊന്നും പഠന കേന്ദ്രങ്ങളെ പഴിക്കാനാകുമെന്ന് തോന്നുന്നില്ല. ചില പ്രത്യേക ചിന്താ ശൈലികളും അദ്ധ്യാപന രീതികളുമൊക്കെ പ്രോത്സാഹിപ്പിക്കുന്ന പഠനകേന്ദ്രങ്ങൾ കണ്ടേക്കാം. അതുകൊണ്ട് തിരഞ്ഞെടുക്കുന്ന അവസരത്തിൽ അന്വേഷണം നടത്തുന്നത് വളരെ നല്ലതാണ്.

ബിരുദാനന്തര പഠനം, ഗവേഷണ പഠനം തുടങ്ങിയവയെക്കുറിച്ചാണ് ഇത്രയും പറഞ്ഞത്. എന്നാൽ അടിസ്ഥാന പഠനങ്ങൾ അതായത് മതാദ്ധ്യാപനം, സന്യാസ-വൈദിക പരിശീലനത്തിന്റെ പ്രാരംഭഘട്ടങ്ങൾ തുടങ്ങിയവയെ ഓരോ സഭയുടെയും തനതായ ശൈലിയിൽ വേണമെന്ന കാര്യം നിർബന്ധമായും പ്രാവർത്തികമാക്കണം. നമ്മുടെ സഭയ്ക്ക് ഏറെ നാളായി നഷ്ടപ്പെട്ടു പോയ കാതലായ കാര്യവും അതാണെന്നറിയാമല്ലോ. ലത്തീൻ സഭയിൽ ലത്തീൻ സഭക്കാർ അവരുടേതായ സാഹചര്യങ്ങളിൽ ക്രമീകരിച്ചിട്ടുള്ള മതാദ്ധ്യാപന ഗ്രന്ഥങ്ങളും ശൈലികളുമാണല്ലോ നൂറ്റാണ്ടുകളായി നാമും പഠിച്ചും പഠിപ്പിച്ചും പോന്നിരുന്നത്. ഇപ്പോൾ നമ്മുടേതായവ ക്രമീകരിക്കാൻ തുടങ്ങിയിട്ടുണ്ടെങ്കിലും, എല്ലാ പൗരസ്ത്യസഭകളുടെയും അതിവിശിഷ്ടവും ആഴമേറിയതുമൊക്കെയായ ആരാധനാത്മക മതാദ്ധ്യാപന (Liturgical Catechesis) ശൈലിയുടെ ചൈതന്യം പൂർണ്ണമായും സാംശീകരിക്കുന്നതിനോ പ്രാവർത്തികമാക്കുന്നതിനോ ഇതേവരെ നമുക്കു സാധിച്ചിട്ടില്ലെന്നുള്ളത് സത്യമല്ലേ? ഏതാനും പ്രദേശങ്ങളിൽ അക്കാര്യത്തിൽ കുറേയെല്ലാം പുരോഗമനം ഉണ്ടായിട്ടുണ്ടെന്നകാര്യം എടുത്തു പറയുന്നതോടൊപ്പം മറ്റു ചില പ്രദേശങ്ങളിൽ അത്തരം നീക്കങ്ങൾക്ക് ഒട്ടും തന്നെ പ്രോത്സാഹനം കൊടുക്കുന്നില്ലന്നുള്ളതും ശരിയാണെന്നറിയാമല്ലോ. പ്രതീക്ഷയോടെ കാത്തിരിക്കുകതന്നെ.

വിദേശമിഷനറിമാരുടെ കൈകളിലായിപ്പോയ **സെമിനാരി പരിശീലന**മാണ് നമ്മുടെ സഭയെ ഇത്രയധികം തകിടം മറിച്ചതും ശിഥിലമാക്കിക്കളഞ്ഞതുമെന്നു നിസ്സംശയം പറയാവുന്നതാണ്. സ്വന്തം സഭയുടെ പൈതൃകവും രീതികളുമൊക്കെ ഒരുപരിധിവരെ കൈമോശം വന്നു പോയിയെന്നു മാത്രമല്ല അവയെ ഒരുതരത്തിൽ "പുച്ഛ"മായി കണക്കാക്കുന്ന മനോഭാവം നമ്മുടെ നേതൃനിരയിൽ രൂപപ്പെടുത്തിയെടുക്കുന്നതിനും അതിടയാക്കി. ഈ കെടുതിയിൽ നിന്നും എന്ന് നമ്മുടെ സഭ രക്ഷപ്പെടുമെന്ന് ഒരുതരത്തിലും പ്രവചിക്കാനാകുമെന്നു തോന്നുന്നില്ല. എങ്ങനെയെങ്കിലും ഈ സഭയെ ഈ ഗതികേടിൽ നിന്നും രക്ഷിച്ചെടുക്കണം എന്ന തീവ്രമായ ആഗ്രഹ



ത്തോടെയാണ് ഇതിന്റെ ചരിത്രം കാര്യമായി പഠിച്ചിരുന്ന വന്ദ്യനായ കർദ്ദിനാൾ ടിസ്സറാങ്ങ് തിരുമേനിയും അദ്ദേഹത്തിന്റെ സഹായി ബഹു. പൊടിപ്പാറ പ്ലാസിഡച്ചനും കൂടി ഈ സഭയുടെതായി ഒരു സെമിനാരിക്ക് പദ്ധതിയിട്ടതു തന്നെ. അങ്ങനെയാണ് നമ്മുടെ ഭാഗത്തുനിന്നു തന്നെയുണ്ടായ ശക്തമായ എതിർപ്പുകളും മറികടന്ന് വടവാതൂർ സെമിനാരിയുണ്ടാകുന്നത്. എന്നാൽ, അവിടെ പഠനം തുടങ്ങാറായപ്പോൾ അതിന്റെ റെക്ടറായി കൊണ്ടുവരാൻ നമ്മുടെ പിതാക്കന്മാർ ആഗ്രഹിച്ചതോ വിദേശിയായ ഒരു ഈശോ സഭാവൈദികനെ! അപ്പോൾ വത്തിക്കാനാണ് സീറോ മലബാർ സഭയിലെ ഒരു രൂപതാ വൈദികനായിരിക്കണം അതിന്റെ റെക്ടർ എന്നു നിശ്ചയിച്ചത്. നമ്മുടെ നേതൃനിരയിലുള്ളവരുടെ മാനസീക മാറ്റത്തിനും വിദേശഭ്രമത്തിനും ഇതിൽ പരം ഉദാഹരണം വേണോ? വടവാതൂർ സെമിനാരി ജൂബിലി വർഷത്തിലേക്ക് അടുക്കുന്ന ഈ അവസരത്തിൽ അതിന്റെ സ്ഥാപനോദ്ദേശ്യം നിറവേറ്റുന്നുണ്ടോയെന്നു വിലയിരുത്തുക അത്യാവശ്യമാണെന്നു തോന്നുന്നു. ആരംഭകാലങ്ങളിൽ അതിനു നേതൃത്വം കൊടുത്തവർക്കെല്ലാംതന്നെ അതിന്റെ അനന്യമായ ദൗത്യം ഏകദേശം വ്യക്തമായിരുന്നതായിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അതിന്റെ ഫലം നമ്മുടെ സഭയിൽ ഉണ്ടായിട്ടുണ്ടെന്നും വ്യക്തമായി പറയാൻ കഴിയും. കാലങ്ങൾ പിന്നിടുമ്പോൾ, പല പല ആകർഷണങ്ങളിൽപെട്ട് മാർഗ്ഗഭ്രംശം സംഭവിക്കുക സ്വാഭാവികം മാത്രമാണല്ലോ.

ലോകത്തിൽ മറ്റൊരിടത്തും ഇല്ലാതിരുന്ന ആലുവാ സെമിനാരിയിലെ പ്രത്യേകരീതി സഭാത്മകമായി അവസാനിപ്പിക്കുന്നതിനുവേണ്ടി അതിനെ ലത്തീൻ സഭക്കും സീറോ മലബാർ സഭയ്ക്കുമായി വേർതിരിക്കുന്ന കാര്യം വന്നപ്പോൾ, നമ്മുടെ സഭയിൽ കുറെയധികംപേർ, വളരെ പ്രമുഖരായവർപോലും, അലമുറയിട്ടു പ്രലപിച്ചകാര്യം മറക്കാറായിട്ടുണ്ടെന്നു തോന്നുന്നില്ല. ഇന്നും പലരിലും അത് തികട്ടി വരുന്നത് നേരിൽ കാണാനും ഇടവന്നിട്ടുണ്ട്. ലത്തീൻ സഭയിലെ നമ്മുടെ സഹോദരങ്ങൾ സഭാത്മകമായ ശൈലി ആഴത്തിൽ മനസ്സിലാക്കിയതുകൊണ്ടോ എന്തോ അക്കാര്യം വലിയ പരുക്കുകളില്ലാതെ സാധിച്ചുവെന്നു പറയുന്നതായിരിക്കും ശരിയെന്നു തോന്നുന്നു.

ഭരണം കയ്യിലായതുകൊണ്ട് ചൈതന്യം ഉണ്ടാകണമെന്നില്ല, എന്നതിന് എത്രയോ ഉദാഹരണങ്ങളാണ് അടിമുടി നമ്മുടെ സഭാ പശ്ചാത്തലത്തിൽ കിടക്കുന്നത്! സഭാത്മക ചൈതന്യം വിദ്യാർത്ഥികളിൽ ഉറപ്പിക്കാനാകുമ്പോൾ മാത്രമേ ആലുവാ സെമിനാരിയുടെ വിഭജനോദ്ദേശ്യം സാധിതമാകയുള്ളൂ.

ആലുവാ സെമിനാരി വിഭജിച്ചപ്പോൾ പ്രലപിച്ചവർതന്നെ, വിവിധങ്ങളായ സന്യാസ സമൂഹങ്ങളുടെ അർത്ഥികൾക്കായി ഒരു നവസന്യാസ (Novitiate) ഭവനം മതിയെന്നു പറഞ്ഞാൽ സമ്മതിക്കുമോയെന്നറിയില്ല. ഒരേ സന്യാസസമൂഹത്തിൽ പ്രോവിൻസ് തിരിയുമ്പോൾ നവസന്യാസഭവനം കൂടി പ്രത്യേകമുണ്ടാക്കുന്നതിനായി നെട്ടോട്ടം നടത്തുന്നവരാണിവരെല്ലാമെന്നതാണ് രസാവഹമായ കാര്യം. നമ്മുടെ സഭാത്മകമായ അവബോധവും ആഭിമുഖ്യവും ഏതുതരത്തിൽ എന്നു ചിന്തിക്കാൻ ഒരുദാഹരണം പറഞ്ഞെന്നുമാത്രം.



www.malankaralibrary.com

നമ്മുടെ **സന്യാസ സമൂഹങ്ങളിലെ അടിസ്ഥാന പരിശീലനം** മൊത്തത്തിൽ ഇന്നും മദ്ധ്യശതകങ്ങളിലെ ലത്തീൻ സഭാ ശൈലിയിൽ തുടരുകയാണ്. ആദ്യ സമൂഹമായ സി.എം.ഐ. അതിനു നേതൃത്വം കൊടുക്കുന്നുവെന്നും നിസ്സംശയം പറയാം. മാതൃസഭയെക്കുറിച്ചും അതിന്റെ ആരാധനാ പൈതൃകം, ചരിത്രം, തനതാത്മക വൈശിഷ്ട്യങ്ങൾ, തുടങ്ങിയവയെക്കുറിച്ചുമെല്ലാമുള്ള പഠനം മിക്കവാറും സമൂഹങ്ങളിൽ വെറും "ഭക്ഷണാനന്തര മധുരം" മാത്രമാണ്. ഒത്തുകിട്ടിയാൽ അല്പം "മേൻപൊടിപോലെ". ഒരുപടി കൂടി കടത്തി പറഞ്ഞാൽ, തനി "കോറന്തായ"ആണ്. വാക്കിന്റെ അർത്ഥം ചിന്തിച്ചിട്ടാണോയെന്നറിയില്ല, അഭ്യസ്തവിദ്യരായവർ പോലും "തലങ്ങനേയും വിലങ്ങനേയും" ഈ പ്രയോഗം നടത്തികേട്ടിട്ടുണ്ട്.

ഞങ്ങൾ സി.എം.ഐ. ക്കാർക്കാണെങ്കിൽ ഇപ്പോൾ ഇത്തരം "സഭാത്മകകാര്യങ്ങൾ" അധികപ്പറ്റായിമാറിക്കൊണ്ടിരിക്കയാണ്. ഒരു തരം "മൂരാച്ചിത്തരവും" "പിന്തിരപ്പനും". "വളയമില്ലാതെ ചാടാനുള്ള" പരിശ്രമത്തിലാണ് ഞങ്ങൾ. ഞങ്ങളുടെ സമൂഹം വളരെയധികം വളർന്നു കഴിഞ്ഞില്ലേ? ഇനിയും ഈ ഇടുങ്ങിയ മനസ്ഥിതിയിലും സാഹചര്യങ്ങളിലും ഒതുങ്ങിക്കിടക്കണമോയെന്നാണ് പ്രധാന ചോദ്യം!

1902-1908 കാലങ്ങളിൽ സി.എം.ഐ. സന്യാസസസമൂഹത്തിന് നേതൃത്വം കൊടുത്തിട്ടുള്ള **കട്ടക്കയം വലിയചാണ്ടിയച്ചൻ** 1877 മേയ് 16-ന് റോമിലേക്കയച്ച ഒരു കത്തിൽ ഇങ്ങനെ കുറിച്ചു: "*ഞങ്ങളുടെ ഈ ജാതി പുരാതനമായ സുറിയാനി പാരമ്പര്യത്തിൽ പെടുന്നതാണ്. എന്നാൽ അതിന്റേതായ ശൈലിയും ചൈതന്യവും ഒട്ടുംതന്നെ കാത്തുസൂക്ഷിക്കപ്പെടുന്നില്ല. കത്തോലിക്കാ സഭയിൽ പല റീത്തുകളുണ്ടല്ലോ, എന്നാൽ ഞങ്ങളുടേതൊഴിച്ച് മറ്റൊന്നും ഇത്രയും പരിതാപകര സ്ഥിതിയിലായിട്ടില്ല*". അക്കാലങ്ങളിൽ സി.എം.ഐ. സന്യാസികളുടെ മുഖ്യമായ ചിന്ത മാതൃസഭയെക്കുറിച്ചായിരുന്നുവെന്ന് ഇത്തരത്തിലുള്ള പല രേഖകളിൽ നിന്നും വ്യക്തമാണ്. കാലം വളരെയധികം മാറിപ്പോയല്ലോ. ഇന്ന് സി.എം.ഐ. കൾ വ്യക്തിത്വം അവഗണിച്ചും "സാർവ്വത്രിക"രാകാൻ പരിശ്രമിക്കുകയാണോയെന്നു സംശയിക്കുന്നു. വലിയ ചാണ്ടിയച്ചന്റെ സീറോ മലബാർ സഭയെക്കുറിച്ചുള്ള പരിദേവനം സി.എം.ഐ. സമൂഹത്തെക്കുറിച്ചുതന്നെ നടത്തുന്നത് കൂടുതൽ ശരിയായിരിക്കുമെന്ന ചിന്തയും!

മാതൃസഭാകാര്യങ്ങളോട് ആഭിമുഖ്യവും താല്പര്യവുമൊക്കെ കുറഞ്ഞു കുറഞ്ഞു വരുന്ന അനുഭവമാണ് പരിശീലനവേദിയിൽ എനിക്കുണ്ടായിട്ടുള്ളത്. സമൂഹത്തിൽ ഇത്തരം കാര്യങ്ങൾക്കുള്ള സ്വീകാര്യതക്കുറവ് ആയിരിക്കണമല്ലോ അതിനുള്ള പ്രധാന കാരണം. മാതൃസഭാകാര്യങ്ങളിൽ താല്പര്യം കാണിക്കുന്നതും അവ ചർച്ചാവിഷയമാക്കുന്നതുമെല്ലാം വിശാലതയില്ലായ്മയുടെയും വിവേകരാഹിത്യത്തിന്റെയുമൊക്കെ ലക്ഷണമായി കണക്കാക്കുന്ന രീതിയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. അത്തരക്കാരെ "നോട്ടപ്പുള്ളി"കളായി മാറ്റിനിറുത്താനും മടിക്കുന്നില്ല. നസ്രാണി സഭയുടെ



അസ്ഥിത്വത്തിനും ചൈതന്യത്തിനുമൊക്കെയായി രക്തസാക്ഷിത്വംവരെ വരിക്കുവാൻ തയ്യാറായിരുന്ന ഒരു സന്യാസ സമൂഹത്തിലെ സ്ഥിതി വിശേഷമാണിത്. സി.എം.ഐ. പരിശീലന പദ്ധതിയിൽ മാതൃസഭാകാര്യങ്ങൾക്ക് ഉചിതമായ പ്രാധാന്യം കൊടുക്കുന്നില്ലായെന്നാണ് എന്റെ ഉത്തമബോധ്യം. മിഷൻ പ്രദേശങ്ങളിലെ കാര്യം പരിതാപകരവും! വേരുകൾ അഴുകിപ്പോകാൻ സഹായിക്കുന്ന തരത്തിലുള്ള പരിശീലനമാണ് ഇപ്പോൾ നൽകപ്പെടുന്നത് എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി.

ഇത്തരം സ്ഥിതിവിശേഷത്തിന് കാതലായ മാറ്റമുണ്ടാകണമെങ്കിൽ, അത് നേതൃത്വത്തിൽ നിന്നുതന്നെ ഉണ്ടാകണമെന്നതിന് സംശയിക്കാനില്ലല്ലോ. പ്രാർത്ഥനാപൂർവ്വം കാത്തിരിക്കാനേ തൽക്കാലം നിർവാഹമുള്ളൂ.

## 13. പൗരസ്ത്യ സഭയുടെ തനിമ

**ചോദ്യം:** പരിശുദ്ധ ഖുർബാനയിർപ്പിക്കേണ്ടത് കിഴക്കിനഭിമുഖമായിട്ടാണല്ലോ? അതുപോലെ നമ്മുടെ സ്വന്തം പ്രതീകമായ മാർ തോമാ സ്ലീവാ, മദ്ബഹായുടെ വിരി തുടങ്ങിയവയുടെ വൈശിഷ്ട്യം, പ്രതീകാത്മകത, ഇവയൊന്നും ഇത്രയും വർഷങ്ങളായിട്ടും വേണ്ടപോലെ നമ്മുടെ വിശ്വാസികളിൽ എത്താത്തത് എന്തുകൊണ്ട്?

**ഉത്തരം:** ഉചിതമായ രീതിയിൽ വിശദീകരിച്ചു പഠിപ്പിക്കാത്തതുകൊണ്ടുതന്നെ. സഭയിൽ എല്ലാ തലങ്ങളിലുമുള്ളവർക്ക് സഭാത്മകവും ദൈവാരാധനാപരവുമായ അറിവ് ഉചിതമായി പകർന്നു കൊടുക്കാൻ നടപടികൾ എടുക്കണമെന്ന് 1954-ൽ വത്തിക്കാൻ നമ്മുടെ പിതാക്കൻമാർക്ക് നിർദ്ദേശം കൊടുത്തിട്ടുള്ളതാണ്. അതിനുശേഷം ഒന്നിലധികം പ്രാവശ്യം അതാവർത്തിച്ചിട്ടുമുണ്ട്. എങ്കിലും കാര്യമായ പഠന സൗകര്യം ക്രമീകരിക്കാൻ നമ്മുടെ പിതാക്കൻമാർക്കായിട്ടില്ല. എന്തെങ്കിലും നടന്നിട്ടുള്ള സ്ഥലങ്ങളിൽ ഇത്തരം കാര്യങ്ങളെക്കുറിച്ച് കൂടുതൽ അറിവുണ്ട്; അവയിൽ താല്പര്യവുമുണ്ട്. അറിയാത്തതിനെ സ്നേഹിക്കാൻ ആർക്കാണ് സാധിക്കുക?

ഞാൻ എന്റെ അദ്ധ്യാപന ശുശ്രൂഷ ആരംഭിക്കുന്നത് 1975-ലാണ്. നല്ല ദൈവത്തിന്റെ പ്രത്യേക കാരുണ്യത്താലും അനുഗ്രഹത്താലും നമ്മുടെ സഭയിലെ എല്ലാ തലങ്ങളിലുമുള്ളവരോട് ഇത്തരം കാര്യങ്ങളെക്കുറിച്ച് സംസാരിക്കാൻ അവസരങ്ങൾ കിട്ടിയിട്ടുണ്ട്. ആരംഭത്തിൽ ഉണ്ടായിരുന്ന പ്രതികരണങ്ങളും സംഭവ വികാസങ്ങളുമെല്ലാം എന്റെ മനസ്സിൽ വളരെ വ്യക്തമായി തങ്ങിനിൽപ്പുണ്ട്. അതിനേക്കാളൊക്കെ വളരെ ഹൃദ്യമായ പ്രതികരണ സാഹചര്യത്തിൽ നാം എത്തിനിൽക്കുകയാണിന്ന്. ഇതെല്ലാം നമ്മുടെ സ്വന്തമാണെന്ന് അഭിമാനിക്കുന്ന പതിനായിരങ്ങൾ ഇന്ന് നമ്മുടെ സഭയിൽ ഉണ്ടെന്നുള്ളത് എത്രയോ ആശ്വാസദായകമായ സ്ഥിതിവിശേഷമാണ്! ഏകദേശം അഞ്ചു നൂറ്റാണ്ടുകളോളം നടന്ന അതിശക്തമായ ലത്തീനീകരണത്തിന്റെ പിടിമുറുക്കത്തിൽനിന്നുമാണ് രക്ഷപെടേണ്ടതായിരിക്കുന്നതെന്ന കാര്യം നാം ഒരിക്കലും മറക്കരുത്. അതുകൊണ്ട് ഏതെല്ലാം തരത്തിലുള്ള പ്രതിഷേധങ്ങളും



www.malankaralibrary.com

എതിർപ്പുകളും ആക്രമണങ്ങളും അധിക്ഷേപങ്ങളുമൊക്കെയുണ്ടായാലും പ്രതീക്ഷ കൈവിടാതെ, നഷ്ടധൈര്യരാകാതെ ചെയ്യാവുന്നതെല്ലാം, പ്രത്യേകിച്ചും പഠനത്തിന്റെയും ദൈവരാധനയുടെ ഉചിതമായ ആഘോഷത്തിന്റെയും ചൈതന്യത്തിലൂടെ, ശാന്തമായി ചെയ്തുകൊണ്ടിരിക്കുക. '*ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും...*' എന്നല്ലേ ഈശോ നമ്മെ പഠിപ്പിച്ചിരിക്കുന്നത്. ഈശോയുടെ അനുഭവം നമുക്ക് മാതൃകയും പ്രചോദനവുമാണല്ലോ. നന്മ മാത്രം ചെയ്തുകൊണ്ട്, എല്ലാവരേയും ആശ്വസിപ്പിച്ചുകൊണ്ടും സുഖപ്പെടുത്തിക്കൊണ്ടുമെല്ലാം കടന്നുപോയ, അവിടുത്തെ അനുഭവം നാം ഒരിക്കലും മറക്കരുത്. അവസാനം സ്ലീവായിലെത്തിനിന്നല്ലോ! നാമും അത് ആഗ്രഹിക്കയെങ്കിലും വേണം. സ്ലീവായുടെ മഹത്വത്തിൽ നമുക്കും എത്തണം.

എന്റെ അനുഭവം പറഞ്ഞാൽ നമ്മുടെ അത്മായ സമൂഹം, വിവിധ തരത്തിലുള്ള പരാധീനതകളിലാണെങ്കിലും വളരെ ആത്മാർത്ഥതയുള്ളവരാണ്. സത്യം ഗ്രഹിച്ചാൽ അതനുസരിച്ചു നീങ്ങാൻ ആഗ്രഹിക്കുന്നവരാണ്. അവിടെനിന്നും ഉയർന്ന തലങ്ങളിലേക്ക് കയറും തോറും വിലപേശലും പ്രതിരോധവും കൂടികൂടി വരുന്നതായാണ് അനുഭവം. പലവിധത്തിലുള്ള അറിവുകളാൽ നിറഞ്ഞിരിക്കുന്നതുകൊണ്ടാവാം. എങ്കിലും അതൊക്കെ സഭയുടെ വളർച്ചക്കു മാത്രമെ ഉപകരിക്കു എന്നു ചിന്തിക്കുവാനാണ് എനിക്കു താല്പര്യം.

പ്രതികരണങ്ങളും അഭിപ്രായ വ്യത്യാസങ്ങളുമെല്ലാം ഒരിക്കലും നമ്മെ തളർത്തിക്കളയുന്നവയാകരുതല്ലോ. മുമ്പൊരിക്കൽ പറഞ്ഞതുപോലെ അവ വളർച്ചയ്ക്ക് അത്യാവശ്യമാണെന്നാണ് എന്റെ ബോധ്യം. വളർച്ച ശരിയായ ദിശയിൽ നടക്കണമെങ്കിൽ ഉറവിട പഠനവും ആരോഗ്യകരമായ സംവാദവും നടക്കണമെന്നുമാത്രം. എപ്പോഴും സഭയോടുള്ള വിശ്വസ്തത കാത്തുസൂക്ഷിക്കുകയും തൽഫലമായി പ്രവർത്തനത്തിൽ ഐക്യം നിലനിർത്തുകയും വേണം.

## 14. ദൈവത്തിന്റെ കാരുണ്യം

**ചോദ്യം:** അച്ചൻ പലവർഷങ്ങളായി വളരെ ബുദ്ധിമുട്ടുള്ള രോഗാവസ്ഥയിലാണല്ലോ! ഏതാനും വർഷങ്ങളായി മിക്കവാറും കിടപ്പിലാണുതാനും! എങ്കിലും ഓടുന്ന ഞങ്ങളേക്കാൾ കൂടുതൽ തീക്ഷ്ണനായി കാണപ്പെടുന്നു. ഇതിന്റെ രഹസ്യമെന്താണ്? അച്ചന്റെ ദൈവാനുഭവം, വിശ്വാസജീവിതം തുടങ്ങിയവയെക്കുറിച്ച് ഞങ്ങൾക്കും പറഞ്ഞുതരാനാകുമോ?

**ഉത്തരം:** ഇതേക്കുറിച്ച് എനിക്ക് അധികമൊന്നും പറയാനില്ല. നല്ല ദൈവത്തിന്റെ കാരുണ്യം എന്നു ചുരുക്കി പറയാനാണെനിക്കിഷ്ടം. നല്ല ദൈവത്തിന്റെ അനന്തമായ സ്നേഹവും ഔദാര്യവും കാരുണ്യവുമൊക്കെ മാത്രമേ എന്റെ ജീവിതത്തിൽ ഞാൻ കാണുന്നുള്ളു. എന്തിനു ദൈവം എന്നെ ഒരു സന്യാസ വൈദീകനായി വിളിച്ചുവെന്നു ഞാൻ എല്ലാദിവസവും തന്നെ ചിന്തിക്കാറുണ്ട്. '*എനിക്ക് ഇഷ്ടമുള്ളവരെ തെരഞ്ഞെടുത്തു*' എന്നല്ലേ അവിടുന്നു



തന്നെ പറഞ്ഞിരിക്കുന്നത്? എന്തിന് ഈശോ എന്നെ ഇഷ്ടപ്പെട്ടു, സ്നേഹിച്ചുവെന്നതിനും എനിക്ക് ഉത്തരം കിട്ടിയിട്ടില്ല. എന്നിരുന്നാലും സാധിക്കുന്നതുപോലെ ഈശോയുടെ ഇഷ്ടം നിറവേറ്റി പ്രതിസ്നേഹം കാണിക്കണമല്ലോയെന്ന ചിന്ത എപ്പോഴുമുണ്ട്. അതിൽ എന്റെ ഭാഗത്തുനിന്നും വളരെയധികം വീഴ്ചകളും പോരായ്മകളും വന്നുപോയിട്ടുണ്ടെന്ന് എനിക്ക് നല്ല ബോധ്യമുണ്ട്. ഇപ്പോഴുള്ള പ്രധാനചിന്ത എങ്ങനെ അതൊക്കെ പരിഹരിക്കാൻ പറ്റുമെന്നതാണ്. എന്റെ അസുഖങ്ങൾക്ക് ദീർഘമായ ചരിത്രമുണ്ട്. നടുവിന്റെ പ്രശ്നം തന്നെ സിൽവർ ജൂബിലി ആഘോഷിച്ചിരിക്കയാണ്. അതാരംഭിച്ച 1983-ൽ ഭാരവും കെട്ടിത്തൂക്കി ആശുപത്രിയിൽ സ്ലീവായിലേപ്പോലെ കിടന്ന ആദ്യദിവസം സത്യത്തിൽ തകർന്ന ഹൃദയാവസ്ഥയായിരുന്നു. എന്റെ അദ്ധ്യാപന ശുശ്രൂഷയുടെ ആരംഭകാലമായിരുന്നതിനാൽ ധർമ്മാരാമിലേതിനു പുറമേ കേരളത്തിന്റെ പല ഭാഗങ്ങളിലും ഓരോ കാര്യങ്ങൾ ഏറ്റെടുത്തുവച്ചിരുന്ന അവസരമായിരുന്നു. ഇനി ഏറ്റു നടക്കാനാകുമോ? എന്തെങ്കിലും ചെയ്യാനാകുമോ? എന്നെല്ലാമുള്ള ചിന്തകൾ ഒത്തിരി അലട്ടി. എന്നാൽ ഉറക്കമില്ലാത്ത ഒരു രാത്രി പിന്നിട്ടപ്പോൾ അസാമാന്യമായ മനോധൈര്യമാണ് ഈശോ എനിക്കുതന്നത്. ഈശോയ്ക്കു ഇഷ്ടമുള്ളത് ചെയ്താൽ പോരേയെന്ന ചിന്ത. ജീവിതകാലം മുഴുവൻ ഇങ്ങനെകിടക്കണമെന്നതാണ് ഈശോയുടെ ഇഷ്ടമെങ്കിൽ അതല്ലേ എനിക്ക് ഏറ്റം നല്ലത്? ഏറ്റം എളുപ്പവും. എന്ന ചിന്ത. ഏതായാലും പിന്നീട് ഇന്നുവരെ അസുഖത്തെക്കുറിച്ച് ബുദ്ധിമുട്ടുതോന്നിയിട്ടില്ല. ചെയ്യാവുന്ന ചികിത്സകൾ ചെയ്യുക. ബാക്കി ദൈവത്തിനുവിടുക. പറ്റുന്നതൊക്കെ അതിനിടയിലും ചെയ്തുകൊണ്ടിരിക്കുക. ഒരു കാര്യം പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. എന്റെ അസുഖാവസ്ഥയിലെല്ലാം എന്റെ സി. എം. ഐ. സമൂഹം എന്നെ പൊന്നുപോലെ നോക്കുന്നുണ്ട്. ഒന്നിനു നൂറ് എന്ന് ഈശോ പറഞ്ഞതിന്റെ പൂർണ്ണതയിലുള്ള അനുഭവം.

ദൈവത്തിന്റ പരിപാലനയിലും സി.എം.ഐ സന്യാസ സമൂഹത്തിന്റെ ഔദാര്യത്തിലും സഭയെക്കുറിച്ചും സഭയുടെ ലിറ്റർജി സംബന്ധിച്ചും കുറച്ചൊക്കെ പഠിക്കുവാൻ എനിക്കു അവസരം ലഭിച്ചു. അതിന്റെ വെളിച്ചത്തിൽ സഭയ്ക്കുവേണ്ടി ചെയ്യാവുന്നതു ചെയ്യണം എന്ന ഒരാഗ്രഹം എപ്പോഴുമുണ്ട്. ഈശോയുടെ തുടർച്ചയാണല്ലോ സഭ. അതുകൊണ്ട് ഈശോയോടുള്ള സ്നേഹം ഇപ്പോൾ അങ്ങനെയല്ലേ നമുക്ക് പ്രകടിപ്പിക്കാനാകുക?

എന്റേതായി എനിക്ക് ഒന്നും ഇല്ല. സഭയുടെ കാര്യങ്ങൾ മാത്രമേയുള്ളു. അതുകൊണ്ട് വിജയം തോൽവി, നേട്ടം, നഷ്ടം.... ഒന്നും തടസ്സമാകാറില്ല. ചെയ്യാവുന്നത് ചെയ്യുക. ഫലം തരേണ്ടത് ഈശോയാണ്. അത് സമയത്തിന്റെ പൂർണ്ണതയിൽ തീർച്ച. അതുകൊണ്ട് ഒരിക്കലും ഇഛാഭംഗമില്ല. ഒത്തിരികാര്യങ്ങൾ ചെയ്തെന്നോ, ചെയ്യുന്നെന്നോ വിചാരമില്ല. എന്തെങ്കിലുമുണ്ടെങ്കിൽ അത് ദൈവത്തിന്റെ കാരുണ്യം മാത്രം. കൂടുതലൊന്നും പറയാൻ തോന്നുന്നില്ല.



www.malankaralibrary.com

## 15. നസ്രാണി സഭയുടെ വിശ്വാസ ജീവിത ശൈലി

**ചോദ്യം:** നമ്മുടെ സഭയുടെ ഇപ്പോഴത്തെ വിശ്വാസ ജീവിത ശൈലിയെക്കുറിച്ച് അച്ചന് എന്തെങ്കിലും പ്രത്യേകം പറയാനുണ്ടോ?

**ഉത്തരം:** നേരത്തെ സൂചിപ്പിച്ചതുപോലെ എന്റേതായിട്ട് ഒന്നുമില്ല. ഓരോ സഭയുടെയും വിശ്വാസജീവിത ശൈലിയെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടല്ലോ. അത് കാര്യമായി നമ്മുടെ സഭയിൽ നടപ്പാകാത്തതിൽ വിഷമമുണ്ട്; നടപ്പായികാണാൻ വലിയ ആഗ്രഹവും.

പരിശുദ്ധ ഖുർബാനയർപ്പണവും യാമപ്രാർത്ഥനകളുമാണ് വിശ്വാസജീവിതത്തിന്റെ അഥവാ ആദ്ധ്യാത്മിക ജീവന്റെ നട്ടെല്ല് എന്നും അവ തനതായ ആരാധനാ വത്സര ക്രമീകരണമനുസരിച്ച് ആഘോഷിക്കണമെന്നുമെല്ലാം കൗൺസിൽ വ്യക്തമാക്കുക മാത്രമല്ല, സഭാംഗങ്ങളെല്ലാം, പാശ്ചാത്യരായാലും പൗരസ്ത്യരായാലും, അവരുടെ ജീവിതം അത്തരത്തിൽ ക്രമപ്പെടുത്തണമെന്നു നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു. കൗൺസിലിന്റെ ഈ നിർദ്ദേശം നമ്മുടെ സഭയിൽ കാര്യമായ ചലനമുണ്ടാക്കിയതായി അനുഭവപ്പെടുന്നില്ല. ഖുർബാനയർപ്പണം ഇന്നും കടം തീർക്കലായി കണക്കാക്കപ്പെടുന്നില്ലേയെന്നു സംശയിക്കുന്നു. അരമണിക്കൂറിൽ കൂടുതലായാൽ ബഹുഭൂരിപക്ഷവും നെറ്റിചുളിക്കുന്നു. അതേസമയം ആരാധന ഒരു മണിക്കൂർ സർവ്വസാധാരണവും! ഏതാണ് വലുത്? ഖുർബാനയർപ്പണമോ ആരാധനയോ? ഖുർബാനയർപ്പണം ഖൂദാശയാണെന്നും, ആരാധന ഖൂദാശാനുകരണം മാത്രമാണെന്നും, ഖുർബാനയർപ്പണമില്ലാതെ ആരാധന പറ്റില്ലെന്നുമെല്ലാം ബൗദ്ധീകമായി അറിയാത്തവർ ഉണ്ടോ? എന്നിട്ടും ആവുന്നതും വെട്ടിച്ചുരുക്കി എങ്ങനെയെങ്കിലും ഖുർബാന ചൊല്ലിത്തീർക്കാൻ വെമ്പൽ കൊള്ളുന്നു. അതുകഴിഞ്ഞ് ആരാധന, നൊവേന, തുടങ്ങിയവയുടെ പെരളിയും. ചുരുക്കിപ്പറഞ്ഞാൽ ഖുർബാനയർപ്പണം നമ്മുടെ ഹൃദയത്തെ സ്പർശിച്ചു തുടങ്ങിയിട്ടില്ല. അതുകൊണ്ട് നാം മനസ്സുവച്ച് ആഴത്തിൽ പഠിക്കണം, ധ്യാനിക്കണം, ബോധ്യത്തിലെത്തണം. അങ്ങനെ നമ്മുടെ ജീവിതത്തിന്റെ നിർണ്ണായകവും അനുഭവവേദ്യവുമായ പ്രകാശനമായി ഖുർബാനയർപ്പണം മാറണം. അത് പറ്റുന്നതും വിശദമായും ആഘോഷപൂർണ്ണമായും നടത്താൻ സാധിക്കുന്നത് ജീവിത സാഫല്യമായി മാറണം. **ആഘോഷമായും വിശദമായും റാസ ഖുർബാനയർപ്പിക്കാൻ സാധിക്കുന്നത് നിർവൃതിദായകമാകുമ്പോൾ മാത്രമേ നാം സഭാത്മകമായ ആദ്ധ്യാത്മീകതയിലായി എന്നു പറയാനുകുകയുള്ളു എന്നാണ് എന്റെ ഉത്തമ ബോധ്യം. നമ്മുടെ ശരിയായ ആദ്ധ്യാത്മീകതയുടെ ടെസ്റ്റ് കെയിസായി ഇതുകണക്കാക്കാനാകും.**

പരിശുദ്ധ ഖുർബാനയർപ്പണാനുഭവം ദിവസത്തിന്റെ യാമങ്ങളിലേയ്ക്കു പ്രവഹിപ്പിച്ച് ജീവിതം മുഴുവൻ ദൈവസ്തുതിയിൽ പ്രശോഭിതമാക്കുന്ന സഭാത്മക കർമ്മങ്ങളാണ് **യാമപ്രാർത്ഥനകൾ**. അവ എല്ലാ സഭാംഗങ്ങളുടെയും ദൈവസ്തുതികളാണ്. ഓരോരുത്തരും അവരവരുടെ ജീവിത രീതിക്കനുസരിച്ച്



**ദൈവസ്തുതികൾ** ആലപിക്കണം. **കുടുംബപ്രാർത്ഥനയായി മാറണം.** ഇക്കാര്യത്തിൽ പരിതാപകരമായ സ്ഥിതിയിലല്ലേ നമ്മുടെ സഭ? ഉചിതമായ ക്രമീകരണങ്ങളിലൂടെ നമ്മുടെ എല്ലാ ദൈവാലയങ്ങളും സന്യാസഭവനങ്ങളും കുടുംബങ്ങളും സഭയുടെ ദൈവസ്തുതിയാൽ അതായത് യാമപ്രാർത്ഥനയാൽ മുഖരിതമാകണം. ഞായറാഴ്ചകളുടെയും തിരുനാളുകളുടെയുമെങ്കിലും റംശാ അഥവാ സായാഹ്ന നമസ്കാരം എല്ലാ ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും ആഘോഷമായി നടക്കണം. സാധിക്കുന്നതുപോലെ എല്ലാ ദിവസങ്ങളിലും സപ്രാ അഥവാ പ്രഭാതപ്രാർത്ഥനയും നടക്കണം. ഇങ്ങനെയൊക്കെ നടന്നാൽ പിന്നെ അനുഭവങ്ങൾ തേടി നാനാവഴിക്ക് അലഞ്ഞുതിരിയണ്ട ഗതികേട് നമുക്കുണ്ടാകയില്ല. ദൈവാലയങ്ങളിൽ എത്തി ഇതിലൊന്നും സംബന്ധിച്ച് ദൈവസ്തുതികൾ ആലപിക്കാൻ സാധിക്കാത്തവർ സഭയുടെ കുഞ്ഞുപതിപ്പായ കുടുംബങ്ങളിൽ ആലപിക്കത്തക്കവിധം അറിവും പരിശീലനവും ദൈവജനം മുഴുവനും നൽകുകയും വേണം.

**നോമ്പുപവാസങ്ങളും തിരുനാളാഘോഷങ്ങളുമെല്ലാം** നമ്മുടെ ആരാധനാവത്സര ക്രമീകരണത്തിനനുസരിച്ച് കൃത്യമായി പുനക്രമീകരിക്കപ്പെടണം. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഏറ്റവും വലിയ ആഗ്രഹങ്ങളിലൊന്നാണല്ലോ അത്. ഓരോ സഭയും അതിന്റെ ഭക്താഭ്യാസങ്ങളെല്ലാം ആരാധനാ വത്സര ചൈതന്യത്തിനനുസരിച്ച് ക്രമീകരിക്കണമെന്ന് കൗൺസിൽ കൃത്യമായി നിർദ്ദേശിച്ചിരിക്കുന്നു.

അമ്പതുനോമ്പ്, ഇരുപത്തഞ്ചുനോമ്പ്, പതിനഞ്ചുനോമ്പ്, എട്ടുനോമ്പ്, മൂന്നുനോമ്പ്, വെള്ളിയാഴ്ചനോമ്പ്, ബുധനാഴ്ചനോമ്പ് - നമ്മുടെ പൂർവ്വികർ വളരെ വിശേഷമായി ആചിരിച്ചിരുന്ന നോമ്പുപവാസങ്ങളാണിവ. നമ്മുടെ '*ഭാരതീയ പശ്ചാത്തലത്തിൽ നോമ്പിനും ഉപവാസത്തിനും വിശ്വാസജീവിതത്തിൽ അനന്യമായ പ്രാധാന്യമുണ്ടെന്നും*' നമുക്കറിയാം. നമ്മുടെ സഹപൗരന്മാരായ ഹൈന്ദവരും മുസ്ളീമുകളും ജൈനന്മാരുമൊക്കെ എത്രമാത്രം പ്രാധാന്യമാണിതിനു നൽകുന്നതെന്നും വ്യക്തമാണ്. നാമാകട്ടെ ഇപ്പോൾ ഇക്കാര്യത്തിൽ തികച്ചും പാശ്ചാത്യ ശൈലികളാണ് അനുവർത്തിച്ചുപോരുന്നത്. ഭാരതവൽക്കരണത്തെക്കുറിച്ച് ശക്തമായ ഭാഷയിൽ സംസാരിക്കുന്നവരുടെ സ്ഥിതിയും വിഭിന്നമല്ല. അവബോധതലത്തിൽ തന്നെ മാറ്റം വരുത്തേണ്ട ആവശ്യമുണ്ട്. **പ്രാർത്ഥന, പരിത്യാഗം, ദാനദർമ്മം,** എന്നീ മൂന്നു ഘടകങ്ങൾ നോമ്പാചരണത്തിന് ആവശ്യമാണ്. '*കൃത്യമായി ഉപവസിക്കണം-ദൈവത്തോടുകൂടി ആയിരിക്കണം-കുടുതൽ പ്രാർത്ഥിക്കണം. ദൈവത്തോട് അടുക്കുമ്പോൾ സ്വന്തം ഇഷ്ടങ്ങൾ ത്യജിക്കേണ്ടിവരും. ഏതാനും ഭക്ഷണസാധനങ്ങൾ മാത്രമല്ല, ഇഷ്ടപ്പെട്ടതെല്ലാം. ഓരോരുത്തരും ബോധപൂർവ്വം അത്തരത്തിൽ ത്യാഗം അനുഷ്ടിക്കണം. അതുപോലെ ഉദാരമായി നൽകി സഹോദരങ്ങളെ സഹായിക്കുകയും വേണം. ഇത്തരത്തിൽ നോമ്പാചരണം നടത്തിയാൽ നാമും നമ്മുടെ സമൂഹവും വളരെ ഉന്നതമായ രീതിയിൽ തിളങ്ങി പ്രകാശിക്കും. ആരോഗ്യപരമായ കാരണങ്ങളാൽ തന്നെ ആഴ്ചയിൽ ഒരിക്കലെങ്കിലും ഉപവസിക്കുന്നത് വളരെ നല്ലതാണെന്ന് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നുണ്ടല്ലോ.*'



www.malankaralibrary.com

**മാസവണക്ക ഭക്തികൾ** അതിനാൽ തന്നെ നമ്മുടെ ആരാധനാവത്സര ചൈതന്യവുമായി ഒരു തരത്തിലും ചേർന്നു പോകുന്നവയല്ല. അതുകൊണ്ട് അവയെല്ലാം **കർശനമായി നമ്മുടെ സഭയിൽ നിരോധിക്കപ്പെടേണ്ടവയാണ്.** മേയ്മാസവണക്കവും ഒക്ടോബർമാസത്തിലെ കൊന്തഭക്തിയും നിന്നുപോയാൽ മാതൃഭക്തി ഇടിഞ്ഞു പൊളിഞ്ഞു പോകും എന്നൊന്നും ആരും കരുതിയിട്ടു കാര്യമില്ല. ഇവയൊക്കെ 16-ാം നൂറ്റാണ്ടിനു ശേഷം കയറിവന്ന ഭക്താഭ്യാസങ്ങളല്ലേ? അതിനു മുമ്പുള്ള മാർ തോമാ നസ്രാണികളെക്കുറിച്ചാണല്ലോ, ഇവർ മരിയഭക്തിയിൽ മാതൃകയാണെന്ന്, വിദേശ സഞ്ചാരികളും 16-ാം നൂറ്റാണ്ടിൽ വന്ന പാശ്ചാത്യ മിഷ്യനറിമാരും രേഖപ്പെടുത്തി വച്ചിരിക്കുന്നത്! അതുകൊണ്ട് മാസഭക്തികൾ കൂടാതെയും ഉത്തമ മരിയഭക്തരാകാൻ സാധിക്കുമെന്ന് തീർച്ച. നമ്മുടെ പൂർവ്വികരെ തള്ളിപ്പറഞ്ഞ് പാശ്ചാത്യ മിഷ്യനറിമാരുടെ പിറകേ ഇനിയും നാം അലയണമോ? അതും നമ്മുടെ ആരാധനാ ചൈതന്യത്തിന് ഒട്ടും നിരക്കാത്ത വിധത്തിൽ. ഇപ്പോൾ കാണിച്ചുകൊണ്ടിരിക്കുന്ന ആവേശത്തിലൂടെ അറിഞ്ഞോ അറിയാതെയോ നാം ചെയ്തുകൊണ്ടിരിക്കുന്നതും ഇതാണ്.

ഇത്രയും പറഞ്ഞതിൽനിന്ന് ഞാൻ കൊന്തഭക്തിയുടെ ശത്രുവാണെന്നൊന്നും തീരുമാനിക്കരുത് കെട്ടോ. നിവർത്തിയുണ്ടെങ്കിൽ അതിനു മുടക്കം വരുത്താത്ത വ്യക്തിയാണ് ഞാൻ. ഞങ്ങളുടെ സി.എം.ഐ. സന്യാസസമൂഹ നിയമങ്ങൾ അതനുശാസിക്കുന്നുമുണ്ട്. നിയമങ്ങൾ പാശ്ചാത്യ സഭാ ശൈലിയിൽ ഉണ്ടാക്കിയിട്ടുള്ളതാണെന്നത് വേറെ സത്യം. പലപ്പോഴും കാര്യമായ പ്രാധാന്യം കൽപിക്കാതെ പോകുന്നുണ്ടെങ്കിലും ഈ ഭക്താഭ്യാസത്തിലെ മർമ്മപ്രധാനമായ കാര്യം രക്ഷാകര രഹസ്യങ്ങളിലുള്ള അനുചിന്തനമാണല്ലോ. അത് നമ്മുടെ ദൈവാരാധനാ ശൈലി തന്നെയാണ്. ലത്തീൻ സഭയിലെ ദൈവാരാധന പശ്ചാത്തലത്തിൽ മാർപ്പാപ്പാമാരും വളരെ പുകഴ്ത്തിയിട്ടുള്ള ഒരു ഭക്താഭ്യാസമാണിത്. ഇങ്ങനെയൊക്കെയാണെങ്കിലും അത് ഒരു ഭക്താഭ്യാസം മാത്രമാണ്. സഭയുടെ ആരാധനാ കർമ്മങ്ങളുമായി - പടിഞ്ഞാറനോ കിഴക്കനോ ആയാലും - അതിനെ ഒരു തരത്തിലും താരതമ്യപ്പെടുത്താനാകില്ല. സഭയുടെ യാമപ്രാർത്ഥനയ്ക്കു പകരം വയ്ക്കാനാകില്ലായെന്നു ചുരുക്കം. **നമ്മുടെ ആരാധനാ വത്സര ക്രമീകരണമനുസരിച്ച് മംഗലവാർത്തക്കാലമാണ് മരിയഭക്തി പ്രകാശനത്തിനുള്ള അവസരം.** പ്രസ്തുത കാലത്തിലെ യാമപ്രാർത്ഥനയിൽ ഉചിതമായ ക്രമീകരണങ്ങൾ കണ്ടെത്താനും പറ്റും. *'ഈശോയുടെ അമ്മയായി എന്നതാണല്ലോ കന്യകാമറിയത്തിന്റെ ഏറ്റം വലിയ മേന്മ. അതുവഴിയാണ് നാം മറിയത്തോടു കടപ്പെട്ടിരിക്കുന്നതും. അതുകൊണ്ട് മാതൃഭക്തിക്കുള്ള പ്രത്യേക ഊന്നൽ മംഗലവാർത്തക്കാലത്തിന്റെ ആചരണം കൂടുതൽ മിഴിവുറ്റതാക്കുകയേയുള്ളു.'*

അമ്പതുനോമ്പ്, ഇരുപത്തഞ്ചുനോമ്പ്, ശൈലിയിൽ മാതാവിന്റെ സ്വർഗ്ഗാരോപണത്തിനും ജനനത്തിനും ഒരുക്കമായി പതിനഞ്ചുനോമ്പും എട്ടുനോമ്പും വളരെ പൂജ്യമായി നമ്മുടെ പൂർവ്വികർ ആചരിച്ചിരുന്നതാണ്. പൗരസ്ത്യസഭകളുടെ ശൈലിയിൽ നോമ്പുപവാസം ആദ്ധ്യാത്മികതയുടെ ഏറ്റം



ശ്രേഷ്ഠമായ പ്രകാശനങ്ങളിലൊന്നാണ്. നമ്മുടെ ദേശീയ സാംസ്കാരിക പശ്ചാത്തലത്തിലും നോമ്പുപവാസത്തിന് വളരെയധികം പ്രാധാന്യം കൽപിക്കുന്നുണ്ടല്ലോ. അതുകൊണ്ടുതന്നെയായിരിക്കണം **നമ്മുടെ പൂർവ്വികർ മാതൃഭക്തിയുടെ ശ്രേഷ്ഠമായ പ്രകാശനങ്ങളായി എട്ടുനോമ്പും പതിനഞ്ചുനോമ്പും ക്രമീകരിച്ചുറപ്പിച്ചത്.** അതുപോലെ, ആണ്ടുവട്ടത്തിലെ എല്ലാ ബുധനാഴ്ചകളിലും നോമ്പാചരിച്ച് മരിയഭക്തി ജീവിതത്തിന്റെ നിർണ്ണായക ഘടകങ്ങളിലൊന്നായി മാറ്റിയിരുന്നു. മാതാവിന്റെ തിരുനാളുകളും വളരെ വിശേഷമായിതന്നെ നമ്മുടെ സഭ ആഘോഷിച്ചിരുന്നു. എല്ലാ ഘോഷങ്ങളിലും പ്രധാന ഘടകങ്ങൾ പരിശുദ്ധ ഖുർബ്ബാനയർപ്പണവും യാമപ്രാർത്ഥനയുംതന്നെ. കൂടാതെ ഭജനം തുടങ്ങിയ അനുബന്ധാചാരണങ്ങളും കൂട്ടിച്ചേർത്തിരുന്നു. എല്ലാം നമ്മുടെ ദേശീയ സാംസ്കാരിക ശൈലിയിൽതന്നെ. ഇത്ര വിശിഷ്ടവും സഭാത്മകവും സാംസ്കാരികവും സ്വദേശിയവും ഒക്കെയായ മരിയഭക്തിക്കു പകരം പടിഞ്ഞാറനും വിദേശിയനും തന്നെ വേണമെന്ന കടുംപിടുത്തം സ്വല്പം കട്ടിയായി തോന്നുന്നില്ലേ? ഭക്താഭ്യാസങ്ങൾ നല്ലതാണ്. എന്നാൽ, ***അധികമായാൽ അമൃതും വിഷം*** എന്നല്ലേ ചൊല്ല്. നമ്മുടെ സഭയിൽ അങ്ങനെ സംഭവിച്ചുപോയിട്ടില്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഭക്താഭ്യാസങ്ങളുടെ "അഡിക്ഷനിൽ" (addiction) പെട്ടുപോയിട്ടില്ലേയെന്നും ചിന്തനീയം. ഫലമോ? അവ വളർന്നു പന്തലിക്കുന്നു. സഭയുടെ മൗലിക ആരാധനാ കർമ്മങ്ങളായ **പരിശുദ്ധ ഖുർബാനയർപ്പണവും യാമപ്രാർത്ഥനയും ചോരയും നീരും വറ്റി ശുഷ്കിച്ചു പോകുന്നു.** നമ്മുടെയിടയിൽ തഴച്ചുവളരുന്ന ഭക്താഭ്യാസങ്ങളാണെങ്കിൽ ഒന്നും തന്നെ സഭയുടെ ആരാധനാ വത്സര ക്രമീകരണവുമായി യോജിച്ചു പോകുന്നവയുമല്ല. മറിച്ച്, മിക്കവാറും എല്ലാം തന്നെ ലത്തീൻ സഭയിലെ കാലഹരണപ്പെട്ട ആരാധനാവത്സര സംവിധാന ശൈലിയിൽപെട്ടതും. ഇത്തരം സ്ഥിതി മാറണമെന്നു വത്തിക്കാൻ കൗൺസിൽ നിർദ്ദേശിക്കയും ചെയ്തിരിക്കുന്നു. ഇങ്ങനെയൊക്കെയായിട്ടും നാം കണ്ണുമടച്ച് മുന്നോട്ടുപോകുന്നത് ശരിയാകുമോ?

ഏതെങ്കിലും ഭക്താഭ്യാസം ഉപകാരപ്രദമായി അനുഭവപ്പെടുന്നുണ്ടെങ്കിൽ അത് നമ്മുടെ ആരാധനാ വത്സര ശൈലിയനുസരിച്ച് പുനക്രമീകരിക്കണം. ഉദാ: മാസധ്യാനം. ധ്യാനവും സ്വയം പരിശോധനയുമെല്ലാം ജീവിത നവീകരണത്തിനും പുത്തനുണർവിനും വളരെ സഹായിക്കുന്നവയാണ്. ആരാധനാ വത്സരത്തിലെ ഓരോ കാലവുമനുസരിച്ച് അത് പുനക്രമീകരിക്കാമല്ലോ. ഓരോ കാലത്തിന്റെയും അവസാന ദിവസം കഴിഞ്ഞുപോയതിന്റെ വിലയിരുത്തലിനും വരാനിരിക്കുന്നതിന്റെ രൂപരേഖാ ക്രമീകരണത്തിനുമെല്ലാമായി നീക്കിവയ്ക്കുന്നത് വളരെ ആരോഗ്യ പ്രദമായിരിക്കും. അതുപോലെ മാസാദ്യ വെള്ളിയാഴ്ചയാചരണം കാലത്തിന്റെ ആദ്യവെള്ളിയിലേയ്ക്കു മാറ്റാമല്ലോ. എന്തു പറ്റിയോ നമ്മുടെ സഭയ്ക്ക്? ആരാധനാ വത്സര പഞ്ചാംഗം പോലും കാലങ്ങൾക്കനുസരിച്ച് ക്രമീകരിക്കാൻ പറ്റാത്ത തരത്തിൽ ലത്തീൻ സഭയുടെ "മാസശൈലി"ക്ക് നാം "അഡിക്ടാ"യിപ്പോയതായി അനുഭവപ്പെടുന്നു.



www.malankaralibrary.com

ഇതിനെല്ലാം പ്രധാന ഉത്തരവാദികൾ വൈദിക-സന്യാസ ശ്രേണിയിലുള്ളവരല്ലേയെന്നും ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. സുഖമുണ്ടായിരുന്ന കാലയളവിൽ കേരളത്തിന്റെ തെക്കുമുതൽ വടക്കുവരെയുള്ള മിക്കവാറും പ്രദേശങ്ങളിലെ പല തരത്തിലുള്ള സമൂഹങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള അവസരം ദൈവപരിപാലനയിൽ എനിക്കു ലഭിച്ചിട്ടുണ്ട്. അവരുമായി സഭാത്മകവും ആരാധനാ പരവുമായ കാര്യങ്ങൾ ഒരുവിധം വിശദമായിത്തന്നെ ചർച്ച ചെയ്യാനും ഇടയായിട്ടുണ്ട്. അത്മായ സമൂഹങ്ങളിൽ നിന്നുമുള്ള പ്രതികരണം നൂറു ശതമാനം പ്രോത്സാഹനാത്മകമായിരുന്നുവെന്ന് എടുത്തു പറയാൻ താൽപര്യമുണ്ട്. സത്യം മനസ്സിലാക്കി കഴിഞ്ഞാൽ പിന്നെ വില പേശാൻ നിൽക്കാതെ അതു പ്രാവർത്തികമാക്കാൻ അവർ കാണിച്ചിരുന്ന ഉത്സാഹം അതിശയനീയമായിരുന്നു. മറ്റു ശ്രേണികളിലുള്ളവരാണ് കാര്യങ്ങൾ ഭാഗീകമായിട്ടെങ്കിലും അംഗീകരിക്കുമ്പോഴും പ്രായോഗികമാക്കാൻ ബുദ്ധിമുട്ടു പ്രകടിപ്പിച്ചിട്ടുള്ളത്. അതു മിക്കവാറും പാശ്ചാത്യ ശൈലികളിൽ കൂടുതൽ ഉറച്ചു പോയതുകൊണ്ടാണ് എന്നു കരുതാനാണ് എളുപ്പം. അവർക്കെല്ലാം തന്നെ അത്തരത്തിൽ കൂടുതൽ പരിശീലനവും രൂപവൽക്കരണവും ലഭിച്ചിട്ടുമുണ്ടല്ലോ.

വത്തിക്കാൻ കൗൺസിൽ കഴിഞ്ഞിട്ട് അരനൂറ്റാണ്ടായില്ലേ? ഇനിയെങ്കിലും അതിന്റെ പഠനങ്ങളനുസരിച്ച് സഭയിലെ ആദ്ധ്യാത്മിക ജീവിതം പുനക്രമീകരിക്കാൻ സഭയ്ക്കു നേതൃത്വം കൊടുക്കുന്നവർ തയ്യാറാകണം. പരിശുദ്ധ ഖുർബാനയർപ്പണവും യാമപ്രാർത്ഥനയുമാണ് അനുദിന സഭാജീവിതത്തിന്റെ നിർണ്ണായക ആചരണങ്ങൾ എന്ന് അവർ ഉറക്കെ തറപ്പിച്ചു പറയണം. അവ സഭയുടെ ശൈലിയനുസരിച്ച് സഭ മുഴുവനിലും ആചരിക്കപ്പെടുവാൻ കൃത്യവും വ്യക്തവുമായ നിർദ്ദേശങ്ങൾ നൽകണം. മറ്റു ഭക്താഭ്യാസങ്ങൾ സഭയുടെ ആരാധനാ വത്സര ക്രമീകരണത്തോടു യോജിക്കുന്നവ മാത്രം മതിയെന്നു നിഷ്കർഷിക്കണം. ഭക്താഭ്യാസങ്ങളിലെ ധൂർത്ത് കർശനമായി നിരോധിക്കയും വേണം. **അപ്പോൾ നമ്മുടെ സഭ ആദിമസഭാസമൂഹ ശൈലിയിൽ ഈശോയ്ക്ക് സത്യത്തിൽ സാക്ഷ്യം വഹിക്കുന്നതായി മാറും.**

ആദ്യമേ ശരിയായ ബോധനത്തോടുകൂടി ആധികാരികമായ ആരാധനാ കർമ്മങ്ങൾ ഉചിതമായ രീതിയിൽ നടപ്പാക്കുമ്പോൾ അനുചിതമായിട്ടുള്ളവയെല്ലാം താനേ അപ്രത്യക്ഷമായി കൊള്ളും. നേതൃത്വം കൊടുക്കേണ്ടവർ "ഞാങ്കണ"പോലായാൽ നമ്മുടെ സഭ ഇന്നത്തേതിലും കഷ്ടത്തിലായി ത്തീരുമെന്നതും സത്യം.

## 16. ദനഹാ സർവ്വീസസ്

**ചോദ്യം:** അച്ചന്റെ നേതൃത്വത്തിൽ "ദനഹാ സർവ്വീസസ്" ഏതാനും ആരാധനക്രമ ഗ്രന്ഥങ്ങൾ - ആശീർവ്വാദപ്രാർത്ഥനകൾ, മാതൃസ്തവങ്ങൾ, പീഡാനുഭവവാര കർമ്മങ്ങൾ, പിറവിത്തിരുനാൾ കർമ്മം, തുടങ്ങിയവ - പ്രസിദ്ധീ



കരിച്ചിട്ടുണ്ടല്ലോ. ആരാധനക്രമ ഗ്രന്ഥങ്ങൾ സഭയിൽനിന്നും ഔദ്യോഗികമായി പ്രസിദ്ധീകരിക്കേണ്ടവയല്ലേ? അങ്ങനെയെങ്കിൽ, ഇങ്ങനെ ചെയ്യുന്നതിനുള്ള പ്രേരകം എന്താണ്?

**ഉത്തരം:** ലിറ്റർജി വിഷയങ്ങൾ ശാസ്ത്രീയമായി പഠിച്ചപ്പോൾ, ആരാധനക്രമ ഗ്രന്ഥങ്ങൾ എങ്ങനെയായിരിക്കണമെന്ന് ഏകദേശം മനസ്സിലാക്കാനായി. സഭ ജീവിക്കുന്ന യാഥാർത്ഥ്യമാണല്ലോ. ഈശോയിൽ ഉത്ഭവിച്ച് റൂഹാദ്ഖുദ്ശായുടെ സംരക്ഷണയിൽ ലോകം മുഴുവൻ നിറഞ്ഞ് യുഗാന്ത്യത്തിലേയ്ക്ക് വളർന്നുകൊണ്ടിരിക്കുന്ന ജീവൽ വൃക്ഷം. സഭയോടു ബന്ധപ്പെട്ട എല്ലാകാര്യങ്ങളും, ഈശോയിൽനിന്നും ശ്ലീഹന്മാരിലൂടെ പകർന്നു കിട്ടിയവ സ്ഥല കാല സാഹചര്യങ്ങളോടിഴുകിച്ചേർന്ന് നിരന്തരം പുഷ്ടിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ലിററർജി അഥവാ ദൈവാരാധനയും അങ്ങനെതന്നെ. ഓരോ കാലയളവിലും ഓരോ സ്ഥലത്തും ജീവിക്കുന്ന വിശ്വാസികൾ ചെയ്യേണ്ടത്, പൂർവ്വികർ പകർന്നു തന്നിട്ടുള്ളവ കഴിവിന്റെ പൂർണ്ണതയിൽ ഏറ്റുവാങ്ങി സ്വയം അനുഭവിച്ച്, ജീവിച്ച്, വളർത്തി, വികസിപ്പിച്ച്, അടുത്ത തലമുറയ്ക്ക് കൈമാറുക എന്നുള്ളതാണ്. അതുകൊണ്ട് നാം നമ്മുടെ ഉറവിടങ്ങൾ കഴിവതും കണ്ടെത്തണം. ഇന്നത്തെ സാഹചര്യത്തിൽ അനുഭവിച്ചാസ്വദിച്ച്, വരും തലമുറയ്ക്ക് കൈമാറുകയും വേണം.

സഭയുടെ മൗലീകമായ ഈ തത്വത്തിൽ ഊന്നി നിന്നുകൊണ്ട് നമ്മുടെ ചില ദൈവരാധനാ ഉറവിടങ്ങൾ അന്വേഷിക്കുന്നതിനും പരിശ്രമിച്ചു. ചില ഉറ്റ സുഹൃത്തുക്കളുടെ സഹായവും അതിനുണ്ടായിരുന്നു. അങ്ങനെ കണ്ടെത്തുവാനിടയായവ ആധുനിക സാഹചര്യങ്ങളോടിണക്കി ഉപയോഗപ്രദമായി വെളിച്ചം കാണിക്കാൻ രൂപികരിച്ച സംവിധാനമാണ് 'ദനഹാ സർവ്വീസസ്' പ്രസിദ്ധീകരണം. ഇതിൽ പ്രസിദ്ധീകരിച്ചിട്ടുള്ളവയൊന്നും ഔദ്യോഗിക രീതിയിലുള്ള ലിറ്റർജി ഗ്രന്ഥങ്ങളല്ല. അങ്ങനെയാക്കേണ്ടത് സഭയുടെ ഔദ്യോഗിക സംവിധാനമാണ്. ഇപ്പോഴത്തെ രീതിയിൽ നമ്മുടെ മെത്രാൻമാരുടെ സിനഡാണ്. സഭ ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിരിക്കുന്ന ലിറ്റർജി ഗ്രന്ഥങ്ങളൊന്നും ദനഹാ സർവ്വീസസ് പ്രസിദ്ധീകരിച്ചിട്ടില്ല. ഖുർബ്ബാന തക്സായും, ഖൂദാശാ-പൊന്തിഫിക്കൽ ക്രമങ്ങളും, പ്രോപ്രിയാകൾ പരീക്ഷണാർത്ഥവുമാണ് ഇപ്പോൾ ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിരിക്കുന്ന ആരാധനക്രമ ഗ്രന്ഥങ്ങൾ. ഔദ്യോഗികമായവ ഉപയോഗിക്കണമെന്ന കാര്യത്തിൽ സംശയത്തിന് വകയില്ലല്ലോ. അപ്രകാരമുള്ള ഗ്രന്ഥങ്ങൾ ഇനിയുമാകാത്തവയ്ക്ക് ഉചിതമായവ തെരഞ്ഞെടുത്ത് ഉപയോഗിക്കാൻ പൂർണ്ണ സ്വാതന്ത്ര്യവുമുണ്ട്. അതുകൊണ്ട് ദനഹാ സർവ്വീസസിന്റെ ലിറ്റർജി ഗ്രന്ഥങ്ങളെല്ലാം സന്മനസ്സുള്ള ആർക്കും ഉപയോഗിക്കാവുന്നതാണ്. എല്ലാം സഭയുടെ ഔദ്യോഗിക അധികാര സമക്ഷം സമർപ്പിച്ചിട്ടുള്ളവയുമാണ്. ഔദ്യോഗികമാക്കി അംഗീകരിക്കാവുന്നതുമാണ്. ഒരുകാര്യം വ്യക്തമാക്കാൻ താല്പര്യമുണ്ട്. '*നമ്മുടെ ഉറവിടങ്ങൾ പരമാവധി അന്വേഷിച്ചു കണ്ടെത്തി ഇന്നത്തെ സാഹചര്യങ്ങൾക്കിണക്കി, എന്നാൽ തനതാത്മകതയും അനന്യതയും കഴിവതും നിലനിർത്തിക്കൊണ്ടാണ് അവയെല്ലാം സംവിധാനം ചെയ്തി*



www.malankaralibrary.com

*രിക്കുന്നത്.'* ദനഹാ സർവ്വീസസിന്റെ മിക്കവാറും എല്ലാ ലിറ്റർജി ഗ്രന്ഥങ്ങളും വളരെ അനുഭവവേദ്യമായും ഫലപ്രദമായും ഒത്തിരിയേറെ വിശ്വാസികൾ ഉപയോഗിക്കുന്നുണ്ടെന്നറിയുന്നത് വളരെ സന്തോഷം നൽകുന്നതും പ്രചോദനകരവുമായ വസ്തുതയാണ്. പല പുസ്തകങ്ങളും പല തവണ പുനപ്രസിദ്ധീകരിക്കേണ്ടതായും വന്നിട്ടുണ്ട്. ഉറവിടങ്ങൾ സമുചിതമായും ഫലപ്രദമായും ഇന്നത്തെ സാഹചര്യത്തിൽ ഉപയോഗപ്രദമാകും എന്നതിനു തെളിവുകളുമാണവ.

നമ്മുടെ ലിറ്റർജി ഗ്രന്ഥങ്ങളായി ഇംഗ്ലീഷ് ഭാഷയിൽ ഒന്നും തന്നെയില്ലാതിരുന്ന അവസ്ഥയും വളരെയേറെ സപർശിച്ചിട്ടുണ്ട്. ഇന്നത്തെ സാഹചര്യ സമ്മർദ്ദത്തിൽ വളരെയധികം വിശ്വാസികൾ ഇംഗ്ലീഷ് ഭാഷാ പശ്ചാത്തലത്തിൽ ജീവിക്കുന്നുണ്ടെന്നറിയാമല്ലോ. നേതൃനിരയിലുള്ളവർപോലും ചില സന്ദർഭങ്ങളിൽ ലത്തീൻ സഭയുടെ ഇംഗ്ലീഷിലുള്ള ക്രമങ്ങൾ ഉപയോഗിക്കുന്ന ശോച്യാവസ്ഥ പരിഹരിക്കപ്പെടേണ്ടതല്ലേ? നമ്മുടെ സഭയ്ക്ക് ആളുകളും സാഹചര്യങ്ങളും കഴിവുമൊന്നും ഇല്ലാഞ്ഞിട്ടാണെങ്കിൽ സഹിക്കാമായിരുന്നു. നമ്മുടെ ആരാധനക്രമ ഗ്രന്ഥങ്ങളെല്ലാം ഇംഗ്ലീഷിലും കൂടി പ്രസിദ്ധീകരിക്കുക അത്യാവശ്യകാര്യമാണ്. നമ്മുടെ സഭയുടെ കേന്ദ്രകാര്യാലയം തന്നെ അതു നിർവ്വഹിക്കേണ്ടിയുമിരിക്കുന്നു. നമ്മുടെ അധികാരികൾ മനസ്സുവച്ചാൽ അതു എളുപ്പത്തിൽ സാധിക്കാനുള്ളതേയുള്ളൂ.

"ദനഹാ സർവീസസ്" അതിന്റേതായ രീതിയിൽ പറ്റുന്നതു ചെയ്യുന്നുവെന്നേയുള്ളൂ. അങ്ങനെ Blessings and Prayers എന്ന പേരിൽ അത്യാവശ്യമുള്ള ഖൂദാശാനുകരണങ്ങളും Bless the Lord എന്ന തലക്കെട്ടോടെ ആണ്ടുവട്ടം മുഴുവൻ ഉപയോഗിക്കത്തക്കവിധം യാമപ്രാർത്ഥനയുടെ ഒരു സംക്ഷിപ്തരൂപവും, Crown of the Year എന്ന പേരോടെ ആരാധനാവത്സരം മുഴുവനും വേണ്ടിയുള്ള പ്രോപ്രിയ അഥവാ പരിശുദ്ധ ഖുർബാനയിൽ മാറിവരുന്ന പ്രാർത്ഥനകളും ഗീതങ്ങളും, Passion Week and Easter Sunday എന്ന പേരിൽ പീഡാനുഭവവാര-ഉയിർപ്പുതിരുനാൾ കർമ്മങ്ങൾ മുഴുവനും, Mary Matha എന്ന തലക്കെട്ടിൽ മാതാവിന്റെ എട്ടു തിരുനാളുകൾക്കുള്ള യാമപ്രാർത്ഥനയും, Commencement of the Great Fast എന്ന പേരിൽ നോമ്പാരംഭ ദിനത്തിലെ പരിശുദ്ധ ഖുർബാനയർപ്പണവും യാമപ്രാർത്ഥനയും പ്രാസിദ്ധീകരിക്കാനായിട്ടുണ്ട്. ഇവയുടെയെല്ലാം തന്നെ അവസാന മിനുക്കുപണികൾ നടത്തിയിട്ടുള്ളത് നമ്മുടെ ലിറ്റർജി പാരമ്പര്യം കാര്യമായി പഠിച്ചിട്ടുള്ളതും മെൽക്കൈറ്റ് സഭാംഗവും ആ സഭയുടെ പല ലിറ്റർജി ഗ്രന്ഥങ്ങളും ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്നതിന് കാതലായ സംഭാവന നല്കിയിട്ടുള്ളയാളും ട്രിനിട്ടേറിയൻ സന്ന്യാസ സമൂഹാംഗവും അമേരിക്കക്കാരനുമായ Damon Geiger എന്ന വന്ദ്യ വൈദീകനാണെന്ന കാര്യം എടുത്തു പറയേണ്ടതുമുണ്ട്. അതു കൊണ്ട് ഭാഷാശൈലിയിലും അവ നല്ല നിലവാരം പുലർത്തുന്നവയാണ്.



## 17. വചന പ്രഘോഷണം

**ചോദ്യം:** ഖുർബാന മദ്ധ്യേയുള്ള പ്രസംഗങ്ങൾ വൈദികൻ സ്വന്തം മനോധർമ്മമനുസരിച്ച് നിർവഹിക്കുന്നത് ശരിയാണോ? അതെങ്ങനെയായിരിക്കണമെന്ന് നിർദ്ദേശിക്കാനാകുമോ?

**ഉത്തരം:** തീർച്ചയായും കുറെയെല്ലാം പുരോഹിതന്റെ വ്യക്തിത്വം അവിടെ പ്രകാശിക്കുക സ്വാഭാവികമാണ്. ദൈവവചനം ധ്യാനിച്ച്, സാത്മീകരിച്ച്, അനുഭവമാക്കി, വേണമല്ലോ പ്രഘോഷണം ചെയ്യാൻ. നമ്മുടെ ലിറ്റർജി ശൈലിയിൽ പറഞ്ഞാൽ വായനകൾ ദീർഘവും പ്രസംഗം ഹ്രസ്വവുമായിരിക്കണം. 'വായന' എന്ന വാക്കുതന്നെ പൗരസ്ത്യ സഭകളുടെ പാരമ്പര്യങ്ങളിൽ കണ്ടിട്ടില്ല. എപ്പോഴും ദൈവവചനം ആലപിക്കുകയാണ്. 'പാടുന്നവർ ഇരട്ടി പ്രാർത്ഥിക്കുന്നു' എന്നല്ലേ വേദപാരംഗതനായ ആഗസ്തീനോസ് പുണ്യവാൻ കുറിച്ചിരിക്കുന്നത്. ലിറ്റർജിയിലെ വായനകളെല്ലാം പൗരസ്ത്യ സഭകൾ ഒരു പ്രത്യേക രീതിയിൽ പാടുകയാണ് ചെയ്യുന്നത്. ലത്തീൻ സഭയും ആഘോഷാവസരങ്ങളിൽ അങ്ങനെയാണല്ലോ ചെയ്യുന്നത്.

വചന വ്യാഖ്യാനം സത്യത്തിൽ വിശ്വാസ പ്രഘോഷണമാണ്. നമുക്കാണെങ്കിൽ ഞായറാഴ്ചകൾക്കും തിരുനാളുകൾക്കും നാല് വായനകൾ എന്ന ശൈലിയാണുള്ളത്. വിശുദ്ധ ഗ്രന്ഥത്തിന്റെ ജനകീയ പരാമർശങ്ങളിൽ നിന്നും ഉടലെടുത്ത സമ്പ്രദായമായിട്ടാണ് അതിനെ പണ്ഡിതന്മാർ കാണുന്നത്. 'നിയമവും പ്രവാചകന്മാരും' എന്ന് പഴയ നിയമത്തെയും 'സുവിശേഷങ്ങളും ശ്ലീഹായും' എന്ന് പുതിയ നിയമത്തെയും ജനകീയ ശൈലിയിൽ പരാമർശിക്കുക പതിവാണല്ലോ. നമ്മുടെ പഴയനിയമ വായനകളിൽ ഒന്ന് പ്രധാനമായും പഞ്ചഗ്രന്ഥിയിൽ നിന്നും രണ്ടാമത്തേത് പ്രവചനഗ്രന്ഥങ്ങളിൽ നിന്നുമായിരിക്കും. പുതിയ നിയമ വായനകളിൽ ഒന്ന് പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ നിന്നും രണ്ടാമത്തേത് സുവിശേഷങ്ങളിൽ നിന്നും. അതുകൊണ്ട് നമ്മുടെ വചനശുശ്രൂഷ വചനഭാഗങ്ങളുടെ അർത്ഥത്തിനെന്നതിനേക്കാൾ **ഊന്നൽ കൊടുക്കുന്നത് വിശുദ്ധഗ്രന്ഥം മുഴുവൻ നമ്മുടെ വിശ്വാസത്തിന്റെ ഉറവിടമായി ഏറ്റുപറയുന്നു എന്ന സത്യത്തിനാണെന്നു വ്യക്തം.** നമ്മുടെ വചന വ്യാഖ്യാനവും അതേ ചൈതന്യത്തിൽ തന്നെ ആയിരിക്കണമെന്ന കാര്യം പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലോ. അതുകൊണ്ട് മറ്റ് മതഗ്രന്ഥങ്ങളിൽ നിന്നോ, പിതാക്കൻമാരുടെയോ വിശുദ്ധരുടെയോ എഴുത്തുകളിൽ നിന്നു പോലുമോ പകരം പാടില്ലെന്നു വ്യക്തം. വചന ഭാഗങ്ങൾ വായിച്ച് ഒരു പ്രാവശ്യമെങ്കിലും അൽപം ദീർഘമായി അവയിൽ ധ്യാനിച്ച് സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കി വിശ്വാസ സമൂഹത്തിൽ പ്രഘോഷണം ചെയ്യാനായാൽ അതുത്തമമായിരിക്കുമെന്ന് അഭിപ്രായമുണ്ട്. ഉള്ളിൽ നിന്നും പ്രവഹിക്കുമ്പോൾ തീർച്ചയായും ശ്രോതാക്കളെ സ്പർശിക്കും.



www.malankaralibrary.com

## 18. ഖുർബാന അർപ്പണ ശൈലി

**ചോദ്യം:** പരിശുദ്ധ ഖുർബാനയർപ്പണം ചിലയിടത്തെല്ലാം വെട്ടിച്ചുരുക്കിയും കൂട്ടിച്ചേർത്തുമൊക്കെയാണല്ലോ. ചിലപ്പോൾ ധാരാളം സ്വയം പ്രേരിത പ്രാർത്ഥനകളും. അതേക്കുറിച്ച് അച്ചൻ എന്തു പറയുന്നു.?

**ഉത്തരം:** ഇതേക്കുറിച്ചും എനിക്ക് എന്റേതായ പ്രത്യേക അഭിപ്രായമൊന്നുമില്ല. കൊല്ലങ്ങൾക്കു മുമ്പേ വത്തിക്കാൻ കൗൺസിൽ വളരെ വ്യക്തമായി പറഞ്ഞുവച്ചിട്ടുള്ളത് മാത്രം. ലിറ്റർജിയെക്കുറിച്ചുള്ള പ്രമാണരേഖയുടെ 22-ാം ഖണ്ഡിക ലിറ്റർജിയിൽ വ്യതിയാനങ്ങൾ വരുത്തുന്നതിനുള്ള അധികാരം ആർക്കൊക്കെയാണെന്നു വ്യക്തമാക്കുന്നുണ്ട്. അതനുസരിച്ച് ഒരു പുരോഹിതനുപോലും സ്വമേധയാ കൂട്ടുന്നതിനോ കുറയ്ക്കുന്നതിനോ തിരുത്തുന്നതിനോ ഒന്നും സഭ അധികാരം നൽകുന്നില്ല. സഭയുടെ ശിക്ഷണത്തിന് നാം വിധേയരാകണമല്ലോ.

**രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ** എന്ന ലേബലിൽ പലരും ചെയ്തുകൂട്ടുന്നത് സൂക്ഷിച്ചു വീക്ഷിച്ചാൽ "ഇരുട്ടിൽ" അഥവാ "കൂരിരുട്ടിൽ" ആണെന്ന് വ്യക്തം. ലിറ്റർജി എന്താണെന്ന് കൗൺസിൽ വളരെ മനോഹരമായി വിശദീകരിച്ചിട്ടുണ്ട്. എന്നാൽ പിൽക്കാലത്ത് അതുമായി **പുലബന്ധം** പോലുമില്ലാത്ത രീതിയിൽ അതിനെ ചിലർ വ്യാഖ്യാനിച്ചിട്ടുമുണ്ട്. ലിറ്റർജി, അത് ഏതു സഭയിലായാലും വിശ്വാസത്തിന്റെ പ്രകാശനമാണ്. അല്ലാതെ സംസ്കാരത്തിന്റെയോ ദേശീയതയുടെയോ പ്രാദേശികകതയുടയോ ഒന്നും പ്രകാശനമല്ല. അത്തരം കാര്യങ്ങൾ പശ്ചാത്തലം മാത്രമാണ്. പശ്ചാത്തലങ്ങൾക്ക് അമിത പ്രാധാന്യം കൊടുക്കുന്നതുവഴി കാതൽ കാര്യമായി ശ്രദ്ധിക്കപ്പെടാതെ പോകുന്ന സാഹചര്യങ്ങൾ ധാരാളം കാണുന്നു. അതുപോലെ ലിറ്റർജിയുടെ യഥാർത്ഥ ചൈതന്യവുമായി ഒട്ടും ചേരാത്ത പലതും കൂട്ടിച്ചേർക്കാൻ പ്രേരിപ്പിക്കപ്പെടുകയും ചെയ്യുന്നു. ബനഡിക്റ്റ് 16-ാമൻ മാർപ്പാപ്പായുടെ "ലിറ്റർജിയുടെ ചൈതന്യം" എന്ന പുസ്തകത്തെക്കുറിച്ചു പറഞ്ഞതാണല്ലോ. അത്തരം ഗ്രന്ഥങ്ങൾ ആഴത്തിൽ പഠന വിഷയമാക്കിയാൽ പല അപാകതകളും ഒഴിവാക്കാനാകും. അഭിപ്രായങ്ങളും ആശയങ്ങളും പഠനങ്ങളും കണ്ടെത്തലുകളുമെല്ലാം സഭയിൽ പരിചിന്തനത്തിനും സംവാദത്തിനുമായി സമർപ്പിക്കുകയും, അനുഷ്ഠാനത്തിൽ സഭയുടെ കാലാ കാലങ്ങളിലുള്ള നിർദ്ദേശങ്ങൾ പാലിക്കുകയും ചെയ്യുക എന്നതാണ് സഭാത്മക ശൈലി. ഐക്യത്തിനും വളർച്ചയ്ക്കും മെശിയാനിക സാക്ഷ്യത്തിനുമുള്ള ഏകവഴിയും അതാണെന്നാണ് എന്റെ ബോധ്യം. ഞാൻ പഠിച്ചിട്ടുള്ളതനുസരിച്ച് യോജിക്കാൻ ബുദ്ധിമുട്ടുള്ള ചില കാര്യങ്ങൾ ഇപ്പോൾ നമ്മുടെ ഉപയോഗത്തിനായി നൽകിയിരിക്കുന്ന ഖുർബാന തക്സായിലുണ്ട്. അവയുടെ വിശദാംശങ്ങൾ വേണ്ടപ്പെട്ടവരെയെല്ലാം ഞാൻ അറിയിച്ചിട്ടുമുണ്ട്. എങ്കിലും ഖുർബാനയർപ്പണം തക്സായിൽ കൊടുത്തിരിക്കുന്നതനുസരിച്ച് മാത്രമാണ് നടത്തുന്നത്. എന്റെ പഠനമനുസരിച്ച് ഖുർബാനയർപ്പിക്കാനല്ല സഭ എന്നോട് ആവശ്യപ്പെടുന്നത്. മറിച്ച്, ഇപ്പോൾ നൽകിയിരിക്കുന്ന നിർദ്ദേശങ്ങളനുസരിച്ച് ചെയ്യാനാണ്.



സഭ ഈശോയുടെ തുടർച്ചയാണെന്ന് നമുക്കറിയാം. അതുകൊണ്ട് ഈശോ തന്നെയാണ് എന്നോട് അതാവശ്യപ്പെടുന്നത്. അടുത്ത നവീകരണാവസരത്തിൽ എന്റെ പഠനഫലവും കണക്കിലെടുത്തേക്കാം. ഇത്തരത്തിൽ സഭയോടു ചേർന്നുനിൽക്കാനാണ് വിശ്വാസം എന്നെ നിർബന്ധിക്കുന്നത്. കത്തോലിക്കാ സഭയിൽ ഓരോ വിശ്വാസിയും ഇപ്രകാരമായിരിക്കണമെന്നാണ് എന്റെ ചിന്ത. **സഭയോട് ചേർന്ന് നിൽക്കുമ്പോൾ നാം ഒരു പരിധിവരെ നമ്മുടെ സ്വാർത്ഥത്തിനും ഇഷ്ടാനിഷ്ടങ്ങൾക്കും കടിഞ്ഞാൺ ഇടുകയാണ്, ശിക്ഷണം നൽകുകയാണ്. അവിടെയാണ് നാം സത്യത്തിൽ ബലിയർപ്പണത്തിൽ പങ്കാളികളാകുന്നത്.**

## 19. ഭാരതപൂജ

**ചോദ്യം:** അച്ചൻ അദ്ധ്യാപകനായിരിക്കുന്ന ധർമ്മാരാമാണ് ഭാരതപൂജയുടെ പ്രഭവസ്ഥാനമെന്നും, അവിടെ ഇപ്പോഴും അതു നടക്കുന്നുണ്ടെന്നുമൊക്കെ പറഞ്ഞു കേൾക്കുന്നു. നമ്മുടെ സഭയിൽ അങ്ങനെ ഒരു ഖുർബാനക്രമം ഉണ്ടോ? അതിന്റെ പ്രസക്തി എന്താണ്?

**ഉത്തരം:** മാർ തോമാ നസ്രാണികളായ നമ്മുടെ സഭയെയും അനുഷ്ഠാനങ്ങളെയും കുറിച്ച് ***വൈദേശികം*** എന്ന് ആരും പറയാനിടയായിട്ടില്ലെന്ന് കാര്യങ്ങൾ ഗൗരവപൂർവ്വം പരിഗണിക്കുന്നവർക്കൊക്കെ അറിയാം. സത്യത്തിൽ ഇന്ത്യയിലെ മറ്റേതു പ്രമുഖ മതാനുയായികളേയുംകാൾ പൗരാണികത്വം നമുക്ക് അവകാശപ്പെടുവാനുമുണ്ട്. ഇന്ന് ഇന്ത്യയുടെ ഉടമസ്ഥർ എന്നു അവകാശപ്പെടുന്ന ഹിന്ദുക്കൾ പുറത്തുനിന്നു വന്നവരാണെന്നും നാനാവിധ വിശ്വാസ, ആചാരാനുഷ്ഠാനങ്ങളുടെ ഒരു കൂട്ടമാണെന്നും എല്ലാവർക്കും അറിയാം. ഒരു താത്വിക അടിത്തറ അതിനു പണിയാൻ പരിശ്രമിച്ചത് നമ്മുടെ കൊച്ചു കേരളത്തിൽ നിന്നുമുള്ള ശങ്കരാചാര്യരാണല്ലോ. അതും 8-ാം നൂറ്റാണ്ടിൽ. ഹൈന്ദവരുടെ പ്രാമാണിക ഗ്രന്ഥങ്ങളായറിയപ്പെടുന്ന വേദങ്ങൾ, ഉപനിഷത്തുകൾ, ഭഗവത്ഗീത, തുടങ്ങിയവയിൽ ബൈബിളിന്റെ സ്വാധീനം വളരെയുണ്ടെന്നു സമർത്ഥിക്കുന്ന പണ്ഡിതരും ധാരാളം. കേരളത്തിലേക്കുള്ള ഹൈന്ദവ സ്വാധീനമാണെങ്കിൽ 5-ാം നൂറ്റാണ്ടു തുടങ്ങി മാത്രവും. ഇതൊക്കെ പരിഗണിക്കുമ്പോൾ മാർ തോമാ നസ്രാണികൾ അവരേക്കാൾ പൗരാണികത്വമുള്ളവരാണ് ഭാരതത്തിലും കേരളത്തിലും എന്നതിന് സംശയമില്ലല്ലോ.

16-ാം നൂറ്റാണ്ടിലെ പാശ്ചാത്യ കടന്നു കയറ്റത്തിലൂടെയാണല്ലോ ലത്തീൻ സഭ ഭാരതത്തിലെത്തുന്നത്. അതുകൊണ്ട് ലത്തീൻ ക്രിസ്ത്യാനികളെ മറ്റു മതാനുയായികൾ, പ്രത്യേകിച്ചും വടക്കേ ഇന്ത്യയിൽ, പാശ്ചാത്യ അധിനിവേശ ഫലമെന്നോണം കാണാനിടയായി. തന്മൂലം മേൽക്കോയ്മ അവസാനിച്ചതോടെ ക്രിസ്ത്യാനികളും സ്വതന്ത്ര ഇന്ത്യയുടെ ആധികാരിക ഭാഗമല്ലായെന്ന ചിന്ത പ്രബലപ്പെട്ടു. തന്മൂലം സ്വന്തം അസ്തിത്വം ഉറപ്പിക്കുന്നതിന്റെ നീക്കമായി "ഭാരതവൽക്കരണം" എന്ന **ലേബൽ** എല്ലായിടത്തും ഒട്ടിക്കാൻ തുടങ്ങി. അങ്ങനെ വിശ്വാസത്തിന്റെ പ്രകാശനമായ ലിറ്റർജിയുടെ പുറത്തും



www.malankaralibrary.com

അതൊട്ടിച്ചപ്പോൾ ഉരുത്തിരിഞ്ഞതാണ് ഭാരതപൂജ. നേരത്തെ പറഞ്ഞുവച്ച തുപോലെ വിശ്വാസം സാംസ്കാരിക, ദേശിയ, പ്രാദേശിക, പരിധികൾക്കതീതമായ ഒന്നാകയാൽ, **ഇതൊരവിവേക** പ്രകടനമായിപ്പോയി എന്നാണ് എനിക്കു പറയാനുള്ളത്.

നമ്മുടെ സീറോ മലബാർ സഭയുടെ കാര്യത്തിൽ 1950-60 കൾ വളരെ നിർണ്ണായകമായ ഒരു കാലഘട്ടമാണ്. നമ്മുടെ സഭയെ വ്യക്തമായറിഞ്ഞ്, ആഴത്തിൽ സ്നേഹിച്ചിരുന്ന കർദ്ദിനാൾ ടിസ്സറാന്റിന്റെയും അദ്ദേഹത്തിന്റെ വിശ്വസ്ത സഹായിയും ക്രാന്തദർശിയുമായിരുന്ന പൊടിപാറ പ്ളാസിഡച്ച ന്റെയും വിവേകപൂർണ്ണമായ പരിശ്രമ ഫലമായി തങ്കലിപികളിൽ രേഖപ്പെടുത്തപ്പെടേണ്ട നേട്ടങ്ങൾ നമ്മുടെ സഭയ്ക്ക് ഈ കാലയളവിൽ ഉണ്ടായി. **വൈരുദ്ധ്യാത്മികതയിലും പാശ്ചാത്യവൽക്കരണത്തിലും അലകും പിടിയും വികലമായിരുന്ന നമ്മുടെ ലിറ്റർജി തനിമയിൽ പുനരുദ്ധരിക്കപ്പെട്ടു. പമ്പാ, ഭാരതപ്പുഴ നദികൾക്കുള്ളിലായി ഒതുക്കപ്പെട്ടുപോയ നമ്മുടെ വേലിക്കെട്ടു പൊളിച്ചു. പ്രതീകാത്മകമായി ഛാന്ദാ മിഷൻ ഏല്പിച്ചു കൊണ്ട് നമ്മുടെ സഭയുടെ മിഷൻ പ്രവർത്തനത്തിനുള്ള മൗലീകാവകാശം പുനസ്ഥാപിക്കപ്പെട്ടു. സഭാത്മക ശൈലിയിൽ വൈദിക പരിശീലനം നടക്കേണ്ടതിന്റെ ആവശ്യകത ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് വടവാതൂർ സെമിനാരി ആരംഭിച്ചു.** (***വീണ്ടുവിചാരം:*** നമ്മുടെ സഭയെ ഇതുപോലെ സ്നേഹിച്ചു വളർത്തിയ ഈ രണ്ടു മഹത്വ്യക്തികൾക്കും അർഹമായ പരിഗണന കൊടുക്കാൻ ഇതേവരെ നമ്മുടെ സഭയ്ക്ക് സാധിച്ചിട്ടില്ലെന്നുള്ളത് സത്യം). അങ്ങനെ ശക്തമായി മുന്നോട്ടു കുതിക്കാൻ നമ്മുടെ സഭ തയ്യാറാകുന്നതു കണ്ടപ്പോൾ മെശിയാനിക ചൈതന്യത്തിൽ അതു മനസ്സിലാക്കാൻ കഴിയാതെപോയ ലത്തീൻ സഭയിലെ ഏതാനും ബുദ്ധിജീവികൾ, ലത്തീൻ സഭയുടെ ഭാരതത്തിലെ സർവ്വാധിപത്യത്തിന് ഭീഷണിയായി അതിനെ തെറ്റിദ്ധരിച്ചു. തന്മൂലം വളരെ ആസൂത്രിതമായ ഒരു **തന്ത്രം** മെനഞ്ഞുണ്ടാക്കി. ഭാരതവൽക്കരണത്തിന്റെ കമനീയമായ ഉടുപ്പും അതിനെ അണിയിച്ചു.

തന്ത്രം: ***തോമാ ശ്ലീഹാ ഒന്നാം നൂറ്റാണ്ടിൽ ഇന്ത്യയിൽ സ്ഥാപിച്ചത് തനി ഭാരതീയമായ ഒരു സഭയും ലിറ്റർജിയുമായിരുന്നു. നാലാം നൂറ്റാണ്ടിൽ കൽദ്ദായർ അതിനെ തനി കൽദ്ദായയാക്കി മാറ്റി. പതിനാറാം നൂറ്റാണ്ടിൽ പാശ്ചാത്യർ അതിനെ ലത്തീനീകരിച്ചു. വത്തിക്കാൻ കൗൺസിൽ ആവശ്യപ്പെടുന്നത് ഉറവിടങ്ങളിലേയ്ക്കു തിരിച്ചുപോകാനാണ്. അതുകൊണ്ട് സീറോ മലബാർ സഭ ചെയ്യേണ്ടത് കൽദായവൽക്കരണമല്ല ഭാരതവൽക്കരണമാണ്. അങ്ങനെ ഉറവിടത്തിൽ എത്തണം . എത്ര സുമുഖം! വശ്യം! ബുദ്ധിജീവികളുടെ മസ്തിഷ്ക ശിശു! അങ്ങനെ സഭയുടെ ആധികാരിക ചൈതന്യവും ലിററർജിയും പുനരുദ്ധരിക്കണമെന്നു പറയുന്നവർ തനി യാഥാസ്ഥിതികരും കൽദായവാദികളുമായി. ഭാരതവൽക്കരണക്കാർ പുരോഗമനവാദികളും!***

നമ്മുടെ സഭയിലെ സമുന്നതരും ബുദ്ധിജീവികളുമായവരിൽ ഭൂരിപക്ഷവും ഈ **"എലിപ്പെട്ടി"**യിൽ വീണുപോയി എന്നതാണ് സത്യം. കാരണം,



സഭയുടെയും ലിറ്റർജിയുടെയും ഉത്ഭവവും വളർച്ചയും സംബന്ധിച്ച വ്യക്തമായ ബോദ്ധ്യങ്ങൾ അവർക്കില്ലാതെ പോയി എന്നതുതന്നെ. അങ്ങനെ നമ്മുടെ സഭ രണ്ടു ചേരികളിലായി പരസ്പരം കടിപിടി തുടങ്ങി. ഈ കെണിയിൽ നിന്നും രക്ഷപെടാൻ, വത്തിക്കാൻ പലവിധത്തിൽ പരിശ്രമിച്ചിട്ടുപോലും, ഇതേവരെ നമുക്കു സാധിച്ചിട്ടുമില്ല. ഫലമോ? ഭിന്നിപ്പിച്ചു ഭരിക്കുക എന്ന പാശ്ചാത്യ തന്ത്രം മുഴുവനായും ഫലിച്ചു, വിജയിച്ചു. **1950-60 കളിൽ കാണിച്ച കുതിപ്പ് നിമിഷങ്ങൾക്കകം തളർച്ചയായി മാറി.** നേടിയെടുക്കേണ്ടിയിരുന്ന - കുതിപ്പിന് തുടക്കം കുറിച്ചവർ ആഗ്രഹിച്ച - ഒത്തിരികാര്യങ്ങൾ ഇന്നും അന്വർത്ഥമാകാതെ കിടക്കുന്നു. അധികാരസ്ഥാനമാനങ്ങൾ കിട്ടിയാൽ എല്ലാം ശരിയാകുമെന്ന് ഒരു കാലത്ത് പറഞ്ഞിരുന്നു. കിട്ടിക്കഴിഞ്ഞിട്ട് ഇപ്പോൾ എത്രയോ വർഷങ്ങളായി? നമ്മുടെ സ്വന്തത്തിൽ സ്വന്തമായ സീറോ മലങ്കര സഭയുടെ പാഠം ഉൾക്കൊള്ളുന്നതിനുപോലും നമുക്കാകുന്നില്ല!

അങ്ങിനെ ലത്തീൻ സഭയിലും നമ്മുടെ സഭയിലും ഓരോ തരത്തിൽ ഭാരതവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്തതിന്റെ ഫലമായിട്ടാണ് ഭാരതപൂജകൾ ഉണ്ടായത്.

ഇക്കാര്യത്തിൽ ധർമ്മാരാമിന് കാര്യമായ പങ്കുണ്ടായിരുന്നുവെന്നത് വസ്തുതയാണ്. വത്തിക്കാൻ തന്നെ ഇക്കാര്യത്തിൽ ഇടപെടുകയും ഭാരതവൽക്കരണ പരിപാടികളെക്കുറിച്ചും ഭാരതപൂജകളെക്കുറിച്ചുമെല്ലാം പണ്ഡിതരെ നിയമിച്ച് ആധികാരിക പഠനം നടത്തുകയും ഉണ്ടായി. അതിന്റെ ഫലമായി 1977-ൽ ഭാരതപൂജ നിരോധിക്കുകയും 1980-ൽ നമ്മുടെ പിതാക്കന്മാർക്കയച്ച പഠനരേഖയിലൂടെ വത്തിക്കാന്റെ പഠനഫലങ്ങൾ സഭയെ അറിയിക്കുകയും ചെയ്തു.

അങ്ങനെ 1977-ൽ ധർമ്മാരാമിൽ ഭാരതപൂജാപരീക്ഷണം നിറുത്തിക്കളഞ്ഞതാണ്. പിന്നിട് വല്ലപ്പോഴും വല്ലതും സംഭവിച്ചിട്ടുണ്ടെങ്കിൽ അത് അനധികൃതമായ ചില ചെയ്തികളായി കണക്കാക്കാനേയുള്ളു. ധർമ്മാരാമിന്റേത് എന്നു പറയാനാവില്ല.

നമ്മുടെ വിശ്വാസത്തിന് അതിന്റേതായ അനന്യതയുണ്ടെന്ന് നമുക്കറിയാം. മറ്റു മതവിശ്വാസങ്ങളുമായി, പ്രത്യേകിച്ചും ഹിന്ദു മത വിശ്വാസവുമായി താരതമ്യം ചെയ്യാനാവാത്ത പ്രത്യേകതകൾ നമുക്കുണ്ട്. ഹിന്ദു മത വിശ്വാസങ്ങളും ആചരണങ്ങളുമൊക്കെ പല തരത്തിലുള്ള കെട്ടുപാടുകളിലും സങ്കൽപങ്ങളിലും നിന്നൊക്കെ ഉൽഭവിച്ചിട്ടുള്ളവയാണെന്ന് എല്ലാവർക്കുമറിയാം. നമ്മുടെ വിശ്വാസമാകട്ടെ ഒരു ചരിത്രയാഥാർത്ഥ്യത്തിലാണ് ഉറപ്പിച്ചിരിക്കുന്നത്. നമ്മുടെ രക്ഷകൻ ഒരു ചരിത്ര പുരുഷനാണ്. രക്ഷകന്റെ, ജനനം യാദൃശ്ചികമായി സംഭവിച്ച ഒന്നല്ല. അതിന്റെ ഒരുക്കവും കാര്യങ്ങളുമെല്ലാം നമ്മുടെ വിശുദ്ധ ഗ്രന്ഥത്തിൽ തന്നെയുണ്ട്. ഈശോ യഹൂദനായിട്ടാണ് ജനിച്ചതെങ്കിലും അവിടുന്ന് പൂർത്തിയാക്കിയ രക്ഷാകർമ്മം സകല ജനങ്ങൾക്കും വേണ്ടിയുള്ളതാണെന്നും നമുക്കറിയാം. അതിനാൽ തന്നെ നമ്മുടെ വിശ്വാസം ഏതു സാഹചര്യത്തിനും പറ്റിയതും എല്ലാറ്റിനെയും അതിശയിക്കുന്നതുമാണ്.



www.malankaralibrary.com

എന്നിരുന്നാലും അവശ്യമായ ചില ചരിത്ര വസ്തുതകളിൽ നിന്നോ സാഹചര്യങ്ങളിൽ നിന്നോ പൂർണ്ണമായും വിടുതലാകുന്നതിനും സാധ്യമല്ല. ഇക്കാര്യങ്ങളൊക്കെ പരിഗണിച്ചു കൊണ്ടു തന്നെ ഏതു സ്ഥലത്തിന്റെയും സംസ്കാരത്തിന്റെയും ശൈലികളുമായി സാധിക്കുന്നത്ര മുഴുവനായും ഇഴുകിച്ചേരാൻ പരിശ്രമിക്കുകയും വേണം.

നമ്മുടെ പൂർവ്വികർ പൂർണ്ണമായും നമ്മുടെ ജീവിത സാഹചര്യങ്ങൾ നിലനിറുത്തിക്കൊണ്ടുതന്നെയാണ് ശ്ലീഹായിൽ നിന്നും പകർന്നു കിട്ടിയ വിശ്വാസം ജീവിച്ചു വളർത്തിയതെന്നത് സത്യം. **മാർ തോമാ നസ്രാണികൾ ഭാരതീയരല്ലെന്നു പുറത്തുനിന്നുള്ള ആരും പറഞ്ഞു കേട്ടിട്ടില്ല.** നമ്മിൽ തന്നെ ചിലർ വ്യക്തമായും ആഴമായും അന്വേഷണ പഠനങ്ങൾ നടത്താത്തതിന്റെ പശ്ചാത്തലത്തിൽ അങ്ങനെ ചിന്തിക്കാനും പറയാനുമൊക്കെ പ്രേരിപ്പിക്കപ്പെട്ടു പോകുന്നുവെന്നേയുള്ളു. നമ്മുടെ സഭയെ ഭാരതീയമാക്കാൻ അവർ അനുകരിക്കുന്നത് 16-ാം നൂറ്റാണ്ടിൽ ഭാരതത്തിൽ എത്തിയവരുടെ പിൻഗാമികളായ ലത്തീൻ സഭയിലെ ചില വിദഗ്ദരെയാണെന്നുള്ളത് ഏറെ വിചിത്രമായ വസ്തുതയും. അതുകൊണ്ട് തുടക്കം മുതലേ ഞാൻ ആവർത്തിച്ച കാര്യം തന്നെ ഇവിടെ പ്രസക്തം. ആഴമായ പഠനം വേണം. '*ഭാരതവല്ക്കരണം* എന്ന *ലേബലിൽ* ഇന്ന് നമ്മുടെ സഭയിൽ ചിലർ കാട്ടിക്കൂട്ടുന്നത് ചില ഹൈന്ദവ അനുഷ്ഠാനങ്ങളുടെ വളരെ ഉപരിപ്ളവമായ അനുകരണങ്ങളും ആവർത്തനവുമാണ്. ആദിമ നൂറ്റാണ്ടിലെ വിശ്വാസികൾ ഇതുപോലെയൊക്കെ ചെയ്യുവാൻ സമ്മതിച്ചിരുന്നെങ്കിൽ കത്തോലിക്കാ സഭയുടെ രക്തസാക്ഷികളുടെയും വിശുദ്ധരുടെയും പട്ടിക വളരെ ശുഷ്കമായിപ്പോയേനെയെന്നാണ് തോന്നുന്നത്.'* നമ്മുടെ ചുറ്റും ഹൈന്ദവർ മാത്രമല്ലല്ലോ ഉള്ളത്. വേറെ പല മതങ്ങളിൽ പെട്ടവരും ഉണ്ട്. വിശ്വഹിന്ദുപരിഷത്ത്, ഭാരതീയ ജനതാ പാർട്ടി, ബജറംഗ്ദൾ തുടങ്ങിയവർ സ്ഥാപിച്ചെടുക്കാൻ കൽപിച്ചു കൂട്ടി പരിശ്രമിക്കുന്നത് - ഇന്ത്യ ഹൈന്ദവരുടേത് മാത്രം എന്ന സമവാക്യം - നമ്മുടെ ഭാരതവൽക്കരണക്കാരും പരോക്ഷമായിട്ടെങ്കിലും സമ്മതിച്ചുകൊടുക്കുന്നതുപോലെ തോന്നിപ്പോകുന്നു.

**"വിശ്വാസത്തിൽ സാർവ്വത്രികം, ദൈവാരാധനയിൽ പൗരസ്ത്യം, സംസ്കാരത്തിൽ ഭാരതീയം"**, എന്നല്ലേ സഭാ സ്നേഹിയായ പ്ളാസിഡച്ചൻ നമ്മുടെ സഭയെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തിക്കൊടുത്തിരിക്കുന്നത്. '*അതിന്റെ പൂർണ്ണാർത്ഥത്തിൽ നമുക്ക് എന്നും ജീവിക്കുന്നതിനും വളരുന്നതിനും ഭാരതത്തിന്റെ ഏതുകോണിലേയ്ക്കും വ്യാപിക്കുന്നതിനും സാധിക്കും എന്നുതന്നെയാണ് എനിക്കും പറയാനുള്ളത്.*' സാസ്കാരികവും സാമൂഹികവുമായ ഘടകങ്ങൾ, അവ ഘടനാത്മകമായിത്തന്നെ ഏതെങ്കിലും പ്രത്യേക മത വിശ്വാസവുമായി ഇഴുകിച്ചേർന്നു പോയിട്ടുള്ളവയല്ലെങ്കിൽ, സാർവ്വത്രീകത നിലനിർത്തുന്നവയാണ്. നമ്മുടെ വിശ്വാസത്തിന് എതിരല്ലാത്ത അത്തരം ഘടകങ്ങൾ നിലനിർത്തുകയും സാത്മീകരിക്കുകയും ചെയ്യുക നമ്മുടെ വിശ്വാസത്തിന്റെ സത്തയിൽ പെടുന്നതാണ്. ഇതിനനുസരിച്ചാണ് നമ്മുടെ പൂർവ്വികർ നമ്മുടെ സഭയെ വളർത്തിയിട്ടുള്ളത്. "തോമാ മെശിയാനിക സംസ്കാരം"



(Thomas Christian Cutlture) എന്ന് പൂർണ്ണാർത്ഥത്തിൽ വിശേഷിപ്പിക്കത്തക്കതാണ് നമ്മുടെ സഭാശൈലിയായ **"മാർ തോമാ മാർഗ്ഗം"** എന്നാണ് എന്റെ ബോധ്യം. അതിന്റെ ശൈലിയിലും രീതിയിലുമാണ് ഇന്ത്യയിലെ മെശിയാനിക സാന്നിദ്ധ്യം വികസിക്കേണ്ടതെന്നാണ് എനിക്കു പ്രത്യേകം പറയാനുള്ളത്. ഇവിടെയും ആവർത്തിക്കുവാൻ ആഗ്രഹിക്കുന്നു: ആഴമായ പഠനം അത്യാവശ്യം.

## 20. ആരാധനാ ഗീതങ്ങൾ-ദൈവാലയ അലങ്കാരങ്ങൾ

**ചോദ്യം:** മലങ്കര, ലത്തീൻ, സഭകളിൽ ദൈവരാധനാ ഗീതങ്ങൾക്ക് നിയതമായ പ്രത്യേക ശൈലിയുള്ളതുപോലെ തോന്നുന്നു. നമ്മുടെ സഭയിൽ ഓരോ സ്ഥലത്തും ഓരോ രീതിയിലാണല്ലോ. അച്ചന്റെ അഭിപ്രായം എന്താണ്? അതുപോലെ തിരുനാളവസരങ്ങളിലും മററും അൾത്താരയും ദൈവാലയ ഭിത്തിയുമെല്ലാം അലങ്കരിക്കുന്നത് എങ്ങിനെ വേണമെന്ന് പറയാനാകുമോ?

**ഉത്തരം:** "പാടുന്നവർ ഇരട്ടി പ്രാർത്ഥിക്കുന്നു", എന്നത് അന്വർത്ഥമാകത്തക്കവിധം ദൈവാരാധനാ ഗീതങ്ങൾ ഉന്നതമായ പ്രാർത്ഥനാഭാവമുള്ളവയായിരിക്കണം. ഏറ്റം ലളിതമായിരിക്കണം. സമൂഹത്തിൽ എല്ലാവർക്കും ഒത്തൊരുമിച്ച് നിഷ്പ്രയാസം ആലപിക്കത്തക്കതായിരിക്കണം. ദൈവാരാധന മനുഷ്യൻ സ്വയം ദൈവത്തിങ്കലേയ്ക്ക് ഉയർത്തുന്ന പ്രവൃത്തിയാകയാൽ അവിടെ സംഗീതോപകരണങ്ങൾ അത്യാവശ്യത്തിനു മാത്രമേ പാടുള്ളു. വിശ്വാസികളുടെ സ്വരമല്ലേ ദൈവത്തിങ്കലേയ്ക്കുയരേണ്ടത്? ലത്തിൻ സഭയിൽ ഓർഗൺ മാത്രമേ ഉപയോഗിക്കുന്നുള്ളുവെന്നത് എല്ലാവർക്കും അറിയാമല്ലോ. മലങ്കരയിലും ഏകദേശം അതുപോലെ തന്നെ. അവരുടേതായ പ്രത്യേക രീതിയുമുണ്ട്. നമ്മുടെ സഭയിലും കുറെ വർഷങ്ങൾക്കു മുമ്പ് അങ്ങനെയായിരുന്നുവെന്ന് കുറെപ്പേരെങ്കിലും ഓർമ്മിക്കുന്നുണ്ടാകും: റബേക്ക (Fiddle), തിരിയാകോൽ (Triangle), തമ്പോർ (Drum) ഇവ മാത്രമായിരുന്നല്ലോ നാം ഉപയോഗിച്ചിരുന്നത്.

ഖുർബാന തക്സായിലും ആരാധനക്രമ ഗ്രന്ഥങ്ങളിലുമുള്ളവ മാത്രമാണ് ഗീതങ്ങളായി ആലപിച്ചിരുന്നത്. പ്രാർത്ഥനകളും മറ്റും ഉചിതമായി സംഗീതം നൽകി ആലപിക്കുകയായിരുന്നല്ലോ. സുറിയാനി, ഗ്രീക്ക്, ലത്തീൻ, ആരാധനാ ഭാഷകളിൽ ഖുർബാനയും മറ്റും നടത്തിയിരുന്ന കാലയളവിൽ, ഒരു സഭയും പ്രത്യേകം ആരാധനാ ഗീതങ്ങൾ ഉണ്ടാക്കുന്നതിനേക്കുറിച്ച് ചിന്തിച്ചിട്ടേയില്ല. ആരംഭത്തിൽ ഉരുത്തിരിഞ്ഞതെങ്ങനെയോ അങ്ങനെ തന്നെ ഉപയോഗിച്ചുപോരുകയായിരുന്നു. ഗദ്യരൂപത്തിലായിരുന്നവ പിൽക്കാലത്ത് പാടണമെന്നാഗ്രഹിച്ചപ്പോൾ, വേറെ പ്രത്യേക ഗീതങ്ങൾ ഉണ്ടാക്കുകയല്ല, ഗദ്യരൂപം തന്നെ സംഗീതം കൊടുത്ത് ആലപിക്കുകയാണ് ചെയ്തിട്ടുള്ളത്. അടുത്തകാലത്ത് ലത്തീൻ സഭയുടെ ശൈലിയിൽ മാതൃഭാഷയുടെ ഉപയോഗം തുടങ്ങിയപ്പോഴാണ്, പ്രത്യേകം ഗീതങ്ങളുണ്ടാക്കുന്ന ശൈലിയും നമ്മുടെ സഭയിൽ ആരംഭിച്ചത്. അതിന്റെ അപാകത കുറെയൊക്കെ മനസ്സിലായതു



www.malankaralibrary.com

കൊണ്ടാണെന്നു തോന്നുന്നു ഈ അടുത്തകാലത്ത് ലത്തീൻ സഭയിൽ ഇംഗ്ലീഷ് ആരാധനയ്ക്കുപയോഗിക്കുന്ന സ്ഥലങ്ങളിൽ ഗദ്യഭാഗങ്ങൾ അങ്ങനെ തന്നെ നിലനിർത്തി സംഗീതം പകർന്ന് ഉപയോഗിക്കാൻ ഔദ്യോഗികമായി ത്തന്നെ പ്രോത്സാഹനം കൊടുക്കുന്നത്.

നമ്മുടെ ഖുർബാനക്രമവും മറ്റും മാതൃഭാഷയിലാക്കിയ ആദ്യ അവസരത്തിൽ സുറിയാനി രീതിയിൽ വളരെ വിശ്വസ്ഥമായിട്ടാണ് ഗീതങ്ങൾക്ക് രൂപം കൊടുത്തിട്ടുള്ളത്. അവയെല്ലാം വളരെ ലളിതവും കുഞ്ഞുങ്ങൾക്കു പോലും വളരെ എളുപ്പത്തിൽ ആലപിക്കാനാകുന്നവയുമാണ്. സാവകാശത്തിൽ സിനിമാ ശൈലികളിലേയ്ക്കും മറ്റും കടക്കാൻ തുടങ്ങിയപ്പോഴാണ് എല്ലാം താളം തെറ്റിയത്. സാവകാശത്തിൽ ഏതുപാട്ടും അർക്കും ആരാധനയിൽ ഏതുസമയത്തും എങ്ങനെ വേണമെങ്കിലും പാടാമെന്ന വികൃതമായ സ്ഥിതിവിശേഷത്തിലേയ്ക്ക് വഴുതി വീഴുകയും ചെയ്തു. ചോദിക്കാനും പറയാനും ആരുമില്ലാത്ത അവസ്ഥ ചില പ്രദേശങ്ങളിലെങ്കിലും വന്നുവെന്നത് സത്യമാണ്.

ഇതിനെല്ലാം അറുതിവരുത്താനായി, ഖുർബാനയർപ്പണ വേളയിൽ തക്സായിൽ കൊടുത്തിരിക്കുന്ന ഗീതങ്ങൾ മാത്രമേ ഉപയോഗിക്കാവൂ എന്നു നമ്മുടെ സഭാ സിനഡ് നിർദ്ദേശിച്ചു. എങ്കിലും പലയിടത്തും വ്യത്യാസം വരുത്താതെ തുടർന്നുപോയതായിട്ടാണ് അറിയാൻ സാധിച്ചിട്ടുള്ളത്. സിനഡംഗങ്ങൾ പോലും  അക്കാര്യത്തിൽ ആവശ്യമായ ശ്രദ്ധ ചെലുത്തിയോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

അവസാനം നമ്മുടെ സഭയുടെ ശ്രേഷ്ഠമെത്രാപ്പോലീത്താ തന്നെ പ്രശംസനീയമായ വിധം ഒരു ഇടയലേഖനത്തിലൂടെ നമ്മുടെ സഭയിൽ ആരാധനാ ഗീതങ്ങൾ എങ്ങനെയായിരിക്കണമെന്ന് സഭാംഗങ്ങൾ എല്ലാവരേയും അറിയിച്ചു. നമ്മുടെ സഭയിൽ ഇടവകകൾക്ക് നേതൃത്വം കൊടുക്കുന്ന കൊച്ചിടയന്മാർ പലരും അതുകണ്ടോയെന്നും, അവരുടെ ജനങ്ങളെ വിവരം അറിയിച്ചോയെന്നും ബലമായി സംശയിക്കേണ്ടതായിട്ടാണിരിക്കുന്നത്. ഞാനിപ്പോൾ താമസിക്കുന്ന ബാംഗ്ലൂരിൽ പല സീറോ മലബാർ ഇടവകകളുണ്ട്. അവയിൽ ഒന്നിലെങ്കിലും അതിന്റെ പ്രതികരണം ഉണ്ടായതായി അറിഞ്ഞിട്ടില്ല. ധർമ്മാരാം സെമിനാരിയിൽ പോലും അത് ഒരു പ്രതികരണവും ഉണ്ടാക്കിയിട്ടില്ലായെന്നതാണ് സത്യം!

നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾ തൃപ്തിപ്പെടുത്താനാണ്, കഴിവുകൾ പ്രകാശിപ്പിക്കാനാണ്, ഗീതങ്ങൾ ആലപിക്കുന്നതെങ്കിൽ, അത് ദൈവരാധനയെന്നു പറയാനാവില്ല. **സഭയോടുള്ള വിശ്വസ്തത ദൈവരാധനയിലെ ഏതു ഘടകത്തിനും അവശ്യം വേണമെന്ന്** പ്രത്യേകം പറയേണ്ടതില്ലല്ലോ. അതുകൊണ്ട് സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ള ഏതു ഗീതവും, എല്ലാ രീതികളും, ലിറ്റർജിയിൽ ഉപയോഗിക്കാവുന്നതാണ്. **അത് മാത്രമെ ഉപയോഗിക്കാൻ പാടുള്ളൂ.** എന്റെ വ്യക്തിപരമായ അഭിപ്രായമാണെങ്കിൽ, സുറിയാനി ഭാഷയുടെ കാര്യം പറഞ്ഞതുപോലെ, സുറിയാനി രീതികൾ



നമ്മുടെ ദൈവാരാധനയുടെ, പ്രത്യേകിച്ചും ഖുർബാനയർപ്പണത്തിന്റെ, ശ്ലൈഹിക പശ്ചാത്തലത്തിൽ മുഴുകുന്നതിന് വളരെ സഹായകമായതുകൊണ്ട്, അതുപയോഗിക്കുന്നതാണ് കൂടുതൽ ഉപകാരപ്രദം എന്നതാണ്.

ദൈവാലയാലങ്കാരങ്ങളുടെ കാര്യം ശ്രദ്ധിക്കുമ്പോൾ ഓരോ പ്രത്യേക സഭയിലെയും ദൈവാലയം അതിന്റെ ദൈവാരാധനാ ശൈലിയിൽ ക്രമീകരിക്കുകയെന്നതാണ് സഭയുടെ നിലപാട്. പൗരസ്ത്യ സഭകൾ ഒന്നും തന്നെ പുരാതന ശൈലിയിൽ കാതലായ വ്യതിയാനം വരുത്തിയിട്ടില്ല. ലത്തീൻ സഭയിൽ മാത്രമാണ് കഴിഞ്ഞ നൂറ്റാണ്ടിൽ ചില അടിസ്ഥാനപരമായ അഴിച്ചുപണി നടന്നിട്ടുള്ളത്. നമ്മുടേതുപോലെ അടിമുടി ലത്തീനീകരിക്കപ്പെട്ട ഒന്നു രണ്ടു പൗരസ്ത്യ സഭകളിലും അതിന്റെ പ്രത്യാഘാതങ്ങൾ ഉണ്ടായിട്ടുണ്ട്.

ദൈവാലയത്തിന്റെ ഉൾവശം ദൈവാരാധനയുടെ ആഘോഷം സമുചിതമായി നടത്തത്തക്കവിധം സംവിധാനം ചെയ്യണമല്ലോ. അതാണ് ദൈവാലയത്തിന്റെ ഏറ്റം വിശേഷമായ അലങ്കാരം എന്നാണ് പറയാനുള്ളത്. പൗരസ്ത്യസഭകളിൽ ഏതിലെങ്കിലും വേറെ എന്തെങ്കിലും പ്രത്യേക അലങ്കാരങ്ങൽ പ്രത്യേക അവസരങ്ങളിൽ ചെയ്യുന്നതായി കാണാനിടയായിട്ടില്ല. ലത്തീൻ സഭയിലും, വിദേശങ്ങളിൽ, ഓരോ പ്രത്യേക അവസരങ്ങളിലെയും ലിറ്റർജിക്ക് ആവശ്യമായ ക്രമീകരണങ്ങളൊഴിച്ചാൽ മറ്റെന്തെങ്കിലും ചെയ്തു കണ്ടതായി  ഓർമ്മയിലില്ല.

നമ്മുടെ സഭയിൽ മാത്രമാണ്, ഇതിനെല്ലാം അപവാദം സാധാരണയായി കണ്ടുവരുന്നത്. രാഷ്ട്രീയ സാംസ്കാരിക നായകന്മാരുടെ എതിരേൽപിനും സ്വീകരണത്തിനുമൊക്കെ ലോറിക്കണക്കിനു പൂക്കളും വർണ്ണശബളമായ അലങ്കാര തോരണങ്ങളുമെല്ലാം ഒരുക്കുന്ന ശൈലി നമ്മുടെ ദൈവാലയത്തിൽ വേണോ? നമ്മുടെ കണ്ണുകളുടെയും മറ്റിന്ദ്രിയങ്ങളുടെയും ആസ്വാദ്യതയാണോ ദൈവാരധനയ്ക്ക് മാറ്റുകൂട്ടുവാനാവശ്യം? **എന്റെ എളിയ അഭിപ്രായം അവയെല്ലാം എന്തുമാത്രം നാം നിഗ്രഹിക്കുമോ അത്രയ്ക്കും നമ്മുടെ ഹൃദയം ദൈവത്തിങ്കലേയ്ക്കുയരും എന്നാണ്.** നമ്മുടെ തിരുനാളുകൾ ആഘോഷമാകുന്നത്, അവയുടെ ലിറ്റർജി കൂടുതൽ വിശദവും ആവർത്തനാത്മകവുമൊക്കെയാകുമ്പോഴാണ്. ദൈവം നമ്മുടെ ബുദ്ധിയേയും മനസ്സിനേയും പ്രകാശിപ്പിക്കുമ്പോൾ, ഹൃദയം തുറന്നു വിശാലമാക്കുമ്പോൾ, ഇതൊക്കെ നമുക്കനുഭവവേദ്യമാകുമെന്നാണ് എന്റെ ഉത്തമബോധ്യം.

**നമ്മുടെ അൾത്താര ദൈവത്തിന്റെ സിംഹാസനവും ഈശോയുടെ ഖബറിടവുമാണല്ലോ.** അതുപോലെ നമ്മുടെ **മദ്ബഹാ ഈ ലോകത്തിലെ സ്വർഗ്ഗവും.** നമ്മുടെ സ്വാർത്ഥതാൽപര്യപൂരണത്തിനുള്ള അലങ്കാരങ്ങളാൽ വിശിഷ്ടങ്ങളും സ്വർഗ്ഗീയങ്ങളുമായ ഇത്തരം വിശ്വാസയാഥാർത്ഥ്യങ്ങൾ മൂടിമറയ്ക്കപ്പെട്ടുപോകാനിടയാകാതിരിക്കട്ടെയെന്ന പ്രാർത്ഥനയാണ് എപ്പോഴുമുള്ളത്. പൂക്കൾ, മൈക്ക്, തുടങ്ങിയവ കയറ്റിവയ്ക്കുന്നതിനുള്ള മേശയായി പലപ്പോഴും നമ്മുടെ അൾത്താര മാറിപ്പോകുന്നതുകാണുമ്പോൾ എന്തെന്നില്ലാത്ത ഹൃദയവ്യഥയാണ് അനുഭവപ്പെടുന്നത്. '*പ്രസംഗപീഠമായും നമ്മുടെ*



www.malankaralibrary.com

*അൾത്താര ഉപയോഗിക്കേണ്ടതല്ല. നമ്മുടെ ദൈവാലയത്തിലെ പ്രസംഗപീഠം ബേമ്മയാണ്.'*

പരിശുദ്ധ ഖുർബാനയിലെ വചനശുശ്രൂഷയും അപ്പശുശ്രൂഷയും രണ്ടു പീഠങ്ങളിലായിരിക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ വ്യക്തമായി പറഞ്ഞിരിക്കുന്നതല്ലേ? ലത്തീൻ സഭയിലും മറ്റു പൗരസ്ത്യ സഭകളിലും അങ്ങനെ കൃത്യമായി നടക്കുന്നുമുണ്ട്. **നമ്മിൽ ചിലർ നിന്നനിലയിൽ എല്ലാം ചെയ്യണമെന്ന് ശഠിക്കുന്നത് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല.** അടയാളങ്ങളും പ്രതീകങ്ങളും അവയുടെ അർത്ഥവും വ്യാപ്തിയുമെല്ലാം സ്വേഛാനുസരണം വികൃതമാക്കിയാൽ ദൈവാരാധനയുടെ ദൈവീകവും സ്വർഗ്ഗോന്മുഖവുമായ മാനവും അതിനാലെ നഷ്ടപ്പെട്ടിരിക്കും.

## 21. പള്ളിത്തിരുന്നാൾ, മരണവീട്

**ചോദ്യം:** നമ്മുടെ പള്ളിത്തിരുനാൾ ആഘോഷങ്ങൾ, പ്രദക്ഷിണങ്ങൾ തുടങ്ങിയവ പലപ്പോഴും മറ്റ് മതാനുയായികൾക്ക് ശല്യമായി മാറുന്നില്ലേയെന്നു സംശയിക്കുന്നു. അങ്ങനെ വന്നാൽ നമ്മുടെ വിശ്വാസത്തിന് എതിർ സാക്ഷ്യമായി മാറുകയില്ലേ? അതുപോലെ, മരണാവസരങ്ങളിൽ വീടുകളിൽ കാസറ്റിലും സിഡിയിലും മറ്റുമാക്കിയ മൃതസംസ്കാര ഗീതങ്ങൾ ഉച്ചഭാഷണിയിൽ കൂടി പ്രക്ഷേപണം ചെയ്തുകൊണ്ടിരിക്കയും അടക്കിനു വരുന്നവരിലധികവും കൊച്ചുവർത്തമാനം പറഞ്ഞിരിക്കുന്നതുമൊക്കെ വിശ്വാസ സാക്ഷ്യമാകുമോ?

**ഉത്തരം:** പള്ളിത്തിരുനാൾ ആഘോഷങ്ങൾ, പ്രദക്ഷിണങ്ങൾ തുടങ്ങിയവയ്ക്ക് കുറെയെങ്കിലും വാദ്യഘോഷങ്ങൾ നമ്മുടെ പൂർവ്വീകർ ഉപയോഗിച്ചിരുന്നതായിട്ടാണ് സാഹചര്യങ്ങളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. നമ്മുടെ സഹോദരങ്ങളായ മറ്റു മതസ്ഥരുടെയിടയിലും അങ്ങനെയാണല്ലോ. ഏതായാലും കൊത്തുരൂപങ്ങൾ ഉണ്ടായിരുന്നില്ലായെന്നു തറപ്പിച്ചു പറയാൻ സാധിക്കും. അവ 16-ാം നൂറ്റാണ്ടിനു ശേഷം വിദേശത്തുനിന്നും ഇറക്കുമതി ചെയ്തവയാണല്ലോ. നമ്മുടെ സഹോദരങ്ങളായ യാക്കോബായക്കാർ അവ ഉപയോഗിക്കുന്നില്ലെന്നതും വ്യക്തം. ഏതായാലും പാരമ്പര്യം ജീവാത്മകമായി വളർന്നുകൊണ്ടിരിക്കണമല്ലോ. അതുകൊണ്ട് പാരമ്പര്യങ്ങളുടെ നല്ല ഘടകങ്ങൾ കാലോചിതമായി വളർത്തി വികസിപ്പിക്കാൻ നാം ബാദ്ധ്യസ്ഥരുമാണ്.

എന്റെ വിനീതമായ അഭിപ്രായത്തിൽ നമ്മുടെ വിശ്വാസപ്രകാശനം ഒരിക്കലും മറ്റുള്ളവർക്ക് അരോചകമാകരുത്, അസൗകര്യങ്ങളുണ്ടാക്കരുത്. നമ്മുടെ ആരാധനാകർമ്മങ്ങളും ഗീതങ്ങളും മറ്റും ഉച്ചഭാഷണിയിലൂടെ പ്രഘോഷണം ചെയ്ത് മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് നീതികരിക്കാവുന്നതാണെന്നു തോന്നുന്നില്ല. **തിരുനാളാഘോഷങ്ങളിലും പ്രദക്ഷിണങ്ങളിലുമെല്ലാം മെശിയാനികമായ ലാളിത്യം അത്യാവിശ്യമാണ്.** പ്രാർത്ഥനകളും ഭക്തഗാനങ്ങളുമായിരിക്കില്ലേ നമ്മുടെ പ്രദക്ഷിണങ്ങൾക്ക് ഏറ്റവും അനുയോജ്യം? **അവ സ്വർഗ്ഗോന്മുഖമായ നമ്മുടെ തീർത്ഥാടനത്തിന്റെ ഭാവങ്ങളല്ലേ? പ്രൗഢിപ്രകടനമല്ലല്ലോ!** കൊത്തുരൂപങ്ങളുടെ ഉപയോഗം സാവകാശ



മായിട്ടെങ്കിലും കർശനമായി നിരോധിക്കേണ്ടതാണെന്നാണ് പ്രത്യേകം പറയാനുള്ളത്. നാം ലൗകികതയിൽ നിന്നും സ്വർഗ്ഗീയതയിലേക്കുയരുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നവരാണല്ലോ. കൊത്തുരൂപങ്ങൾ ലൗകികതയിൽ, ഭൗമികതയിൽ, പദാർത്ഥപരതയിൽ, നമ്മെ തളച്ചിടുന്നവയാണ്. അവിടെനിന്നും ഉയരുമ്പോൾ, നമ്മെത്തന്നെ അറിഞ്ഞുകൊണ്ട് നാം ഉയർത്തുമ്പോൾ, ചെന്നെത്തുന്ന ആദ്യ ഘട്ടമാണ് ഐക്കണുകളുടേത്. **അവ സ്വർഗ്ഗീയമായവയുടെ ഈ ലോകത്തിലുള്ള പ്രതിരൂപങ്ങളാണ് – സിംബലുകളാണ്.** ഐക്കണുകൾ ഈലോകയാഥാർത്ഥ്യങ്ങൾകൊണ്ടു നിർമ്മിതമാണെങ്കിലും സ്വർഗ്ഗീയയാഥാർത്ഥ്യങ്ങളുടെ അനുഭവമാണ് പ്രകാശിപ്പിക്കുക. അതുകൊണ്ടുതന്നെ അവ സാധാരണ കലാശൈലിയിൽ നിന്നും വ്യത്യസ്ഥമാണ്.

**ഒരു പടികൂടി ഉയരുമ്പോൾ എല്ലാ പ്രതിരൂപങ്ങളും സ്ലീവായിൽ സംഗ്രഹിക്കാനാകും.** നമ്മുടെ വിശ്വാസനുഭവത്തിന്റെ മൊത്തം പ്രകാശനമായി സ്ലീവാ മാറും. ദൈവോന്മുഖമായ നമ്മുടെ ഉയർച്ചയിൽ മറ്റു പ്രതിരൂപങ്ങളുടെ ആവശ്യം നമുക്കില്ലാതാകും. ആരെന്തൊക്കെ പറഞ്ഞാലും നമ്മുടെ പൂർവ്വികർ ആ ഘട്ടത്തിലെത്തിയിരുന്നുവെന്ന് പൂർണ്ണമായും വിശ്വസിക്കുന്ന കൂട്ടത്തിലാണു ഞാൻ. അവർക്ക്, 16-ാം നൂറ്റാണ്ടുവരെ, മാർ തോമാ സ്ലീവായല്ലാതെ മറ്റെന്തെങ്കിലും പ്രതിരൂപങ്ങളുണ്ടായിരുന്നതായി ഇതേവരെ കണ്ടെത്തിയിട്ടില്ല. **എന്തിനും ഏതിനും അവർ ആശ്രയിച്ചിരുന്നത്, ഉപയോഗിച്ചിരുന്നത് *സ്ലീവാ* ആയിരുന്നു, സ്ലീവാ മാത്രമായിരുന്നു. സ്വർഗ്ഗത്തിനും ഭൂമിക്കും ഇടയിലുള്ള ഏക മദ്ധ്യസ്ഥൻ അവർക്ക് "മാർ തോമാ സ്ലീവാ"യായിരുന്നു.** ഇത്ര ഉന്നതമായ ഒരു ആദ്ധ്യാത്മികതയിൽ നിന്നാണ് നമ്മെ വലിച്ചറക്കി, തനി ലൗകായതികരാക്കിത്തീർത്തത്! ഇപ്പോൾ അതിന്റെ പരമകാഷ്ടയിലെത്തി നിൽക്കുകയാണ്! ഈ പരിതാപകര സ്ഥിതിയിൽ നിന്നും കരകേറുക തന്നെ വേണം. സാവകാശത്തിലെങ്കിലും **ബിംബങ്ങൾ** (Statues) പൂർണ്ണമായും ഉപേക്ഷിക്കണം. പിന്നെ സാവകാശം ഐക്കണുകളും. അങ്ങനെ **അവസാനം സ്ലീവായിൽ മാത്രമാകണം നമ്മുടെ ആശ്രയം.** അതിനെയും അതിശയിച്ചൊരു ജീവിതം ഈ ലോകത്തിലില്ല. അതിശയിക്കുമ്പോൾ നാം സ്വർഗ്ഗത്തിലേക്ക് ഉയരും.

ആഘോഷങ്ങളോടും പ്രദക്ഷിണങ്ങളോടും ബന്ധപ്പെട്ടുള്ള പ്രാർത്ഥനകളും ഗാനങ്ങളുമെല്ലാം അവയിൽ പങ്കെടുക്കുന്നവർക്ക് കേൾക്കുന്നതിനും പ്രത്യുത്തരിക്കുന്നതിനുമുള്ള സംവിധാനങ്ങളുണ്ടാക്കുക തീർച്ചയായും ആവശ്യമാണ്. അതൊരിക്കലും മറ്റുള്ളവർക്ക് അരോചകമാകാതിരിക്കാൻ ശ്രദ്ധിക്കയും വേണം. അങ്ങനെ പ്രദക്ഷിണങ്ങൾ സത്യത്തിൽ നമ്മുടെ സ്വർഗ്ഗോന്മുഖമായ തീർത്ഥാടനമായി മാറണം. അതിനു യോജിക്കാത്തതെല്ലാം എന്തു ത്യാഗം സഹിക്കേണ്ടി വന്നാലും പൂർണ്ണമായും നിരുസ്താഹപ്പെടുത്തണം.

ഇന്നത്തെ നമ്മുടെ ജീവിത സാഹചര്യങ്ങൾ കണക്കിലെടുത്ത്, വാദ്യഘോഷങ്ങൾക്കും, അപകടകാരികളായ വെടിക്കെട്ടു ബഹളങ്ങൾക്കും മറ്റുമായി നാം ചിലവഴിക്കുന്ന തുക, വിവിധ തരത്തിലുള്ള സാധുജന സംരക്ഷണ പദ്ധതികൾക്കായി ഉപയോഗിച്ചുകൂടേ? നാം കൂട്ടായി ചിന്തിച്ചാൽ, ആത്മാർത്ഥതയോടെ



www.malankaralibrary.com

സഹകരിച്ചാൽ തീർച്ചയായും അതു സാധിക്കും എന്നാണെന്റെ വിചാരം. അങ്ങനെ ഓരോ വർഷത്തേയും പള്ളിത്തിരുനാളിന്റെ സ്മാരകങ്ങളായി സാധു ജനങ്ങൾക്കായി വീടുകളും ശുശ്രൂഷാകേന്ദ്രങ്ങളുമെല്ലാം ഉണ്ടാകട്ടെ! **തിരുനാളാഘോഷം ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും പ്രകാശനമായി മാറട്ടെ! അതു നമ്മുടെ വിശ്വാസത്തിന്റെ ഉത്തമ സാക്ഷ്യമായിരിക്കുകയും ചെയ്യും.**

മരണവീടുകളിൽ ഉച്ചഭാഷണിയിൽ കൂടി മൃതസംസ്കാരഗീതങ്ങൾ മുഴക്കിക്കൊണ്ടിരിക്കുന്നതിനോട് ഒരുതരത്തിലും യോജിക്കാനാകുന്നില്ല. അവിടെയെത്തുന്നവർ കൂട്ടമായി മാറിനിന്ന് കൊച്ചുവർത്തമാനം പറയുന്നതും ശരിയായ രീതിയല്ലെന്ന് എല്ലാവരും സമ്മതിക്കുമെന്നാണ് തോന്നുന്നത്. നമ്മുടെ രീതിയിൽ അനശോചനപ്രകാശനം പ്രധാനമായും പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥനയിലല്ലേ അടങ്ങിയിരിക്കുന്നത്? അത്തരത്തിലുള്ള പ്രാർത്ഥനകൾ സംലഭ്യമാണുതാനും. അവ മാറി മാറി ചൊല്ലിക്കൊണ്ടിരുന്നാൽ അത് നമ്മുടെ വിശ്വാസത്തിന്റെ ഒരുത്തമ പ്രകാശനമായിരിക്കില്ലേ? ഉപചാരമർപ്പിക്കാനെത്തുന്നവർക്ക് അതിൽ പങ്കുചേർന്ന് ആഗമനോദ്ദേശ്യം വളരെ ഉചിതമായി നിറവേറ്റാനുമാകും!

## 22. സഭയും വനിതകളും

**ചോദ്യം:** നമ്മുടെ സഭയിൽ ചില സ്ഥലങ്ങളിൽ സ്ത്രീകളെ പരിശുദ്ധ ഖുർബാന കൊടുക്കുന്നതിനും മദ്ബഹായിൽ ശുശ്രൂഷ ചെയ്യുന്നതിനും മറ്റുമായി നിയോഗിക്കുന്നതായി കേൾക്കുന്നു. നമ്മുടെ സഭാ പാരമ്പര്യമനുസരിച്ച് ഇത് പാടുള്ളതാണോ? അച്ചൻ എന്തുപറയുന്നു?

**ഉത്തരം:** സ്ത്രീസമത്വത്തിന്റെയും വിമോചനത്തിന്റെയുമെല്ലാം സാഹചര്യമാണല്ലോ ഇപ്പോഴുള്ളത്. സഭയുടെ പാരമ്പര്യം ഇക്കാര്യത്തിൽ ഗൗരവമായി കണക്കാക്കേണ്ടതാണെന്നു തോന്നുന്നു. ഈശോയുടെ പരസ്യ ജീവിത കാലത്ത് പല വിധത്തിൽ ഈശോയെ അനുഗമിച്ചിരുന്ന പല സ്ത്രീകളുടെ കഥകൾ വിശുദ്ധ ഗ്രന്ഥത്തിൽ നാം വായിക്കുന്നുണ്ട്. പിൽക്കാലത്ത് ശ്ലീഹന്മാരുടെയും പിതാക്കന്മാരുടെയും കാലയളവിലും നിർണ്ണായകമായി തന്നെ സഭാജീവിതത്തെ സ്വാധീനിച്ചിട്ടുള്ള സ്ത്രീകളെ കാണുന്നുണ്ട്. ഈശോ പന്ത്രണ്ടു പേരെ ശ്ലീഹന്മാരായി തിരഞ്ഞെടുത്തു നിശ്ചയിച്ചപ്പോൾ സ്ത്രീകൾ ആരെയും പെടുത്തിയില്ല. പിൽക്കാലത്തും ആരെയും പുരോഹിത പദവിയിലേയ്ക്ക് പ്രവേശിപ്പിച്ചതായി കാണുന്നില്ല.

അതേ സമയം ഈശോയുടെ അമ്മയായ പരിശുദ്ധ കന്യകാ മറിയത്തിനും അനേകായിരം വിശുദ്ധകൾക്കും സഭ നൽകുന്ന സ്ഥാനവും ബഹുമാനവും ആദരവുമൊക്കെ വളരെ വ്യക്തമാണുതാനും. ഇങ്ങനെ ചരിത്രം വ്യക്തമായി പരിശോധിച്ചാൽ സ്ത്രീവിവേചനത്തിന്റെ കണിക പോലും കത്തോലിക്കാ സഭയിലില്ലെന്നു വ്യക്തമാണെന്നാണ് എനിക്കു തോന്നുന്നത്.



ദൈവം മനുഷ്യനെ പുരുഷനും സ്ത്രീയുമായിട്ടാണല്ലോ സൃഷ്ടിച്ചത്. ഉത്ഭവത്തിലേയുള്ള വ്യത്യാസങ്ങൾ മാനിച്ചു കൊണ്ട് അവരവരുടേതായ രീതിയിൽ, പൂർണ്ണതയിൽ എത്താനായിരിക്കണമല്ലോ ദൈവം നിശ്ചയിച്ചിരിക്കുന്നത്. അതു മറികടക്കാനുള്ള ഏതു പരിശ്രമവും ഏച്ചു കെട്ടലായി കാണാനാണ് എൻെറ മനസ്സ് നിർബന്ധിക്കുന്നത്.

ഈശോയുടെ കാലം മുതൽ ഇന്നുവരെ ഉചിതവും ശ്രേഷ്ഠവുമായ സ്ഥാനം തന്നെ സ്ത്രീകൾക്ക് സഭയിൽ നൽകുന്നുണ്ട്. അവർ വിവിധങ്ങളായ ശുശ്രൂഷകൾ ചെയ്തിട്ടുണ്ട്, ചെയ്യുന്നുമുണ്ട്. മ്ശംശാനമാരുടെ ശുശ്രൂഷക്കായി തന്നെ സ്ത്രീകളെ നിയോഗിച്ചിരുന്ന മഹത്തരവും അനന്യവുമായ പാരമ്പര്യം നമ്മുടെ സുറിയാനി സഭയ്ക്കുണ്ട്. അതിന്റെ നയ്യാമികവും കൗദാശികവുമൊക്കെയായ വശങ്ങൾ ആഴമായ പഠന വിഷയമാക്കേണ്ടതായിട്ടാണിരിക്കുന്നത്. മ്ശംശാനാ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടിരുന്ന സ്ത്രീകൾ പ്രധാനമായും സ്ത്രീകളുടെ മാമ്മോദീസായിൽ സഹായിച്ചിരുന്നതായിട്ടാണു കാണുന്നത്. നമ്മുടെ ആധികാരിക ശൈലിയനുസരിച്ച് ശരീരം മുഴുവൻ തൈലം പൂശിയും മുഴുവനായും വെള്ളത്തിൽ മുക്കിയുമാണല്ലോ മാമ്മോദീസാ പരികർമ്മം ചെയ്തിരുന്നത്. പ്രായമായവർക്കും മാമ്മോദീസാ നൽകുന്ന രീതി ആദിമ കാലങ്ങളിൽ വളരെ സാധാരണമായിരുന്നു താനും.

ഇപ്രകാരം ഓരോരോ പ്രത്യേക സാഹചര്യം ഉണ്ടാകുന്നതനുസരിച്ച് ഉചിതമായ ശുശ്രൂഷകൾ സ്ത്രീകൾ ചെയ്തിരുന്ന പാരമ്പര്യമാണ് വിവിധ സഭകളിൽ കാണുന്നത്. ഏതായാലും മദ്ബഹായിൽ ദൈവാരാധനയ്ക്ക് സ്ത്രീകൾ സഹകരിച്ചിരുന്ന പാരമ്പര്യം ഒരു സഭയിലും കാണുന്നില്ല. അത് സഭയിൽ ഒരു പോരായ്മയായോ വിവേചനമായോ കരുതിയതിന്റെ ലാഞ്ചന പോലും കണ്ടെത്താനായിട്ടുമില്ല. രണ്ടായിരം കൊല്ലത്തെ പാരമ്പര്യത്തിനു വ്യതിയാനം വരുത്തണമെങ്കിൽ മതിയായ കാരണം വേണമല്ലോ. പഠിക്കാനും വിവേചിക്കാനും തീരുമാനങ്ങളെടുക്കാനും സഭയ്ക്ക് സംവിധാനങ്ങളുമുണ്ട്.

സ്ത്രീ പൗരോഹിത്യത്തിനായുള്ള വാദം തെറ്റിദ്ധാരണയുടെ ഫലമാണോയെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. പാശ്ചാത്യ സഭാ സാഹചര്യത്തിലാണല്ലോ ഇതെല്ലാം തല പൊക്കിയിട്ടുള്ളതും. നേരത്തെ പറഞ്ഞതുപോലെ സഭയെന്നു പറഞ്ഞാൽ വൈദികരും മെത്രാന്മാരുമാണെന്ന ധാരണ പാശ്ചാത്യ സഭയിലുണ്ട്. പാശ്ചാത്യ സമ്പർക്കം കൊണ്ട് മിക്കവാറും നമ്മുടെ സഭയിലും. അതുകൊണ്ട് സഭയിൽ പ്രമുഖരാകുന്നത് വൈദികരും മെത്രാന്മാരുമാകുമ്പോഴാണെന്ന ബോധ്യം അടിഞ്ഞുകൂടിയിരിക്കയാണ്. അത് പൗരസ്ത്യ സഭാ ശൈലിയല്ലെന്നു പറഞ്ഞു കഴിഞ്ഞതാണല്ലോ. തെറ്റിദ്ധാരണ മാറ്റിയാൽ വാദഗതികളും തനിയേ അവസാനിക്കാനുള്ളതേയുള്ളു.

ആവശ്യമായിരിക്കുന്നതുപോലെ സ്ഥല കാലോചിതമായ രീതിയിൽ സ്ത്രീകളുടെ ഏതെല്ലാം തരത്തിലുള്ള ശുശ്രൂഷകൾ സ്ത്രീകളുടെയിടയിൽ പ്രോത്സാഹിപ്പിക്കാനാകും എന്ന് ഓരോ സഭയും ആലോചിച്ച്, തീരുമാനിച്ച്, പ്രാവർത്തികമാക്കുന്നത് വളരെ നന്നായിരിക്കുമെന്ന ചിന്തയാണ് എനിക്കുള്ളത്.



www.malankaralibrary.com

## 23. വൈദിക ബ്രഹ്മചര്യം

**ചോദ്യം:** വൈദിക ബ്രഹ്മചര്യത്തെക്കുറിച്ച് അച്ചൻ എന്തു പറയുന്നു? മാർ തോമാ നസ്രാണികളുടെ പാരമ്പര്യം എന്തായിരുന്നു? ഇന്നത്തെ സാഹചര്യത്തിൽ വൈദികർ വിവാഹിതരാകുന്നത് കൂടുതൽ നന്നായിരിക്കയില്ലേ?

**ഉത്തരം:** ഭാര്യാ ഭർതൃ ബന്ധത്തിന്റെ മഹത്വവും വിശുദ്ധിയുമൊക്കെ ശിഷ്യന്മാർക്കു ഈശോ വ്യക്തമാക്കികൊടുത്തപ്പോൾ ശിഷ്യന്മാർ പറയുന്നുണ്ടല്ലോ, *അങ്ങനെയെങ്കിൽ വിവാഹം ചെയ്യാതിരിക്കയല്ലേ ഭേദം*, എന്ന്. അപ്പോൾ ഈശോ പറഞ്ഞത് ഓർക്കുന്നില്ലേ? *വരം ലഭിച്ചവർക്കല്ലാതെ മറ്റാർക്കും അതു സാധ്യമല്ല.* തുടർന്ന് സ്വർഗ്ഗരാജ്യത്തെ പ്രതി ബ്രഹ്മചരികളാകുന്നവരുടെ കാര്യം എടുത്തു പറയുന്നുമുണ്ടല്ലോ. ലൈംഗീക പ്രലോഭനങ്ങളെക്കുറിച്ച് വിശുദ്ധ പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നതും നാം വായിക്കുന്നതാണ്. *ദൈവീകാനുഗ്രഹങ്ങളുടെ സമൃദ്ധിയിൽ അഹങ്കരിക്കാതിരിക്കാൻ എന്റെ ശരീരത്തിന് ഒരു മുള്ള് നൽകപ്പെട്ടിരിക്കുന്നു*വെന്നാണല്ലോ ശ്ലീഹാ പറയുന്നത്. അതു മാറ്റിക്കിട്ടാൻ മൂന്നുപ്രാവശ്യം പ്രാർത്ഥിച്ചെങ്കിലും **നിനക്ക് എന്റെ കൃപ മതി,** എന്നു കർത്താവ് പറഞ്ഞെന്നും വ്യക്തമാക്കുന്നു.

ഈശോ പരിപൂർണ്ണ ബ്രഹ്മചാരിയായിരുന്നു. ശ്ലീഹന്മാരിൽ യോഹന്നാനൊഴിച്ച് എല്ലാവരും തന്നെ വിവാഹിതാരായിരുന്നുവെന്നാണ് നമുക്കുള്ള അറിവ്. പൗലോസ് ശ്ലീഹാ ബ്രഹ്മചാരിയെന്നതിൽ അഭിമാനിക്കുക മാത്രമല്ല, മറ്റെല്ലാവരും അതുപോലെയായിരുന്നെങ്കിൽ എന്നാഗ്രഹിക്കുകയും ചെയ്യുന്നു. സഭ എക്കാലവും ബ്രഹ്മചര്യം ഒരമൂല്യനിധിയും വീരോചിത സുകൃതവുമൊക്കെയായി പരിഗണിച്ചിരുന്നു. **എന്നാൽ പൗരോഹിത്യത്തിന് അത് അനിവാര്യമായി ഒരിക്കലും കണക്കാക്കിയിരുന്നില്ല.** ഓരോ സഭയിലും ഇതു സംബന്ധിച്ച് ഓരോ തരത്തിലുള്ള ശൈലികളാണ് ഉരുത്തിരിഞ്ഞ് വികസിച്ചത്. **നമ്മുടെ മാർ തോമാ നസ്രാണി സഭയിൽ വിവാഹിതരായ പുരോഹിതരാണ് 16-ാം നൂറ്റാണ്ടുവരെ ഉണ്ടായിരുന്നതെന്നതിന് സംശയമില്ല.** പാശ്ചാത്യ സഭയുടെ സ്വാധീനത്തിലാണ് വൈദീക ബ്രഹ്മചര്യം നമ്മുടെയിടയിൽ സ്വീകൃതമായത്. ശ്ലീഹന്മാർ എല്ലാവരും തന്നെ വിവാഹിതരായിരുന്നുവെങ്കിലും അവരുടെ പിൻഗാമികളായ **മെത്രാൻമാർ ബ്രഹ്മചാരികളായിരിക്കണം** എന്ന നിർബന്ധം മിക്കവാറും എല്ലാ സഭകളിലും ഉണ്ടായിരുന്നതായിട്ടാണറിയാനിടയായിട്ടുള്ളത്. എല്ലാ സഭകളും ബ്രഹ്മചാരികളായ പുരോഹിതരെ പ്രത്യേക തരത്തിൽ ബഹുമാനിച്ചിരുന്നുവെന്നതും എടുത്തു പറയേണ്ടതാണ്.

എന്തുവിലകൊടുത്തും ഈശോയെ അനുധാവനം ചെയ്യുക (Costly Discipleship) എന്ന ശൈലിയിൽ സന്യാസം ആവിർഭവിച്ചതോടെ ബ്രഹ്മചര്യത്തിൻെറ പ്രാധാന്യം വർദ്ധിച്ചു. **സന്യാസത്തിന്റെ കേന്ദ്രസുകൃതമായി കിഴക്കൻ സഭകൾ എടുത്തുകാണിക്കുന്നത് ബ്രഹ്മചര്യമാണ്.** ഒരുകാലത്ത് മിക്ക സഭകളിലും സന്യാസികളെയാണ് മെത്രാന്മാരായി തിരഞ്ഞെടുത്തിരുന്നത്. കാരണം വ്യക്തമാണല്ലോ. ഇടവക വൈദികർ എല്ലാവരും തന്നെ വിവാഹിതരായിരുന്നു.



ലൈംഗിക അപവാദങ്ങൽക്ക് പരിഹാരം വിവാഹമല്ല. വിവാഹിതരുടെയിടയിൽ എത്രയോ അപവാദങ്ങൾ അരങ്ങേറുന്നു. സ്വയനിഗ്രഹവും യഥാർത്ഥ ശിക്ഷണവും ദൈവത്തിന്റെ കൃപയുമൊക്കെയാണ് അതിനുള്ള ശരിയായ പ്രതിവിധി. ഏതു ജീവിതാവസ്ഥയിലുള്ളവർക്കും ഇതു ബാധകമാണെന്നാണ് എനിക്കു തോന്നുന്നത്. സാഹചര്യങ്ങൾ കണക്കിലെടുത്ത് സഭയ്ക്ക് ഏതുതരത്തിലുള്ള തീരുമാനവും എടുക്കുകയും ചെയ്യാം. എങ്ങനെയായാലും പൗരോഹിത്യം സ്വീകരിച്ച ശേഷം വിവാഹിതരാകുന്ന ശൈലി എങ്ങും ഉള്ളതായി അറിയാനിടയായിട്ടില്ല. സാധാരണ മ്ശംശാനാ പട്ടത്തിനു മുമ്പായിട്ടാണ് വിവാഹിതരാകുക. പൗരോഹിത്യ സ്വീകരണശേഷം ഭാര്യ ദിവംഗതയായാൽ വീണ്ടും വിവാഹം ചെയ്യുന്ന രീതിയും എങ്ങും ഉള്ളതായി അറിവില്ല.

## 24. കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ

**ചോദ്യം:** കത്തോലിക്കാ പ്രസിദ്ധീകരണങ്ങളെക്കുറിച്ച്, പ്രത്യേകിച്ചും, സത്യദർശനമാലയെക്കുറിച്ച് അച്ചന്റെ അഭിപ്രായം അറിയുവാൻ ആഗ്രഹമുണ്ട്?

**ഉത്തരം:** കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ സഭയുടെ പഠനങ്ങൾക്കും നിലപാടുകൾക്കും എപ്പോഴും ഊന്നൽ കൊടുക്കണമെന്ന കാര്യത്തിൽ എനിക്ക് ഒട്ടും അഭിപ്രായ വ്യത്യാസമില്ല. ഓരോന്നും തുടങ്ങുന്നത് ഓരോ പ്രത്യേക ലക്ഷ്യത്തിൽ ഊന്നൽ കൊടുത്തു കൊണ്ടായിരിക്കാം. സാഹചര്യം നിലനിൽക്കുന്നിടത്തോളം വ്യതിചലിക്കാതെ പരിശ്രമം തുടരണമെന്നുള്ളത് അത്യാവശ്യമാണ്. പ്രലോഭനങ്ങൾക്ക് അടിപ്പെട്ടുപോകാതിരിക്കയും വേണം.

സത്യദർശനമാല വളരെ നല്ല സേവനമാണ് സഭാംഗങ്ങൾക്ക് ചെയ്തുകൊടുക്കുന്നതെന്ന അഭിപ്രായമാണുള്ളത്. ഞാൻ പലപ്രാവശ്യം സൂചിപ്പിച്ചതുപോലെ നമ്മുടെ സഭാംഗങ്ങൾ സഭാകാര്യങ്ങളിൽ കൂടുതൽ അറിവുള്ളവരാകാണം. അതിനുള്ള എല്ലാ പരിശ്രമങ്ങളും ശ്ലാഘനീയമാണ്. എല്ലാ സ്ഥലങ്ങളിലുമുള്ള സഭാംഗങ്ങൾക്ക് ഇതു ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ താമസംവിനാ ക്രമീകരിക്കുന്നത് വളരെ നന്നായിരിക്കുമെന്ന് അഭിപ്രായമുണ്ട്. അതുപോലെ ഇതിന്റെ ഇംഗ്ലീഷ് പതിപ്പും അത്യാവശ്യമാണെന്നാണ് എനിക്കുപറയാനുള്ളത്. നമ്മുടെ പ്രവാസി സഭാംഗങ്ങളിലെ പുതു തലമുറക്ക് മലയാളം അന്യമായിക്കഴിഞ്ഞു. അവർക്കാണ് ഇത്തരത്തിലുള്ള വിഭവങ്ങൾ കൂടുതൽ ആവശ്യമായിരിക്കുന്നതും. അവർ ജീവിക്കുന്ന സാഹചര്യങ്ങളിൽ സ്വന്തം സഭാ മാതാവിനെ മറന്നു കളയാതിരിക്കാൻ ഇത്തരം മാദ്ധ്യമങ്ങൾക്ക് ഏറെ സഹായിക്കാനാകും. ഇത് ഐ.ടി. യുഗമായതിനാൽ ഓൺ ലൈൻ പതിപ്പും അത്യവശ്യമാണെന്നാണ് എന്റെ അഭിപ്രായം.

അതുപോലെ നമ്മുടെ തനതായ ശൈലികൾക്കും പദങ്ങൾക്കുമെല്ലാം, പ്രത്യേകിച്ചും ആദ്ധ്യാത്മിക ദൈവശാസ്ത്ര തലങ്ങളിൽ, രൂപവും ഭാവവും പ്രചരണവുമെല്ലാം നൽകുന്നതിന് ഇത്തരം മാദ്ധ്യമങ്ങൾക്ക് കാതലായ സഹായം നൽകാനാകും.



www.malankaralibrary.com

ഈശോയുടെയും തോമാ ശ്ലീഹായുടെയും മാതൃഭാഷയും നമ്മുടെ ആരാധാനാ ഭാഷയുമായ സുറിയാനിക്ക് പ്രാധാന്യം കൊടുക്കുന്നതും അതു പ്രചരിപ്പിക്കാൻ പരിശ്രമിക്കുന്നതും കാലോചിതമായിരിക്കുമെന്നു തോന്നുന്നു. ലളിതമായ രീതിയിൽ ഒരു ടൂട്ടോറിയൽ പരമ്പര തുടങ്ങിയാൽ എല്ലാവർക്കും ഈ ദൈവാവിഷ്കരണ ഭാഷയുമായി ബന്ധപ്പെടാൻ അവസരമാകുമല്ലോ.

## 25. പുതിയ കൽദായ ഖുർബാന ക്രമം

**ചോദ്യം:** ഈ അടുത്തകാലത്ത് കൽദായ സഭ അതിന്റെ ഖുർബാന തക്സാ പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചതായി വാർത്ത കണ്ടു. അച്ചൻ തക്സാ കണ്ടു കാണുമല്ലോ. "കൽദായപരവശം", "കൽദായവൽക്കരണം", "കൽദായവാദികൾ" എന്നൊക്കെ സ്ഥാനത്തും അസ്ഥാനത്തും പറഞ്ഞിരുന്നവർതന്നെ ഇപ്പോൾ കൽദായ മാതൃകയിൽ നമ്മുടെ ഖുർബാന ക്രമവും പരിഷ്കരിക്കണം എന്ന് വിവിധ മാദ്ധ്യമങ്ങളിൽകൂടി ആവശ്യപ്പെടുന്നുണ്ടല്ലോ. അവരൊക്കെ തനി **കൽദായ വാദികളും കൽദായ പരവശക്കാരു**മൊക്കെയായ ഒരനുഭവം. അച്ചൻ പുതിയ കൽദായ തക്സായെ എങ്ങിന വിലയിരുത്തുന്നുവെന്നറിയാൻ വളരെ താൽപര്യമുണ്ട്?

**ഉത്തരം:** പുതിയ കൽദായ തക്സാ കണ്ടു. ഓടിച്ചുനോക്കി. സൂഷ്മമായ പരിശോധനയ്ക്കും ആഴമായ പഠനത്തിനും പറ്റിയിട്ടില്ല. എന്റെ ആരോഗ്യസ്ഥിതി അറിയാമല്ലോ. അതുകൊണ്ട് സമയമെടുക്കും. ചോദിച്ച സ്ഥിതിക്ക് പെട്ടെന്ന് മനസ്സിൽ വന്ന ചില കാര്യങ്ങൾ മാത്രം സൂചിപ്പിക്കാം.

കത്തോലിക്കാ സഭയിൽ ലിറ്റർജി എന്താണെന്നും അതിന്റെ ക്രമീകരണം എങ്ങനെയെന്നുമൊക്കെ കുറച്ചു പഠിക്കാൻ ഇടയായതുകൊണ്ടായിരിക്കാം പുതിയ കൽദായ തക്സാ കണ്ടപ്പോൾ അത്ഭുതമാണുണ്ടായത്. വത്തിക്കാൻ എങ്ങിനെ ഇതനുവദിച്ചുവെന്ന സംശയവും! തന്മൂലം കൽദായ തക്സാ രൂപപ്പെടുത്തുന്നതിനായി നിയമിക്കപ്പെട്ടിരുന്ന കമ്മിറ്റിയിലെ ഒരു പ്രമുഖാംഗവുമായി ബന്ധപ്പെടാൻ പരിശ്രമിച്ചു. അപ്പോഴാണറിയുന്നത് നമ്മുടെ നാട്ടിലെ ചില മാദ്ധ്യമങ്ങൾ കൊടുത്ത പ്രാധാന്യത്തിനൊന്നും കാര്യമില്ലെന്നുള്ള വസ്തുത. തൽക്കാലത്തേയ്ക്ക് ഉപയോഗാർത്ഥം കൊടുത്തിരിക്കുന്ന അനുവാദമാണ് അതിനുള്ളത്. ഇപ്പോൾ പരീക്ഷണാർത്ഥം നമ്മുടെ സഭയിൽ നൽകിയിരിക്കുന്ന പ്രോപ്രിയ പ്രാർത്ഥനകൾക്ക് വത്തിക്കാൻ നൽകിയിരിക്കുന്നതുപോലുള്ള അനുവാദം.

നമ്മുടെ പ്രോപ്രിയായെക്കുറിച്ച് വളരെ ദീർഘവും അർത്ഥവത്തും വിമർശനാത്മകവുമായ ലേഖന പരമ്പരതന്നെ അഭിവന്ദ്യ മറ്റം പിതാവിന്റേതായി സത്യദർശനമാലയിൽ വന്നതാണല്ലോ. അവ പുസ്തകമാക്കി മാർ തോമാ വിദ്യാനികേതൻ പുറത്തിറക്കിയിട്ടുമുണ്ട്. ഞാനും ഒന്നു രണ്ടു ലേഖനങ്ങൾ കൊടുത്തിരുന്നല്ലോ. അങ്ങനെ പഠനത്തിനും വിചിന്തനത്തിനും അഭിപ്രായ പ്രകടനത്തിനുമൊക്കെ അവസരം നൽകുന്ന ഒരു പ്രസിദ്ധീകരണം മാത്രമാണ് പുതിയ കൽദായ തക്സാ. അതുകണ്ടു "കയറുമെടുത്ത് ഓടണ്ട"



സാഹചര്യമുള്ളതായി തോന്നുന്നില്ല. **ഓരോ സഭയും ലിറ്റർജി കാര്യങ്ങളിൽ അതിനുള്ള സഭാത്മക സ്വാതന്ത്ര്യം ഉത്തരവാദിത്വപൂർവ്വം വിനിയോഗിക്കുമെന്നാണ് സങ്കൽപ്പം.** മറിച്ചായാൽ അവസാന അംഗീകാരത്തിന്റെ അവസരത്തിലെങ്കിലും വത്തിക്കാനിലെ ഉന്നതാധികാരം ആഴമായ പഠനം നടത്തുമെന്നു പ്രതീക്ഷിക്കണം. സഭയുടെ ശൈലി അതാണ്.

ഓരോ അവസരങ്ങൾക്കെന്നും പറഞ്ഞ് മൂന്നുനാലു ഖുർബാന ക്രമങ്ങളാണല്ലോ കൽദായ സഭ പുറത്തിറക്കിയിരിക്കുന്നത്. "Votive Mass", "Motive Mass", "Thematic Mass" എന്നെല്ലാം ലേബലൊട്ടിച്ച് ലത്തീൻ സഭ ഒരുകാലത്തു നടത്തിയ പരീക്ഷണത്തിന്റെ തനി ആവർത്തനം പോലെ കാണപ്പെടുന്നു. ലത്തീൻ സഭയുടെ പശ്ചാത്തലത്തിൽ കഴിഞ്ഞ നൂറ്റാണ്ടിൽ ശക്തിപ്പെട്ട ലൗകായതീയതയുടെ (Secularism) പ്രസ്തുത സമ്മർദ്ദം നമ്മുടെ സഭയെയും കാതലായി ബാധിച്ചിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് ഖുർബാനയുടെ "തീം" (ആശയം) എന്താണെന്ന് അന്വേഷിക്കാൻ നമ്മുടെ സഭയിലെ പ്രബലരായവർപോലും പ്രേരിപ്പിക്കപ്പെട്ടുപോകുന്നത്. എന്തിനേറെ, ഖുർബാനയുടെ ആരംഭത്തിൽ "തീം" വിളിച്ചു പറയാൻ അനുവദിക്കണമെന്ന് നമ്മുടെ മെത്രാൻ സമിതി തന്നെ റോമിനോട് ആവശ്യപ്പെട്ടതും, അതിനുത്തരമായി '*ഖുർബാനയ്ക്ക് ഒരു "തീം" മാത്രമെ ഉള്ളുവെന്നും അത് ഈശോയും ഈശോയുടെ രക്ഷാകരരഹസ്യവും ആണെന്നും അതുകൊണ്ട് പാശ്ചാത്യ സഭയെ അനുകരിച്ച് അത്തരം നിരർത്ഥകമായവയുടെ പിറകെ പോകരുതെന്നും*' വത്തിക്കാൻ തന്നെ പറഞ്ഞിട്ട് ഒത്തിരികൊല്ലങ്ങളായില്ലല്ലോ. ലത്തീൻ സഭയുൾപ്പെടെ **കത്തോലിക്കാ സഭയുടെ ശൈലി ഖുർബാന തക്സാ അതിന്റെ പൂർണ്ണതയിൽ പ്രസിദ്ധീകരിക്കുക** എന്നതാണ്. അതിൽ വിവിധ രീതിയിലും അവസരങ്ങളിലുമൊക്കെ ആഘോഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളുമുണ്ടാകും. സാധാരണ അൾത്താരയിൽ ഉപയോഗിക്കുന്നത് അത്തരം തക്സായാണുതാനും. എങ്കിലല്ലേ സഭാ സമൂഹത്തിന് ഉചിതമായി അതുപയോഗിക്കാൻ സ്വാതന്ത്ര്യമുണ്ടെന്നു പറയാനാവൂ. ലത്തിൻ സഭയിൽ ഇപ്പോൾ ഉപയോഗിക്കുന്ന തക്സാ നമ്മുടെ റാസക്രമ തക്സായുടെ മൂന്നിരട്ടിയിൽ കൂടുതൽ വലുപ്പമുള്ളതാണ്. ഇന്ത്യയിൽ ലത്തീൻ പള്ളികളിൽ പോകാൻ എനിക്ക് കാര്യമായ അവസരം കിട്ടിയിട്ടില്ല. ഇൻഡ്യയ്ക്ക് പുറത്ത് പല ഭാഷകൾ ഉപയോഗിക്കുന്ന ദൈവാലയങ്ങളിൽ പോകാനിടയായിട്ടുണ്ട്. എല്ലായിടത്തും അൾത്താരകളിൽ കണ്ടിട്ടുള്ളത് പൂർണ്ണരൂപത്തിലുള്ള തക്സായാണ്. നമ്മുടെ ഇടയിൽ മാത്രമേ ഖുർബാനക്രമം വെട്ടിച്ചുരുക്കി പ്രസിദ്ധീകരിക്കുന്നതും വെട്ടിത്തിരുത്തി അൾത്താരയിൽ വയ്ക്കുന്നതുമായ പ്രവണത കാണാനിടയായിട്ടുള്ളൂ. '*കൽദായക്കാർ ഇക്കാര്യത്തിൽ നമ്മെ കണ്ടുപഠിച്ചതാണോയെന്നു സംശയിക്കുന്നു.*' നാം വത്തിക്കാന്റെ വ്യക്തമായ നിർദ്ദേശത്തിനെതിരായിട്ടാണല്ലോ ഇത്തരം പ്രവണത കാണിച്ചുകൊണ്ടിരിക്കുന്നത്. ഈ അടുത്തകാലത്ത് ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ച ഖുർബാന തക്സായും ഇതിനുദാഹരണമാണ്. **നമ്മുടെ അൾത്താരകളിൽ ഉണ്ടായിരിക്കേണ്ടത് റാസ ഖുർബാനയുടെ തക്സാ തന്നെയാണ്, അത് ഏതു ഭാഷയിലായാലും.**



www.malankaralibrary.com

റോമിന്റെ വ്യക്തമായ നിർദ്ദേശവും അതാണല്ലോ. അത് ഉചിതമായും ഫല പ്രദമായും ഉപയോഗിച്ച് വിശുദ്ധ ഖുർബാനയർപ്പിക്കുന്നതിനുള്ള അറിവും കഴിവുമാണ് നമ്മുടെ വൈദികർക്ക് പ്രധാനമായും ഉണ്ടായിരിക്കേണ്ടതെ ന്നാണ് എന്റെ വിനീതമായ അഭിപ്രായം.

സുറിയാനി ഭാഷയുടെ ഉപയോഗവും മറ്റും കുറെ നിലനിർത്തിയിരു ന്നുവെന്നതൊഴിച്ചാൽ, നമ്മുടേതിനെക്കാൾ ലത്തീനീകരിക്കപ്പെട്ട നിലയിലാ യിരുന്നു കൽദായ സഭയുടെ ഖുർബാനക്രമം. ലത്തീനീകരണത്തിൽ നിന്നും വിമുക്തരായി സ്വന്തം വ്യക്തിത്വത്തിൽ വളരുന്നതിനുവേണ്ടിയാണ് ഖുർബാ നക്രമവും മറ്റു ലിറ്റർജികർമ്മങ്ങളും പുനരുദ്ധരിച്ചു നവീകരിക്കുന്നതിന് അനേകം വർഷങ്ങളായി വത്തിക്കാൻ അവരോട് ആവർത്തിച്ചാവശ്യപ്പെട്ടുകൊ ണ്ടിരുന്നത്. ഇറാക്കിലെ പ്രത്യേക സാഹചര്യസമ്മർദ്ദം കൊണ്ടൊക്കെയായി രിക്കണം ഇങ്ങനെ നീണ്ടുപോയത്. **ഇപ്പോഴത്തെ ക്രമങ്ങൾ ഓടിച്ചുനോ ക്കിയപ്പോൾ, ലത്തീനികരണത്തിൽ നിന്നും കാര്യമായി കരേറാനായിട്ടി ല്ലെന്നു മാത്രമല്ല, പാശ്ചാത്യലോകത്ത് പിടിമുറുക്കി, പൗരസ്ത്യ ദേശങ്ങ ളിലേയ്ക്ക് തള്ളിക്കയറാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന Secularism ത്തിലേക്ക് വഴുതി വീണുപോയില്ലെയെന്നു ബലമായി സംശയിക്കേണ്ടി യിരിക്കുന്നു.**

കത്തോലിക്കാ സഭയുടെ ദൈവാരാധനയുടെ അനന്യ (unique) മാന ങ്ങളായി കണക്കാക്കുന്നവയിൽ ഏറ്റവും പ്രധാനം അതിന്റെ സമയ സ്ഥല ബന്ധമാണെന്നു തോന്നുന്നു. എല്ലാ സഭകളും Liturgical time (ദൈവാരാ ധനാ സമയം) ന് വളരെ പ്രാധാന്യം കൊടുക്കുന്നുണ്ട്. **കഴിഞ്ഞത്, ഇപ്പോഴു ള്ളത്, വരാനിരിക്കുന്നത്** (past, present, future) എന്നീ പരിഗണനയിലാ ണല്ലോ നാം സമയം അളക്കുന്നത്. ദൈവത്തിന്റെ കാര്യത്തിലാണെങ്കിൽ കഴി ഞ്ഞതും വരാനിരിക്കുന്നതും ഇപ്പോഴുള്ളതിലേക്കു ലയിക്കുകയാണ്. **നിത്യത** (eternity) എന്ന ഈ പ്രത്യേകതയ്ക്കാണ് ദൈവാരാധനാ സമയം (Liturgical time) എന്നും പറയുന്നത്. സഭയുടെ ദൈവാരാധന ഈ ലോകത്തിൽ നിന്നു യർന്ന് ദൈവികതലത്തിൽ കടന്ന് ദൈവവുമായി ഒന്നുചേരുന്നതിനുള്ള പരി ശ്രമമാണല്ലോ. അതിനാൽതന്നെ ലിറ്റർജിയിൽ അഥവാ ദൈവാരാധനയിൽ ഉട നീളം **സമയവും നിത്യതയും** കൂടിക്കലരുക സ്വാഭാവികമാണ്, ആവശ്യവുമാ ണ്. അതായത് സ്വാഭാവിക സമയത്തിന്റെയും (Past, Present, Future) ദൈവാ രാധനാ സമയത്തിന്റെയും (Present alone) കൂടിക്കലർച്ച മെശിയാനികാരാ ധനയുടെ (ക്രൈസ്തവ ലിറ്റർജിയുടെ) അവശ്യഘടകമാണ്. അതില്ലെങ്കിൽ ആരാധനാ സമൂഹത്തിന് ദൈവത്തിങ്കലേയ്ക്കുയരാൻ പറ്റുന്നില്ലെന്നു തീർച്ച യാണ്.

ആരാധനാ സമൂഹത്തിൻെറ ദൈവൈയ്ക്യം പ്രഘോഷിക്കുന്ന അത്തരം അവസരങ്ങൾ ഖുർബാന ക്രമത്തിലുണ്ടായിരുന്നവ എല്ലാംതന്നെ പുതിയ കൽദായ ക്രമം നഷ്ടപ്പെടുത്തിയതായി കാണുന്നതിൽ ഖേദമുണ്ട്. ഉദാ ഹരണം: തിരുവസ്തുക്കൾ കാസായിലും പീലാസായിലും ഒരുക്കുന്ന അവസര ത്തിൽ "തിരുരക്തം", "തിരുശരീരം" എന്ന പ്രയോഗം, ഓനീസാ ദ്റാസേയിലെ



"മിശിഹായുടെ അമൂല്യമായ ശരീരവും രക്തവും" എന്ന പരാമർശം തുടങ്ങി യവ (ഓനീസാ ദ്റാസേ സ്ഥലം മാറ്റിയിരിക്കയാണ്). **വളരെ ഹൃദ്യമായി ആരാധനാസമൂഹത്തെ ദൈവൈക്യത്തിലേയ്ക്കുയർത്തുന്നതായി പൗരസ്ത്യ സുറിയാനി ഖുർബാന ക്രമത്തിലുണ്ടായിരുന്ന സാഹചര്യങ്ങ ളെല്ലാം തന്നെ ഓരോ തരത്തിൽ മാറ്റി മറിച്ച്, വെറും സ്വാഭാവികതയിൽ കുനിഞ്ഞു കൂടിയിരിക്കാൻ വിശ്വാസികളെ നിർബന്ധിക്കുന്ന വിധത്തി ലാണ് പുതിയ കൽദായ ക്രമം ശരിപ്പെടുത്തിയിരിക്കുന്നതെന്നു പറയാൻ നിർബന്ധിക്കപ്പെട്ടു പോകുന്നു.** നമ്മുടെ സഭയിൽ ഇത്തരത്തിൽ വാദ പ്ര തിവാദങ്ങൾ നടത്തിയിരുന്നവർക്ക് ഇതൊക്കെ വളരെ വിശേഷവും കാലോ ചിതവുമൊക്കെയായി തോന്നാനും പാടുണ്ട്.

ലത്തീൻ ലിറ്റർജിയിൽ നിന്നു കടമെടുത്ത് സർവ്വ സാധാരണമായി നാം ഉപയോഗിക്കുന്ന പദമാണല്ലോ "ഓസ്തി". അർത്ഥമറിഞ്ഞുകൂടെങ്കിലും അത്തരം പ്രയോഗങ്ങളോട് നമുക്ക് എന്തെന്നില്ലാത്ത പ്രതിപത്തിയാണുതാ നും. വളരെ അർത്ഥവത്തും സമുന്നതവുമായ "ബുക്റാ" (ആദ്യജാതൻ) എന്ന തിനെ പുറം തള്ളിയാണ് "ഓസ്തി" പ്രയോഗം തുടങ്ങിയതെന്നും ഓർക്കണം. "ഓസ്തി" (*hostia*)യുടെ അർത്ഥം "ബലിമൃഗം" എന്നാണെന്ന് ലത്തീൻ ഭാഷ പഠിച്ചിട്ടുള്ളവർക്കറിയാം. വളഞ്ഞു തിരിഞ്ഞ് ഈശോയിൽ തന്നെയാണ് അതെ ത്തുന്നതും. "ബുക്റാ" (ആദ്യജാതൻ) എന്ന് ഈശോയെ നേരിൽ വിവക്ഷി ക്കുന്ന സുറിയാനി പദം **"ഖുർബാനയപ്പ്"**ത്തിന് ഉപയോഗിച്ചിരുന്ന നാം വള ഞ്ഞു തിരിഞ്ഞാണെങ്കിലും "ഓസ്തി" പ്രയോഗം വഴി ഈശോയിൽ തന്നെ എത്തുന്നുവെന്നത് ആശ്വാസ പ്രദമാണ്. പരിശുദ്ധ ഖുർബാനയിൽ അപ്പത്തിന് സ്ഥാപന വാക്യങ്ങൾ കഴിഞ്ഞു മാത്രമല്ലല്ലോ "ഓസ്തി"യെന്നു പറയുക! ലത്തീൻ സഭയിലുമല്ല, നമ്മുടെയിടയിലുമല്ല!

സദാ സമയം "ഖുർബാനയപ്പ"ത്തിന് "ഓസ്തി" എന്നു തന്നെയല്ലേ പറയുന്നത്? ലത്തീൻ ലിറ്റർജിയിലും *നിത്യതയും സമയവും* കൂടിക്കലരുന്ന പ്രയോഗങ്ങൾ ഉണ്ടെന്നതിന് സുപരിചിതമായ ഒരു ഉദാഹരണം പറഞ്ഞെ ന്നേയുള്ളു. നമ്മുടെ സഭയിൽ പലർക്കും ലത്തീൻ ലിറ്റർജിയിൽ കാണുന്ന തൊക്കെ സ്വീകാര്യമാണ്. അതുതന്നെ നമ്മുടേതിൽ കാണുമ്പോൾ സംശ യവും, ചിലപ്പോൾ വിരോധവും!

ഏതായാലും കൽദായ സഭ ഇക്കാര്യത്തിൽ ചെയ്തു വച്ചിരിക്കുന്നത് ഒട്ടും സ്വീകാര്യമല്ലെന്നു പറയാതിരിക്കാൻ വയ്യ.

കൽദായ ലിറ്റർജി എന്ന് പരക്കെ അറിയപ്പെടുന്നത് പൗരസ്ത്യ സുറി യാനി ദൈവാരാധനയാണല്ലോ. **കൽദായ** എന്ന പദത്തിന് **പൗരസ്ത്യ സുറി യാനി** എന്നർത്ഥമുണ്ടെങ്കിലും ഇന്ന് ഭാഷയേക്കാൾ കൂടുതലായി സംസ്കാര ത്തിനും ജനതയ്ക്കുമെല്ലാമായിട്ടാണ് ഈ പദം ഉപയോഗിക്കപ്പെടുന്നത്. തന്മൂ ലം, കൽദായ ലിറ്റർജി "ഭാരതീയകൽദായ", "കൽദായഭാരതീയ", "ഇൻഡോ കൽദായ", "കാൽഡിയോഇന്ത്യൻ" എന്നീ പേരുകളിലൊന്നിൽ അറിയപ്പെടുന്ന തായിരിക്കും കൂടുതൽ ശരിയെന്നാണ് എനിക്കു പറയാനുള്ളത്. അതിനുകാരണം ഞാൻ പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ വിശദമായി ചർച്ചചെയ്തിട്ടുമുണ്ടല്ലോ.



www.malankaralibrary.com

പൗരസ്ത്യ സുറിയാനി പൈതൃകത്തിന്റെ, പ്രത്യേകിച്ച് ലിറ്റർജിയുടെ അവകാശികൾ അഥവാ ഉടമസ്ഥർ ഇന്നത്തെ കൽദായ സഭ മാത്രമാണെന്ന ചിന്തയും അസ്ഥാനത്താണ്. അതിനാൽ തന്നെ ഇന്നത്തെ കൽദായ സഭ ചെയ്തു വയ്ക്കുന്നതെല്ലാം പൗരസ്ത്യ സുറിയാനി പൈതൃക ഭാഗമായി കണക്കാക്കാനും പറ്റില്ല. '*സഭയുടെ നിർമ്മാണകാലഘട്ടമായി പരിഗണിക്കുന്ന സഭാ പിതാക്കന്മാരുടെ കാലം (ഏകദേശം 9-ാം നൂറ്റാണ്ട്) കഴിഞ്ഞ് കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ളവ എവിടെനിന്നായാലും ജീവാത്മക വളർച്ചയാണെങ്കിൽ മാത്രമേ സ്വീകരിക്കാനാവൂ.*' അതുപോലെ വിവിധ സഭകളുടെ പൊതുവായ പുരാതന ആരാധനാ പൈതൃകത്തിൽ കാതലായ വ്യതിയാനങ്ങൾ വരുത്തുന്നതിനുമുമ്പ് അവകാശികളായ എല്ലാ സഭകളേയും ഉൾപ്പെടുത്തി പഠനവും ചർച്ചയും ആവശ്യമാണെന്ന് എടുത്തു പറയേണ്ടതില്ലല്ലോ. **അങ്ങനെ എന്തെങ്കിലും ആവശ്യമെങ്കിൽ വത്തിക്കാൻ അതിനുള്ള ക്രമീകരണങ്ങൾ സജ്ജീകരിക്കുമെന്നു തന്നെയാണ് എന്റെ വിശ്വാസം. പൗരസ്ത്യ സഭകൾക്കിടയിലുള്ള വത്തിക്കാന്റെ മാധ്യസ്ഥ്യം പ്രധാനമായും ഇത്തരത്തിലാണല്ലോ പ്രകടമാകേണ്ടതും.**

അടിസ്ഥാനപരമായ ചില കാര്യങ്ങൾക്ക് പുതിയ കൽദായ ക്രമം കൊടുത്തിരിക്കുന്ന ഊന്നൽ ശ്ലാഘനീയമായും അനുഭവപ്പെട്ടു. ഉദാഹരണം: **കിഴക്കോട്ടുതിരിഞ്ഞുനിന്ന് അഥവാ സ്വർഗ്ഗോന്മുഖമായ തീർത്ഥാടന ശൈലിയിലുള്ള ഖുർബാനയർപ്പണം, ഖൂദാശാ ഭാഗം തുടങ്ങുന്നതിനു മുമ്പ് വിശ്വാസ പ്രമാണം എല്ലാ അർപ്പണത്തിലും നിർബന്ധമായും വേണമെന്നുള്ളത്, മദ്ബഹാവിരിയുടെ ഉപയോഗം, സ്ലീവായുടെ അടയാളം സ്വന്തം ശരീരത്തിൽ പതിപ്പിക്കുമ്പോൾ വലത്തുകൈ നെറ്റിയിൽനിന്നും നെഞ്ചിലേയ്ക്കും വലത്തെ തോളിൽ നിന്നും ഇടത്തെ തോളിലേയ്ക്കും ചലിപ്പിക്കുന്ന ആദിമ സഭാ ശൈലി തുടങ്ങിയവ.** ബാക്കി കാര്യങ്ങൾ വിശദമായ പഠനശേഷം പറയുന്നതായിരിക്കുമല്ലോ ഉചിതം. ചില പ്രാർത്ഥനകൾ, ഗീതങ്ങൾ, കർമ്മങ്ങൾ, തുടങ്ങിയവയുടെ സ്ഥലം മാറ്റം അത്തരത്തിലുള്ളവയിൽ പ്രധാനപ്പെട്ടതാണ്.

### അനുബന്ധം

## സുറിയാനി ഭാഷാ പഠനം

നമ്മുടെ കർത്താവ് ഈശോ മ്ശീഹായുടെ സംസാര ഭാഷ "*അറമായ*" ആയിരുന്നല്ലോ. ഭാഷാപണ്ഡിതരെല്ലാംതന്നെ അത് '*സുറിയാനി*'യാണെന്നും സമർത്ഥിക്കുന്നു. അറമായയും സുറിയാനിയും രണ്ടു ഭാഷകളാണെന്ന് സമർത്ഥിക്കാൻ ചിലർ ശ്രമിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിൽ ചിലർ ശ്രമിക്കുന്നുമുണ്ട്. പക്ഷെ, പൗരസ്ത്യ സുറിയാനി അഥവാ കൽദായ സുറിയാനി ശരിയായി പഠിച്ചവരും അതിനെ ബൈബിളിലെ അറമായയുമായി താരതമ്യം ചെയ്ത് പരിശോധിച്ചവരും ഇവ രണ്ടും വിഭിന്നഭാഷകളാണെന്ന് പറയുകയില്ല. പഴയ മലയാളവും ആധുനിക മലയാളവും രണ്ടു വിഭിന്ന ഭാഷകളാണെന്ന് പറയു



ന്നതുപോലെയാണ് അറമായയും പൗരസ്ത്യ സുറിയാനിയും രണ്ടു ഭാഷകളാണെന്ന് സമർത്ഥിക്കാൻ ശ്രമിക്കുന്നത്. ഹീബ്രു ബൈബിളിൽ "*അറാം*" എന്നും "*അറാമീത്*"(അറമായ ഭാഷയിൽ) എന്നും പറഞ്ഞിരിക്കുന്നത് യഥാക്രമം Syria എന്നും Syriac എന്നും ഗ്രീക്കു പരിഭാഷയെ ഉപജീവിച്ച് ചില ബൈബിൾ തർജ്ജമകളിൽ, പ്രത്യേകിച്ച് ലത്തീൻ വുൾഗാത്തായിൽ, സ്ഥലം പിടിച്ചു (2 *Kings* 5:1; 2 *Sam* 15:8; 2 *Kings* 18:26; *Dan* 2:4). മാത്രമല്ല മദ്ധ്യപൂർവ്വദേശത്ത് അറമായരിൽ നിന്നും മറ്റും മിശിഹാനുയായികളായവർ മറ്റുള്ള അറമായരിൽ നിന്നും തങ്ങളെ വേർതിരിച്ചുകാണിക്കാൻ "*സുറിയാനിക്കാർ*" എന്ന് സ്വയം വിളിക്കുകയും ചെയ്തു. കാലക്രമത്തിൽ അറമായ ഭാഷ എന്നത് "*സുറിയാനി ഭാഷ*" എന്ന് മലയാളത്തിലും അറിയപ്പെടാൻ തുടങ്ങി. അറമായ ഭാഷതന്നെയാണ് പൗരസ്ത്യ സുറിയാനിയെന്നും, യഹൂദമതത്തിൽനിന്നും മിശിഹാനുയായികളായവർ ഈശോയുടെ സംസാര ഭാഷയായ *അറമായ ഭാഷ* തന്നെ അവർ പോയിടത്തെല്ലാം ഉപയോഗിച്ചുവെന്നും, മദ്ധ്യപൂർവ്വദേശത്ത് മിശിഹാനുയായികളായ യഹൂദരല്ലാത്തവരും അത് തങ്ങളുടേതായി സ്വീകരിച്ചുവെന്നും, നിസിബിസ്, എദേസാ മുതലായ മെശിയാനിക കേന്ദ്രങ്ങളിൽ അത് സാഹിത്യ സമ്പത്തുള്ള സുറിയാനിയായി വികസിച്ചുവെന്നുമുള്ള കാര്യങ്ങൾ ചരിത്രം പഠിക്കുന്നവർക്ക് ബോധ്യപ്പെടും. പഴയനിയമത്തിൽ ദാനിയേലിന്റെ പുസ്തകം രണ്ടാം അദ്ധ്യായം നാലാം വാക്യത്തിന്റെ പകുതി മുതൽ ഏഴാം അദ്ധ്യായം ഇരുപത്തെട്ടാം വാക്യം വരെ ദീർഘമായ ഒരു ഭാഗം അറമായ ഭാഷയിൽ ഇപ്പോഴത്തെ ഹീബ്രു ലിപി ഉപയോഗിച്ച് എഴുതിയിട്ടുണ്ട്. പൗരസ്ത്യ സുറിയാനി അഥവാ കൽദായ സുറിയാനി അറിയാവുന്ന ഒരാൾക്ക് ഇതിലെ ഭാഷാപരമായ ചില പ്രാചീന പ്രയോഗങ്ങൾ ശ്രദ്ധിച്ചു കഴിഞ്ഞാൽ വായിച്ചു മനസ്സിലാക്കാൻ ഒട്ടും പ്രയാസമില്ല. പഴയ ഇംഗ്ലീഷ്, പഴയ മലയാളം എന്നിവയിൽ കാണുന്നതുപോലെ ചില വാക്കുകളുടെയും പ്രയോഗങ്ങളുടെയും പ്രാചീനത്വമാണ് അവിടെയുമുള്ളത്.

"ഉണ്ണുനീലിസന്ദേശം", "മയൂരസന്ദേശം", എന്നിവ മലയാള ഭാഷയിലെ രണ്ടു സന്ദേശകാവ്യങ്ങളാണ്. ഇവയിൽ ആദ്യത്തേത് ഇന്നേക്ക് അറുനൂറു വർഷങ്ങൾക്ക് മുമ്പ് വിരചിതമായതാണെന്ന് കണക്കാക്കപ്പെടുന്നു. ഇത് പ്രാചീന മലയാളത്തിലും "മയൂരസന്ദേശം" ആധുനീക മലയാളത്തിലുമാണ് എഴുതപ്പെട്ടിരിക്കുന്നത്. ഉണ്ണുനീലിസന്ദേശത്തിലെ ഭാഷ മലയാളമല്ലെന്ന് ആരെങ്കിലും പറഞ്ഞാൽ മലായാള ഭാഷാ പണ്ഡിതൻമാർ സമ്മതിക്കുകയില്ലല്ലോ.

കേരളത്തിലെ ഭാഷ മലയാളമാണെങ്കിലും വിവിധ പ്രദേശങ്ങളിൽ ഭാഷാപ്രയോഗത്തിലും സംസാര രീതിയിലുമെല്ലാം വ്യത്യാസങ്ങൾ കാണാം. മദ്ധ്യ കേരളത്തിലെ മലയാളവും തുളു നാട്ടിലെ മലയാളവും തമ്മിൽ വ്യത്യാസങ്ങളുണ്ട്. പക്ഷെ, രണ്ടും ഒരേ ഭാഷ തന്നെയാണ്. വിസ്തൃതമായ പശ്ചിമേഷ്യയിൽ പല രാജ്യങ്ങളിൽ സംസാരിച്ചിരുന്ന അറമായ ഭാഷ ഒന്നായിരുന്നുവെങ്കിലും അവയ്ക്ക് പ്രാദേശിക വ്യത്യാസങ്ങൽ കുറെയെല്ലാമുണ്ടായിരുന്നു. അതുകൊണ്ട് ഇതിനെ പൗരസ്ത്യ അറമായ, പാശ്ചാത്യ അറമായ എന്നിങ്ങനെ രണ്ടായി വിഭജിച്ച് ഓരോന്നിനും അവാന്തര വിഭാഗങ്ങൾ കാണിക്കാറുണ്ട്.



www.malankaralibrary.com

എന്നാൽ ഇതെല്ലാം ഒരേ ഭാഷയുടെ പ്രാദേശിക വ്യത്യാസങ്ങളെ ആധാരമാക്കി മാത്രമാണ്. അടിസ്ഥാനപരമായി ഭാഷ ഒന്നുതന്നെയായിരുന്നതിനാൽ ഈ വ്യത്യാസങ്ങൾ പരിഗണിച്ച് പല അറമായ ഭാഷകൾ സങ്കൽപ്പിക്കുന്നത് ശാസ്ത്രീയമായി അംഗീകരിക്കാനാവില്ല. ഈ പ്രദേശത്ത് അബ്രാഹത്തിന്റെ കാലം മുതൽ ദേശാന്തരികളായി നടന്നിരുന്നവർക്ക് പശ്ചിമേഷ്യയിലെ അപരിചിത പ്രദേശങ്ങളിൽ ചെല്ലുമ്പോഴും സമ്പർക്കം എളുപ്പമായിരുന്നത് അവർക്ക് പൊതുവായിരുന്ന അറമായ ഭാഷ നിമിത്തമാണ്.

ഒരു ഭാഷയ്ക്കുതന്നെ പ്രാദേശികമായി പ്രത്യേകതകളുള്ള സംസാരരീതിയെ Dialect എന്നുവിളിക്കാം. ഒരു ഭാഷയ്ക്ക് പലപ്രദേശങ്ങളിലായി പല Dialectകളുമുണ്ടാകാം. പത്രോസ് ശ്ലീഹാ സംസാരിച്ചിരുന്നത് അറമായ ഭാഷയുടെ ഗ്ലീലായിലെ Dialect ആയിരുന്നുവെന്നും അത് ഓറശ്ലേമിലെ Dialect-നേക്കാൾ വ്യത്യസ്ഥമായിരുന്നുവെന്നും ബൈബിളിൽ തന്നെ സൂചനയുണ്ട് (മത്തായി 26:73). ഗ്ലീലായിൽ വളർന്ന ഈശോ ആ പ്രദേശത്തെ അറമായ Dialect ആണ് സംസാരിച്ചിരുന്നതെങ്കിലും അവിടുന്ന് മറ്റ് പ്രദേശങ്ങളിൽ സഞ്ചരിച്ച് പഠിപ്പിച്ചിരുന്നപ്പോൾ ജനങ്ങൾ അവിടുത്തെ പ്രബോധനം മനസ്സിലാക്കിയത് അറമായ ഭാഷയ്ക്കുണ്ടായിരുന്ന പൊതു സ്വഭാവം നിമിത്തമാണ്.

മേൽപറഞ്ഞ കാരണങ്ങളാൽ പൗരസ്ത്യ സുറിയാനി അഥവാ കൽദായ സുറിയാനി ഈശോ മ്ശീഹാ സംസാരിച്ച അറമായ ഭാഷയുടെ വികസിത രൂപമാണെന്നു വ്യക്തം. അതുകൊണ്ടുതന്നെ കേരളത്തിലെ മാർ തോമാ നസ്രാണികൾ ഈ ഭാഷയിൽ വളരെ അഭിമാനിച്ചിരുന്നു.

ഈശോയുടെ സ്വന്തം വാക്കുകളായി സുവിശേഷങ്ങളുടെ എല്ലാ വിവർത്തനങ്ങളിലും തന്നെ നിലനിർത്തിയിരിക്കുന്ന പദങ്ങളും വാക്യശകലങ്ങളും പരിശോധിച്ചാൽ സുറിയാനി ഭാഷ വശമുള്ള ആർക്കും വ്യക്തമാകും അവ പൗരസ്ത്യ സുറിയാനിയാണെന്ന്. ഈ സുറിയാനി ഭാഷയിലായിരുന്നു നമ്മുടെ പരിശുദ്ധ ഖുർബാനയും മറ്റെല്ലാ ആരാധനാ കർമ്മങ്ങളും 1962 വരെ. 1962 ജൂലൈ 3-ന് പുനരുദ്ധരിച്ച ഖുർബാനക്രമം നടപ്പിലാക്കിയതോടു കൂടി ദൈവാരാധനയിൽ ഭാഗികമായി മാതൃഭാഷയും ഉപയോഗിക്കാൻ തുടങ്ങി. 1968-ലാണ് എല്ലാം പൂർണ്ണമായും മലയാളത്തിലാക്കി ഈശോയുടെ ഭാഷയോട് നമ്മുടെ സഭ വിട പറഞ്ഞത്.

### ആരാധനാഭാഷ

മെശിയാനിക അഥവാ ക്രൈസ്തവ ആരാധനക്രമങ്ങളുടെ ഉത്ഭവം, വളർച്ച തുടങ്ങിയവയെക്കുറിച്ച് ആഴത്തിൽ പഠനം നടത്തിയിട്ടുള്ള പണ്ഡിതവരേണ്യരുടെ നിഗമനത്തിൽ, ഈശോയെ തുടർന്നുള്ള അരനൂറ്റാണ്ടുകാലം എല്ലാ സമൂഹങ്ങളിലും സഭയുടെ ആരാധന, '*അറമായ*' ഭാഷയിലായിരുന്നു. സാവകാശത്തിൽ, ഗ്രീസ്, റോമാ, തുടങ്ങിയ പാശ്ചാത്യ ദേശങ്ങളിൽ അന്നു പ്രചാരത്തിലിരുന്ന സാംസ്കാരിക ഭാഷയായ *'ഗ്രീക്ക്'* ദൈവാരാധനയ്ക്ക് ഉപയോഗിച്ചു തുടങ്ങി. റോമിന്റെ നേതൃത്വത്തിൽ യൂറോപ്യൻ, ഉത്തര ആഫ്രിക്കൻ, പ്രദേശങ്ങൾ 4-ാം നൂറ്റാണ്ടോടുകൂടി തങ്ങളുടെ ദൈവാരാധന ലത്തീൻ



ഭാഷയിലാക്കി. *അങ്ങനെ സഭയുടെ ദൈവാരാധനാ ചരിത്രം അപഗ്രഥിക്കുമ്പോൾ സഭയുടെ ലിറ്റർജി ആദ്യത്തെ അരനൂറ്റാണ്ടുകാലം അറമായ അഥവാ സുറിയാനി ഭാഷയിൽ മാത്രവും തുടർന്നുള്ള മൂന്നു നൂറ്റാണ്ടുകാലം സുറിയാനിയിലും ഗ്രീക്കിലും പിന്നീട് രണ്ടാം വത്തിക്കാൻ കൗൺസിൽവരെ സുറിയാനി, ഗ്രീക്ക്, ലത്തീൻ ഭാഷകളിലുമാണ് പ്രധാനമായും നടന്നിരുന്നതെന്ന് കാണാനാകും.*

### പൗരസ്ത്യദേശങ്ങളിൽ

പൗരസ്ത്യ സഭകൾ, അതായത് സുറിയാനി, ഗ്രീക്ക് ഭാഷകൾ ആരാധനയ്ക്കായി ഉപയോഗിച്ചിരുന്നവർ, അവരുടെ ആരാധനാ ഭാഷകൾക്ക് ഒരു തരത്തിലുള്ള ദൈവിക പ്രാധാന്യം കല്പിച്ചിരുന്നെങ്കിലും, കാലക്രമത്തിൽ ആവശ്യാനുസരണം ഭാഗികമായിട്ടെങ്കിലും സ്വന്തം മാതൃഭാഷയും ലിറ്റർജിയിൽ ഉപയോഗിച്ചിരുന്നു. റോമാ കേന്ദ്രീകരിച്ചുള്ള പാശ്ചാത്യസഭ മാത്രമാണ് മാതൃഭാഷകൾ ഒട്ടും ഉപയോഗിക്കാതെ ലത്തീൻ ഭാഷയിൽ മാത്രം ലിറ്റർജി നടത്തിയിരുന്നത്. അതുകൊണ്ട് പൗരസ്ത്യ സഭകളെ സംബന്ധിച്ചിടത്തോളം ദൈവാരാധനയിൽ മാതൃഭാഷയുടെ ഉപയോഗം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നവീകരണഫലമല്ല. മറിച്ച്, ലത്തീൻ സഭയിലെ നവീകരണത്തിനു പ്രചോദനം നൽകിയത് പൗരസ്ത്യ സഭകളാണ്.

### മാർ തോമാ നസ്രാണികൾ

മാർ തോമാ നസ്രാണികൾ സുറിയാനി ഭാഷയോട് അതിരില്ലാത്ത വിധം സ്നേഹവും താല്പര്യവും ആദരവും ഒക്കെ പ്രകടിപ്പിച്ചിരുന്നുവെന്ന് നമുക്ക് കൈമാറിക്കിട്ടിയിട്ടുള്ള രേഖകൾ ഒന്നൊഴിയാതെ വ്യക്തമാക്കുന്നുണ്ട്. സുറിയാനി അവരുടെ നാഥനായ ഈശോ മ്ശിഹായുടെ ഭാഷയായിരുന്നു; അവരുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ ഭാഷയായിരുന്നു; അവരുടെ ജീവന്റെ ജീവനായ വിശ്വാസം പകർന്നു കിട്ടിയ ഭാഷയായിരുന്നു.

മാർ തോമാ നസ്രാണികൾക്ക് സുറിയാനി ഭാഷ ഒരു പരിധിവരെ പരിചിതമായിരുന്നു, വശമായിരുന്നുവെന്നാണ് ചരിത്ര സാക്ഷ്യങ്ങൾ വ്യക്തമാക്കുന്നത്. ഈശോയുടെയും ശ്ലീഹന്മാരുടെയുമൊക്കെ കാലയളവിൽ ലോകം മുഴുവനിലും പ്രത്യേകിച്ച് കിഴക്കൻ പ്രദേശങ്ങളിൽ അറിയപ്പെട്ടിരുന്ന വാണിജ്യ ഭാഷയായിരുന്നു അറമായ അഥവാ സുറിയാനി. ഇൻഡ്യയും മദ്ധ്യപൂർവ്വദേശങ്ങളും തമ്മിൽ വളരെ അടുത്ത കച്ചവടബന്ധം ഉണ്ടായിരുന്നതായും അതിനാൽതന്നെ സുറിയാനിഭാഷ ഇൻഡ്യയിൽ കാര്യമായി പ്രചരിച്ചിരുന്നതായും ചരിത്ര സാക്ഷ്യങ്ങളുണ്ട്. അറമായ അഥവാ സുറിയാനിയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അശോക ചക്രവർത്തിയുടെ ശാസനങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്.

നമ്മുടെ ഇപ്പോഴത്തെ മാതൃഭാഷയായ മലയാളം വളർന്നു വികസിക്കുന്നത് 12-ാം നൂറ്റാണ്ടു മുതലാണല്ലോ. സുറിയാനിയാകട്ടെ ഒന്നാം നൂറ്റാണ്ടിനു മുമ്പുതന്നെ നമ്മുടെയിടയിൽ ഉണ്ടുതാനും. നാം അറിയാതെ തന്നെ വളരെയേറെ സുറിയാനി പദങ്ങൾ നമ്മുടെ മാതൃഭാഷയിൽ ഉപയോഗിച്ചു കൊണ്ടാണിരിക്കുന്നതും. വിശദാംശങ്ങളിലേക്ക് ഇവിടെ കടക്കുന്നില്ല. ഒരുദാഹരണം മാത്രം: നമ്മുടെ *'അമ്മ'* സുറിയാനിയിലെ *'എമ്മാ'* ആണ്.



www.malankaralibrary.com

മറ്റെല്ലാ പൗരസ്ത്യ സഭകളും കാലാന്തരത്തിൽ മാതൃഭാഷ ദൈവാരാധനയ്ക്കായി ഉപയോഗിച്ചിട്ടും മാർ തോമാ നസ്രാണികൾ അങ്ങനെ ചെയ്യാതിരുന്നത്, സുറിയാനിഭാഷ അവർക്ക് മിക്കവാറും വശമായിരുന്നതുകൊണ്ടാകണം എന്ന് അനുമാനിക്കാനാണ് സാഹചര്യങ്ങൾ നിർബന്ധിക്കുന്നത്. സുറിയാനിയിൽ നടത്തിയിരുന്ന ആരാധനാ കർമ്മങ്ങളിൽ പലതിന്റെയും അർത്ഥം ഈ അടുത്ത കാലംവരെ വിശ്വാസികൾക്കും കുറെയൊക്കെ മനസ്സിലായിരുന്നു. മാത്രമല്ല, സുറിയാനി പ്രാർത്ഥനകളുടെ അർത്ഥവും തിരുക്കർമ്മാനുഷ്ഠാനങ്ങളുടെ അന്തസ്സത്തയും വൈദികർ അൽമായർക്ക് വിശദീകരിച്ചു കൊടുത്തിരുന്നുവെന്നും കരുതാം. എന്റെ വ്യക്തിപരമായ ഒരനുഭവം ഇവിടെ ചേർക്കട്ടെ. വളരെ ചെറുപ്പത്തിൽ പള്ളിയിൽ പോകുമ്പോൾ സുറിയാനി ഖുർബാനയിൽ കേൾക്കുന്ന പാട്ടുകൾ, വീട്ടിൽ വരുമ്പോൾ പാടി നടക്കുക ഒരു രസമായിരുന്നു. അങ്ങനെ പാടിയ ഒരവസരത്തിൽ, കൂട്ടത്തിൽ ഒരു വല്ല്യപ്പൻ, മോൻ പാടുന്നതിന്റെ അർത്ഥം പഠിക്കണ്ടേയെന്നു ചോദിച്ച് പിടിച്ചിരുത്തി പറഞ്ഞുതന്നു. പിന്നീട് വൈദിക പഠനത്തിനെത്തി സുറിയാനി പഠിച്ചപ്പോഴാണ്, വല്ല്യപ്പൻ പറഞ്ഞു തന്നവയത്രയും കൃത്യമായ അർത്ഥം തന്നെയായിരുന്നുവെന്നു മനസ്സിലായത്. 1940 കളുടെ അന്ത്യത്തിലെ അനുഭവമാണിത്. വല്ല്യപ്പനാണെങ്കിൽ അന്നത്തെ ഒരു സാധാരണ കർഷകനും. നമ്മുടെ പൂർവ്വികർ പരിശുദ്ധ ഖുർബാനയുടെയും മറ്റ് ആരാധനാ കർമ്മങ്ങളുടെയും സമയത്ത് വെറും കാഴ്ചക്കാരല്ലായിരുന്നുവെന്നതിന് ഒന്നാംതരം തെളിവല്ലേയിത്?

**ഭാഷയും മതവും**

ഭാഷയും മതവും സംസ്കാരവുമൊക്കെ കെട്ടുപിണഞ്ഞു കിടക്കുന്ന യാഥാർത്ഥ്യങ്ങളാണ്. ഓരോ മതത്തിന്റെയും സംസ്കാരത്തിന്റെയും പ്രാക്തനരൂപഭാവം അതതിന്റെ ഉത്ഭവകാലത്തെ ഭാഷയുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. ആവിഷ്കൃത മതങ്ങളെ സംബന്ധിച്ചിടത്തോളം ഇത് പൂർണ്ണാർത്ഥത്തിൽ ശരിയാണ്. ഹീബ്രു ഭാഷയില്ലാത്ത യഹൂദമതത്തെക്കുറിച്ചോ അറബിയില്ലാത്ത ഇസ്ലാമിനെക്കുറിച്ചോ ചിന്തിക്കാനാകുമോ? മെശിയാനികരുടെ അഥവാ ക്രൈസ്തവരുടെ ദൈവാവിഷ്കരണ ഭാഷയാണ് *'അറമായ'* അഥവാ *'സുറിയാനി'*. അവർ അതിന് കാര്യമായ പ്രാധാന്യം കല്പിക്കുന്നില്ലെന്നത് വിചിത്രമല്ലേ?

ഒരു പൗരസ്ത്യ സഭയും അതിന്റെ ആരാധനാഭാഷ പൂർണ്ണമായി തിരസ്കരിച്ചിട്ടില്ല. നമ്മുടെ സ്വന്തം സഹോദരങ്ങളായ മലങ്കരക്കാരുടെയും യാക്കോബായ-ഓർത്തഡോക്സുകാരുടേയുമൊക്കെ കാര്യം നമുക്ക് വ്യക്തമായി അറിയാവുന്നതുമാണ്. മാർ തോമാ നസ്രാണി സഭ (സീറോ മലബാർ സഭ) മാത്രമാണ് പൗരസ്ത്യ സഭകളുടെ ഈ പൊതുശൈലിക്ക് അപവാദമായി നിൽക്കുന്നത്.

മുമ്പ് സൂചിപ്പിച്ചതുപോലെ, ദൈവാരാധനയിൽ മാതൃഭാഷയുടെ ഉപയോഗം പൗരസ്ത്യ സഭകൾക്കൊന്നും രണ്ടാം വത്തിക്കാൻ കൗൺസിലിന്റ നവീകരണഫലമല്ല. സീറോമലബാർ സഭയുടെ കാര്യവും അങ്ങനെതന്നെയാണ്.



സീറോമലബാർ സഭയിൽ തന്നെ പലരും അതു മനസ്സിലാക്കിയിട്ടുണ്ടോയെന്ന് സംശയമുണ്ട്. 15-ാം നൂറ്റാണ്ടിനു ശേഷമുണ്ടായ അവിഹിതമായ പാശ്ചാത്യവൽക്കരണത്തിലും ലത്തീനീകരണത്തിലുംനിന്നു സ്വതന്ത്രരായി, ഖുർബാനക്രമം ആധികാരികമായി പുനരുദ്ധരിച്ച് നടപ്പിലാക്കിയത് (1962 ജൂലൈ 3) ഭാഗികമായി മലയാള ഭാഷയിലാക്കിയാണ്. അത് രണ്ടാം വത്തിക്കാൻ കൗൺസിൽ തുടങ്ങുന്നതിനു മുൻപായിരുന്നല്ലോ. അന്ന് അങ്ങനെ ചെയ്തത് പൗരസ്ത്യ സഭകളുടെ പൊതുശൈലി മാനിച്ചാണ്.

എന്നാൽ കൗൺസിലിനു ശേഷം തനി ലത്തീൻ ശൈലിയിൽ (മറ്റൊരു പൗരസ്ത്യ സഭയും ചെയ്യാത്തവിധം) ദൈവാരാധന പൂർണ്ണമായും മാതൃഭാഷയിലാക്കുന്നതിനുള്ള പരിശ്രമങ്ങളാണ് നമ്മുടെ സഭയിൽനിന്നുതന്നെയുണ്ടായത്. അതു മുഴുവനായും വിജയിച്ചുവെന്നും പറയാം. അങ്ങനെ ഇന്ന് ലോകത്തിൽ ഉറവിട ആരാധാഭാഷയെ പൂർണ്ണമായും തിരസ്കരിച്ചിട്ടുള്ളത് ലത്തീൻ സഭയും നസ്രാണി സഭയും (സീറോമലബാർ സഭയും) മാത്രമായിരിക്കും. അതിന്റെ പരിണത ഫലവും ഈ രണ്ടു സഭകളിലും കാണാനുമുണ്ട്. സഭയെ നയിക്കുന്നവർപോലും അതിന്റെ ഉറവിട ഭാഷയ്ക്ക് അന്യരായിക്കഴിഞ്ഞിരിക്കുന്നു!

**ഉയിർത്തെഴുന്നേല്പ് അത്യാവശ്യം**

ഉയിർത്തെഴുന്നേൽക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ലത്തീൻ സഭയിൽ അപകടം മനസ്സിലാക്കിയ മാർപ്പാപ്പ അതാരംഭിച്ചു കഴിഞ്ഞു. ലത്തീൻ ഭാഷയിൽ ഖുർബാന അർപ്പിക്കുന്നതിന് വലിയ പ്രോത്സാഹനമാണ് പിതാവ് നൽകിക്കൊണ്ടിരിക്കുന്നത്. പലേടത്തും ക്രമീകൃതമായ രീതിയിൽ അർപ്പണം തുടങ്ങിക്കഴിഞ്ഞു. ഉചിതമാംവിധം ലത്തീൻ ഭാഷയിൽ പരിശീലനവും കൊടുത്തു തുടങ്ങി.

നമ്മുടെ സഭയിലും വൈദികരും സന്യസ്തരും നിർബന്ധമായും സുറിയാനി ഭാഷ പഠിക്കണമെന്ന് നിശ്ചയിച്ച്, ഉടൻതന്നെ പഠനം ആരംഭിക്കേണ്ടിയിരിക്കുന്നു. ഉറവിട പരിജ്ഞാനത്തിന് സുറിയാനി ഭാഷ അപരിത്യാജ്യമാണ്. സാധിക്കുന്നതുപോലെ അല്മായരും സുറിയാനി ഭാഷയിൽ പരിശീലിപ്പിക്കപ്പെടണം. നമ്മുടെ ദൈവാലയങ്ങളിലും ആശ്രമകപ്പേളകളിലും ഇടയ്ക്കിടയ്ക്കെങ്കിലും സുറിയാനി ഭാഷയിൽ പരിശുദ്ധ ഖുർബാനയർപ്പണം നടക്കണം. കൂടാതെ, അനുദിന ആരാധനാ കർമ്മങ്ങളിൽ മറ്റ് പൗരസ്ത്യ സഭകളെപ്പോലെ മർമ്മ പ്രധാനങ്ങളായ ചില പദങ്ങളും വാക്യശകലങ്ങളുമെങ്കിലും എപ്പോഴും സുറിയാനിയിൽ തന്നെ ചൊല്ലുകയോ പാടുകയോ ചെയ്യുന്ന രീതിയും പുനരുദ്ധരിക്കണം. അപ്പോൾ നമുക്ക് ഈശോയുമായി കൂടുതൽ അടുപ്പമുണ്ടാകും. ഒരേ ഭാഷ സംസാരിക്കുന്നവർ തമ്മിൽ എന്തെന്നില്ലാത്ത ഒരടുപ്പം തോന്നുക സ്വാഭാവികമാണല്ലോ.

**മാർപ്പാപ്പ പ്രചോദനം നൽകുന്നു**

2008 ഒക്ടോബർ 12 മാർ തോമാ നസ്രാണി (സീറോമലബാർ) സഭയുടെ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തപ്പെട്ട ദിനമായിരുന്നല്ലോ.



www.malankaralibrary.com

സഭാ മകളായ അൽഫോൻസാമ്മ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ട ദിനം. സാർവ്വത്രിക സഭാകേന്ദ്രവും സീറോമലബാർ സഭയും ഭാരതത്തിലെ എല്ലാത്തരം മാധ്യമങ്ങളും വളരെ ശ്ലാഘനീയമായ രീതിയിൽതന്നെ പ്രസ്തുത ചരിത്രമുഹൂർത്തം ആഘോഷിച്ചെന്നതും എടുത്തു പറയേണ്ടിരിക്കുന്നു.

**വത്തിക്കാനിലെ ആഘോഷം**

ലത്തീൻ ഭാഷയിൽതന്നെ ആരാധനാ കർമ്മങ്ങൽ ഏറ്റം ആഘോഷമായി പരികർമ്മം ചെയ്തു കൊണ്ടാണ് മാർപ്പാപ്പ ഈ സുപ്രധാന അവസരം ഘോഷിച്ചത്. ലത്തീൻ റീത്തനുസരിച്ച് ഏറ്റവും ആഘോഷവും വിശദവുമായ പരിശുദ്ധ ഖുർബാനയർപ്പണത്തോടെയാണ് മാർപ്പാപ്പ കർമ്മങ്ങൾക്ക് നേതൃത്വം നൽകിയതെന്ന വസ്തുത പ്രത്യേകം പരിഗണനാർഹമാണ്.

കത്തോലിക്കാ സഭയിലെ ഏറ്റവും സമുന്നതവും സമഗ്രവുമായ ആരാധനാ കർമ്മം പരിശുദ്ധ ഖുർബാനയർപ്പണമാണെന്നും, അവളുടെ സ്വർഗ്ഗോത്മുഖമായ തീർത്ഥാടനത്തിലെ നിർണ്ണായകാവസരങ്ങളിൽ ഏറ്റവും ആഘോഷമായും പൂർണ്ണമായും പരിശുദ്ധ ഖുർബാനയർപ്പിച്ചുകൊണ്ടുവേണം വിശ്വാസം ഏറ്റുപറയേണ്ടതെന്നുമൊക്കെയുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനം അടിവരയിട്ടുറപ്പിക്കുകയാണ് ഇതുവഴി മാർപ്പാപ്പ ചെയ്തത്. *മാർ തോമാ നസ്രാണി (സീറോ മലബാർ) സഭാംഗങ്ങളായ നാം നമ്മുടെ സഭയിലെ നിർണ്ണായകമായ ആഘോഷാവസരങ്ങളിൽ നമ്മുടെ വിശ്വാസത്തിന്റെ സമുന്നത പ്രകാശനമായ റാസഖുർബാന അർപ്പിക്കുന്നതിന് (സാധിക്കുന്നതുപോലെ സുറിയാനി ഭാഷയിൽതന്നെ) പരിശ്രമിക്കുന്നുണ്ടോയെന്ന് ആത്മശോധന നടത്തുന്നതിനും ഈ ആഘോഷം അവസരം നൽകി. ഏതെങ്കിലും തരത്തിലുള്ള വെട്ടിക്കുറയ്ക്കലുകളോ തിരുകിക്കയറ്റലുകളോ ഖുർബാനക്രമത്തിൽ നടത്തിയില്ലെന്നുള്ളതും ശ്രദ്ധാർഹമാണ്. അത്തരത്തിലുള്ള ആധുനിക പ്രവണതയ്ക്കു നൽകിയ വ്യക്തമായ താക്കീതായും നാമകരണകർമ്മം കണക്കാക്കാവുന്നതാണ്.*

**സുവിശേഷ പ്രഘോഷണം**

നാമകരണ ഖുർബാനയർപ്പണത്തിലെ സുവിശേഷപ്രഘോഷണം ലത്തീൻ, ഗ്രീക്കു ഭാഷകകളിൽ നടത്തിയതായും നാം കണ്ടു. കത്തോലിക്കാ സഭയുടെ സാർവ്വത്രികത പ്രകടിപ്പിക്കാൻ - പടിഞ്ഞാറും കിഴക്കുമുള്ള പാരമ്പര്യങ്ങൾ പ്രതീകാത്മകമായി ഏറ്റുപറയാൻ - ഇത്തരത്തിലുള്ള ഔദ്യോഗിക കർമ്മങ്ങളിലെ സാധാരണ ശൈലിയാണിത്.

കിഴക്കൻ പാരമ്പര്യം, സുറിയാനി, ഗ്രീക്ക് പാരമ്പര്യങ്ങൾ ഒരുമിച്ചു കൂടുന്നതാണല്ലോ. **ഇവയിൽതന്നെ സുറിയാനി പാരമ്പര്യമാണ് മെശിയാനിക വിശ്വാസത്തിന്റെ ഉറവിടം എന്ന സത്യവും എല്ലാവർക്കും വ്യക്തമാണ്.** ഈശോ മ്ശിഹാ സംസാരിച്ച ഭാഷ സുറിയാനിയാണെന്ന കാര്യം വ്യക്തമാക്കികഴിഞ്ഞതാണല്ലോ. അതുപോലെ ആദ്യത്തെ അരനൂറ്റാണ്ടുകാലമെങ്കിലും എല്ലാ സഭകളുടെയും വിശ്വാസ പ്രകാശനം ഈ ഭാഷയിലായിരുന്നുവെന്ന വസ്തുതയും നാം കണ്ടു. *എന്നിട്ടും എന്തുകൊണ്ട് ഈ പാരമ്പര്യം*



*എപ്പോഴും അവഗണിക്കപ്പെടുന്നുവെന്നത് ഒരു പ്രശ്നമായി അവശേഷിക്കുന്നു. സുറിയാനി സഭകൾ ഉചിതമാംവിധം മുൻകയ്യെടുക്കാത്തതുകൊണ്ടായിരിക്കുമോ ഈ അവഗണന?*

നാലു പേരായിരുന്നല്ലോ വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ടത്. മൂന്നു പേരുടെയും ആദ്ധ്യാത്മികതയ്ക്ക് അടിത്തറയിട്ട ലത്തീൻ ആരാധനാ പാരമ്പര്യത്തിന് നാമകരണകർമ്മത്തിൽ സമുചിതമായത സ്ഥാനമുണ്ടായിരുന്നുവെന്നത് സ്വാഭാവികവും സമുചിതവും തന്നെ. എങ്കിലും അൽഫോൻസാമ്മയുടെ ആദ്ധ്യാത്മികതയ്ക്കും വിശുദ്ധിക്കും ഊടും പാവും നെയ്ത സുറിയാനി പാരമ്പര്യം പൂർണ്ണമായും അവഗണിക്കപ്പെട്ടത് ഖേദകരമായി അനുഭവപ്പെട്ടു. വേണ്ടപ്പെട്ടവർ ഉചിതസമയത്ത് ഉചിതമാംവിധം ഇടപെട്ടിരുന്നെങ്കിൽ ഗ്രീക്കിനു പകരം സുറിയാനിയിൽ സുവിശേഷപ്രഘോഷണമെങ്കിലും നടത്താൻ സാധിച്ചേനേ എന്ന തോന്നലും.

**സുറിയാനിയും മലയാളവും**

സുറിയാനി ഭാഷയിൽനിന്നുമുള്ള വളരെയേറെ പദങ്ങൾ അതേ പടിയോ, അല്പസ്വല്പവ്യത്യാസങ്ങളോടെയോ, ഒക്കെ മലയാളത്തിൽ ഉപയോഗിക്കുന്ന കാര്യം സൂചിപ്പിച്ചല്ലോ. ഒരു ഭാഷയിലെ പദങ്ങൾ അതേപടി മറ്റു ഭാഷകളിൽ ഉപയോഗിക്കുമ്പോൾ സാധിക്കുന്നിടത്തോളം മൂലഭാഷയിലെ അക്ഷരങ്ങൾകൂടി തരിച്ചറിയത്തക്കവിധമുള്ള അക്ഷരങ്ങൾ ഉപയോഗിക്കുക എന്നതാണല്ലോ ശാസ്ത്രീയമായ രീതി. അങ്ങനെ പരിഗണിക്കുമ്പോൾ മലയാളത്തിൽ നാം സാധാരണ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ചില പദങ്ങളിലെ ഏതാനും അക്ഷരങ്ങൾ മാറ്റേണ്ടതായിട്ടാണിരിക്കുന്നത്. ഉദാഹരണം: കൂർബാന "*ഖുർബാന*"യും കൂദാശ "*ഖൂദാശ*" യും കുദ്ശാ "*ഖുദ്ശാ*"യും മാലാഖാ "*മാലാകാ*"യും കാനോന "*ഖാനോനാ*"യും ക്യംതാ "*ഖ്യംതാ*"യും കൈത്താ "*ഖൈത്താ*"യും ഒക്കെ ആകണം.

**മലയാളം വളരുന്ന ഭാഷ**

വളർന്നു വികസിച്ചുകൊണ്ടിരിക്കുന്ന ഭാഷയായ മലയാളത്തിൽ അതിന്റെ ഉത്ഭവത്തിന് അനേകം വർഷങ്ങൾ മുമ്പുതന്നെ സ്ഥലവാസികളായിരുന്ന മാർ തോമാ നസ്രാണികളുടെ തനതായ ചില പദങ്ങളും ശൈലികളും അലങ്കാരം തന്നെയായിരിക്കും. അങ്ങനെ ഭാഷയുടെ മുതൽകൂട്ടായിരുന്ന പലതും അശ്രദ്ധയിൽ ചോർന്നു പൊയ്ക്കൊണ്ടിരിക്കുന്നില്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

'*ബാവാ*', '*റൂഹാദ്ഖുദ്ശാ*', '*സ്ലീവാ*', '*മ്ശിഹാ*', തുടങ്ങിയ പദങ്ങൾ പ്രാർത്ഥനകളിൽ മാത്രമല്ല, അനുദിന വർത്തമാനവേളകളിലും സർവ്വസാധാരണമായി ഉപയോഗിച്ചിരുന്ന പദങ്ങളാണ്. ഇന്നത്തെ തലമുറയ്ക്ക് അവയൊക്കെ അപരിചിതമായിക്കഴിഞ്ഞിരിക്കുന്നു.

പിതാവ് എന്നർത്ഥമുള്ള '*ആവാ*' എന്ന സുറിയാനി പദത്തിന്റെ തദ്ഭവരൂപമായ '*ബാവാ*' ഭാരത സാംസ്കാരിക പശ്ചാത്തലത്തിൽ ലയിച്ചു ചേർന്നിട്ടുള്ള



www.malankaralibrary.com

ഒരു പദമല്ലേ? '*ബാവാ*', '*ബാബാ*', '*ബാപ്പുജി*', തുടങ്ങിയ സംജ്ഞകൾ എത്ര ആദരവോടെയാണ് ഭാരതത്തിലുടനീളം ഉപയോഗിക്കുന്നതെന്ന് എല്ലാവർക്കും വ്യക്തം. പിതാവായ ദൈവത്തെ വളരെ ഹൃദ്യമായി '*ബാവാ*' എന്നു വിളിച്ചിരുന്ന നാം പുരോഗമനത്തിന്റെയോ ഭാഷാ ശുദ്ധിയുടെയോ ഒക്കെ ലേബലൊട്ടിച്ച് അത് ഉപേക്ഷിച്ചുകളയുന്നത് ഖേദകരമല്ലേ?

വിവർത്തനം നടത്തുമ്പോൾ പലപ്പോഴും മൂലഭാഷയിലെ ആഴങ്ങൾ നഷ്ടപ്പെടാനിടയുണ്ട്. അതുകൊണ്ട് ചില പ്രത്യേക പദങ്ങളും ശൈലികളും മൂലഭാഷയിലെപ്പോലെതന്നെ വിവർത്തനങ്ങളിലും നിലനിർത്താറുണ്ട്. ബൈബിളിലെ കാര്യം സൂചിപ്പിച്ചതാണല്ലോ. വളരെ സുപരിചിതമായവ വിവർത്തനമെന്നപേരിൽ ഭാഷാന്തരം നടത്തേണ്ടതുമില്ല, പ്രത്യേകിച്ചും പ്രാർത്ഥനകളാകുമ്പോൾ. അത്തരത്തിലുള്ളവ വളരുന്ന ഭാഷകൾക്ക് മുതൽകൂട്ടായിട്ടാണ് സാധാരണ കണക്കാക്കാറുള്ളത്. '*റൂഹാദ്ഖുദ്ശാ*', '*സ്ലീവാ*', '*മ്ശീഹാ*' തുടങ്ങിയ സുറിയാനി പദങ്ങൾ അത്തരത്തിലുള്ളവയാണ്.

'*ഈശോ*' എന്ന നാമം മാർ തോമാ നസ്രാണികൾക്ക് ഏറ്റവും ഹൃദ്യമായ ഒന്നാണല്ലോ. മാതാപിതാക്കൾ കുഞ്ഞുങ്ങളുടെ ചെവിയിൽ ആദ്യം ചൊല്ലിക്കൊടുക്കുന്ന നാമവും ഇതുതന്നെ. ഈ പരിശുദ്ധ നാമത്തിനുപോലും ഇന്നു വ്യതിയാനം വന്നുകൊണ്ടിരിക്കുന്നതായി കാണുന്നു. മുമ്പ് സൂചിപ്പിച്ചിട്ടുള്ളതുപോലെ ഈശോയും മാതാവും യൗസേപ്പ് പിതാവുമൊക്കെ സംസാരിച്ചിരുന്ന അറമായ അഥവാ സുറിയാനി ഭാഷയിലുള്ള നാമമാണ് 'ഈശോ'. ശാസ്ത്രീയവിധിപ്രകാരം വ്യക്തികളുടെയും സ്ഥലങ്ങളുടെയും മറ്റും നാമങ്ങൾ മൂലഭാഷയിലെ സ്വരത്തിൽതന്നെ മറ്റു ഭാഷകളിലും ഉച്ചരിക്കേണ്ടതാണല്ലോ. അശാസ്ത്രീയമായ ഉച്ചാരണരീതിയിലേക്ക് വളരെയധികം പേർ മാറിക്കൊണ്ടിരിക്കുന്നതിന്റെ പ്രസക്തി മനസ്സിലാകുന്നില്ല. *യേശു* എന്ന പ്രയോഗം പുതുമയും നവീകരണവുമൊക്കെയായി തെറ്റിദ്ധരിക്കുന്നതുകൊണ്ടായിരിക്കുമോ? 'ഈശോ' എന്ന സുറിയാനി നാമം ഗ്രീക്കിലെത്തിയപ്പോൾ 'യേസൂസ്' ആയിപ്പോയി. അവിടെനിന്നും ലത്തീനിലും ഇംഗ്ലീഷിലുമൊക്കെ എത്തി. ആ വഴികളിൽ മലയാളത്തിലെത്തിയപ്പോഴാണ് 'യേശു'വായത്. അതുപോലെതന്നെ ഗ്രീക്കുഭാഷയുടെ സ്വാധീനത്തിൽ പെട്ട പാശ്ചാത്യ സുറിയാനിയിലും അഥവാ അന്ത്യോക്യൻ സുറിയാനിയിലും "ഈശോ" "യേശു"വായി. യഹൂദർക്കുവേണ്ടി യഹൂദർ തന്നെ മിശിഹാക്കാലം രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി പഞ്ചഗ്രന്ഥി സുറിയാനിയിലേയ്ക്ക് പരിഭാഷപ്പെടുത്തിയതാണ് ഇപ്പോഴത്തെ പൗരസ്ത്യസുറിയാനി "പ്ശീത്താ" എന്ന തർജ്ജമയിലുള്ളത്. അതിൽ "യ്ഹോഷുഅ" എന്ന് ഇന്ന് ഹീബ്രുവിൽ ഉച്ചരിക്കുന്ന നാമധേയം "ഈശോ" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (സംഖ്യ 14:30). ആദ്യകാലത്തെ ഉച്ചാരണം *ഈശോ* എന്നായിരുന്നുവെന്നാണ് ഇത് കാണിക്കുന്നത്. ഇപ്പോൾ ഹീബ്രു ബൈബിളിൽ കാണുന്ന ഉച്ചാരണങ്ങൾ പലതും "മസ്സൊറെത്തുമാർ" (Massoretes) എന്ന യഹൂദ പണ്ഡിതൻമാർ മിശിഹാക്കാലം അഞ്ഞൂറിനും തൊള്ളായിരത്തിനും ഇടയ്ക്കുള്ള കാലഘട്ടത്തിൽ ചിട്ടപ്പെടുത്തിയതാണ്. "ദൈവം" എന്നതിന് ഹീബ്രു ബൈബിളിൽ ഇന്നുപയോഗിച്ചിരിക്കുന്ന "എലൊഹിം" എന്ന പദത്തിന്റെ സ്ഥാനത്ത് പുരാതന ഹീബ്രുവിലുള്ള



"ശമ്രായ" (Samaritan) പഞ്ചഗ്രന്ഥിയിൽ "ഇലുവെം" എന്ന പദമാണ് കാണുന്നത് എന്നു മനസ്സിലാകുമ്പോഴാണ് "മസ്സൊറെത്തുമാർ" നൽകിയിരിക്കുന്ന പല ഉച്ചാരണങ്ങളുടെയും പൂർവ്വരൂപം എങ്ങനെയായിരുന്നുവെന്ന് അന്വേഷിക്കേണ്ടിവരുന്നത്. "ഈശോ"എന്ന നാമത്തിന്റെ ഹീബ്രു രൂപമായിട്ടാണ് "യ്ഹോഷുഅ" എന്ന പദം ഹീബ്രു ബൈബിളിൽ ഇന്നുകാണുന്നത്. എന്നാൽ പുരാതനകാലത്ത് അത് "ഈശോ" എന്നെഴുതുകയും ഉച്ചരിക്കുകയും ചെയ്തിരുന്നുവെന്നാണ് അനുമാനിക്കേണ്ടത്. മെശിയാനികരെ ഇഷ്ടപ്പെടാതിരുന്ന "മസ്സൊറെത്തുമാർ" ഇത് ബോധപൂർവ്വം "യ്ഹോഷുഅ" എന്നു മാറ്റിയത്, "ഈശോ" എന്ന തിരുനാമം മെശിയാനികർ ദിവ്യരക്ഷകന്റെ നാമധേയമായി സുറിയാനി സഭകളിൽ ഉപയോഗിച്ചിരുന്നതുകൊണ്ടാണ് എന്ന അനുമാനത്തിലെത്താൻ കഴിയും. ഇന്നു ഹീബ്രുഭാഷയിൽ "ഊ" എന്ന സ്വരം കൊടുത്തുച്ചരിക്കുന്ന ചില നാമങ്ങളിൽ "ഓ" എന്ന സ്വരമാണ് പുരാതനകാലത്തുണ്ടായിരുന്നതെന്ന് ഭാഷാപണ്ഡിതൻമാർ അഭിപ്രായപ്പെടുന്നു. ഹീബ്രു ബൈബിളിൽ ഇപ്പോൾ കാണുന്ന "നൂൻ" പണ്ട് "നോൻ" ആയിരുന്നുവെന്ന് സുറിയാനി പ്ശീത്തായിൽനിന്നും മനസ്സിലാക്കാം (സംഖ്യ 14:30).

ഈശോയുടെ അരുമശിഷ്യനിൽനിന്നുതന്നെ നാം ചൊല്ലിപ്പഠിച്ച '*ഈശോ*' എന്ന ഉച്ചാരണശൈലി, വഴിതെറ്റിവന്ന ആധുനികതയുടെയും മറ്റും പേരിൽ ഉപേക്ഷിക്കുന്നതു ശരിയാകുകയില്ലല്ലോ.

മറ്റേതൊരു ജനതയെക്കാളും മലയാളമണ്ണിന്റെ സ്വന്തമായ മാർ തോമാ നസ്രാണികളുടെ തനതായ ആരാധന-ആദ്ധ്യാത്മിക-ദൈവശാസ്ത്ര ശ്രേണികളിലെ ചില പ്രത്യേക പദങ്ങൾ കൂടിച്ചേരുന്നതുവഴി നമ്മുടെ മാതൃഭാഷ കൂടുതൽ സമ്പന്നമാകയേയുള്ളു. "ക്രൈസ്തവ" "ക്രിസ്തീയ" തുടങ്ങിയ പദങ്ങൾ മലയാളിക്ക് അപരിചിതമായിരുന്ന ഗ്രീക്കുഭാഷയിൽനിന്നും ഉരുത്തിരിഞ്ഞിട്ടുള്ളവയാണല്ലോ. അവർക്ക് സുപരിചിതമായിരുന്ന "മ്ശീഹാ" എന്ന സുറിയാനി പദത്തിൽനിന്നും അതിന്റെ തന്നെ ഉറവിടമായ "മഷീഅഹ്" ("മഷീഹ്" അഥവാ "മശീഹ്" എന്ന ഹീബ്രുപദം ഉച്ചാരണത്തിൽ "മഷീഅഹ്" എന്നാകുന്നു. ഇതിനിടയ്ക്ക് ചേർക്കുന്ന "അ"കാരം മസ്സൊറെത്തുമാർ "ഹ്" എന്ന അക്ഷരത്തിന്റെ ഉച്ചാരണ സ്ഫുടതയ്ക്കുവേണ്ടി ചേർത്തതാണ്. മൂലപദത്തിലില്ല.) എന്ന ഹീബ്രു പദത്തിൽനിന്നും ഉരുത്തിരിഞ്ഞിട്ടുള്ള "*മെശിയാനിക*" എന്ന പദം വളരെ വിശേഷമായി മുൻപറഞ്ഞ പദങ്ങളുടെ ആശയം വ്യക്തമാക്കുന്നുണ്ടല്ലോ. ഹിന്ദുസ്ഥാനിയിൽ "*ഈസാ മസീഹ്*" എന്നാണ് "*ഈശോ മ്ശീഹാ*" അറിയപ്പെടുന്നത്.

ഹൈന്ദവ ശൈലിയിൽ വളരെയേറെ ദേവന്മാരുണ്ട്. അവരുടെ ആലയം 'ദേവാലയം' എന്നറിയപ്പെടുക യുക്തമാണ്. എന്നാൽ മെശിയാനികർക്ക് ഏക ദൈവമാണുള്ളത്. ആ ദൈവത്തിന്റെ വാസസ്ഥലം '*ദൈവാലയം*' എന്നു വിശേഷിപ്പിക്കപ്പെടുന്നതല്ലേ കൂടുതൽ അർത്ഥവത്തും ശരിയുമായിരിക്കുക?



www.malankaralibrary.com

**തനതായ ആദ്ധ്യാത്മകിത, ദൈവശാസ്ത്രം.**

ഓരോ സഭയുടെയും തനതായ ദൈവരാധനയിൽ നിന്നുമാണല്ലോ അവളുടെ തനതായ ആദ്ധ്യാത്മികതയും ദൈവശാസ്ത്രവുമൊക്കെ ഉരുത്തിരിഞ്ഞു, വളർന്നു, വികസിക്കേണ്ടത്. മാർ തോമാ നസ്രാണി (സീറോ മലബാർ) സഭയുടെ സ്വന്തമായ പൗരസ്ത്യ സുറിയാനി ആരാധനാ പാരമ്പര്യം ഒരു സ്വർണ്ണഖനി തന്നെയാണെന്നാണ് പണ്ഡിതർ സാക്ഷിച്ചിരിക്കുന്നതും. അതുകൊണ്ട് ഈശോയുടെയും നമ്മുടെ ശ്ലീഹായുടെയും മാതൃഭാഷയും നമ്മുടെ ആരാധനാഭാഷയുമായ സുറിയാനിയുടെയും നമ്മുടെ മാതൃഭാഷയായ മലയാളത്തിന്റെയും പശ്ചാത്തലത്തിൽ പഠനം, ചിന്ത, വിശകലനം, മനനം, സാത്മീകരണം, ഒക്കെ നടത്തി നമ്മുടെ തനതായ ആദ്ധ്യാത്മിക-ദൈവശാസ്ത്ര സംഭാവനകൾ വഴി നമ്മുടെ മാതൃഭാഷയെ പുഷ്ടിപ്പെടുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നതായി തോന്നുന്നു. ഇക്കാര്യത്തിൽ ഇന്നും നാം വൈദേശിക മേൽക്കോയ്മയിലാണെന്നു സമ്മതിക്കാതിരിക്കാൻ തരമില്ല.

**ദുക്റാനത്തിരുനാൾ**

നമ്മുടെ പിതൃദിനം അഥവാ ജാതീയദിനമായ ദുക്റാനത്തിരുനാളിന്റെ ആരാധാനാ കർമ്മങ്ങളിൽ, നമ്മുടെ കർത്താവും ദൈവവുമായ ഈശോ മ്ശീഹാ സംസാരിച്ചതും പിതാവായ മാർ തോമാ ശ്ലീഹാ, ഈശോയിൽനിന്നും പകർന്നു കിട്ടിയ വിശ്വാസം നമുക്കു കൈമാറിയതും, നമ്മുടെ വിശ്വാസത്തിന്റെ പ്രകാശനവും സാക്ഷ്യവുമായി ആദ്യമേ നാം ദൈവസ്തുതികൾ ആലപിച്ചതുമായ സുറിയാനിഭാഷയ്ക്ക് സ്വല്പമെങ്കിലും പരിഗണന കൊടുക്കേണ്ടതാണെന്ന് സഭാ മക്കൾ എല്ലാവരും ആഗ്രഹിക്കുന്നുണ്ടെന്ന വിശ്വാസത്തിലാണ് **ദുക്റാനത്തിരുനാൾ** എന്ന ഗ്രന്ഥത്തിൽ ചിലതു സുറിയാനിയിൽ ചേർത്തിരിക്കുന്നത്. '*മാർ വാലാഹ്*' "എന്റെ കർത്താവും എന്റെ ദൈവവും" എന്ന നമ്മുടെ പിതാവിന്റെ വിശ്വാസ പ്രഖ്യാപനം മെശിയാനിക ലോകത്തെല്ലാം പ്രസിദ്ധമാണല്ലോ. അതിന്റെ ആരാധനാ ഭാഷ്യമായ "*മാറൻ വാലാഹൻ*" "ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ" കൊണ്ടാണല്ലോ നമ്മുടെ ലിറ്റർജിയിലെ മിക്കവാറും സ്ലോസാകൾ അഥവാ പ്രാർത്ഥനകൾ തുടങ്ങുന്നത്. അതും, സർവ്വസാധാരണമായി നാം ഉപയോഗിച്ചു കൊണ്ടിരിക്കുന്ന മറ്റു ചില പദങ്ങളും വാക്യശകലങ്ങളും, '*കർതൃപ്രാർത്ഥന*, *സകലത്തിന്റെയും നാഥാ*, *പരിശുദ്ധൻ*,' തുടങ്ങിയവയുമാണ് സുറിയാനിയിലും കൊടുത്തിരിക്കുന്നത്. നമ്മുടെ ജാതീയദിനത്തിൽ പിതാവായ തോമാ ശ്ലീഹായോടു ചേർന്നു നിന്ന് ഈശോ മ്ശീഹാ സംസാരിച്ച ഭാഷയിൽ തന്നെ ഏതാനും വാക്കുകൾ ഉരുവിട്ട് അവിടുത്തെ പാടി സ്തുതിക്കുന്നത് എല്ലാവർക്കും നിർവൃതിദായകമായിരിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ഈ ലേഖനം തയ്യാറാക്കുന്നതിന് വളരെ ക്രീയാത്മകമായി സഹകരിച്ച അറിയ്പ്പെടുന്ന ബൈബിൾ പണ്ഡിതനും ധർമ്മാരാം വിദ്യാക്ഷേത്രത്തിൽ വിശുദ്ധ ഗ്രന്ഥം, ദൈവശാസ്ത്രം, സുറിയാനി ഭാഷ, എന്നിവയുടെ അദ്ധ്യാപകനും സി.എം.ഐ. സന്യാസ സമൂഹാംഗവുമായ ബഹു. കാലായിൽ തോമാച്ചന് ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു.



# DENHA SERVICES

## A Fellowship at the Service of the Church

- To organize and promote *ecclesial life*, is its aim.
- *Mar Toma Margam*, the Way or the Law of Thomas, is its inspiration and guideline.
- "Love the Mother Church and make her loved even with her trifling", is its motto.
- "Fidelity to the directions of the Church", is its life-style.
- Hence, "Denha Services" proposes to publish books and booklets on all aspects of *ecclesial life*, especially that of the Thomas Christians of India.

**Present Members of the Fellowship are:**

Rev. Dr Antony Kamukumpallil (Manager),
Rev. Dr Paulachan Kochappilly cmi,
Rev. Dr Quriaqos Elijah Vadaketh cmi,
Rev. Dr Varghese Pathikulangara cmi
(Founder and Coordinator).

"Denha Services", started in 1984 (July 03), has published 69 numbers by 2009.

www.malankaralibrary.com

## DENHA SERVICES PUBLICATIONS

1. VADAKETH Q.E., *Vyakthisaphalyam* ("A Study in Oriental Spirituality" in Malayalam) 1984; 1/8 crown; pages 216; price Rs.14.00 ($ 1.40) (Out of print)
2. PATHIKULANGARA V., *Church and Celebration*, "The Interiror of a Church or a Chapel in the Chaldeo-Indian Tradition", 1984;second printing 1986 1/8 demy; pages 98; price Rs. 12.00 ($ 1.20)
3. PATHIKULANGARA V. (comp. & ed.), *Benediction and Adoration*, in Malayalam and according to the Chaldeo-Indian liturgical genius, 1984; 1/8 crown; pages 24; price Rs.1.50 (out of print)
4. VELLILAMTHADAM T., *African Payal*, "Towards a Mental Breakthrough in the Latin Connection of Indian Catholicism", 1984; 1/8 demy; pages 40; price Rs. 7.00 ($ 0.70) (out of print)
5. PATHIKULANGARA V. (comp. & ed.), *Order for Blessing Residences of Priests and Religious*, in Malayalm and according the Chaldeo-Indian liturgical genius, 1984; 1/8 crown; pages 32; price Rs.2.00 ($ 0.20)
6. VELLILAMTHADAM T., *Countdown to 1999*, "400 years of Agony and Action since 1599", 1985; 1/8 demy; pages 32; price Rs.7.00 ($0.70) (out of print)
7. PATHIKULANGARA V., "*Further Documentation on Latin-Oriental Relations and the Mission of the Church in India"?*, 1985; 1/8 demy; pages 40; price Rs.5.00 ($ 0.50)
8. CHATHAMPARAMPIL T., *Sabhavijnaniyathinu Oru Mukavura* ("An Introduction to Ecclesiolgy", in Malayalam) 1985; 1/8 crown; pages 70; price Rs. 5.00 ($ 0.50)
9. PODIPARA Placid J., *The Latin Rite Christians of Malabar* (A fully documented monograph on the origin and history of the Latin Rite Christians in India by the greatest Indian Ecclesiastical Luminary of the 20th century; a posthumous publcation) 1986; 1/8 demy; pages 144; price US $ 11.95; Rs 90/--(in India); **ISBN 81-904267-0-2**
10. PATHIKULANGARA V., *Church in India*, 1986; 1/8 demy; pages 84; price Rs.12.00 ($ 1.20) (out of print)
11. PATHIKULANGARA V., *Nammude Qurbana* (A catechetical explanation of the Chaldeo-Indian Eucharistic Celebration, in Malayalam); June 1986; 2nd printing in August 1986; 3rd printing in January 1989; 4th printing in January 1992; 1/8 crown; pages 218; price Rs.20.00 ($ 2.00)
12. VELLILAMTHADAM T., *Trojan Horse*, "The Unchristian Role of the Latin Church", 1986; 1/8 demy; pages 56; price Rs. 10.00 ($ 1.00) (out of print)
13. VADAKETH Q.E.(comp.& ed.), *Divya Karunya Aradhana* (Adoration of the Bl.Sacrament according to the Chaldeo-Indian Liturgical genius in Malyalam) 1987; 1/8 crown; pages 185; price Rs. 12.00 (Out of print)



14. CHEDIATH G. - VELLILAMTHADAM T. (eds.), *Ecumenism in Danger*, 1986; 1/8 demy; pages 98; price Rs.15.00 ($ 1.50) (out of print)
15. PATHIKULAGARA V. (comp. & ed.), *Prayer Service in Honour of Blessed Chavara and Alphonsa*, (in Malayalam and according to the Chaldeo-Indian liturgical genius) 1986; 1/8 crown pages 32;price Rs.2.00 ($ 0.20) (out of print)
16. VELLILAMTHADAM T. - KURIANAL J. (eds.), *The Freedom Fighters of Thomas Christins*, 1986; 1/8 demy; pages 116; price Rs.15.00 ($ 1.50) (out of print)
17. PATHIKULAGARA V. (comp. & ed.), *Aasirvadaprarthanakal*, (Sacramentals, in Malayalam and according to the Chaldeo Indian liturgical genius) 1987; 6th Reprint in 2005; 1/8 crown; pages 146;Rs.30.00 ($ 3.00)
18. VADAKETH Q.E. (ed.), *Adhyathmika Sopanangal* (Malayalam trans. of the "Book of Grades") 1987; 1/8 crown; pages 66; price Rs.6.00 ($ 0.60)
19. MANNORAMPARAMPIL T. (Trans., comp. & ed.), *Vestition and Profession of Religous Women in the Syro-Malabar Church* (Malayalam), 1987; Reprint in 1987; 1/8 crown; pages 46; price Rs. 3.00 ($ 0.30)
20. PATHIKULANGARA V. (Trans., comp. & ed.), *Nativity Celebration* (Malayalam), 1987; Reprint in 1988, 1989, 1991, 1993; 1/8 crown; pages 36; price Rs. 3.50
21. HILLARION Father, *Daivavignaneeyam Oramukhapadhanam* ("An Introduction to Theology" in Malayalam), 1988; 1/8 crown; pages 216; price Rs. 15.00 ($ 1.50)
22. POWATHIL, MAR JHOSEPH, *Jeevitham Marhrusbhayodothu* ("To Live is to Live with the Mother Church" in Malayalam), 1988; 1/8 crown; pages 236; price Rs.15.00 ($ 1.50) (out of print)
23. POOVANNIKUNNEL J., *Sabhayum Aaradhanakramavum* ("Church and Liturgy" in Malayalam), 1988; 1/8 crown; pages 140; price Rs. 10.00 ($ 1.00)
24. PATHIKULAGARA V., *Mar Thommayude Margam* (" A new Catechism for the Syro-Malabar Church" in Malayalam) 1988, Reprint in 1994; 1/8 crown; pages 204; price Rs. 20.00 ($ 2.00)
25. VADAKETH Q.E., *Kiahakkinte Sakhyam*, Theology of Eastern Monasticism, (Malayalam) 1990; 1/8 crown; pages 302; price US $ 15.95; Rs 80/--(in India); **ISBN 81-904267-1-0**
26. PATHIKULANGARA V., *Mar Thomma Margam* ("A New Catechism for the St. Thomas Christians of India"): English edition of DSP no.24 with an interesting and useful Appendix, several pictures and sketches, Kottayam: Denha Services 26, 1989; Reprint in 1992, 2004; 1/8 demy; pages 184; price US $ 13.99; Rs 110/--(in India); **ISBN 81-904135-0-3**
27. Prof. SALES (F.C.C) - VADAKETH Q.E., *Syriayile Muthukal* (History of Monasticism by Theodorite, in Malayalam) 1990; 1/8 crown; pages 290; price Rs.33.00 ($ 3.30)
28. PATHIKULANGARA V. (comp. & ed.), *Blessings and Prayers*, English edition of DSP no. 17 with some additions, 1990; 1/8 crown; pages 156; price 12.00 ($ 1.20)
29. KAMUKUMPALLIL A. -QURIAQOS ELIJAH (eds.), *Bhajana Kirthanangal* (Malayalam), 1990; 1/8 crown; pages 56; price Rs. 4.00 ($ 0.40)



www.malankaralibrary.com

30. PATHIKULANGARA V. (Trans. & ed.), *Osa'na to Resurrection*, "The Holy Week Celebrations in the Syro-Malabar Church", Kottayam: Denha Services 30, 1990; 1/8 crown; pages 274; price US $ 15.99; Rs 130/--(in India); **ISBN 81-904135-1-1**

31. VADAKETH Q.E., *Aunchinthanam: Sanyasa Pariseelanam, Adharavum Anushtanavum* (A style of Mediation in Malayalam) 1991; 1/8 crown; pages 92; price Rs. 7.00 ($ 0.70)

32. PATHIKULANGARA V. (Trans., comp. & ed.) *Yamaprarthana: Amalolbhavathirunal* ("The Liturgy of the Hours for the Feast of Immaculate Conception in the Syro-Malabar Liturgical Heritage"), 1992; 1/8 crown; Pages 110; price Rs.10.00 ($ 1.00)

33. PATHIKULANGARA V., *Introduction to* Liturgy, *Chaldeo-Indian Liturgy 1*, "An Introduction to Liturgy with special emphasis on the East Syriac or Chaldeo-Indian Heritage, especially, the Syro-Malabar Liturgy", Kottayam: Denha Services 33, 4th Reprint in 2005; 1/8 demy; pages 200; price US $ 12.99; Rs 105/--(in India); **ISBN 81-904135-2-X** (SET); **ISBN 81-904135-3-8** (Volume I)

34. PATHIKULANGARA V. (Trans., comp. & ed.) *Mathru Stavangal* (Malayalam), "The Liturgy of the Hours and the Propria of Qurbana for the Feasts of Our Lady in the Syro-Malabar Liturgical Year", 1993; 1/8 crown; pages 280; price Rs. 20.00 ($ 2.00)

35. VADAKETH Q.E. *Aradhanathyatmikatha Nazraniparampariathil I* ("Liturgical Spirituality" in Malayalam) 1993; 1/8 crown; pages 208; price Rs. 22.00 ($ 2.20)

36. VADAKETH Q.E., *Aradhanathytmikatha, Nazraniyadhyatmikatha II* ("Liturgical Spirituality" 2, in Malayalam) 1994; 1/8 demy; pages 204; price Rs.26.00 ($ 2.60)

37. PATHIKULANGARA V. (Trans., comp. & ed.) *Nombarambham* ("The Prayers for the First Day (Monday) of Great Fast" in Malayallam); 1994; 1/8 crown; pages 116; price Rs.8.00 ($ 0.80)

38. PATHIKULANGARA V., *Aaradhananubhavam* ("Liturgy-Experience" in Malayalam). 1995; 1/8 crown; pages 128, price Rs. 15.00 ($ 1.50)

39. PATHIKULANGARA V., *Liturgy-Experience*, 1995; 1/8 crown, pages 142; price US $ 7.95; Rs 35/--(in India); **ISBN 81-904267-2-9**

40. PATHIUKULANGAR V. (ed.), *Placidachan*, A Souvenir to commemorate the tenth death anniversary (April 27 1995) of Very Rev.Prof.DDDr.Placid Joseph Podipara CMI, the Greatest Ecclesiastical Luminary of the 20th century in India, containing valuable articles from Rev. Prof. Placid himself and several Eminent Authors", Kottayam: Denha Services 40, 1995, 1/8 demy; pages 384; price US $ 21.99; Rs 175/--(in India); **ISBN 81-904135-7-0**

41. PATHIKULANGARA V. (Trans., comp. & ed.), *Bless the Lord*, "Partial English translation of the "Divine Praises" or 'Liturgy of the Hours', used in Syro-Malabar Church", Kottayam: Denha Services 41, 1996; 1/8 crown; pages 368; price US $ 17.99; Rs 145/--(in India); **ISBN 81-904135-8-9**

42. PAYNGOT C., *Malabar Sabha: Puthiya Velichathil*, "Newly discovered documents on the history and liturgy of the Syro-Malabar Church" (Malayalam), 1995, 1/8demy; pages 260; price US $ 13.95; Rs 85/--(in India); **ISBN 81-904267-3-7**



43. JOHN BOSCO, *Suriyani Bhasha Padhana Sahayi*, (Learning Syriac language through Malayalam), 1996; 1/8 demy; pages 68; price Rs. 15.00 ($ 1.50)

44. PATHIKULANGARA V. (Trans., comp. & ed.), *Peedhanubhava Varavum Uyirpputhirunalum*, "The Liturgical Celebrations of the Passion Week and the Great Sunday of Resurrection in the Syro-Malabar Church" (Malayalam), 1995, Reprint in 1966; 1/8 crown; pages 432; price Rs 45.00 ($ 4.50) (out of print)

45. POOVANNIKUNNEL J., *Visudha Qurbanayil Purohithante Sthanam* ("Position of the Priest in the Celebration of the Qurbana" in Malayalam), 1997; 1/8 demy; pages 234; price Rs. 45.00 ($ 4.50)

46. PATHIKULANGARA V. (Trans., comp. & ed.), *The Crown of the Year*, Volumes One, 'The "*propria*" or Changing Prayers and Hymns of the Holy Qurbana for the Sundays and Important Feast days of the Liturgical Year according to the East Syriac or Chaldeo-Indian Liturgical Heritage' (Weeks of Annunciation, Epiphany and Great Fast together with the Sanctoral for the months of December, January, February and March), 1997; 1/8 demy; pages 368; price US $ 19.95; Rs 140/--(in India); **ISBN 81-904267-4-5** (SET); **ISBN 81-904267-5-3** (Volume I)

47. PATHIKULANGARA V. (Trans., comp. & ed.), *The Crown of the Year*, Volume Two, 'The "*propria*" or Changing Prayers and Hymns of the Holy Qurbana for the Sundays and Important Feat days of the Liturgical Year according to the East Syriac or Chaldeo-Indian Liturgical Heritage' (Weeks of Resurrection, the Apostles, Summer, Elijah-Sleeba, Moses and the Dedication of the Church together with the Sanctoral for the months of April to November), 1997; 1/8 demy; pages 420; price US $ 21.95; Rs 150/--(in India); **ISBN 81-904267-4-5** (SET); **ISBN 81-904267-6-1** (Volume II)

48. PATHIKULANGARA V., *Qurbana*, A Study on the Eucharistic Celebration of the Chaldeo-Indian or East Syriac Churches, with special emphasis to the Syro-Malabar Church together with the text of all the forms of celebration in this Church as Appendix, Kottayam: Denha Services 48, 1998; 1/8 demy; pages 384; price US $ 19.99; Rs 175/--(in India); **ISBN 81-904135-2-X** (SET); **ISBN 81-904135-4-6** (Volume II)

49. PATHIKULANGARA V. (Trans., comp. & ed.), *Mary Matha*, 'The "Divine Praises" for the Feast Days of the Blessed Virgin Mary according to the East Syriac or Chaldeo-Indian Liturgical Heritage', 1998; 1/8 crown; pages 200; price US $ 9.95; Rs 70/--(in India); **ISBN 81-904267-7-X**

50. PATHIKULANGARA V. (Trans., comp.& ed.), *Passion Week and Easter Sunday*, 'The "Divine Praises" and other Liturgical Services from Osana Sunday to the Sunday of Resurrection in the East Syriac or Chaldeo-Indian Liturgical Heritage', 1999, 1/8 crown; pages 352; price US $ 17.95; Rs 180/--(in India); **ISBN 81-904267-8-8**

51. PATHIKULANGARA V. (Trans., comp.& ed.), *Commencement of the Great Fast*, 'The "Divine Praises" and the Eucharistic Celebration for Commencing the Great Fast in the East Syriac or Chaldeo-Indian Liturgical Heritage', 2000, 1/8 crown; pages 96; price US $ 4.95; Rs 30/--(in India); **ISBN 81-904267-9-6**



www.malankaralibrary.com

52. KAMUKUMPALLIL A. (ed.), *Nombukalam* (propria), Changing Prayers and Hymns of the Holy Qurbana for the Period of Great Fast according to the East Syriac or Chaldeo-Indian Liturgical Heritage. Malayalam translation from *The Crown of the Year* ed. by Varghese Pathikulangara; 1999; 1/8 demy; pages 103; price Rs. 20.00 ($ 2.00)

53. VADAKETH Q.E., *Pesahayude Sopanangal*, Prayer Service parallel to the Way of the Cross according to the Spirit of the Nine Seasons of the Syro-Malabar Liturgical Year, 1999; 1/8 crown; pages 54; price Rs. 10.00 ($ 1.00)

54. KAMUKUMPALLIL A. (ed.), *Uyirppukalam*, Changing Prayers and Hymns of Holy Qurbana for the Period of Resurrection. Malayalam translation from *The Crown of the Year*; 1999; 1/8 demy; pages 87; price Rs. 20.00 ($ 2.00)

55. KAMUKUMPALLIL A. (ed.), *Sliha-Qaita Kalangal*, Changing Prayers and Hymns of the Holy Qurbana for the Periods of Apostles and Summer. Malayalam translation from *The Crown of the Year*, 1999; 1/8 demy; pages 179; price Rs. 45.00 ($ 4.50)

56. KAMUKUMPALLIL A. (ed.), *Elijah-Sliba, Muse, Palliquddasa Kalangal*, Changing Prayers and Hymns of the Holy Qurbana for the Periods of Elias and Cross, Moses and Dedication of the Church. Malayalam translation from *The Crown of the Year*, 1999; 1/8 demy; pages 102; price Rs. 30.00 ($ 3.00)

57. POOVANNIKUNNEL J., *Visudha Qurbanayude Athyunna-thangalilekku* (Role of the Priest in the celebration of the Qurbana, Part II in Malayalam), 1999; 1/8 demy; pages 296; price Rs. 65.00 ($ 6.50)

58. KAMUKUMPALLIL A. (ed.), *Mangalavartha Denha Kalangal*, Changing Prayers and Hymns of the Holy Qurbana for the Periods of Annunciation and Epiphany. Malayalam translation from *The Crown of the Year*, 1999; 1/8 demy; pages 208; price Rs. 50.00 ($ 5.00)

59. MANGARA G. (Trans.), *Iso Misiha:Rakshakanumayi Oru Sallapam*, Malayalam translation of *Jesus*, *A Dialogue with the Saviour*, a book originally written in French by Lev Gillet (46 intuitive reflections on the Word of God), 2000, 1/8 demy; pages 148; price Rs. 60.00 ($ 6.00)

60. VADAKETH Q. E., *Aaradhanadyatmikatha: 1111 Prasnotharikal*, (Liturgical Spirituality in Questions and Answers – Malayalam), 2000; 1/8 demy; pages 120; price Rs. 30.00 ($ 3.00)

61. PATHIKULANGARA V., *Divine Praises and Liturgical Year*, Chaldeo-Indian Liturgy 4, "Sufficient details with regard to the 'Divine Praises' or Liturgy of the Hours in the Syro-Malabar Church and her Liturgical Year together with very short introduction to those of the Syro-Malankara Church and Latin Church", Kottayam: Denha Services 61, 2000; 1/8 demy; pages 232; price US $ 12.99; Rs 105/--(in India); **ISBN 81-904135-2-X** (SET); **ISBN 81-904135-6-2** (Volume IV)

62. KOCHAPPILLY P. (ed.), *The Folly of the Cross*, 'A Study on the Fact of the Cross from various angles of vision by different experts and published as Festschrift in honour of Prof. Dr. Varghese Pathikulangara cmi, completing sixty years', 2000; 1/8 demy; pages 404; price US $ 18/--; Rs 250/-- (in India); **ISBN 81-86861-28-9**



63. PATHIKULANGARA V., *Mysteries of the Church* (Sacraments and Sacramentals), Chaldeo-Indian Liturgy 3, "Sufficient details on the Sacraments and Sacramentals of the Syro-Malabar Church", Kottayam: Denha Services 63, 2004; 1/8 demy; pages 208; price US $ 12.99; Rs 105/--(in India); **ISBN 81-904135-2-X** (SET); **ISBN 81-904135-5-4** (Volume III)

64. VADAKETH Q. E., *Chavara Adyatmikatha*, Intuitive Reflections on the Life and Works of Blessed Chavara Kuriakose Elias, basing on Oriental Spirituality (Malayalam), Kottayam: Denha Services 64, 2005; demy 1/8; pages 1184; Price US $ 60/--; Rs 600/--(in India); **ISBN 81-904135-9-7**

65. PATHIKULANGARA V. (ed.), *Endana – Mdhyannaprartdhana*, The "Noon Liturgy" according to the tradition of the Syro-Malabar Church for the whole Liturgical Year, prepared and compiled by the SST Ashram Community, (Malayalam), Kottayam: Denha Services 65, 2007; 1/8 crown; pages 352; price Rs 90/-- (in India); US $ 8/--

66. PATHIKULANGARA V., *A Moment with Jesus*, A New Type of *Iso-Nama-Japam*, "Jesus Prayer", - A Special Prayer for each day of the Year, according to the arrangement of the Syro-Malabar Liturgical Year, Kottayam: Denha Services 66, 2008; 8.2x4.2" size; pages 160; price US$ 5.95; Rs 60/--(in India); **ISBN 978-81-905799-1-9**

67. PATHIKULANGARA V. (ed.), *Dukranathirunal*, The Liturgical Celebrations of the Memorial Day of *Sliha* Saint Thomas (July 03) together with seven days of Preparation, translated from original Syriac, compiled and prepared by the SST Ashram Community, (Malayalam), Kottayam: Denha Services 67, 2009; 1/8 crown; pages 240; price US$ 6/--; Rs 60/--(in India); **ISBN 978-81-905799-2-6**

68. PATHIKULANGARA V., *Jeevitha Spandanangal*, "Throbbings of a Soul", An Interview with Father Varghese Pathikulangara CMI on September 11-12, 2008, conducted by Mr Jarly Mathew of Changanaseri, on various issues related to the Syro-Malabar Church and her Liturgy, (Malayalam), Kottayam: Denha Services 68, 2009; 1/8 demy; pages 88; price US$ 3/--; Rs 30/--(in India); **ISBN 978-81-905799-3-3**

69. PATHIKULANGARA V. (ed.), *Holy Qurbana through Pictures*, English version of it in Malayalam by His Grace, Mar Joseph Perumthottam, Metropolitan Archbishop of Changanaseri, Kottayam: Denha Services 69, 2009; 1/4 crown; pages 84; Four Colour on art paper; price US$ 15/--; Rs 150/--(in India); **ISBN 978-81-905799-4-0**



www.malankaralibrary.com

## Special to Note

**A comprehensive discussion of the Syro-Malabar Liturgy in 4 volumes**

(First Time in English)

Chaldeo-Indian Liturgy 1: *Introduction to Liturgy*, (DSP no. 33)
Chaldeo-Indian Liturgy 2: *Qurbana*, the Eucharistic Celebration, (DSP no. 48)
Chaldeo-Indian Liturgy 3: *Mysteries of the Church* (Sacraments and Sacramentals), (DSP no. 63)
Chaldeo-Indian Liturgy 4: *Divine Praises and Liturgical Year*, (DSP no. 61)

**N.B.**

1. 10-25% Discount. Postage extra.
2. All orders to: The Manager, Denha Services, Vidya Nagar,

Kottayam 686 018, Kerala, India.
Tel. +91.481.2571547; 2473860
E-mail: denehaservices@gmail.com

OR

Fr. Paulachan Kochappilly, cmi, Dharmaram College,
Bangalore 560 029, Karnataka, India.
Tel. +91.80.41116228
E-mail: pkochappilly@gmail.com

OR

Fr Varghese Pathikulangara, cmi, Dharmaram College,
Bangalore 560 029, Karnataka, India.
Tel. +91.80.41116226
E-mail: Varghese.Pathikulangara@cmi.in
pathikulangara@gmail.com



ܥܢܝܢ: ܩܕܝܫܐ ܐܠܗܐ : ܩܕܝܫܐ ܚܝܠܬܢܐ:
ܩܕܝܫܐ ܠܐ ܡܝܘܬܐ : ܐܬܪܚܡ ܥܠܝܢ .
ܟܗܢܐ: ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܕܩܘܕܫܐ .
ܩܕܝܫܐ ܐܠܗܐ : ܩܕܝܫܐ ܚܝܠܬܢܐ:
ܩܕܝܫܐ ܠܐ ܡܝܘܬܐ : ܐܬܪܚܡ ܥܠܝܢ .
ܥܢܝܢ: ܡܢ ܥܠܡ ܘܥܕܡܐ ܠܥܠܡ : ܐܡܝܢ ܘܐܡܝܢ .
ܩܕܝܫܐ ܐܠܗܐ : ܩܕܝܫܐ ܚܝܠܬܢܐ:
ܩܕܝܫܐ ܠܐ ܡܝܘܬܐ : ܐܬܪܚܡ ܥܠܝܢ .

സമൂ: ഖദീശാ ആലാഹാ / ഖദീശാ ഹൈൽതാനാ
ഖദീശാ ലാ മായോസാ / എസ്രാഹം അലൈൻ.
കാർമ്മി: ശുവ്ഹാ ലാവാ ഉലവ്റാ വല്റൂഹാദ്ഖുദ്ശാ.
ഖദീശാ ആലാഹാ /ഖദീശാ ഹൈൽതാനാ
ഖദീശാ ലാ മായോസാ / എസ്രാഹം അലൈൻ.
സമൂ: മിൻ ആലം വാദമ്മാ ല്ആലം ആമ്മേൻ വാമ്മേൻ.
ഖദീശാ ആലാഹാ / ഖദീശാ ഹൈൽതാനാ
ഖദീശാ ലാ മായോസാ / എസ്രാഹം അലൈൻ.

സമൂ: പരിപാവനനാം സർവ്വേശാ,
പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്യനേ,
നിൻകൃപ ഞങ്ങൾക്കേകണമേ.
കാർമ്മി: ബാവായ്ക്കും പുത്രനും
റൂഹാദ്ഖുദ്ശായ്ക്കും സ്തുതി:
പരിപാവനനാം സർവ്വേശാ,
പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്യനേ,
നിൻകൃപ ഞങ്ങൾക്കേകണമേ.
സമൂ: ആദിമുതൽ എന്നേക്കും ആമ്മേൻ:
പരിപാവനനാം സർവ്വേശാ,
പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്യനേ,
നിൻകൃപ ഞങ്ങൾക്കേകണമേ.

DENHA SERVICES
Publications

ISBN 978-81-905799-3-3

www.malankaralibrary.com